
മൂല്യം 144

എടക്കാട് ബ്ലോക്ക്

(കണ്ണൂർ ജില്ല)

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി



അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത്


ജനകീയാസൂത്രണം പരിപാടി

വികസന റിപ്പോർട്ട് '96

അധികാരം ജനങ്ങളിലേക്ക്


അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

വാർഡുകൾ



1144-1

3



അത്തിരക്കണ്ടി ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് -96

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി 1995-2000

1. ടി.വി.സത്യൻ (പ്രസിഡന്റ്)
2. എൻ.ഗോവിന്ദൻ (വൈസ് പ്രസിഡന്റ്)
3. കെ.വി.രഞ്ജിത് (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. അഡ്വ.എം.പി.വിനയരാജ്
5. കെ.സി.കമലാക്ഷി
6. ടി.രമാവതി
7. ടി.ഓമന
8. ടി.പ്രസന്ന
9. വി.കൃഷ്ണൻ
10. കെ.കെ.ജയരാജൻ

വിഷയം

5 7

ആമുഖം:
ചരിത്രം
ഭൂപ്രകൃതി

സാമൂഹികസാമ്പത്തിക മേഖലകൾ:-

1. കൃഷി-ജലസേചനം
2. മൃഗസംരക്ഷണം-മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. ആരോഗ്യം-കുടിവെള്ളം-പരിസര ശുചിത്വം
5. വ്യവസായം
6. റോഡുകൾ-ഊർജ്ജം-മാർക്കറ്റ്
7. പാർപ്പിടം-സാമൂഹ്യക്ഷേമം
8. സംസ്കാരം
9. വനിത
10. സഹകരണ മേഖല
11. പട്ടികജാതി, പട്ടികവർഗക്ഷേമം
12. വിഭവസമാഹരണം

റിഫ്രഷേർട്ട് തയ്യാറാക്കിയവർ

1. പി.പി.ശങ്കരൻ മാസ്റ്റർ
2. എ.കെ.കുഞ്ഞിരാമൻമാസ്റ്റർ
3. കെ.ഗംഗാധരൻമാസ്റ്റർ
4. വി.കൃഷ്ണൻ
5. കെ.അശോകൻ
6. വി.വിജയൻ
7. പി.പവിത്രൻ
8. ഡോ. പ്രദോഷ് കുമാർ
9. ടി.രമാവതി
10. എം.ടി.കുഞ്ഞു
11. പി.പി.സുരേന്ദ്രൻ
12. പി.വി.അജയൻ
13. എം.കെ.അബ്ദുൾ ഖാദർ മാസ്റ്റർ
14. ടി.വി.സീത
15. കെ.ചന്ദ്രൻ
16. കെ.ചന്ദ്രൻ
16. കെ.കെ.ജയരാജൻ
17. പി.പി.സുനിൽ
18. വി.എൻ.മനോഹരൻമാസ്റ്റർ
19. പി.രാജീവൻ
20. വി.ആർ.സുനിൽകുമാർ
21. എം.രവീന്ദ്രൻ
22. കെ.മമ്മൂട്ടിമാസ്റ്റർ
23. കെ.കെ.മുരളി
24. ടി.ടി.ഗീത
25. പെട്രീഷ്യ ബാലകൃഷ്ണൻ
26. മേദിനി ചന്ദ്രൻ
27. എം.വൃന്ദ
28. അഡ്വ.വിനയരാജ്
29. കെ.സി.കമലാക്ഷി
30. പി.മുകുന്ദൻ
31. പി.പ്രേമൻ
32. കെ.നാരായണൻകുട്ടി
33. എൻ.ഗോവിന്ദൻ
34. ടി.പ്രസന്ന
35. കെ.വി.രഞ്ജിത്ത്
36. ടി.ഓമന
37. ടി.വി.സത്യൻ

പഞ്ചായത്തിൽനിന്നും സംസ്ഥാന ജില്ലാ തലത്തിൽ പരിശീലനം നേടിയവർ

1. കെ.പി.മോഹനൻ (കെ.ആർ.പി)
2. എം.ടി.കുഞ്ഞു (ഡി.ആർ.പി. കൺവീനർ)
3. പി.വി.അജയൻ (ഡി.ആർ.പി)
4. ടി.വി.സത്യൻ (ഡി.ആർ.പി)
5. കെ.കെ.നാരായണൻ (ഡി.ആർ.പി)
6. ടി.വി.സീത (ഡി.ആർ.പി)
7. പി.വസന്തകുമാരി (ഡി.ആർ.പി)
8. കെ.നാരായണൻ കുട്ടി (ഡി.ആർ.പി)
9. കെ.കെ.ജയരാജൻ (ഡി.ആർ.പി)
10. കെ.ചന്ദ്രൻ (ഡി.ആർ.പി)
11. പി.പി.സുരേന്ദ്രൻ (ഡി.ആർ.പി)

കവർ ഡിസൈൻ, ഇലസ്ട്രേഷൻ

1.ഹരി മാമ്പ

2. രമേഷ് മാമ്പ

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്:	അഞ്ചരക്കണ്ടി
2. പഞ്ചായത്തിലുൾപ്പെടുന്ന റെവന്യൂ വില്ലേജിന്റെ പേര്:.....	അഞ്ചരക്കണ്ടി
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ:.....	മാമ്പ, അഞ്ചരക്കണ്ടി
4. ബ്ലോക്ക് പഞ്ചായത്ത്:.....	എടക്കാട്
5. താലൂക്ക്:.....	കണ്ണൂർ
6. ജില്ല്:.....	കണ്ണൂർ
7. അസംബ്ലി മണ്ഡലം:.....	എടക്കാട്
8. വിസ്തീർണ്ണം:.....	15.36 ച.കി.മി.
9. ജനസംഖ്യ:.....	22564 (1996)
പുരുഷന്മാർ..... 11257	
സ്ത്രീകൾ..... 11307	
10. വാർഡുകളുടെ എണ്ണം:.....	10
11. പ്രസിഡണ്ടിന്റെ പേര്:.....	ടി.വി.സത്യൻ
12. വൈസ് പ്രസിഡണ്ടിന്റെ പേര്:.....	എൻ.ഗോവിന്ദൻ

ഭരണപരമായ ചരിത്രം

പഞ്ചായത്ത് നിലവിൽ വന്ന തീയതി: 5-11-1955

5-11-1955-ന് ശ്രീനാരായണ ജ്ഞാനപ്രദായനി വായനശാലയിൽ ചേർന്ന യോഗത്തിൽവച്ച് അഞ്ചരക്കണ്ടി പഞ്ചായത്ത് ബോർഡ് നിലവിൽവന്നു (1955-1963)

I പ്രസിഡന്റ്: സി.വി.ഗോവിന്ദൻ
വൈസ് പ്രസിഡന്റ് പാറമ്മേൽ കുഞ്ഞിക്കണ്ണൻ
അംഗങ്ങൾ: സി.അസ്സു, എം.ഗോപാലൻ നായർ, പി.കുഞ്ഞിരാമൻ, ആലക്കാട്ട് നാരായണൻ, വി.കേളുനായർ, പുത്തൻവളപ്പിൽ കണ്ണൻ, പുത്തൻ വളപ്പിൽ കുട്ടിരാമൻ, കെ.ഗോവിന്ദൻ, മന്ദമ്പത്ത് പൈതൽ

II 1963-ലെ തെരഞ്ഞെടുപ്പിനുശേഷം 12-12-1963 രണ്ടാമത്തെ ഭരണസമിതി നിലവിൽവന്നു.

പ്രസിഡന്റ് പി.കുമാരൻ
വൈസ് പ്രസിഡന്റ് വി.സി.മൂസക്കുട്ടി

1963 മുതൽ 1979 വരെ ഈ ഭരണസമിതി നിലവിലിരുന്നു

III 1979 മുതൽ 1984 വരെ
പ്രസിഡന്റ്: കെ.ടി.വാസുദേവൻ
വൈസ് പ്രസിഡന്റ്: കെ.മമ്മൂട്ടി

IV 1984 മുതൽ 1988 വരെ ഉദ്യോഗസ്ഥ ഭരണം

V 1988 മുതൽ 1995

പ്രസിഡന്റ്: കെ.ടി.വാസുദേവൻ
വൈസ് പ്രസിഡണ്ട്: ടി.രവീന്ദ്രൻ

VI 1995 ഒക്ടോബർ 2-ന് ഇന്നത്തെ ഭരണസമിതി നിലവിൽവന്നു.

അതിരുകൾ:

വടക്ക്-കൂടാളി പഞ്ചായത്ത്
വടക്ക് പടിഞ്ഞാറ്-മുണ്ടേരി പഞ്ചായത്ത്
തെക്ക് പടിഞ്ഞാറ്-ചെമ്പിലോട് പഞ്ചായത്ത്
തെക്ക്- പെരളശേരി പഞ്ചായത്ത്
കിഴക്ക്- വേങ്ങാട് പഞ്ചായത്ത്
വടക്ക് കിഴക്ക്- കീഴല്ലൂർ പഞ്ചായത്ത്

പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ

പഞ്ചായത്ത് ഓഫീസ്
വില്ലേജ് ഓഫീസ്
കൃഷിഭവൻ
മൃഗാശുപത്രി
ഊർജ്ജിത കന്നുകാലി വികസനകേന്ദ്രം
ഗ്രാമവികസന ഓഫീസ്
കുടുംബക്ഷേമ കേന്ദ്രങ്ങൾ
ആയുർവേദ ഡിസ്പെൻസറി
പ്രാഥമിക ആരോഗ്യകേന്ദ്രം
അംഗൻവാടികൾ-13
കമ്മ്യൂണിറ്റി പൊളിടെക്നിക്ക് എക്സ്റ്റൻഷൻ സെന്റർ-1
തപാലാഫീസുകൾ:
മാമ്പ
മുഴപ്പാല
മുതിങ്ങേരി

ആമുഖം

"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്'' എന്ന് നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി പറയുകയുണ്ടായി. ആ മഹാത്മാവിന്റെ സ്വപ്നം കേരള സർക്കാർ 1996 മുതൽ നടപ്പിൽ വരുത്തിയ ജനകീയ ആസൂത്രണ പരിപാടിയോടുകൂടി സാക്ഷാത്കരിക്കപ്പെടുകയാണ്. 1951-ൽ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനു വേണ്ടി പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഒന്നാം പഞ്ചവത്സ പദ്ധതി കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ളതായിരുന്നു. എന്നാൽ ഈ പദ്ധതികൾ മുകൾതട്ടിൽ നിന്ന് ആസൂത്രണം ചെയ്യുകയും ഗ്രാമങ്ങളിൽ നടപ്പിലായി വരുമ്പോൾ പ്രാദേശിക പരിഗണന കൂടാതെ പാഴ്ചെലവുകളായി പലപ്പോഴും മാറുന്ന ദുസ്ഥിതിയാണ് നിലവിലുണ്ടായിരുന്നത്. കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളുടെയും അവസ്ഥ ഇതുതന്നെയാണ്. ഈ കേന്ദ്രീകൃത ആസൂത്രണംവഴി നടപ്പിലാക്കപ്പെടുന്ന പദ്ധതികളിൽ സർക്കാർ മുടക്കുന്ന തുകയുടെ 85% വിവിധ തട്ടുകളിലായി ചോർന്നുപോകുന്ന അവസ്ഥയായിരുന്നു ഇതുവരെ. 1996 ഏപ്രിൽ 1-ന് ആരംഭിക്കുന്ന 9-ാം പഞ്ചവത്സര പദ്ധതിയിൽ കേരള ഗവൺമെന്റ് ലോകത്തിൽ ഇദംപ്രഥമമായി ആസൂത്രണം അടിത്തട്ടിൽ നിന്ന് രൂപപ്പെടുത്തുന്ന ഒരു നൂതന പദ്ധതിക്ക് ജനകീയ ആസൂത്രണ പ്രസ്ഥാനം എന്ന പേരിൽ തുടക്കംകുറിച്ചിരിക്കുകയാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളാണ് 73,74 ഭരണഘടനാ ഭേദഗതികളിലൂടെ വന്നു ചേർന്നിരിക്കുന്നത്. ഈ ഭേദഗതികളുടെ ഫലമായി എല്ലാ വോട്ടർമാർക്കും നേരിട്ട് പങ്കാളിത്തമുള്ള ഗ്രാമസഭകൾ, കാലാകാലങ്ങളിൽ കൃത്യസമയത്ത് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് ഭരണസമിതി, സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും ഈ നിയമത്തിന്റെ സവിശേഷതകളാണ്.

വിവിധ തലങ്ങളായി നടന്ന സമഗ്രവും സവിസ്തരവുമായ ചർച്ചകളുടെയും പരിശീലനങ്ങളുടെയും പഠനപര്യടനങ്ങളുടെയും ദ്വിതീയവിവരശേഖരണങ്ങളുടെയും ഫലമായി ഉരുത്തിരിഞ്ഞുവന്ന തദ്ദേശീയവും പ്രാദേശിക വൈജാത്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു നയസമീപന രേഖയുടെ ആമുഖമാണിത്. ബൃഹത്തായ ഈ പ്രവർത്തനത്തിൽ പൊതുപ്രവർത്തകർ, വിദഗ്ധർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ പ്രവർത്തന ശൈലിയാണ് നാം അവംലബിച്ചിട്ടുള്ളത്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 35-40% വരുന്ന വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജനകീയമായി ആസൂത്രണം ചെയ്യപ്പടുന്ന പദ്ധതികൾക്കായി വിനിയോഗിക്കപ്പെടാനുള്ള ആസൂത്രണ അധികാരം ജനങ്ങൾക്ക് കൈവന്നിരിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ കാതൽ.

കൂട്ടായ തീരുമാനങ്ങളുടെ വെളിച്ചത്തിൽ തദ്ദേശീയമായ പ്രശ്നങ്ങളെയും സാധ്യതകളെയും പരിമിതമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി മുൻഗണനാക്രമം നിശ്ചയിച്ച് സമയബന്ധിതമായി ചെയ്തുതീർക്കുന്ന പ്രക്രിയയാണ് ആസൂത്രണം.

പോയകാലങ്ങളിൽ നാം നടപ്പിലാക്കിവരുന്ന കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട്, പഴഞ്ചൻ രീതികളെ തട്ടിമാറ്റി പുത്തൻ വികസന പന്ഥാവിലൂടെ ഒരു ജനകീയ മുന്നേറ്റത്തിനുമാത്രമേ ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ വിജയപ്രാപ്തിയിലെത്തിക്കാൻ സാധിക്കുകയുള്ളു.

മഹത്തായ ഈ പ്രസ്ഥാനത്തിന്റെ കേളികൊട്ട് നമ്മുടെ പഞ്ചായത്തിൽ തുടങ്ങുന്നത് 9-9-96-ന് ചേർന്ന പഞ്ചായത്ത് ജനകീയ ആസൂത്രണസമിതി രൂപീകരണത്തോടെയാണ്. തുടർന്ന് സപ്തംബർ 14-ാം തീയതി പഞ്ചായത്ത് തല ഒന്നാംഘട്ട പരിശീലന കേമ്പ് അഞ്ചരക്കണ്ടി ഹൈസ്കൂളിൽ വച്ച് നടത്തുകയുണ്ടായി. സപ്തംബർ 15-ാം തീയതി തുടങ്ങി

ഒക്ടോബർ രണ്ടിന് അവസാനിച്ച നമ്മുടെ 10 വാർഡുകളിലെയും ഗ്രാമസഭകളിലായി 1161 പുരുഷന്മാരും 221 സ്ത്രീകളുമായി മൊത്തം 1382 പേർ പങ്കെടുക്കുകയുണ്ടായി. ഗ്രാമസഭകളിൽ വിവിധ വിഷയങ്ങളിൽ നടന്ന സമഗ്രവും സവിസ്തരവുമായ ചർച്ചകളുടെ ക്രോഡീകരണവും പഞ്ചായത്തിലെ വിവിധ ഓഫീസുകളിൽ നിന്ന് ശേഖരിച്ച ദ്വിതീയ സ്ഥിതിവിവരക്കണക്കുകളുടെയും പഞ്ചായത്തിൽ നടത്തിയ പഠന പര്യടനങ്ങളിൽ നിന്നും നേരിട്ട് കണ്ടറിഞ്ഞ വിവരങ്ങളുടെയും വിവിധ മേഖലകളിൽ പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകളെയും അടിസ്ഥാനമാക്കിയുള്ള പഞ്ചായത്തിന്റെ വികസന രേഖയാണ് നിങ്ങളുടെ സജീവ ചർച്ചക്കായി അവതരിപ്പിക്കുന്നത്.

ചരിത്രം

കണ്ണൂർ ജില്ലയിൽ പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒരു പഞ്ചായത്താണ് അഞ്ചരക്കണ്ടി. കണ്ണൂർ പട്ടണത്തിൽ നിന്നും 16 കി.മീ. തെക്കുകിഴക്കും തലശ്ശേരിയിൽനിന്നി20 കി.മി.വടക്കുകിഴക്കും കൂത്തുപറമ്പിൽനിന്ന് 10 കി.മി. വടക്കു പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന പ്രകൃതിസുന്ദരമായ ഈ ഗ്രാമത്തിന് ചരിത്രത്തിന്റെ ഏടുകളിൽ അർഹമായ സ്ഥാനം ലഭിച്ചിട്ടുണ്ട്. കേരളീയ ചരിത്രത്തിൽ വിസ്മരിക്കാൻ കഴിയാത്ത ഒട്ടനവധി സ്മാരകങ്ങൾ ഇന്നും ഗ്രാമത്തിൽ ഉണ്ട്. AD 1887-ൽ ലോഗൻസ് സായ്പ് പ്രസിദ്ധീകരിച്ച മലബാർ മാന്വലിൽ പലസ്ഥലത്തും അഞ്ചരക്കണ്ടിയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്.

ലോകത്തിൽ രണ്ടാംസ്ഥാനത്തും ഏഷ്യയിൽ ഒന്നാംസ്ഥാനത്തും നിലകൊള്ളുന്ന കറപ്പത്തോട്ടം അഞ്ചരക്കണ്ടിക്ക് അഖിലലോക പ്രശസ്തി നേടിത്തന്നു. വിദേശീയർ ഇന്ത്യയിൽ സ്ഥാപിച്ച സ്ഥാപനങ്ങളിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണ് "രണ്ടത്തറ സിനമൺ എസ്റ്റേറ്റ്" എന്നപേരിൽ അറിയപ്പെടുന്ന കറപ്പത്തോട്ടം. വിദേശ ഉടമയിലുള്ള കേരളത്തിലെ ആദ്യത്തെ തോട്ടവും ഇതുതന്നെ.

മൈസൂർ രാജാവായിരുന്ന ഹൈദരാലി മലബാർ ആക്രമിച്ചപ്പോൾ, കോലത്തുനാട് വാണിരുന്ന വടക്കിളംകൂർ രാജാവിനെ ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ വെള്ളപ്പാട്ടം സഹായിക്കാനെത്തുകയും കോലത്തിരി രാജാവിന്റെ സമാന്തരമായിരുന്ന തലയിലച്ചന്മാർക്ക് രക്ഷ നൽകുകയുമുണ്ടായി. ഈ സഹായത്തിന് പ്രത്യുപകാരമായി നൽകാമെന്നേറ്റിരുന്ന പ്രതിഫലം യഥാസമയം ഈസ്റ്റിന്ത്യാ കമ്പനിക്ക് നൽകാതെ വന്നപ്പോൾ അഞ്ചരക്കണ്ടിപുഴയുടെ ഇരുഭാഗത്തുള്ള ഭൂമിയുടെ നികുതി പിരിക്കാനുള്ള അവകാശം തലയിലച്ചന്മാർ ഈസ്റ്റിന്ത്യാ കമ്പനിക്ക് നൽകി. 1799-ൽ കുരുമുളക്, കാപ്പി, കറപ്പ, ചന്ദനം തുടങ്ങിയവ കൃഷി ചെയ്യുന്നതിനായി അവർ 'അഞ്ചുകണ്ടികൾ' വിലയ്ക്കെടുത്തു. പിന്നീട് തോണിയിൽ സാധനങ്ങൾ കയറ്റുവാനും ഇറക്കുവാനുമായി 'അരക്കണ്ടി' കൂടി വിലയ്ക്കുവാങ്ങിയ വെള്ളക്കാർ ഈ കൊച്ചുപ്രദേശത്തെ അഞ്ചരക്കണ്ടി എന്ന നാമധേയത്തിൽ അറിയപ്പെടുന്നതിനുള്ള ചരിത്രപശ്ചാത്തലമൊരുക്കി.

കേരളത്തിൽ ആദ്യമായി കാപ്പിക്കൃഷി ചെയ്യാൻ തുടങ്ങിയത് ഇവിടെയാണ്. അഞ്ചരക്കണ്ടി സായ്പൻമാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ബ്രൗൺ സായ്പന്മാരുടെ കാലഘട്ടവും വിദേശീയരുടെ ആഗമനവും ഈ പ്രദേശത്തെ സാമൂഹിക സാമ്പത്തിക മേഖലകളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു എന്നു കാണാം. അഞ്ചരക്കണ്ടിപുഴയുടെ സമീപപ്രദേശങ്ങളിൽ 300-ൽ അധികം ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന കറപ്പ തോട്ടത്തിൽ നൂറിലധികം തൊഴിലാളികൾ ഉണ്ടായിരുന്നെങ്കിലും ഇന്ന് ഓഫീസ് ജീവനക്കാരടക്കം 51 തൊഴിലാളികളാണുള്ളത്. വിദേശങ്ങളിൽ പോലും നല്ല മാർക്കറ്റുള്ള കറപ്പത്തൈലവും കറുവപ്പട്ടയും ഇവിടെനിന്ന് ഉത്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്.

AD 1800-ൽ പഴശി രാജാവിന്റെ സൈന്യവും ബ്രിട്ടീഷുകാരും തമ്മിൽ ഈ മണ്ണിൽവച്ച് യുദ്ധം നടക്കുകയും കറപ്പത്തോട്ടം പഴശിരാജാവ് പിടിച്ചെടുക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ രണ്ടുതറ ദേശക്കാരുടെ അകമഴിഞ്ഞ പിന്തുണ പഴശിരാജാവിന് ലഭിച്ചിരുന്നു. 1803-ൽ സമീപ പ്രദേശമായ കതിരൂരിൽവച്ച് പഴശി രാജാവും ബ്രിട്ടീഷുകാരും വീണ്ടും ഏറ്റുമുട്ടുകയും തോട്ടം ഈസ്റ്റിന്ത്യാ കമ്പനി തിരിച്ചുപിടിക്കുകയും ചെയ്തു.

1789-ൽ ഫ്രഞ്ചു സർവീസിൽ നിന്നും ഇംഗ്ലീഷുകാരുടെ കൂടെ പോലീസ് സൂപ്രണ്ടായി പ്രവർത്തിച്ചിരുന്ന മഡോക്ക് ബ്രൗൺ ഈ തോട്ടത്തിന്റെ ഓവർസിയറായി. അദ്ദേഹം ഈസ്റ്റിന്ത്യാ കമ്പനിയിൽനിന്ന് 90 വർഷം ഈ തോട്ടം പാട്ടത്തിനെടുത്തു. ബ്രൗൺ സായ്പിനുശേഷം തോട്ടത്തിന്റെ ഭരണം അദ്ദേഹത്തിന്റെ പിൻമുറക്കാർ ഏറ്റെടുക്കുകയും ബ്രൗൺസ് സിനമൺ എസ്റ്റേറ്റ് എന്ന പേരിൽ ഇത് അറിയപ്പെടാനും തുടങ്ങി.

അഞ്ചരക്കണ്ടിയുടെ സാംസ്കാരികമണ്ഡലത്തിൽ എടുത്തുപറയത്തക്ക ധാരാളം മാറ്റങ്ങൾ വരുത്തിയത് ബ്രൗൺ കുടുംബമാണ്. അഞ്ചരക്കണ്ടിയിലെ ഭൂമി സർവേ ചെയ്യാനും അതിന്റെ രേഖകൾ സൂക്ഷിക്കുവാനുമുള്ള പുതിയൊരു സമ്പ്രദായത്തിന് ഇവിടെ തുടക്കം കുറിച്ചു. ഇതിന്റെഭോഗമായി കേരളത്തിലെ ആദ്യത്തെ സബ് രജിസ്ട്രാർ ഓഫീസ് അഞ്ചരക്കണ്ടിയിൽ സ്ഥാപിക്കപ്പെട്ടത് ഇക്കാലത്താണ്.

സാർവത്രിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു അഞ്ചരക്കണ്ടിയിലെ ആദ്യത്തെ വിദ്യാലയം പാളയത്തിൽ 'അഞ്ചരക്കണ്ടി എലിമെന്ററി സ്കൂൾ' എന്ന പേരിൽ ഇക്കാലത്ത് സ്ഥാപിക്കപ്പെട്ടു.

കേരളത്തിലെ ആദ്യത്തെ സഹകരണസ്ഥാപനമായ അഞ്ചരക്കണ്ടി കടം വായ്പാ സഹകരണ സംഘം 1914 ഫെബ്രുവരി2-ന് റോബർട്ട് എഡ്വേർഡ് ബ്രൗൺ ആദ്യ അംഗമായി സ്ഥാപിതമായി. ഈ സ്ഥാപനം വളർച്ചയുടെ വിവിധ പടവുകൾ പിന്നിട്ട് പഞ്ചായത്തിലെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ നിർണായക സ്വാധീനം ചെലുത്തുന്ന അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആയി ഇന്നു പ്രവർത്തിക്കുന്നു.

വെള്ളക്കരാടുടെ ഭരണകാലത്ത് തോട്ടത്തിന്റെ ഉടമകളുമായി വന്ന വിവിധ സായ്പന്മാർ അവരുടെ ആവശ്യങ്ങൾക്കായി നിർമിച്ച ചക്കരക്കൽ-പനയത്താംപറമ്പ്, തട്ടാരി-പനയത്താംപറമ്പ്, തട്ടാരിപ്പാലം-പാളയം, കാവിന്മൂല-പുറത്തേക്കാട് എന്നീ റോഡുകൾ അഞ്ചരക്കണ്ടിയുടെ ഗതാഗത ചരിത്രത്തിൽ എടുത്തുപറയേണ്ടതാണ്.

ഇംഗ്ലണ്ടിലെ തെയിംസ് നദിക്കരയിൽ സ്ഥിതിചെയ്യുന്ന ബ്രൗൺ കുടുംബത്തിന്റെ ബംഗ്ലാവിന്റെ അതേ മാതൃകയിൽ നിർമിച്ചിരിക്കുന്ന ബംഗ്ലാവ് അഞ്ചരക്കണ്ടിപുഴയുടെ തീരത്ത് പഴയ ചരിത്രാധ്യായങ്ങൾക്ക് മൂകസാക്ഷിയായി നിലകൊള്ളുന്നു.

1943-ൽ ബ്രൗൺ കുടുംബത്തിന്റെ ഭരണം അവസാനിക്കുകയും മിസ്സിന് മാർഗരറ്റ് ഗ്രേസി എന്ന സ്ത്രീ തോട്ടത്തിന്റെ ഉടമയാകുകയും ചെയ്തു. 1967-ൽ ക്രെയ്ഗ് ജോൺസ് സായ്പ് തോട്ടം വിലയ്ക്കുവാങ്ങി. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഈ എസ്റ്റേറ്റ് രണ്ടത്തറ സിനിമൺ എസ്റ്റേറ്റ് എന്നപേരിൽ അറിയപ്പെടുന്നു. ഇതിന്റെ ഇന്നത്തെ ഉടമ പാലാ സ്വദേശിയായ ജോസഫ് മൈക്കിൾ ആണ്.

അങ്ങ് വയനാടൻ മലകളുടെ പടിഞ്ഞാറുഭാഗത്ത് നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി ധർമടത്തുവച്ച് രണ്ട് കൈവഴികളായി പിരിഞ്ഞ് അഞ്ചരക്കണ്ടിപ്പുഴ അറബിക്കടലിൽ പതിക്കുന്നു. അഞ്ചരക്കണ്ടിയുടെ ചരിത്രപുരാവൃത്തങ്ങൾക്ക് സാക്ഷ്യംവഹിച്ച അഞ്ചരക്കണ്ടിപ്പുഴ കറപ്പത്തോട്ടത്തെ കീറിമുറിച്ച് ഒരല്പം ദൂരെമാത്രം അഞ്ചരക്കണ്ടി പഞ്ചായത്തിനെ തഴുകിയൊഴുകുന്നു.

ഉത്തരകേരളത്തിലെങ്ങും പ്രസിദ്ധമായ മാമ്പസിയാറത്തുങ്കര മഖാം മതമൈത്രിയുടെ ഉത്തമോദാഹരണമായി അഞ്ചരക്കണ്ടിയിൽ സ്ഥിതിചെയ്യുന്ന പിന്നമണ്ണിന്റെ മോചനത്തിനായി ഡച്ചുപടയോട് പോരാടുന്നതിനിടയിൽ വീരമൃത്യുവരിച്ച രാജ്യസ്നേഹികളുടെ അന്ത്യവിശ്രമസ്ഥാനമായ സിയാറത്തുങ്കര മഖാമിൽ നടന്നിരുന്ന നേർച്ച ഈ പ്രദേശത്തെ മതസഹിഷ്ണുതയുടെ ഉത്തമ ദൃഷ്ടാന്തമായിരുന്നു.

പലേരി, അഞ്ചരക്കണ്ടി, കാമേത്ത്, മാമ്പ, മുരിങ്ങേരി എന്നീ അഞ്ചു ദേശങ്ങൾ ഉൾക്കൊള്ളുന്ന അഞ്ചരക്കണ്ടിയുടെ ഭൂവിസ്തൃതി ഇപ്പോൾ 15.36 ച.കി.മീ. ആണ്. ജനസംഖ്യ 1996-ലെ കണക്കനുസരിച്ച് 22564. ഇതിൽ സ്ത്രീകൾ 11307, പുരുഷന്മാർ 11257. പഞ്ചായത്തിൽ 4100 വീടുകളിലായി 5000-ൽ അധികം കുടുംബങ്ങൾ താമസിക്കുന്നു.

അഞ്ചരക്കണ്ടിയിൽ 1942 മുഴപ്പാല വായനശാല & ഗ്രന്ഥാലയം എന്ന പേരിൽ ആദ്യത്തെ ഗ്രന്ഥാലയം സ്ഥാപിതമായി. ഭൂമിശാസ്ത്രപരമായി അഞ്ചരക്കണ്ടി പഞ്ചായത്തിലല്ലെങ്കിലും അഞ്ചരക്കണ്ടിയിലെ എല്ലാ സാമൂഹിക-സാംസ്കാരിക -വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും നാന്ദികുറിച്ചത് നാലാംപീടികയിലുള്ള ശ്രീനാരായണ ജ്ഞാനപ്രദായനി വായനശാലയിൽവച്ചാണ്. അഞ്ചരക്കണ്ടി പഞ്ചായത്തിന്റെ പ്രഥമ ഭരണസമിതിയോഗം 5-11-1955-ന് ചേർന്നത് ഇവിടെയാണ്. 1957 ജൂൺ 12-ാം തീയതി അഞ്ചരക്കണ്ടി ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചതും ഈ വായനശാലയിലാണ്. അന്നും ഇന്നും ഈ വായനശാലയുടെ പ്രധാന പ്രവർത്തകർ അഞ്ചരക്കണ്ടി പഞ്ചായത്തിലുള്ളവരാണ്.

1950-ൽ മാമ്പദേശത്ത് വെലങ്ങേരി വീട്ടിൽ വി.എം.അമ്പു എന്നവരുടെ നേതൃത്വത്തിൽ കർഷക പ്രസ്ഥാനത്തിന്റെ അമരക്കാരായിരുന്ന പ്രമുഖ നേതാ

ക്കൾ പങ്കെടുത്ത കർഷക സമ്മേളനം നടന്നിട്ടുണ്ട്. ഈ സമ്മേളനങ്ങൾ കർഷക-ബഹുജന സംഘടനകളുടെ രൂപീകരണത്തിലും വളർച്ചയിലും നിർണായ പങ്കുവഹിച്ചിട്ടുണ്ട്.

ഇവിടത്തെ ഒരു പ്രധാന കുടിൽ വ്യവസായമായിരുന്ന അവിൽ ഉത്പാദനം. കണ്ണൂരിലെ കൈത്തറി വ്യവസായ കേന്ദ്രങ്ങളിൽ പ്രധാന സ്ഥാനം അഞ്ചരക്കണ്ടിക്കുണ്ടായിരുന്നു. ഇവിടെ ഉത്പാദിപ്പിച്ചിരുന്ന കൈത്തറി തുണികൾക്ക് വിദേശ യന്ത്രവൽക്കരണത്തിന്റെയും മറ്റും ഭാഗമായി ഈ മേഖലകൾ നാശോന്മുഖമാവുകയും കാലാകാലങ്ങളിൽ വിപണിയിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയിലെ പ്രമുഖ സ്ഥാനത്തു നിൽക്കുന്ന കൈത്തറി രംഗത്ത് ഉത്പാദനം മുരടിക്കുന്നതിനും കാരണമായിട്ടുണ്ട്.

സാമൂഹികക്ഷേമരംഗത്ത് നമ്മുടെ പഞ്ചായത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഉത്പാദന മേഖലകളിലെ മുരടിപ്പ്, തൊഴിലില്ലായ്മ പെരുപ്പം എന്നീ പ്രധാന വെല്ലുവിളികളെ നേരിടാനുള്ള പ്രായോഗിക സമീപനങ്ങൾ നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്.



കൃഷിയും ജലസേചനവും

കൃഷി - ജലസേചനം

കാർഷിക ചരിത്രം:-

പഴയ ചിറക്കൽ താലൂക്കിൽപെട്ട അഞ്ചരക്കണ്ടി വില്ലേജിന്റെ ഭൂരിഭാഗം മാത്രം ഉൾപ്പെട്ട അഞ്ചരക്കണ്ടി വില്ലേജിന്റെ ഭൂവിഭാഗം മാത്രം ഉൾപ്പെടുത്തിക്കൊണ്ട് രൂപവൽക്കരിച്ച പഞ്ചായത്താണ് അഞ്ചരക്കണ്ടി പഞ്ചായത്ത്. പഞ്ചായത്തിന്റെ ആകെ വിസ്തൃതി 15.36 ച.കി.മീ. ആണ്. ഉയർന്നു പരന്ന കുന്നിൻപ്രദേശങ്ങളും ചെരിവുകളും ചെറിയ ചെരിവുള്ള സമതലപ്രദേശങ്ങളും വയലുകളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം. ശരാശരി താപനില 20 ഡിഗ്രി സെൽഷിയസനും 30 ഡിഗ്രി സെൽഷിയസിനും ഇടയിലാണ്. ഇതിൽ 99 ഹെക്ടർ വിസ്തീർണമുള്ള പാടശേഖരമൊഴിച്ചാൽ കരപറമ്പിന്റെ സിംഹഭാഗവും അഞ്ചരക്കണ്ടി സ്വായിപ്പിന്റെ ജന്മാവകാശത്തിൽ പെട്ടതായിരുന്നു. നെൽവയലിന്റെ ഭൂരിഭാഗവും ചാല, മൈലപ്രം മുതലായവ ദേവസ്വഭൂമിയായിരുന്നു. ആയില്യത്ത്, അരയത്ത്, പള്ളിയത്ത്, കേയി മുതായ ജന്മികുടുംബങ്ങളുടെ ജന്മാവകാശമായിട്ടുള്ളതായിരുന്നു ബാക്കി നിലങ്ങളിൽ ഏറിയ പങ്കും. നിലത്തിന് ജന്മാവകാശമുള്ള വ്യക്തികൾ വിരളമായിരുന്നു.

നിലം തയാറാക്കി കൃഷി ചെയ്യുന്നതിന് പാട്ടം, വാരം, എന്നീ സമ്പ്രദായത്തിൽ കർഷക തൊഴിലാളികളായ കുടിയാന്മാർക്ക് തീറെഴുതി കൊടുത്തിരുന്നു. നിശ്ചയിച്ച വാരത്തിലോ പാട്ടത്തിലോ യാതൊരു ഇളവും അതിവൃഷ്ടികൊണ്ടോ വരൾച്ചകൊണ്ടോ കൃഷി നശിച്ചുപോയാൽ ജന്മിമാർ വരുത്തിയിരുന്നില്ല. ജന്മിമാരുടെ കണ്ണിൽ ചോരയില്ലാത്ത ഇത്തരം സമീപനമാണ് കുടിയാന്മാരെ കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യവുമായി രംഗപ്രവേശനം ചെയ്ത കർഷക പ്രസ്ഥാനമായി അടുപ്പിച്ചത്. അമിതമായ പാട്ടം കുറച്ചുകിട്ടുന്നതിന് കോടതിയെ സമീപിക്കാമെന്ന നിയമം സ്വാതന്ത്ര്യാനന്തരം ഉണ്ടായത് കുടിയാന്മാർക്ക് അൽപം ആശ്വാസമേകി. എങ്കിലും സമഗ്രമായ ഭൂപരിഷ്കരണം 1970 ജനുവരിയിൽ നിലവിൽ വരുന്നതുവരെയും ഒഴിപ്പിക്കാൻ ഭീഷണി പാവപ്പെട്ട കുടിയാന്മാരെ തുറിച്ചുനോക്കിയിരുന്നു.

കരഭൂമിയുടെ ജന്മാവകാശം അഞ്ചരക്കണ്ടി സ്വായിപ്പിനായിരുന്നുവല്ലോ. തന്റെ കുടിയാന്മാരിൽനിന്ന് വളരെ തുച്ഛമായ പുറപ്പാട് (ഒരുതരം നികുതി) മാത്രമേ അദ്ദേഹം വസൂൽ ചെയ്തിരുന്നുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ അറിവോ സമ്മതമോ കൂടാതെ ചില കാര്യസ്ഥൻമാർ കുടിയാന്മാരെ ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നു. കുടിയാന്മാർ വച്ചുപിടിപ്പിച്ച പ്ലാവ്, മാവ്, തേക്ക് മുതലായ വൃക്ഷങ്ങൾ കുടിയാന്മാരുടെ അധ്വാനത്തിന് ഒരു വിലയും കൽപ്പിക്കാതെ ചൂഷകരായ കാര്യസ്ഥൻമാർ വെട്ടിക്കൊണ്ടുപോയി മണിമന്ദിരങ്ങൾ പണിത സംഭവങ്ങൽ കുറവല്ലായിരുന്നു.

മുൻകാലങ്ങളിൽ ശ്രദ്ധയും പരിചരണവും നൽകിയിരുന്ന ഒരു പ്രധാന കൃഷിയായിരുന്നു നെൽകൃഷി. വിഷുവിനുമുമ്പ് വയലുകളിൽ ഒന്നാംവിളയായി നെൽവിത്ത് വിതച്ചുകഴിഞ്ഞിരിക്കും. കുറഞ്ഞത് നാലുപ്രാവശ്യമെങ്കിലും നിലം ഉഴുത് തയാറാക്കിയതിനുശേഷമാണ് വിത്ത് വിതയ്ക്കുക. ഉണക്ക ഇലകളും കാലിവളം വെണ്ണീർ മുതലയാവയും സമൃദ്ധിയായി ചേർത്തിരുന്നു. കാലവർഷത്തിനുമുമ്പ് കിട്ടുന്ന ഈ മഴ ലഭിക്കോമ്പോഴേക്കും വിത്തെല്ലാം കിളിർത്ത് ചെറിയ ചെടിയായി കഴിഞ്ഞിരിക്കും. കാലവർഷം തുടങ്ങുമ്പോഴേക്കും ഞാറ്റടി വേണ്ടത്ര വളർന്നുകഴിഞ്ഞിരിക്കും. യഥാസമയം പറിച്ചുനടുന്നതിന് കാർഷിക തൊഴിലാളികൾ വേണ്ടത്ര ലഭ്യമായിരുന്നു. നിലം ഉഴുതു മറിക്കുന്നതിന് കന്നുപൂട്ടുകാരും പഞ്ചായത്തിൽ എല്ലാഭാഗത്തും ഉണ്ടായിരുന്നു. കാളകളെ സംരക്ഷിക്കുന്നതിന് തരിശായി ഇട്ടിരുന്നു പ്രദേശങ്ങൾ കൃഷിക്കാർക്കു പരസ്പര പൂരകമായി ജീവിച്ചുവന്നു. ഞാറ്റടി പറിച്ചുനടാതെയുള്ള കൃഷിരീതിയായ നൂരിവെക്കൽ താരതമ്യേന കുറവായിരുന്നു. എന്നാൽ എല്ലാ കൃഷിക്കാരനും രണ്ടാംവളിക്കു വേണ്ട ഞാറ്റടി തയാറാക്കുന്നതിന് മൂപ്പുകുറഞ്ഞ വിത്തായ 'തൊണ്ണൂറാൻ' പോലുള്ള വിത്തുകൾ കുറച്ചു കണ്ടങ്ങളിൽ കൃഷിചെയ്തിരുന്നു. നേരത്തേ കൊയ്ത്തുകഴിയുന്ന ഈ കണ്ട

ങ്ങളിലാണ് രണ്ടാംവിളയുടെ ഞാറ്റടി തയാറാക്കുക.

ഒന്നാംവിളയ്ക്കു വിതച്ചിരുന്ന വിത്തുകൾ മുഖ്യമായും കയമ, ചെംനെല്ല്, നവര, രാജകയമ എന്നിവയായിരുന്നു. ഉത്പാദനശേഷി കുറഞ്ഞവയായിരുന്ന ഇവയെല്ലാം കാലവർഷക്കാലത്ത് വെള്ളം കുത്തിയൊലിച്ചു പോവുന്ന കണ്ടങ്ങളിൽ മുണ്ടോൻ എന്ന മൂപ്പ് കൂടിയ വിത്താണ് ഉപയോഗിച്ചിരുന്നത്.

രണ്ടാംവിളയ്ക്ക് നിലം ഒരുക്കുമ്പോൾ ജൈവവളങ്ങൾ സമൃദ്ധമായി ചേർക്കാൻ കഴിഞ്ഞിരുന്ന പച്ചിലവളങ്ങൾക്ക് പഞ്ഞവും ഉണ്ടായിരുന്നില്ല. തുലാം മാസം ആരംഭിക്കുന്നതിനു മുമ്പുതന്നെ ഞാറുകൾ പറിച്ചു നട്ടുകഴിഞ്ഞിരിക്കും. പുഴുശല്യം കുറവായിരുന്നു. ഉണ്ടായാൽ വെണ്ണീർ പാറ്റൽ, വിളക്കു കെണി വയ്ക്കൽ മുതലായ പരിഹാരമാർഗങ്ങൾ പ്രയോഗിക്കാറുണ്ടായിരുന്നു. രണ്ടാംവിളയ്ക്ക് ഇന്നത്തെപോലെ കൃഷിയുടെ രണ്ടാംപകുതിയിൽ ജലക്ഷാമം അനുഭവപ്പെടാറില്ല. തോടുകളും നീരുറവകളും ഫെബ്രുവരി മാസത്തിനുശേഷമെ വറ്റുന്നവ വറ്റാറുള്ളൂ. വൻ വൃക്ഷങ്ങളുടെ സാന്നിദ്ധ്യം ഭൂമിക്കടിയിലെ ജലവിതാനം ഉയർത്തിനിർത്തിയതാണ് ഇതിനുകാരണം. വൻ വൃക്ഷങ്ങൾ അപ്രത്യക്ഷമായപ്പോൾ വരൾച്ച നേരത്തെ ആരംഭിക്കാനും തുടങ്ങി. ജനുവരി പകുതിയോടെ രണ്ടാംവിളവെടുപ്പ് പൂർത്തിയായിക്കഴിഞ്ഞിരിക്കും. പഞ്ചായത്തിലെ 15 ശതമാനം നിലങ്ങളിൽ മൂന്നാംവിളയായി നെൽകൃഷി ചെയ്തിരുന്നു. മറ്റു പ്രദേശങ്ങളിൽ ചിലയിടങ്ങളിൽ ഉഴുന്ന്, പയർ, പച്ചക്കറി മുതലായവ മൂന്നാംവിളയായും ചെയ്യാറുണ്ട്.


കരപറമ്പുകളിലും കൃഷിയോഗ്യമായ തരിശുകളിലും പുനം കൃഷി ചെയ്തിരുന്നു. നെൽപാടങ്ങളിൽ ഒന്നാംവിളയ്ക്ക് വിത്തുവിതക്കുന്ന സമയം അൽപം കഴിഞ്ഞാണ് പുനം കൃഷിക്ക് വിത്തു വിതച്ചിരുന്നത്. 'ചെങ്കീരിയൻ' എന്ന വിത്താണ് അധികവും ഉപയോഗിച്ചിരുന്നത്. കാലാവസ്ഥ അനുകൂലമാണെങ്കിൽ നല്ല വിളവ് ലഭിച്ചിരുന്നു. വിളവ് എടുത്തശേഷം ആ സ്ഥലങ്ങളിൽ മുതിര കൃഷി ചെയ്യാറുണ്ടായിരുന്നു. മുതിര അരച്ച് പരുത്തിക്കുരുവും ചേർത്ത് കാളകൾക്കു നൽകുക പതിവായിരുന്നു. ഇതു കാളകൾക്കു നല്ല കരുത്ത് ഉണ്ടാക്കുന്ന ആഹാരപദാർത്ഥമാണ്. തന്മൂലം മുതിരയുടെ ഉപഭോഗം ഇന്നത്തെതിനെക്കാൾ എത്രയോ മടങ്ങ് കൂടുതൽ ആയിരുന്നു അന്ന് പഞ്ചായത്തിലെ ചെമ്മൺ പാതയിലുടെ ഭാരം വഹിച്ചുകൊണ്ട് നീങ്ങുന്ന കാളവണ്ടികൾ ഒരു സാധാരണ കാഴ്ചയായിരുന്നു. കരപറമ്പിലെ പ്രധാന കൃഷിയായിരുന്നു മധുരക്കിഴങ്ങു കൃഷി. ഇതു വർഷത്തിൽ രണ്ടുതവണ നടത്തിയിരുന്നു.

ഇന്നത്തെ വിളചേരുവ:-

ഇന്നു നമ്മുടെ പഞ്ചായത്തിലെ കൃഷി പഴയകാലത്തിൽനിന്ന് വളരെയറെ മാറിപ്പോയി. മുഖ്യതൊഴിൽ കൃഷിയായിട്ടുള്ള ആളുകൾ അംഗുലീപരിമിതമാണ്. കൃഷി കേവലം ഒരു ഉപതൊഴിൽ ആയി മാറിക്കഴിഞ്ഞു. തൊഴുത്തു നിറഞ്ഞിരുന്ന കന്നുകാലികളും തലയുയർത്തി നിൽക്കുന്ന പുല്ലുതിരികളും മറ്റും മിക്കവാറും പഴങ്കഥകളായി. മുമ്പ് 646 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത ഈ പഞ്ചായത്തിൽ ഇന്നു കേവലം 99 ഹെക്ടർ സ്ഥലത്തുമാത്രമാണ് നെൽകൃഷി. പഞ്ചായത്തിലെ ഭൂമിയുടെ ഇനവും ഓരോ ഇനത്തിന്റെ വിസ്തീർണവും പട്ടികയിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ ഭൂമിയുടെ ഇനവും
വിസ്തീർണ്ണവും

ഇനം	വിസ്തീർണ്ണം (ഹെക്ടറിൽ)
നിലം	99
പുരയിടം	1375
പുറമ്പോക്ക്	5.82
കൃഷിയോഗ്യതരിശ്	ഇല്ല
കൃഷിയോഗ്യമല്ലാത്ത തരിശ്	8
ആകെ	1487.82



ഭൂമിയുടെ ഇനവും വിസ്തീർണ്ണവും Sector Graph രൂപത്തിൽ

ഇപ്പോൾ പഞ്ചായത്തിലെ മുഖ്യവിളകളും ഓരോ വിളയ്ക്കും എടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയും മൊത്തം ഉത്പാദനവും താഴെ ചേർക്കുന്നു.

വിള	വിസ്തീർണം(ഹെക്ടർ)	മൊത്തം ഉത്പാദനം (കിഗ്രാം)
നെല്ല് (ഒന്നാംവിള)	75	2,70,000
നെല്ല് (രണ്ടാംവിള)	65	1,75,500
നെല്ല് (മൂന്നാംവിള)	2	6,000
പയർ (ഇടവിള)	15	6,000
പച്ചക്കറികൾ	5	25,000
തെങ്ങ്	1187	1,37,14,272എണ്ണം
വാഴ	20	50,000
മരച്ചീനി	5	1,75,000
കുരുമുളക് (ഇടവിള)	53	22,260
കശുമാവ്	127	1,21,920
റബർ	12	–
കവുങ്ങ്	22	,200
കറപ്പ	76.96	–
മഞ്ഞൾ	5	1,750

അവലംബം – കൃഷിഭവൻ അഞ്ചരക്കണ്ടി

ഉത്പാദനക്ഷമത:-

ഇവിടത്തെ എല്ലാ വിളകളുടെയും ഉത്പാദനക്ഷമത സംസ്ഥാനത്തിന്റെ ശരാശരി ഉത്പാദനക്ഷമതയേക്കാൾ ഉയർന്നതാണ് എന്ന കാര്യം അൽപം സന്തോഷകരമാണ്.

ചില വിളകളുടെ ഉത്പാദനക്ഷമതയും സംസ്ഥാനത്തിലെ ശരാശരി ഉത്പാദനക്ഷമതയും സംബന്ധിച്ച പട്ടികതാഴെ ചേർക്കുന്നു.

വിള	ഉത്പാദനക്ഷമത (ഹെക്ടറിൽ)	സംസ്ഥാനതല ഉത്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല്	3100 കി.ഗ്രാം	2018 കിഗ്രാം
കുരുമുളക്	420 ,,	270 ഗ്രാം/വെള്ളി
നേന്ത്രവാഴ	25,000 ,,	7951 കി.ഗ്രാം
കശുവണ്ടി	960 ,,	820 ,,
മരച്ചീനി	3500 ,,	19866 ,,
തെങ്ങ്	75 എണ്ണം	38 എണ്ണം
കമുങ്ങ്	3600 കി.ഗ്രാം	3425 കി.ഗ്രാം

ഉത്പാദനക്ഷമതയെ ബാധിക്കുന്ന ഘടകങ്ങൾ

1. ഭൂവിനിയോഗം

പഞ്ചായത്തിലെ കൃഷിഭൂമിയുടെ ആകെ വിസ്തീർണ്ണം 1487.82 ഹെക്ടറാണെന്ന് പ്രസ്താവിച്ചുവല്ലോ. ഇതു വയൽ താഴ്വരകൾ, സമതലങ്ങൾ ഉയർന്നുപരന്ന കുന്നുകൾ എന്നീ ഭൂവിഭാഗങ്ങൾ പെടുന്നു. മണൽ കലർന്ന എക്കൽ മണ്ണാണ് വയലുകളിൽ കണ്ടുവരുന്നത്. താഴ്വരകളിൽ എക്കൽ മണ്ണും സമതലങ്ങളിൽ വെട്ടുകൽ മണ്ണുമാണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ വടക്കുഭാഗത്താണ് ഉയർന്നു പരന്ന കുന്നിൻപ്രദേശങ്ങൾ ഉള്ളത്. പാറയും കരിമണ്ണുമാണ് ഇവിടെ കാണപ്പെടുന്നത്. കശുമാവാണ് ഈ പ്രദേശത്തെ മുഖ്യകൃഷി. സമതലങ്ങളിലെ പ്രധാന കൃഷി തെങ്ങാണ്. കുന്നിൻചെരുവുകളിൽ റബർ കൃഷിയും അടുത്തകാലത്ത് തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ എട്ടാംവാർഡിൽപെട്ട മുരിങ്ങേരിയിലും പാളയത്തിലെ ഒടയോറ എന്ന സ്ഥലത്തും കറപ്പ കൃഷി പാടെ നശിപ്പിച്ച് പകരം റബർകൃഷി നടത്തുകയും പുറത്തെക്കാട്ട എന്ന സ്ഥലത്ത് കറപ്പ നശിപ്പിച്ച് തെങ്ങിൻതോട്ടമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 76.98 ഹെക്ടർ സ്ഥലത്ത് മുമ്പ് കറുപ്പയായിരുന്നു. ഇത് ആകെ വിസ്തീർണത്തിന്റെ 6 ശതമാനം വരും. വർധിച്ചുവരുന്ന രാസവള പ്രയോഗംമൂലം മണ്ണിന്റെ അമ്ലസ്വഭാവം വർധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. കഴിഞ്ഞവർഷം 104954 കിലോഗ്രാം രാസവളം പഞ്ചായത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ചു കൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ രണ്ടുഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺമുതൽ സെപ്റ്റംബർ വരെ ലഭിക്കുന്ന തെക്കുപടിഞ്ഞാറൻ കാലവർഷവും ഒക്ടോബർ-നവംബർ മാസത്തിൽ കിട്ടുന്ന വടക്കുകിഴക്കൻ കാലവർഷവും.

പ്രസിദ്ധമായ അഞ്ചരക്കണ്ടിപുഴ അഞ്ചരക്കണ്ടി പഞ്ചായത്തിന്റെ ഒരു കിലോമീറ്ററിൽ കുറവായ നീളത്തിൽകൂടി മാത്രമേ കടന്നുപോകുന്നുള്ളൂ. പുഴയോരങ്ങളിൽ തെങ്ങുകൃഷി സമൃദ്ധമായി വളരുന്നു.

പഞ്ചായത്തിൽ 4 തോടുകളാണുള്ളത്. അവയെ സംബന്ധിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

തോടിന്റെ പേര്	ആകെനീളം (മീറ്ററിൽ)	ശരാശരി വീതി(മീറ്റർ)
മാമ്പത്ത്തോട്	3050	4
കാമേത്തതോട്	480	8
അഞ്ചരക്കണ്ടി-പലേരിത്തോട്	1510	4
ആനേനിമെട്ട-മാമ്പത്തോട്	1050	1.5

എന്നാൽ ഇപ്പോൾ പട്ടികയിലുള്ള വീതി മിക്കഭാഗങ്ങളിലും കാണുന്നില്ല. ഏറ്റവും നീളംകൂടിയ തോടായ മാമ്പതോട്ടിൽ മല്ലിക്കണ്ടിച്ചിറ, ബാവുക്കത്തോട്, എന്നീ സ്ഥലങ്ങളിൽ ക്രോസ്ബാർ പണിതിട്ടുണ്ട്. തട്ടാരിപാലത്തിനു സമീപം ഒരു തടയണയും കഴിഞ്ഞവർഷം നിർമിച്ചിട്ടുണ്ട്.

വലതും ചെറുതുമായ 10 കുളങ്ങൾ ഇവിടെയുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് പറമ്പുക്കരി വയലിൽ ബ്ലോക്കിന്റെ സഹായത്തോടെ നിർമിച്ച കുളവും നരിക്കോട് വയലിലെ തമ്പുരാട്ടി കുളവും. ജലസേചനം നടത്തുന്നതിന് 10 എച്ച്.പി. ശക്തിയുള്ള പമ്പുസെറ്റ് പറമ്പുക്കരിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഫൂട്ട് വാൽവ് കേടായി കിടക്കുന്നു. തമ്പുരാട്ടി കുളത്തിനും ഇതേ കഥയാണ് പറയാനുള്ളത് സ്വകാര്യവ്യക്തിയുടെ കൈവശമുള്ള മറ്റു കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യ

ങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നില്ല.

വ്യക്തികൾക്ക് ജലസേചനമാർഗം കിണർ കുഴിക്കാൻ വിവിധ പദ്ധതികളിലായി ധനസഹായം നൽകിവരുന്നു. തെങ്ങുകൃഷി വികസനത്തിന് ഇതു മുഖ്യമായും പ്രയോജനപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ ജലസേചനത്തിന് 188 കിണർ സബ്സിഡിയോടുകൂടി പണിതിട്ടുണ്ട്. ജലസേചനാർത്ഥം കുഴൽകിണർ പണിതിട്ടില്ല.

പഴശി പദ്ധതിയുടെ പ്രധാന കനാൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ് കടന്നുപോകുന്നത്. പ്രധാന കനാലിന്റെ 5 കി.മി. നീളം പഞ്ചായത്തിലാണ്. കൂടാതെ എടക്കാട് ശാഖാ കനാലും മല്ലിക്കണ്ടിച്ചിറക്ക് സമീപംവച്ച് പ്രധാനകനാലിൽനിന്നു പുറപ്പെട്ട് 2 കി.മി. നിളം പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഇതിനുപുറമേ 25 കി.മി. നീളത്തിന് കൈകനാലുകൾ (Distributories) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കടന്നുപോകുന്നുണ്ട്. കനാലുകളിലൂടെ നിശ്ചിത കാലയളവിനു വെള്ളം ലഭ്യമാവുകയാണെങ്കിൽ കാർഷികാവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും വളരെയേറെ പ്രയോജനം ലഭിക്കും.

ഉത്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിലെ എല്ലാ ഉത്പന്നങ്ങൾക്കും ന്യായവില ലഭിക്കുന്നുണ്ട്. വിപണനം നടത്താൻ അതിർത്തി പ്രദേശങ്ങളിലെ ചെറിയ പട്ടണങ്ങളായ ചക്കരക്കല്ല്, തട്ടാരി എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്നു. പഞ്ചായത്തു റോഡുകളുടെ വിപുലമായ ശൃംഖലയും വിവിധതരം മോട്ടോർ വാഹനങ്ങളും വിപണനം സുഗമമാക്കുന്നു. കൊപ്രക്ക് ഗണ്യമായ വിലയിടിവ് ഉണ്ടാക്കുന്ന സന്ദർഭങ്ങളിൽ കേരഫെഡ് കൃഷിക്കാരിൽനിന്ന് നിശ്ചിതവിലക്ക് കൊപ്ര സംഭരിക്കാറുണ്ട്. സംഭരണകേന്ദ്രങ്ങൾ തട്ടാരിയിലും ചക്കരക്കല്ലിലും തുറന്നുപ്രവർത്തിക്കാറുണ്ട്. കശുവണ്ടിക്ക് കുത്തകസംഭരണം ഏർപ്പെടുത്തിയ വർഷങ്ങൾ അധികാരപ്പെടുത്തിയ സഹകരണസംഘങ്ങൾ നിശ്ചിവിലയ്ക്ക് കശുവണ്ടി സംഭരിക്കാറുണ്ട് മാർക്കറ്റിംഗ് സൊസൈറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

ഉത്പാദനത്തിനും വിപണനത്തിനും ഇടയിലാണല്ലോ ഇടനിലക്കാരന്റെ പങ്ക്. ഇപ്പോൾ കശുവണ്ടി, കുരുമുളക്, കമുക് എന്നിയൊഴികെ മറ്റൊരു വിളയും ഇടനിലക്കാരനു പാട്ടത്തിനു കൊടുക്കുന്ന ഏർപ്പാടു മില്ല. വായ്പാ സൗകര്യങ്ങൾ കൃഷിക്കാരന് വേണ്ടത്ര ലഭ്യമായതുകൊണ്ടാണ് ഇടനിലക്കാരന്റെ പങ്ക് ഇല്ലാതാകാൻ കാരണം. എന്നാൽ, കശുവണ്ടിയുടെ കാര്യത്തിൽ ഇടനിലക്കാരന് ഇന്നും ഗണ്യമായ പങ്കുണ്ട്. നോക്കിനടത്തിപ്പ് വിഷമകരമായതാണ് ഇതിനു കാരണം. കശുവണ്ടി കൃഷിക്കാരന് ഉത്പാദനത്തിന്റെ 40% മാത്രമേ ഇത്തരം സന്ദർഭത്തിൽ ലഭിക്കുന്നുള്ളു. കുടുംബാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തകയാണ് ഇതിനൊരു പ്രതിവിധി.

കാർഷിക ബന്ധങ്ങൾ

ഭൂരിഭാഗം ഉടമസ്ഥരും ഒരേക്കറിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. ഇതുസംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ഭൂപരിധി	ഭൂവുടമസ്ഥരുടെ എണ്ണം
നാമമാത്ര കർഷകർ	
1 ഹെക്ടറിൽ താഴെ	2674
ചെറുകിട കർഷകർ	
1 ഹെക്ടറിനും	
2 ഹെക്ടറിനും	
ഇടയിൽ.....	30
വൻകിട കർഷകർ	
2 ഹെക്ടറിനു മുകളിൽ.....	11

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിലേത് 0.058 ഹെക്ടറാണ്. ഭൂമിയിൽ പണിയെടുക്കുന്ന ഉടമസ്ഥരുടെ എണ്ണം കുറഞ്ഞുവരുന്നു. ഇപ്പോൾ പഞ്ചായത്തിൽ 5% ഉടമസ്ഥരേ പണിയെടുക്കുന്നുള്ളു. കർഷക തൊഴിലാളികളെക്കൊണ്ടാണ് ഭൂമി കൃഷിക്ക് സജ്ജമാക്കുന്നത്. എന്നാൽ, കാർഷിക തൊഴിലാളികളുടെ എണ്ണവും വർഷംതോറും കുറഞ്ഞുവരികയാണ്. കൃഷിപ്പണിക്ക് മാന്യത ഇല്ലെന്ന തെറ്റിദ്ധാരണയും ജോലിസ്ഥിരതയുടെ അഭാവവും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നു. ഇതു കർഷക തൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ തെങ്ങുകൃഷിക്കും കെട്ടിട നിർമ്മാണത്തിനുംമറ്റുമായി നികത്തുന്നതിനും കാരണമാകുന്നു. നെൽകൃഷിയുമായി താരതമ്യപ്പെടുത്തുമ്പോൾ തെങ്ങിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളുവെന്ന വസ്തുത തെങ്ങുകൃഷിയെ ആകർഷകമാക്കുന്നു.

പഞ്ചായത്തിലെ കർഷകതൊഴിലാളികൾ, കാർഷിക ജനസംഖ്യയുടെ ഏകദേശം 6% വരും.

കൂലി, സേവന വ്യവസ്ഥകൾ

പഞ്ചായത്തിലെ വിവിധതരം കൃഷിപ്പണിക്ക് തൊഴിലാളികൾക്ക് നൽകിവരുന്ന കൂലിനിരക്ക് താഴെ കൊടുക്കുന്നു.

കൃഷിപ്പണിയുടെ പേര്	പുരുഷൻ (ദിവസം)	സ്ത്രീ (ദിവസം)
കിളക്കൽ	100 രൂ.	–
ഞാറ് നടൽ	–	50 രൂ.
കളപറിക്കൽ	–	40രൂ.
കൊയ്ത്ത്	–	60 രൂ.
തേങ്ങയിടൽ	125രൂ	–

കൊയ്ത്തിന് സ്ത്രീ തൊഴിലാളികൾക്ക് ഒരുദിവസത്തേക്ക് 7 ഇടങ്ങഴി നെല്ല് പതമായാണ് സാധാരണ നൽകിവരുന്നത്.

വളപ്രയോഗം

പഞ്ചായത്തിൽ രാസവളത്തിന്റെ ഉപയോഗം കൂടിവരുന്നുണ്ട്. കഴിഞ്ഞവർഷം (1995–96ൽ) 1,04,954 കി.ഗ്രാം രാസവളവും 25 കി.ഗ്രാം കീടനാശിനും കർഷകർക്ക് വിറ്റിട്ടുണ്ട്. അഞ്ചരക്കണ്ടിയിലെ ഫാർമേഴ്സ് ബാങ്കിന്റെ രണ്ട് ഡിപ്പോകളിലൂടെയാണ് ഇത്രയും വിൽപ്പന നടന്നിട്ടുള്ളത്. രാസവളത്തിനു പുറമെ ജൈവവളങ്ങളും ഉപയോഗിച്ചുവരുന്നു. അഞ്ചരക്കണ്ടി കൃഷിഭവന്റെ കണക്കുപ്രകാരം തെങ്ങിന് ശരാശരി ഹെക്ടറിന് 2400 കി.ഗ്രാമും നെല്ലിന് ഹെക്ടറിന് ശരാശരി 2400 കി.ഗ്രാം വളവും വർഷംതോറും ഉപയോഗിക്കുന്നുണ്ട്.

കൃഷിഭവൻ

കൃഷിക്കാരന് ആവശ്യമായ സഹായങ്ങൾ നൽകിവരുന്ന സർക്കാർ സ്ഥാപനമാണ് കൃഷിഭവൻ. ശാസ്ത്രീയരീതിയിലുള്ള കൃഷി സമ്പ്രദായത്തെക്കുറിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുന്നതിന് വിവിധതരം പ്രവർത്തനങ്ങൾ കൃഷിഭവൻ നടത്തുന്നുണ്ട്.

കാർഷിക വികസനപ്രവർത്തനങ്ങൾ

സമഗ്ര നാളികേര വികസന പദ്ധതിപ്രകാരം വ്യക്തികൾക്ക് തെങ്ങിൻതോപ്പിൽ ജലസേചനം നടത്താൻ കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും ധനസഹായവും വായ്പയും നൽകുന്നു.

കൃഷി യന്ത്രവൽക്കരണ പദ്ധതിയനുസരിച്ച് കാർഷികയന്ത്രങ്ങൾ 50% സബ്സിഡി നിരക്കിൽ പാടശേഖര സമിതികൾക്കു നൽകുന്നു. തെങ്ങുകയറ്റ യന്ത്രം, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവയും 50% സബ്സിഡി നിരക്കിൽ കർഷകർക്കു നൽകുന്നു. നെൽകൃഷിക്കാർക്ക് ഉത്പാന ബോണസ് ഏക്കറിന് 100 രൂപ നിരക്കിൽ ഓരോ വിളയ്ക്കും നൽകിവരുന്നു.

പയറുവർഗ്ഗ വികസന പദ്ധതിപ്രകാരം സൗജന്യ നിരക്കിൽ വിത്തും കീടനാശിനിയും വിതരണം ചെയ്യുന്നു. പട്ടികജാതി കർഷകർക്ക് അവരുടെ കാർഷികവിളകൾക്ക് ആവശ്യമായ രാസവളങ്ങൾ സൗജന്യമായി നൽകുന്നു. കൂടാതെ 50 സെന്റിൽ അധികമുള്ള ഇത്തരം കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് കിണർ കുഴിക്കാൻ 15,000 രൂപവരെ സബ്സിഡി നൽകുന്നു.

കശുമാവ് വികസനത്തിനായി അത്യുത്പാനശേഷിയുള്ള നടീൽവസ്തുക്കളും നിലവിലുള്ള കശുമാവുകളുടെ ഉത്പാദനം വർധിപ്പിക്കുന്നതിന് തേയിലകൊതുകുകളെ നിയന്ത്രിക്കാൻ കീടനാശിനികളും സൗജന്യമായി നൽകുന്നു.

സുഗന്ധവിള വികസന പദ്ധി (IPDS) പ്രകാരം

നടീൽവസ്തുക്കൾ സൗജന്യമായി നൽകുന്നു.

എല്ലാ വിളകൾക്കും ഇൻഷുറൻസ് സൗകര്യം നൽകുന്നു.

കർഷക സംരംഭങ്ങൾ

4 നെൽപാടശേഖര സമിതികൾ നിലവിലുണ്ട്. (മാമ്പ ഈസ്റ്റ്, വെസ്റ്റ്, പറമ്പുക്കരി, പലേരി ഈസ്റ്റ്). കൂടാതെ ഒരു കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. രണ്ടു ടില്ലറുകൾ വിതരണം ചെയ്തിട്ടുണ്ട്. 3 കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറുമുള്ള കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ കർഷകർക്കു ലഭിക്കേണ്ടതുണ്ട്.

കാർഷിക വായ്പ

പഞ്ചായത്തിലെ പ്രമുഖ സഹകരണ സ്ഥാപനമായ അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് കാർഷികാവശ്യങ്ങൾക്ക് വായ്പ നൽകിവരുന്നുണ്ട്. കഴിഞ്ഞവർഷം ബാങ്ക് നൽകിയ കാർഷിക വായ്പയെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

കൃഷി (ഇനം)	വായ്പ
നേന്ത്രവാഴ	17,58,100 രൂപ
തെങ്ങ്	4,44,900 രൂപ
കവുങ്ങ്	3,06,000 രൂപ
മൊത്തം	25,09,000 രൂപ

പ്രശ്നങ്ങൾ

കൃഷി വികസനത്തിന് പ്രധാന വിലങ്ങുതടി ജലദൗർലഭ്യമാണ്. ജില്ലയിലെ വൻകിട ജലസേചന പദ്ധതിയായ പഴശ്ശി പദ്ധതിയുടെ പ്രധാന തോടും എടക്കാട് ശാഖാ തോടും നിരവധി ജലവിതരണചാലുകളും പഞ്ചായത്തിലുണ്ടെങ്കിലും പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാത്തതുകൊണ്ട് പ്രയോജനം കിട്ടുന്നില്ല. ഡിസംബർ മുതൽ ഏപ്രിൽവരെ വെള്ളം കനാലിലൂടെ ഒഴുക്കുകയാണെങ്കിൽ വിശാലമായ മാമ്പ പാടശേഖരങ്ങളിൽ മൂന്നാംവിളയായി നെൽകൃഷി ചെയ്യാൻ സാധിക്കും.

സബ്സിഡി നിരക്കിൽ വിതരണം ചെയ്ത കാർഷികോപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ട്രാക്ടർ	ടില്ലർ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ
1	–	–	–	–
2	1	–	1	–
3	–	1	1	–
6	–	1	–	–
9	–	–	1	3
ആകെ	1	2	3	3

കഴിഞ്ഞവർഷം (1995-96) പഞ്ചായത്തിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത നടീൽവസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ

ഇനം	എണ്ണം
തെങ്ങ്	625
കശുമാവ്	1600
കുരുമുളക്	6250
ജാതിക്ക	70
കറുവപ്പട്ട	95
ഗ്രാമ്പു	100
കുടംപുളി	95
രാജപുളി	10
ആഞ്ഞിലി	10
പേര	10
ചാമ്പ	10

പഞ്ചായത്തിലെ ഉയർന്നപ്രദേശങ്ങളായ പനയത്താംപറമ്പ്, മുരിങ്ങേരി എന്നിവിടങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശത്തെ മണ്ണിനു പൊതുവേ ഫലപുഷ്ടി കുറവാണ്. കൃഷിചെയ്യാവുന്ന വയലുകളിൽ ചിലത് തരിശായി ഇട്ടിരിക്കുന്നു. മാമ്പ പാടശേഖരങ്ങളിൽ ഇത്തരം വയലുകൾ കാണാം. കണ്ണാടിവെളിച്ചം പോലുള്ള ചരിവുപ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഗണ്യമാണ്.

നെൽകൃഷി അഭിമുഖീകരിക്കുന്ന ഗൗരവമേറിയ മറ്റൊരു പ്രശ്നം പാടങ്ങൾ നികത്തി പറമ്പാക്കുന്നു എന്നതാണ്. കേരള ഭൂവിനിയോഗ നിയമം തൃണവൽഗണിച്ച് പഞ്ചായത്തിന്റെ എല്ലാ പാടശേഖരങ്ങളിലും ഈ പ്രക്രിയ അഭംഗുരം തുടരുന്നു. ഇവിടെ

നെല്ലിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ബ്ലാസ്റ്റ്, പോളരോഗം, പോളചീയൽ, ഇലപ്പുള്ളി എന്നിവയാണ്. കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾ തെങ്ങിനെ ബാധിക്കുന്നുണ്ട്. ദ്രുതവാട്ടം, പൊള്ളുരോഗം എന്നിവ കുരുമുളകിനും 'സിഗാട്ടോഗാ' നേന്ത്രവാഴ കൃഷിക്കും ഭീഷണിയാണ്. കവുങ്ങുരോഗമായ മഹാളി വിരളമായി കാണപ്പെടുന്നു.

കൃഷിക്കാർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം കീടബാധയാണ്. ഗാളീച്ച, തണ്ടുതുരപ്പൻ പുഴു, , ഓലചുരുട്ടിപ്പുഴു, കൂഴൽപുഴു എന്നിവയാണ് നെല്ലിനെ ബാധിക്കുന്ന കീടങ്ങൾ. കൊമ്പൻചെല്ലി തെങ്ങിനെയും പൊള്ളുവണ്ട് കുരുമുളകിനെയും, തേയിലക്കൊതുക് കശുവണ്ടിയെയും ബാധിക്കുന്നു.

പറമ്പുക്കരി വയലിലും മാമ്പ ഈസ്റ്റ് പാടശേഖരത്തിലും മഴക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് വിളനാശം ഉണ്ടാക്കുന്നു. ജൈവവളങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് സ്വയംപര്യാപ്തമല്ല. കർഷക തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നതുമൂലം യഥാസമയം കൃഷിപ്പണി ചെയ്യാൻ കഴിയുന്നില്ല. യന്ത്രോപകരണങ്ങൾ ലഭ്യമാണെങ്കിലും യഥാസമയം ലഭ്യമല്ല. നിലവിലുള്ള ജലസേചന ഉപാധികൾപോലും ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. പറമ്പുക്കരി വയലിലെ പമ്പിംഗ് കാര്യക്ഷമമല്ലാത്തത് ഇതിന് ഉത്തമദൃഷ്ടാന്തമാണ്. ചെരിവുകളിലും കുന്നിൽപ്രദേശങ്ങളിലും കൃഷിചെയ്യുന്ന കശുമാവിൽനിന്നു ലഭിക്കുന്ന കശുമാങ്ങ പാഴാക്കിക്കളയുന്നു. സംസ്കരണകേന്ദ്രത്തിന്റെ അഭാവമാണ് കാരണം.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായാണ് നടത്തുന്നത്. ഇത് പലപ്പോഴും ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നുമുണ്ട്.

നിർദ്ദേശങ്ങൾ

നെല്ല്

പഞ്ചായത്തിലെ പാടങ്ങളിലെ മുഖ്യവിള നെല്ലാണ്. ഉത്പാദനം വർധിപ്പിക്കുന്നതിന് തടസമായി നിൽക്കുന്നത് ജലസേചനക്കുറവാണ്. ജലസേചന സൗകര്യം വർധിപ്പിക്കാൻ താഴെപറയുന്ന നടപടികൾ എടുക്കേണ്ടതാണ്.

1. നിലവിലുള്ള കുളങ്ങളുടെയും തോടുകളുടെയും ആഴവും വീതിയും കൂട്ടുക.

(a) മാമ്പത്തോട്, ആനേനിമൊട്ട–മാമ്പത്തോട്, പലേരിത്തോട്, മുരിങ്ങേരിത്തോട്.

(b) തമ്പുരാട്ടിക്കുളം, പറമ്പുക്കരിക്കുളം, അള്ളാൻചിറക്കുളം, പണ്ടാരക്കുളം, പലേരിവയലിലെ രണ്ടു കുളങ്ങൾ (കരിമ്പിലാട്ട്കുളം, പലേരിക്കുളം).

2. നരിക്കോട് യു.പി. സ്കൂളിനു സമീപം കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിക്കം.

3. തോടുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ക്രോസ്ബാറും ചെക്ക് ഡാമും നിർമ്മിക്കുക.

4. വിത്ത്, വളം, കീടനാശിനി, കുമ്മായം എന്നവ യഥാസമയത്ത് സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

5. നെൽകൃഷി ഉത്പാന ബോണസ്, 1 കി.ഗ്രാം നെല്ലിന് 1 രൂപ നിരക്കിൽ ഉത്പാദകർക്കു നൽകുക.

6. ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്താൻ പാടശേഖര സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7. പറമ്പുക്കരി വയൽ, മാമ്പവയൽ, പലേരി വയൽ എന്നിവിടങ്ങളിൽ ഇറിഗേഷൻ ചാനലുകൾ നിർമ്മിക്കുക.

8. ഭൂവിനിയോഗ നിയമം (Land Utilisation Act) കർശനമായി നടപ്പാക്കുക

9. പാഴാക്കിയിടുന്ന നെൽപ്പാടങ്ങളിൽ കൃഷി നടത്താനാവശ്യമായ നടപടിയെടുക്കാൻ ജനകീയസമിതിക്ക് രൂപംനൽകുക.

10. പാളയം, ഓടക്കടവ് റോഡിൽ, പലേരി വയലിൽ ഓവുപാലങ്ങൾ (Culverts) നിർമ്മിക്കുക.

തെങ്ങ്

1. ജലസേചന സൗകര്യം ഏർപ്പെടുത്താൻ 50% സബ്സിഡി നിരക്കിൽ, കൈവശഭൂമിയുടെ വിസ്തൃതി കുറഞ്ഞത് 20 സെന്റായി കണക്കാക്കി പമ്പുസെറ്റ് വിതരണം നടത്തുക.

2. ഉത്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുവയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

3. കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾമൂലം തെങ്ങ് നഷ്ടപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുക.

നേന്ത്രവാഴ

1. അത്യുത്പാദനശേഷിയുള്ള നേന്ത്രവാഴ കന്നുകൾ സബ്സിഡിനിരക്കിൽ ലഭ്യമാക്കുക.

2. വാഴകൃഷിക്ക് കന്നൊന്നിന് എന്നനിരക്കിൽ ധനസഹായം നൽകുക.

3. 'സിഗാട്ടോഗാ' രോഗത്തിനെ ചെറുക്കാൻ കീടനാശനികൾ ലഭ്യമാക്കുക.

കശുവണ്ടി

1. ഉത്പാദനക്ഷമത കുറഞ്ഞ കശുമാവ് മുറിച്ചുമാറ്റി അത്യുത്പാദനശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കുക.

2. കീടനാശിനി, വളം എന്നിവ യഥാസമയം സബ്സിഡിനിരക്കിൽ ലഭ്യമാക്കുക.

3. പാഴായിപ്പോവുന്ന കശുമാങ്ങ സംസ്കരിക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുക.

കുരുമുളക്, കവുങ്ങ്

1. അത്യുത്പാദനശേഷിയുള്ള തൈകൾ വിതരണം ചെയ്യുക

2. ദ്രുതവാട്ടവും മഹാളിയും മൂലം നശിച്ചുപോയ മുളക് വള്ളികൾക്കും കവുങ്ങിനും സാമ്പത്തികസഹായം അനുവദിക്കുക.

പച്ചക്കറി

1. അത്യുത്പാദനശേഷിയുള്ള വിത്ത് ലഭ്യമാക്കുക.

2. പച്ചക്കറി വിത്ത് ഉത്പാദിപ്പിക്കുന്നതിന് നഴ്സറി ഏർപ്പെടുത്തുക.

3. അടുക്കളത്തോട്ടം ഉണ്ടാക്കാൻ ആവശ്യമായ സഹായം നൽകുക.

4. ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറികൃഷി ആരംഭിക്കാൻ നടപടിയെടുക്കുക.

പൊതുനിർദ്ദേശങ്ങൾ:

i. ശാസ്ത്രീയമായ രീതിയിൽ കൃഷിനടത്തുന്നതിന് കർഷകർക്ക് പരിശീലനം നൽകുക.

ii. ജൈവവള ലഭ്യത വർദ്ധിപ്പിക്കാൻ ശീമക്കൊന്ന കമ്പുകൾ സൗജന്യമായി നൽകുക.

iii. വാഴകൃഷി പ്രോത്സാഹിപ്പിക്കാൻ ഓരോ കുടുംബത്തിനും 5 കന്നുകൾ സൗജന്യമായി നൽകുക.

iv. മണ്ണ് പരിശോധന നടത്തുന്നതിന് എല്ലാ വർഷവും തീവ്രമായ ഒരു കേമ്പയിൻ നടത്തുക.

v. കൃഷിയാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

vi. കമ്പോസ്റ്റ് കുഴി ഉണ്ടാക്കുന്നതിന് നൽകുന്ന സാമ്പത്തികസഹായം വർദ്ധിപ്പിക്കുക.

vii. തട്ടാരി പാലത്തിന് സമീപത്തുള്ള ചെക്ക്ഡാമിന് ഷട്ടർ ഏർപ്പെടുത്തുക.

viii. തുലാവർഷത്തിനുശേഷം ഏപ്രിൽ 10 വരെ സ്ഥിരമായി പഴശ്ശി കനാലിലൂടെ ഒരടിവെള്ളം ഒഴുക്കുവാൻ നടപടി എടുക്കുക.

ix. ജൈവവൈവിധ്യം കുറവുള്ള വാർഡുകളിൽ ഇടവിളകൾ പ്രോത്സാഹിപ്പിക്കു. eg. കുരുമുളക്, നാടൻവാഴ, കൈതച്ചക്ക, ചേന, ചേമ്പ്, പച്ചക്കറികൾ തുടങ്ങിയവ നടാവുന്നതാണ്.

x. അടുക്കളത്തോട്ടമുണ്ടാക്കുവാൻ ഓരോ വീട്ടുവളപ്പിലും ഒരു സെന്റ് ഭൂമിയെങ്കിലും നീക്കിവെക്കുക.

xi. കാർഷിക പരിശീലനകേന്ദ്രവും ആഗ്രോക്ലിനിക്കുകളും സ്ഥാപിക്കുക.

xii. കൂൺകൃഷി, പുഷ്പകൃഷി, ഔഷധച്ചെടികൃഷി എന്നിവ ആരംഭിക്കുവാൻ നടപടി ഏർപ്പെടുത്തുക.

xiii. നേന്ത്രക്കായ സംസ്കരത്തിന് ഒരു യൂണിറ്റ് ആരംഭിക്കുക.

xiv. ടില്ലറുകളും മറ്റ് കാർഷിക ഉപകരണങ്ങളും കൊണ്ടുപോകുന്നതിന് 6 അടി വീതിയിൽ മാമ്പവയലിലും പലേരിവയലിലും റോഡ് ഉണ്ടാക്കുക.

xv. പുറമ്പോക്ക് ഭൂമിയിൽ പുൽകൃഷി നടത്തുവാൻ നടപടിയെടുക്കുക. ജലസേചനവകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

xvi. കാർഷിക വിളകളുടെ മുഖ്യശത്രുവായ എലികളെ നശിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സാർവ്വത്രിക എലിനശീകര പരിപാടി നടപ്പിലാക്കുക.

xvii. യുവജനങ്ങളെ കാർഷികവൃത്തിയിൽ ആകൃഷ്ടരാക്കുന്നതിന് പഞ്ചായത്ത്തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.



മൃഗസംരക്ഷണം മത്സ്യബന്ധനം

മൃഗസംരക്ഷണം

ആദികാലം മുതൽതന്നെ മനുഷ്യരാശിയുടെ ജീവിതവും സംസ്കാരവും ഒരുപരിധിവരെ മൃഗങ്ങളും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഒരുവേള മനുഷ്യന്റെ ഉൽപ്പത്തിതന്നെ മൃഗങ്ങളിലൂടെ പരിണാമം സംഭവിച്ച് ഉണ്ടായതായി ശാസ്ത്രം അനുമാനിക്കുന്നു. ഒരു കാർഷിക ഗ്രാമമായ അഞ്ചരക്കണ്ടി പഞ്ചായത്തിൽ മൃഗപരിശീലനത്തിന്റെ ആവശ്യം ഗണനീയമാണ്. ജൈവവളത്തിന്റെ കലവറയായ ചാണകം, കമ്പോസ്റ്റ് നിർമ്മാണം, പാൽ ഉല്പാദനം, മാംസം, ഇന്ധനം തുടങ്ങിയ നിരവധി കാര്യങ്ങൾ നാം സമ്പാദിക്കുന്നത് മൃഗപരിപാലനത്തിലൂടെയാണ്. മാംസ്യം, കൊഴുപ്പ് എന്നിവ പാലിലും മാംസത്തിലും ധാരാളം അടങ്ങിയിരിക്കുന്നു. ഒന്നാന്തരം മാംസ്യം പാൽ, ഇറച്ചി, മുട്ട എന്നിവയിലാണല്ലോ അടങ്ങിയിരിക്കുന്നത്. ഇവയുടെ ലഭ്യത പഞ്ചായത്തുതലത്തിൽ ഉറപ്പുവരുത്തേണ്ടതിലേക്കായി ശാസ്ത്രീയമായ മൃഗപരിശീലന പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തുതലത്തിൽ പ്രതിദിനം 3008 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യ 22564 ആയിരിക്കേ നമ്മുടെ ആളോഹരി പ്രതിദിന പാൽ ഉപഭോഗം 133.33 മില്ലിലിറ്റർ മാത്രമാണ്. ഏറ്റവും ചുരുങ്ങിയത് 190 മില്ലിലിറ്റർ പാലെങ്കിലും ലഭിച്ചിരിക്കണമെന്നിരിക്കേ ഇവിടംതൊട്ട് വേണം നമ്മുടെ ജനകീയാസൂത്രണ ചിന്തകളിൽ മൃഗസംരക്ഷണമേഖലയുടെ തുടക്കംകുറിക്കാൻ.

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട ചരിത്രം ചെറുതായൊന്ന് ചികഞ്ഞുനോക്കിയാൽ അന്നത്തെ ഗ്രാമത്തിൽ പശുക്കൾ, കാളകൾ, ആടുകൾ, നാടൻകോഴികൾ എന്നിവയോ ഇവയിലേതെങ്കിലുമോ ഇല്ലാത്ത ഒറ്റവീടുകൾപോലും ഉണ്ടായിരുന്നില്ല എന്നു കാണാം. വൈക്കോൽ കൂമ്പാരത്തിന്റെ വലുപ്പത്തിലും കന്നുകാലികളുടെ എണ്ണത്തിലുള്ള വർദ്ധനവിലും ഊറ്റംകൊണ്ടിരുന്ന അഭിമാനികളുടെ നാടായിരുന്നു ഈ ഗ്രാമം. ചാണകം തളിച്ച മുറ്റത്തിൽ കോണിലൊരു പൂമാലി പശുവിനെ കണ്ടാൽ അന്നത്തെ ദിനം ധന്യമായി എന്നാണ് പ്രമാണം. അഞ്ചരക്കണ്ടി സായിപ്പിന്റെ അധീനതയിലായിരുന്ന ഈ ഗ്രാമീണർ മറ്റ് നാടുവാഴികളുടെ അധീനതയിലെ ഗ്രാമീണരെ അപേക്ഷിച്ച് ജന്മികുടിയാൻ ബന്ധത്തിന്റെ തിക്താനുഭവങ്ങൾ താരതമ്യേന ചെറിയതോതിലേ അനുഭവിക്കേണ്ടിവന്നിട്ടുള്ളൂ. ബ്രെട്ടൺസായിപ്പിന്റെ കാലത്ത് കർഷകർക്ക് വളർത്തുന്നതിനായി പശുക്കളെ ദാനംചെയ്തതായി മനസിലാക്കുന്നു. വർഷത്തിൽ എല്ലാകാലത്തും കൃഷിപണി ഇല്ലാതിരുന്നതിനാൽ അനുബന്ധമായി കാലിവളർത്തൽ ഒരു തൊഴിലായി ഇവിടത്തുകാർ കൊണ്ടുനടന്നിരുന്നു. അന്നൊക്കെ ധാരാളം പുൽമേടുകൾ ഉണ്ടായിരുന്നതിനാൽ ഗ്രാമീണർ കാലികളെ സ്വതന്ത്രമായി മേയാൻവിടുക പതിവായിരുന്നു. അവയ്ക്ക് സ്വച്ഛന്ദം വിഹരിക്കുവാനുള്ള മേച്ചിൽപുറവും, നീർചോലകളും, പൊതുകുളങ്ങളും അഥവാ പണ്ടാരവക കുളവും, വെള്ളം നിറച്ചുവെക്കുന്ന കൊട്ടുകങ്ങളും ഇവയെ പരിപാലിക്കാൻ കാലി ചെറുക്കന്മാരും അന്നുണ്ടായിരുന്നു. തീറ്റകഴിഞ്ഞ് അന്തിയോടടുത്ത് കാലികൾ പൊതുസ്ഥലത്തോ ആൽചുവട്ടിലോ വീട്ടുകാർ ഉണ്ടാക്കിയ ആലകളിലോ അണയും. ഒരുഘട്ടത്തിൽ ഇത്തരം ധാരാളം ആലകൾ ഉണ്ടായിരുന്ന ഒരു പൊതുസ്ഥലമായിരുന്നു ആലക്കൽ. അഞ്ചരക്കണ്ടി പഞ്ചായത്തിന്റെ വടക്കുകിഴക്കുഭാഗത്ത് ഇന്നത്തെ അഞ്ചാംവാർഡിലെ ഇന്നും ആലക്കൽ എന്നറിയപ്പെടുന്ന പ്രദേശമാണിത്. കന്നുകാലികൾ വിശ്രമിച്ചിരുന്ന ആൽചുവടും വെള്ളംകുടിച്ചിരുന്ന കുളവും ഇന്നും ഇവിടെ കാണാമെങ്കിലും ഒരു ആല പേരിനുപോലും ഇവിടെ കാണാനില്ല. വെണ്ടപ്പറ്റ, എടക്കാനം എന്നീ സ്ഥലങ്ങളിൽ നൂറിലധികം കാലികളെ ഒന്നിച്ചു പാർപ്പിക്കാവുന്ന വലിയ ആലകളും കാലിസമ്പത്തും ഒരുകാലത്ത് ഉണ്ടായിരുന്നു.

പഴയകാലത്ത് എല്ലാവീട്ടിലും കറവപശുക്കൾ

ഉണ്ടായിരുന്നുവെങ്കിലും പാലുൽപാദനം തുലോം കുറവായിരുന്നു. ഇതിനുകാരണം നാടൻ ഇനങ്ങളും പോഷകാഹാരത്തിന്റെ കുറവും അശാസ്ത്രീയമായ പരിപാലനവും ആയിരുന്നു. മിക്ക കർഷക കുടുംബത്തിനും ഉഴവുകാളകൾ സ്വന്തമായി ഉണ്ടായിരുന്നു. അക്കാലത്ത് പശുക്കളെയോ കാലികളെയോ മാംസത്തിനായി ഉപയോഗിച്ചിരുന്നില്ല. ഇതിനായി ആടുകളെയും കോഴികളെയും അവർ ഉത്സവദിനത്തോടനുബന്ധിച്ചും വിശേഷാൽദിവസങ്ങളിലും ഉപയോഗിച്ചിരുന്നു. നരിയിറങ്ങി രാത്രികാലത്ത് പശുക്കളെ കൊല്ലുകയോ, കിടാക്കളെ പിടിച്ചുകൊണ്ടുപോകുകയോ ചെയ്തിരുന്നു. ഇതിന്റെ ദൃക്സാക്ഷികൾ ഇന്നും ഈ ഗ്രാമത്തിൽ ജീവിക്കുന്നു. ചെണ്ട ടിൻ എന്നിവ കൊട്ടിയും ചൂട്ട കത്തിച്ച് കാട്ടിയും അന്ന് ഗ്രാമീണർ ഇവയിൽനിന്ന് കാലികളെ സംരക്ഷിച്ചു പോന്നു.

ക്രമേണ ജനസംഖ്യ വർദ്ധിച്ചുവരികയും തരിശു സ്ഥലങ്ങളിൽ പുനംകൃഷി വ്യാപിക്കുകയും ചെയ്യാൻ തുടങ്ങിയതോടെ കാലികളെ സ്വതന്ത്രമായി തുറന്നുവിടാൻ പറ്റാത്ത അവസ്ഥയായി. ഉൽപാദനക്ഷമത കുറഞ്ഞ ഈ നാടൻ ഇനങ്ങൾ കർഷകർക്ക് ഒരു ഭാരമായി മാറി. വൃത്തിഹീനമായ തൊഴുത്തിൽ കെട്ടി കാലികളെ വളർത്താൻ തുടങ്ങിയതോടെ പകർച്ചവ്യാധികൾ ബാധിച്ച് ധാരാളം കാലികൾ നശിക്കാൻ തുടങ്ങി. ഈ ഘട്ടത്തിലാണ് സങ്കരയിനം ഉത്പാദനവും പരിപാലനവും ഗവൺമെന്റ്തലത്തിൽ പ്രോത്സാഹിപ്പിക്കുവാൻ തുടങ്ങിയത്. ക്രമേണ പല കർഷകരും ഇതൊരുപജീവനമാർഗമായി സ്വീകരിക്കാൻ തുടങ്ങി.

ഇന്ന് ഗ്രാമത്തിലെ പശുക്കളുടെ കാര്യത്തിൽ 50 മുതൽ 60 ശതമാനംവരെ സങ്കരയിനങ്ങളാണ്. പത്താം വാർഡ് പോലുള്ള സ്ഥലങ്ങളിൽ 90% വരെ അത്യുൽപാദനശേഷിയുള്ള ഇനങ്ങളാണ്. കൃത്രിമ ബീജസങ്കലനത്തിലൂടെ ബഹുഭൂരിഭാഗവും സന്താനോൽപാദനം നടത്തുന്നതിനാൽ വിത്തുകാളകൾ മിക്കവാറും അപ്രത്യക്ഷമായിരിക്കുകയാണ്. വളരെ ചെറിയ മാസത്തേക്കുമാത്രമേ ഉഴവുപണി ലഭിക്കൂ എന്നതിനാൽ ഉഴവുകാളകളുടെ തുടർസംരക്ഷണം പ്രയാസമാവുകയും അവയെ ഉപേക്ഷിക്കുകയും ചെയ്തു. ഇവയുടെ പകരക്കാരായി ടില്ലറും ട്രാക്ടറും കടന്നുവന്നു.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി മുഴപ്പാലയിൽ പ്രവർത്തിക്കുന്നു. ഇവിടെ ഒരു ഡോക്ടർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻഡർ, ഒരു പാർടൈം സ്വീപ്പർ എന്നിവർ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ഒരു കോണിൽ പ്രവർത്തിക്കുന്ന ആശുപത്രിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ പ്രദേശത്തുള്ളവർക്കും ഉപകാരപ്പെടുന്നില്ല. ഇതിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്. ആശുപത്രിക്കുപുറമേ കാവിൻമൂലയിൽ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെ 13,464 കിന്റൽ വൈക്കോൽ മാത്രമാണ് ശരാശരി ഒരു വർഷത്തിൽ ഉൽപാദിപ്പിക്കുന്നത്. 80% വൈക്കോലും അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകയാണ്. 1187 ഹെക്ടർ തെങ്ങിൻതോപ്പ് ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇടവിളയായി പുൽകൃഷി പയർവർഗ്ഗകൃഷി എന്നിവ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കുന്നതിനോടൊപ്പം ധാരാളം കാലിത്തീറ്റയും തൊഴിലവസരവും ഇതുവഴി ലഭ്യമാക്കാവുന്നതാണ്.

പട്ടിക ഒന്ന്

ഗ്രാമത്തിലെ മൃഗങ്ങളുടെ കണക്കുകൾ

പശുനാടൻ പശു		സങ്കരയിനം		ആട്	പട്ടി	പേപ്പട്ടി വിഷബാധക്കെതിരേ കുത്തിവയ്പ് നടത്തിയത്
കറവ(ഉണ്ട്)	ഇല്ല്	ഉണ്ട്	ഇല്ല			
485	274	456	256	1293	1054	43 എണ്ണം (95.96)

കോഴി	ഇറച്ചിക്കോഴി	എരുമ	പന്നി	മുയൽ
പൂവൻ മുട്ട ഇടുന്നത് ഇടാത്തത് 914 3540 923	3 യൂണിറ്റുകൾ	ഇല്ല	ഇല്ല	18

കൃത്രിമ ബീജസങ്കലം നടത്തിയത്

പശു	465
കിടാരി	218
പശു	86 (95–96)
കിടാരി	84 (95–96)

പഞ്ചായത്തിലെ പശുക്കളിൽ വന്ധ്യതാനിരക്ക് കൂടുതലായികാണുന്നു

പട്ടിക രണ്ട്

വില

ഇനം	96 മാർച്ച്	96 സെപ്തംബർ
1 പിണ്ണാക്ക്	1 കിലോ	7 രൂപ 11.50 രൂപ
2 കാലിത്തീറ്റ	1 കിലോ	4.50 6.രൂപ
3 പാൽ ലിറ്റർ	11 രൂപ	11 രൂപ

ഉൽപാദന ചിലവിനനുസരിച്ച് പാൽവില വർദ്ധിക്കാത്തതിനാൽ കർഷകർക്ക് വളരെ പ്രയാസം നേരിടുന്നു. ആകയാൽ ഉൽപാദനോപാധികളുടെ വിലയിൽ ഇളവ് ലഭിക്കേണ്ടതാണ്.

സാധാരണ കാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ അകിടുവീക്കവും വന്ധ്യതയുമാണ്. കോഴിക്ക് കോഴിവസന്തയും കണ്ടുവരുന്നു. ആധുനിക പരിശോധനാസംവിധാനങ്ങൾ ആശുപത്രിയിൽ നിലവിലില്ല. പേവിഷ പ്രതിരോധ കുത്തിവയ്പ് അടക്കമുള്ള മരുന്നുകൾക്ക് വർധിച്ച വില കർഷകർക്ക് താങ്ങാൻ കഴിയാത്തതാണ്.

ഇവ സൗജന്യമായി ലഭിക്കുന്നില്ല. ആധുനിക മൃഗ സംരക്ഷണ മാർഗങ്ങളും രീതികളും കർഷകരിൽ വേണ്ടത്ര എത്തിയിട്ടില്ല. ഇതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ ധാരാളമായി നടത്തേണ്ടതുണ്ട്. ഇന്ധന സ്രോതസ് കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിലും ചാണകമുപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാൻർ പഞ്ചായത്തിൽ പൊതുവേ പ്രചാരത്തിലില്ല.

പട്ടിക 3.


പാലിന്റെ ഉൽപാദനവും സംഭരണവും

1. അഞ്ചരക്കണ്ടി ക്ഷീരോൽപാദക സഹകരണസംഘം ഉൽപാദനം സംഭരണം..... 8,69,678.8 ലിറ്റർ (95–96)
2. അഞ്ചരക്കണ്ടി ചാരിറ്റബിൾ സൊസൈറ്റി..... 1,35,415 ലിറ്റർ (95–96)

പ്രതിദിന ഉൽപാദനം

സഹകരണസംഘം (രണ്ടുംകൂടി)	2753.679 ലിറ്റർ
മറ്റ് വക	255.000 ലിറ്റർ
ആകെ	3,008.679 ലിറ്റർ
പഞ്ചായത്തിലെ ജനസംഖ്യ–	22564 എണ്ണം
ആളോഹരി പ്രതിദിന പാൽ–	133.30 മില്ലിലിറ്റർ
പ്രതിദിന ആളോഹരി ആവശ്യം–	190 മില്ലിലിറ്റർ

മൊത്തം പാലിന്റെ 20% പാൽഉൽപന്നങ്ങളായി ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. 30% പാലിന്റെ ഉപയോഗം പാൽപ്പൊടി, പായ്ക്കറ്റ് പാൽകൊണ്ടാണ് നടത്തുന്നത്. ഇങ്ങനെയും വൻതുക അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോകുന്നു.



അഞ്ചരക്കണ്ടി പഞ്ചായത്ത് വികസനരേഖ

സൊസൈറ്റികളുടെ വളർച്ചാനിരക്ക്

അഞ്ചരക്കണ്ടി ക്ഷീരോൽപാദക സഹകരണസംഘം

സ്ഥാപിതം–	13–02–1972
13–02–1972	1972 13.35 ലിറ്റർ
1975 739	18.2 ലിറ്റർ വർഷം
1980	90355.25 " "
1985	321916.8 " "
1990	527152.2 " "
1995–96	869678.8 " "

അഞ്ചരക്കണ്ടി ചാരിറ്റബിൾ സൊസൈറ്റി

സ്ഥാപിതം	30–12–1994
9 പേരിൽനിന്ന്	24 ലിറ്റർ പാൽ
1995 ഡിസംബർ 79 പേർ	95995 ലിറ്റർ, വർഷത്തിൽ
1996 നവംബർ 106 പേർ	1,35,415 ലിറ്റർ വർഷത്തിൽ

മുട്ടയുടെ ഉൽപാദനവും വിതരണവും

പ്രതിദിനം പഞ്ചായത്തിൽ 6,000ൽപരം മുട്ടകൾ ഉപയോഗിക്കുന്നതായി കാണുന്നു. പഞ്ചായത്തിലെ ഉൽപാദനം 2,000 മുട്ടകൾ മാത്രമാണ് ഉൽപാദനത്തിന്റെ രണ്ടിരട്ടി അന്യസംസ്ഥാനങ്ങളിൽനിന്ന് ദിനം പ്രതി ഇവിടെ ഇറക്കുമതി ചെയ്യുകയാണ്. മുട്ടക്കോഴിവളർത്തലിന്റെ പ്രാധാന്യം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

മാംസത്തിന്റെ ഉൽപാദനവും വിതരണവും

പഞ്ചായത്തിൽ 3 അറവുശാലകൾ പ്രവർത്തിക്കുന്നു. ഇത് പൂർണമായും അശാസ്ത്രീയവും അസംഘടിതവുമായ രീതിയിലാണ് നടക്കുന്നത്. പ്രതിദിനം 2 ആടുകളേയും 3 പോത്തുകളെയും 25 കോഴികളേയും ഒരു കാളക്കുട്ടനേയുമാണ് ഈ പഞ്ചായത്തിൽ ശരാശരി അറക്കുന്നത്. ആടുകളുടെ 25% പോത്തിന്റെയും കാളയുടെയും 86%വും അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതാണ്. ഇതുമൂലം പ്രതിവർഷം 20 ലക്ഷം രൂപ അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. കോഴിഇറച്ചിയുടെ 85% സമീപ പഞ്ചായത്തുകളിലെ ചാമ്പാട്, പനേരിച്ചാൻ തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് എത്തുന്നവയാണ്. കൂടാതെ വൃത്തിഹീനമായ സാഹചര്യങ്ങളിൽ അശാസ്ത്രീയമായി അറവു നടത്തുന്നതിനാൽ ശുദ്ധമായ മാംസം ലഭിക്കുന്നില്ല. ഉപോൽപന്നങ്ങൾ (ചോര, തോല്, എല്ല്) ശരിയായ രീതിയിൽ സംസ്കരിക്കാത്തതിനാൽ സാമ്പത്തിക നഷ്ടവും പരിസരമലിനീകരണവും ഉണ്ടാകുന്നു.

മാംസോൽപന്നങ്ങളുടെ ഉൽപാദനത്തിനും സംസ്കരണത്തിനും വിതരണത്തിനുമുള്ള വൻ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

മത്സ്യബന്ധനം

മത്സ്യബന്ധനം ഗ്രാമതലത്തിൽ കാര്യമായ സാദ്ധ്യതയില്ലാത്ത പഞ്ചായത്താണിത്. ഗ്രാമപഞ്ചായത്തിൻറെ ഒരുഭാഗം ചേർന്നൊഴുകുന്ന അഞ്ചരക്കണ്ടിപുഴ ഗ്രാമത്തിന്റെ ചെറിയൊരുഭാഗത്തെ പുൽകുന്നതൊഴിച്ചാൽ വേറെ മത്സ്യബന്ധന സാധ്യത തീരെ വിരളമാണ്.

പഴമക്കാർ പുഴയിൽനിന്നും മത്സ്യബന്ധനം നടത്തിയിരുന്നു. ഒരു നേരമ്പോക്കിൽ കവിഞ്ഞ പ്രാധാന്യം ഇതിനുണ്ടായിരുന്നില്ല. നഞ്ച് കലക്കിയും തോട്ട, ചൂണ്ട, ഓർ വല, കണ്ണിവല തുടങ്ങിയവ ഉപയോഗിച്ചും മത്സ്യം പിടിച്ചിരുന്നു. രാത്രികാലത്ത് വെളിച്ചം കാണിച്ച് മത്സ്യത്തെ കുത്തിപിടിക്കുന്ന

വിരുതന്മാരും ഉണ്ടായിരുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മത്സ്യാഹാരം ഇഷ്ടപ്പെടുന്നവരും ഒരു നേരത്ത ഊണിനെങ്കിലും മത്സ്യം നിർബന്ധമായി പ്രതീക്ഷിക്കുന്നവരുമാണ്. ഇതൊക്കെയാണെങ്കിലും മത്സ്യകൃഷി ഒന്നു പരീക്ഷിക്കാൻപോലും ആരും മെനക്കെട്ടുകാണുന്നില്ല. മാമ്പവയൽ പ്രദേശം നെല്ല്, ചെമ്മീൻ സമ്മിശ്ര കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്.

പഞ്ചായത്തിൽ പൊതു മത്സ്യമാർക്കറ്റില്ല. തലച്ചുമടായും, സൈക്കിൾ മുഖേനയും മത്സ്യം വീടുവീടാന്തരം എത്തിക്കുന്നു. തട്ടാരി, ചക്കരക്കൽ എന്നീ പ്രദേശത്തെ മത്സ്യമാർക്കറ്റിനെയാണ് ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത്. വിവിധ വാർഡുകളിൽ പ്രത്യേക സ്ഥലങ്ങളിൽ മിക്കവാറും ദിവസങ്ങൾ മത്സ്യംവച്ച് വിൽപന നടക്കുന്നു. പൊതുമാർക്കറ്റിൽവെച്ച് വിൽപന ഇല്ലാത്തതിനാൽ മിക്കവാറും ഉപഭോക്താക്കൾ അമിതവില നൽകേണ്ടിവരുന്നു. പൊതുവേ മത്തി, അയല, കൂട്ടുമീൻ (ചരു) മുള്ളൻ എന്നിവയാണ് വ്യാപകമായുള്ളത്. ഇതിന് ശരാശരി 20–30 രൂപയാണ് വില. സ്രാവ് തെരണ്ടി, ആവോലി എന്നിവ വിശിഷ്ട മത്സ്യങ്ങളാണ്. ഇതിന് 35–60 രൂപ ശരാശരി വിലയുണ്ട്. ചെമ്മീൻ കൂടുതലായും കയറ്റിയയ്ക്കുന്നതുകൊണ്ട് മിക്കവാറും ഗ്രാമവാസികൾക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ കല്ലുമ്മക്കായ, ഇളമ്പക്ക, പാര, തളയൻ തുടങ്ങിയവയും ഇവിടുത്തുകാർ ഉപയോഗിച്ചുവരുന്നു.

ശരാശരി 500–750 കിലോ മത്സ്യം പ്രതിദിനം ഈ ഗ്രാമത്തിൽ വിറ്റഴിക്കപ്പെടുന്നു. ഉണക്കമത്സ്യവും ഇതിൽ പെടുന്നു. ഉദ്ദേശം 20–35 മത്സ്യവിൽപനക്കാർ സ്ഥിരവും ഭാഗികവുമായി ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഇതിൽ10% 15 വയസിൽതാഴെ പ്രായമുള്ള കുട്ടികളാണ്. എല്ലാ ജാതിമതസ്ഥരും മത്സ്യവിൽപനക്കാരായുണ്ട്. എന്നാൽ ഒരൊറ്റ സ്ത്രീ തൊഴിലാളിയും ഈ രംഗത്തില്ല.

പ്രശ്നങ്ങൾ മൃഗസംരക്ഷണം മത്സ്യബന്ധനം

1. മൃഗാശുപത്രിയിൽ വെറ്റിനറി ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും വേണ്ടരീതിയിൽ ലഭ്യമാക്കണം.

2. 50% സബ്സിഡിയോടുകൂടി കന്നുകാലികൾക്ക് കാലിത്തീറ്റ എല്ലാ വാർഡുകളിലും വിതരണം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

3. പഞ്ചായത്തിൽ മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം നിർമിക്കണം

4. കന്നുകാലികളെ വളർത്തുന്നിതന് ശാസ്ത്രീയമായ രീതിയിൽ ആല നിർമ്മിക്കുന്നതിന് 50%സാമ്പത്തിക സബ്സിഡി അനുവദിക്കണം

5. പശുക്കൾക്ക് ആവശ്യമായ കാലിത്തീറ്റ വിതരണം നടത്തുന്നതിനായി പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി നിർമിക്കുക.

6. കന്നുകാലികളെ വളർത്തുന്ന കർഷകർക്ക് ബയോഗ്യാസ് പ്ലാന്റ് പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുക.

7. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പുൽകൃഷി വളർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

8, പേവിഷബാധയിൽനിന്നും ജനങ്ങളെ പൂർണമായും സംരക്ഷിക്കുന്നതിന് പഞ്ചായത്തിൽ അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന പട്ടികളെ കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യുന്നതിനും വളർത്തുപട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനുമുള്ള സംവിധാനം ആവിഷ്കരിക്കുക.

9. കോഴിവളർത്തൽകേന്ദ്രങ്ങൾ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സ്ഥാപിക്കണം.

10. ഉൽപാദിപ്പിക്കുന്ന കോഴിമുട്ട സംഭരിക്കാനും വിൽപന നടത്തുന്നതിനുമുള്ള സംഘങ്ങൾ രൂപീകരിക്കണം.

11. ഇറച്ചികോഴികളെ വളർത്തുന്നതിനും വിപണനമാർഗ്ഗം കണ്ടെത്തുന്നതിനുമുള്ള സാധ്യതകൾ ഉണ്ടാകണം.

12. നിലവിലുള്ള കോഴിവളർത്തൽ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുക.

13. പഞ്ചായത്തിൽ ഒരു പോൾട്രിഫാം സ്ഥാപിച്ച് അതുവഴി സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുകയും അവർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി, ശാസ്ത്രീയരീതിയിലുള്ള കോഴിക്കൂടുകൾ ഉൽപാദിപ്പിച്ച് നൽകുകയും ചെയ്യുക.

14 ആടുവളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുകയും സ്വയംതൊഴിൽ കണ്ടെത്തുന്നവർക്കായി സൗജന്യമായി ആട്ടിൻകുഞ്ഞു

ങ്ങളെ നൽകുകയും വളർത്തുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുകയും ചെയ്യണം.

15. പഞ്ചായത്തിൽ കാവിൻമൂലയിലുള്ള സ്വകാര്യമത്സ്യമാർക്കറ്റ് ഒഴിച്ച് മറ്റെവിടെയും മത്സ്യമാർക്കറ്റില്ല. പഞ്ചായത്തിലെ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക

16. ഇപ്പോൾ വിതരണം നടത്തുന്ന മത്സ്യമാർക്കറ്റുകളിൽ ശുചിത്വം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

17. മത്സ്യക്ഷാമമുള്ള മാസങ്ങളിൽ മത്സ്യം ലഭ്യമാക്കുന്നതിന് സാധ്യതകൾ ഉണ്ടാക്കുക.

സാധ്യതകൾ/നിർദ്ദേശങ്ങൾ

1. പഴശ്ശി കനാലിന്റെ ഒഴിവ് സ്ഥലങ്ങളിൽ പുൽകൃഷി ആടുവളർത്തൽ, കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

2. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇറച്ചി, മുട്ട എന്നിവയുടെ സംഭരണവും വിതരണവും നടത്താം.

3. പത്താംവാർഡിലുള്ള തമ്പുരാട്ടികുളത്തിലും പറമ്പുകരി കുളത്തിലും മത്സ്യം വളർത്തൽ ജല സേചനത്തോടൊപ്പം നടത്താൻ സാധിക്കും.

4. പഞ്ചായത്തിൽ കാലിത്തീറ്റ മിക്ചറിങ്ങ് യൂണിറ്റ് പ്രാദേശിക അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് സ്ഥാപിക്കുക.

5. കന്ന് കുട്ടി പരിപാലന പദ്ധതി:- നിലവിൽ 100 കന്നുകുട്ടികൾക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയിരിക്കുന്ന ഈ പദ്ധതി പഞ്ചായത്തിലെ മുഴുവൻ കന്നുകുട്ടികൾക്കും ലഭ്യമാക്കേണ്ടതാണ്.

6. സ്കൂൾ പോൾട്രി ക്ലബ്ബുകൾ സ്ഥാപിച്ച് മുട്ട കോഴി വളർത്തൽ വർധിപ്പിക്കാവുന്നതാണ്.

7. വനിതകൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്യുക. ഇത് ഒരുവാർഡിൽ 100പേർക്കെങ്കിലും തൊഴിൽ നൽകാവുന്നാതാണ്.

8. മത്സ്യകൃഷി: നെൽകൃഷിയോടനുബന്ധിച്ച് മാമ്പവയൽപോലുള്ള വയലിൽ മത്സ്യകൃഷിയും നടത്താവുന്നതാണ്.

9. മാംസോത്പാദക വിപണന സഹകരണസംഘം സ്ഥാപിക്കുക.

പഞ്ചായത്തുതലത്തിൽ ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുകയും ഉൽപാദിപ്പിക്കപ്പെടുന്ന മാംസം ബ്ലോക്കുതല അറവുശാലകൾ വഴി സംസ്കരിച്ച് പായ്ക്കറ്റുകളാക്കി പഞ്ചായത്തുതല വിപണനസ്റ്റാളുകളിൽ വിറ്റഴിക്കാവുന്നതാണ്. ഇവിടെ വനിതകൾക്ക് ജോലിസാദ്ധ്യത ഉറപ്പുവരുത്തേണ്ടതാണ്.

10. ആൺകന്നുകുട്ടികളെ മാംസാവശ്യത്തിന് കൂടുതലായി വളർത്താനും കന്നുകുട്ടി പരിപാലന പദ്ധതി മാതൃകയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

11. അറവുമൃഗങ്ങളെ അറവിനുമുമ്പും പിൻപും വെറ്റിനറി വൈദ്യപരിശോധനയ്ക്കുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതാണ്.

12. കാലിത്തീറ്റയുടെ ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കണം

13. പഞ്ചായത്തിൽ പ്രതിവർഷം 13,464 ക്വിന്റൽ വൈക്കോൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽനിന്ന് യൂറിയ സംസ്കരണംചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

14. കന്നുകാലികൾക്ക് മുഴുവനും ചെറിയ പ്രീമിയനിരക്കിൽ ഇൻഷ്വർ ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കുക.

15. വന്ധ്യതാ നിവാരണത്തിന് പഞ്ചായത്തിൽ ക്ലിനിക്കുകൾ പ്രവർത്തിക്കാവുന്നതാണ്.

16. മൃഗാശുപത്രികളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുക

17. മൃഗാശുപത്രി കേന്ദ്രീകരിച്ച് ബോധവൽക്കരണ സൗകര്യം ഏർപ്പെടുത്തണം.

പാൽ, മാംസം, മുട്ട, മത്സ്യം എന്നീ ഇനങ്ങളിൽ നമ്മുടെ പഞ്ചായത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്കും മറ്റു പഞ്ചായത്തിലേക്കും ഒഴുകിപ്പോകുന്ന നമ്മുടെ സമ്പത്ത് ഈ മേഖലയിലെ വൻ സാധ്യതകൾ പരിശോധിച്ച് ശാസ്ത്രീയമായി നടപ്പിലാക്കിയാൽ ഇവിടെയുള്ള പുരോഗതിക്ക് നെടുംതൂണുകളാക്കി മാറ്റാൻ സാധിക്കുന്നതാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും ഭാഗിക തൊഴിലുള്ള കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പരമാവധി തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുവാൻ ഈ സംരംഭം നമുക്ക് വഴികാട്ടിയാവുമെന്നത് തീർച്ചയാണ്.

⌘



വിദ്യാഭ്യാസം

വിദ്യാഭ്യാസം

കണ്ണൂർ ജില്ലയിൽ കണ്ണൂർ നഗരത്തിൽനിന്ന് 16 കി.മി. കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്. പൊതുവേ കൃഷിക്കാരും കൃഷികൊണ്ടുമാത്രം ഉപജീവനം കഴിക്കുന്ന ഒരു ജനവിഭാഗമാണെങ്കിലും വിദ്യാഭ്യാസപരമായി നൂറ്റാണ്ടുകൾ മുമ്പുതന്നെ ബോധവന്മാരും അറിവുനേടിയവരുമായിരുന്നു. ജാതി മത ഭേദമന്യേ എല്ലാ ജനവിഭാഗങ്ങൾക്കും അറിവിന്റെ കൈത്തിരികൾ കൊളുത്തിക്കൊടുക്കുന്നിൽ സമാരാധ്യരായ ഗുരുക്കന്മാരും കുടിപ്പള്ളിക്കൂടങ്ങളും മുഖ്യപങ്ക് വഹിച്ചതായി കാണാം. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇംഗ്ലീഷുകാർ ഈ ഗ്രാമത്തിൽ എത്തുന്നതിനു മുമ്പ് ജ്യോതിശാസ്ത്രം, ആയുർവ്വേദം, തച്ചുശാസ്ത്രം, വിഷചികിത്സ തുടങ്ങിയവയിലും പുരാണേതിഹാസങ്ങളിലും അമരം, കാവ്യം എന്നിവയിലും അഗാധപാണ്ഡിത്യം നേടി അറിവു പകർന്നുകൊടുക്കുന്നതിൽ ഔത്സുക്യം കാണിച്ച മഹാശയരായ സി.എച്ച് രാമൻഗുരുക്കൾ, നള്ളക്കണ്ടി അപ്പഗുരിക്കൾ, പരിപ്പായി തമ്പുരാനെന്ന് പ്രസിദ്ധനായ പരിപ്പായി ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി, ചാലിക്കണ്ടി കുഞ്ഞിരാമൻ ഗുരുക്കൾ, മാടിയത്ത് കുഞ്ഞിരാമൻ ഗുരുക്കൾ, എടവന കുമാരൻ ഗുരുക്കൾ, ചന്തൻ ഗുരുക്കൾ, ചെക്കു ഗുരുക്കൾ തുടങ്ങിയവരെ സ്മരിക്കാതെ കടന്നുപോകുന്നത് ശരിയല്ല. അവർ കൊളുത്തിയ അറിവിന്റെ കൈത്തിരി പ്രോജ്ജ്വലമായി ഇന്നും നിലനിൽക്കുന്നു.

കച്ചവടാവശ്യത്തിനായി ഇന്ത്യയിൽ എത്തിച്ചേർന്ന വിദേശീയരിൽ ഇംഗ്ലീഷുകാരുടെ ഒരു സംഘം 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഗ്രാമത്തിൽ എത്തിച്ചേർന്നു. ലോകപ്രശസ്തരായ അഞ്ചരക്കണ്ടി കറപ്പത്തോട്ടം വച്ചുപിടിപ്പിക്കുന്നതോടൊപ്പം നമ്മുടെ നാടിന്റെ വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യരംഗങ്ങളിൽ അവർ വഹിച്ച പങ്ക് നിസ്തുലമാണ്. കുടിപ്പള്ളിക്കൂടങ്ങളിലും ഗുരുനാഥന്മാരുടെ വാസഗൃഹങ്ങളിലും മാത്രം നിറഞ്ഞുനിന്ന വിദ്യാഭ്യാസ മേഖല ഒരു അംഗീകൃത പള്ളിക്കൂടം എന്ന ആശയത്തോടെ ആർ.എ. ബ്രൗൺ സായ്പിന്റെ പരിശ്രമം കൊണ്ട് 1865-ൽ അഞ്ചരക്കണ്ടി പാളയം എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ട അഞ്ചരക്കണ്ടി എലിമെന്ററി സ്കൂൾ ആണ് ഇന്നത്തെ അഞ്ചരക്കണ്ടി എൽ.പി. സ്കൂൾ ആയത്.

അങ്ങനെ ആധുനിക വിദ്യാഭ്യാസത്തിന്റെ നുറുങ്ങുവെട്ടം നമ്മുടെ നാട്ടിൽ തെളിഞ്ഞു. ഇതിന്റെ തുടർച്ചയെന്നോണം ഇന്നത്തെ മാമ്പ എൽ.പി. സ്കൂളും കാമേത്ത് എലിമെന്ററി സ്കൂളും ഉപരിപഠനം ലക്ഷ്യമാക്കി ഗ്രാമപരിധിയിൽ മിഷനറിമാരാൽ സ്ഥാപിക്കപ്പെട്ട ബി.ഇ.എം. ഹയർ എലിമെന്ററി സ്കൂളും ഈ മേഖലയിൽ ഇന്നു നമ്മൾ കൈവരിച്ച നേട്ടങ്ങൾക്ക് ബീജാവാപം നൽകിയ സ്ഥാപനങ്ങളാണ്. തുടർന്നു ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യത്യസ്ത കാലയളവിൽ 17 എൽ.പി. സ്കൂൾ, 3 യു.പി. സ്കൂൾ, 1 ഹൈസ്കൂൾ എന്നിവ സ്ഥാപിക്കപ്പെട്ടു. ഈ വിദ്യാലയങ്ങളിൽ എല്ലാ ജനവിഭാഗങ്ങൾക്കും പ്രവേശനവും സർവ്വത്രിക വിദ്യാഭ്യാസവും നൽകപ്പെട്ടു. തുടർന്നു സ്വദേശിപ്രേമവും സ്വാതന്ത്ര്യാഭിവാഞ്ഛയും നിറഞ്ഞുനിന്നിരുന്നു. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കാവിമൂല മിടാവിലോട്ട് കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ സംഘടിച്ചുകൊണ്ട് കൃസ്ത്യൻ മിഷനറിമാർ നടത്തുന്ന അഞ്ചരക്കണ്ടിയിലെ ബി.ഇ.എം. യു.പി. സ്കൂൾവരെ പ്രതിഷേധ പ്രകടനം നടത്തിയെന്നത് നമ്മുടെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുന്ന ഒരു ദേശസ്നേഹിക്ക് രോമാഞ്ചമുണ്ടാക്കുന്ന അറിവാണ്. കേരളപ്പിറവിക്കുശേഷം 1957-ൽ വിദ്യാഭ്യാസ തൽപരരും മറ്റു മഹൽവ്യക്തികളും ചേർന്ന് അഞ്ചരക്കണ്ടി എഡ്യൂക്കേഷൻ സൊസൈറ്റിക്കു രൂപംകൊടുത്തപ്പോൾ ആദ്യത്തെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ബീജാവാപമായി. ഇതിന്റെ തുടക്കം നാലാംപീടികയിലുള്ള ശ്രീനാരായണ ഞ്ജാനപ്രദായിനി വായനശാലയിൽ 1957 ജൂൺ 12-നായിരുന്നു. അതിനുമുമ്പേ നമ്മുടെ ഗ്രമത്തിൽനിന്ന് സെക്കൻഡറി വിദ്യാഭ്യാസം നേടുന്നതിന് കണ്ണൂർ, കൂടാളി എന്നീ സ്ഥലങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയായിരുന്നു. ഈ അവസ്ഥയ്ക്ക് വിരാമമിടുന്നതിൽ അഞ്ചരക്കണ്ടി ഹൈസ്കൂൾ

വഹിച്ച പങ്ക് നിസ്തുലമാണ്. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഔപചാരിക വിദ്യാഭ്യാസം നേടുന്നതിനായി ഇന്ന് പഞ്ചായത്ത് പരിധിയിൽ ആകെ 13 അംഗൻവാടികളും 17 പ്രൈമറി സ്കൂളുകളും 3 അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും ഒരു പാരലൽ കോളേജും ഒരു സ്വകാര്യ സമാന്തര അറബിക് കോളേജും ഒരു ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി സ്കൂളും പ്രവർത്തിക്കുന്നു.

കൂടാതെ അനൗപചാരിക വിദ്യാഭ്യാസത്തിന് ഉതകുന്ന 3 ജനവിദ്യാകേന്ദ്രങ്ങളും 9 വായനശാലയോടുകൂടിയ ഗ്രന്ഥാലയങ്ങളും 2 വായനശാലകളും പ്രവർത്തിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസമേഖലയിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനുള്ള സൗകര്യത്തിനായി ഈ മേഖലയെ പ്രീ പ്രൈമറി, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നിങ്ങനെ നാല് മേഖലകളായി തിരിച്ച് അപഗ്രഥിക്കാം.

1 പ്രീപ്രൈമറി

സ്ഥിതി: പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ 13 അംഗൻവാടികൾക്കു പുറമെ ഒരു സ്വകാര്യ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ-അനുകൂലവും പ്രതികൂലവും:

1. 13 അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നത് അനുകൂല ഘടകമാണ്.

2. ഇവയിൽ ചിലത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

3. ഇവയുടെ പ്രവർത്തന പരിധിയിൽ വരുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും ആവശ്യമായ പ്രതിരോധ ചികിത്സയും രോഗപ്രതിരോധത്തിനാവശ്യമായ ബോധവത്കരണവും പരിമിതമായ അളവിലാണെങ്കിലും പോഷകാഹാര വിതരണവും നടത്താൻ സഹായിക്കുന്നു.

4. സാമൂഹ്യക്ഷേമവകുപ്പിന്റെ കണക്കനുസരിച്ച് ഇനിയും എട്ടോളം അംഗൻവാടികൾ ഈ പ്രദേശത്ത് സ്ഥാപിക്കേണ്ടതുണ്ട്.

5. സ്ഥാപിക്കപ്പെട്ടവയുടെ ഭൂമിശാസ്ത്രപരമായ അശാസ്ത്രീയത പരിഹരിക്കപ്പെടേണ്ടതുണ്ട്.

6. ഭൂരിഭാഗം അംഗൻവാടികളും പ്രവർത്തിക്കുന്നത് താൽക്കാലിക കെട്ടിടത്തിലോ വാടകക്കെട്ടിടത്തിലോ ആണ്.

7. അംഗൻവാടികളിൽ പലതിലും ആവശ്യത്തിനു ഫർണിച്ചറോ കളിക്കോപ്പുകളോ ശുദ്ധജലവിതരണ സംവിധാനമോ ഇല്ല.

സാധ്യതകൾ:

1. സ്വന്തം കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് സ്ഥിരവും സൗകര്യപ്രദവുമായ കെട്ടിടം നിർമ്മിക്കുക.

2. പുതുതായി സ്ഥാപിക്കപ്പെടുന്നവ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാനുതകും വിധത്തിൽ സ്ഥാപിക്കുക.

3. ആവശ്യമായ ഫർണ്ണിച്ചറുകൾ, കളിക്കോപ്പുകൾ, ശുദ്ധജല വിതരണ സംവിധാനം, കളിസ്ഥലം, പാചക-ഭക്ഷണമുറികൾ എന്നിവ എല്ലാ അംഗൻവാടികളിലും ലഭിക്കാൻ നടപടി സ്വീകരിക്കുക.

4. അംഗൻവാടികളിൽ എത്തുന്ന കുട്ടികളുടെ പ്രായപരിധി പരിഗണിച്ച് ആവശ്യമായ പരിചരണം നൽകുന്നതിന് അംഗൻവാടി പ്രവർത്തകർക്ക് പരിശീലനം നൽകുക.

പൊതുവിദ്യാഭ്യാസം

പൊതുസ്ഥിതി

1. സ്ഥിതി

പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഹൈസ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളും ഗ്രാമപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ പത്ത് വാർഡുകളിലും കുറഞ്ഞത് ഒരു സ്കൂളെങ്കിലും പ്രവർത്തിക്കുന്നുണ്ട്. മിക്ക സ്കൂളുകളും അനാദായകരം എന്ന ലിസ്റ്റിൽപെട്ടവയാണ്. പ്രാഥമിക വിദ്യാലയങ്ങളിൽ രണ്ടെണ്ണം ന്യൂനപമാനേജുമെന്റിനു കീഴിൽ പ്രവർത്തിക്കുന്നു.

ക്രമ നമ്പർ	കോഡ് നമ്പർ	വിദ്യാലയത്തിന്റെ പേര്	വാർഡ് നമ്പർ	ഉടമസ്ഥത			വിഭാഗം						
				സർക്കാർ	അർദ്ധസർക്കാർ	സ്വകാര്യം	LP	UP	സെക്കൻഡറി	ഹയർ സെക്കൻഡറി	ഗ്രാമം	നഗരം	അർദ്ധനഗരം
1	01	അഞ്ചരക്കണ്ടി ഹൈസ്കൂൾ	6			✓			✓		✓		
2	02	അഞ്ചരക്കണ്ടി എൽ.പി.	7			✓	✓				✓		
3	03	അഞ്ചരക്കണ്ടി മാപ്പിള എൽ.പി.	7			✓	✓				✓		
4	04	ബാലികാലയം എൽ.പി.	8			✓					✓		
5	05	കുഞ്ഞങ്ങോട് യു.പി.	4			✓		✓			✓		
6	06	കാമേത്ത് എൽ.പി.	7			✓	✓				✓		
7	07	മാമ്പ എൽ.പി.	3			✓	✓				✓		
8	08	മാമ്പ സെൻട്രൽ എൽ.പി.	3			✓	✓				✓		
9	09	മാമ്പ വെസ്റ്റ് എൽ.പി.	2			✓	✓				✓		
10	10	മാമ്പ മാപ്പിള എൽ.പി.	4			✓	✓				✓		
11	11	മാമ്പ സരസ്വതീവിലാസം എൽ.പി	4			✓	✓				✓		
12	12	മാമ്പ ഈസ്റ്റ് എൽ.പി.	9			✓	✓				✓		
13	13	മിടാവിലോട് എൽ.പി.	6			✓	✓				✓		
14	14	മുഴപ്പാല എൽ.പി.	3			✓	✓				✓		
15	15	മുരിങ്ങേരി നോർത്ത് എൽ.പി.	5			✓	✓				✓		
16	16	മുരിങ്ങേരി യു.പി.	8			✓		✓			✓		
17	17	നരിക്കോട് യു.പി.	10			✓	✓	✓			✓		
18	18	പലേരി എൽ.പി.	6			✓	✓				✓		
19	19	പലേരി വെസ്റ്റ് എൽ.പി.	6			✓	✓				✓		
20	20	താറ്റിയോട്ട് എൽ.പി.	1			✓	✓				✓		
21	21	വിദ്യാവിനോദിനി എൽ.പി.	8			✓	✓				✓		

പ്രശ്നങ്ങൾ അനുകൂലവും പ്രതികൂലവും

1. പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾതലം വരെ പഠനം നടത്തുന്നതിന് രണ്ടു കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടതില്ല.

2. എല്ലാ വാർഡിലും കുറഞ്ഞത് ഒരു സ്കൂളെങ്കിലുമുണ്ട്.

3. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായ വിദ്യാലയ സൗകര്യമുണ്ട്.

4. എല്ലാ സ്കൂളുകളും സ്വകാര്യമേഖലയിലാണെന്നതുകൊണ്ട് അധ്യാപകക്ഷാമം ഒരു പ്രശ്നമായി അനുഭവപ്പെടാറില്ല.

5. മിക്ക പ്രൈമറി സ്കൂളുകളും Pre-KER പ്രകാരം നിലനിൽക്കുന്നതിനാൽ ആവശ്യത്തിന് വിസ്തീർണ്ണമുള്ള ക്ലാസ് മുറികളോ മറ്റു ഭൗതിക സൗകര്യങ്ങളോ ഇല്ലാത്തവയാണ്. ഇതു കുട്ടികളുടെ വ്യക്തിത്വവികാസത്തെയും പഠനനിലവാരത്തെയും ദോഷകരമായി ബാധിക്കുന്നു.

6. ക്ലാസുകൾക്കിടയിലുള്ള വേർതിരിവ് മിക്ക സ്കൂളുകൾക്കും ഇല്ല.

7. അധ്യാപകർക്ക് DIET തുടങ്ങിയ വിദ്യാഭ്യാസ ഏജൻസികളിൽനിന്ന് കാലാനുസൃതമായ പുനഃപരിശീലനം വേണ്ടത്ര കിട്ടുന്നില്ല.

8. പി.ടി.എ. എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ വിഭവങ്ങൾ കണ്ടെത്താൻ കഴിയാറില്ല.

സാധ്യതകൾ

1. കെ.ഇ.ആർ. പ്രകാരമുള്ള കെട്ടിടങ്ങളും സ്ഥലസൗകര്യവും അനിവാര്യമാണ്.

2. ക്ലാസ് റൂം വിഭജനം എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും ഉറപ്പുവരുത്തണം.

3. യു.പി. സ്കൂളുകളിൽ കായികാധ്യാപകന്റെ നിയമനം അത്യാവശ്യമാണ്.

4. യു.പി. സ്കൂളുകളിൽ ഒരു അധ്യാപകന്റെ അഡിഷണൽ പോസ്റ്റും ഏതാനും പ്രൈമറി സ്കൂളുകളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ക്ലറിക്കൽ പോസ്റ്റും അനുവദിക്കേണ്ടതുണ്ട്.

ഭൗതിക സാഹചര്യങ്ങൾ

സ്ഥിതി

ഈ പട്ടികയിൽ കെട്ടിടം, അതിന്റെ വിനിയോഗം, സ്ഥലസൗകര്യം, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി ലഭ്യത, കളിസ്ഥലം, കുടിവെള്ള സംവിധാനം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ കെട്ടിടമുൾപ്പെടെ പത്തു സെന്റിൽ കുറവുള്ള പത്തു സ്കൂളുകളും പത്തിനും ഇരുപത്തഞ്ചിനും ഇടയിൽ ഭൂവിസ്തീർണ്ണമുള്ള ആറ് സ്കൂളുകളും 3 ഏക്കർ 76 സെന്റ് സ്ഥലത്തോടുകൂടിയ ഒരു ഹൈസ്കൂളുമാണ് നിലവിലുള്ളത്. ആകെ വിദ്യാലയങ്ങളിൽ 50 സ്ഥിരം കെട്ടിടങ്ങളും 23 അർദ്ധസ്ഥിരം കെട്ടിടങ്ങളുമാണുള്ളത്. മിക്ക സ്കൂളുകളിലും ആവശ്യത്തിനു ഫർണ്ണിച്ചർ ഇല്ല. 4 സ്കൂളുകളിൽ മാത്രമേ വൈദ്യുതി സൗകര്യമുള്ളൂ. അതുപോലെ പത്തു സ്കൂളുകളിൽ മാത്രമേ കുടിവെള്ള വിതരണ സംവിധാനമുള്ളൂ.

പട്ടിക 2

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

			കെട്ടിടം മുറികളുടെ എണ്ണം									വൈദ്യുതി		കളിസ്ഥലം		കുടിവെള്ളം	
ക്രമ നമ്പർ	സ്കൂൾ കോഡ്	സ്ഥലം വിസ്തീർണ്ണം	സ്ഥിരം	അർദ്ധസ്ഥിരം	ആകെ ഡിവിഷൻ	സ്ഥിരം	അർദ്ധ സ്ഥിരം	നിലവിലുള്ള മൂത്രപ്പുകളുടെ എണ്ണം	ഭാവിയിൽ എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	നിലവിലുള്ളകക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	ഉണ്ട്	ഇല്ല	ഉണ്ട് (വിസ്തീർണ്ണം)	ഇല്ല	ഉണ്ട്	ഇല്ല
1	01	3.76സെന്റ്	23	11	63	80	–	4	80	14	–	ഉണ്ട്	–	2100m2	–	ഉണ്ട്	–
2	02	7.75 സെന്റ്	1	–	5	1	4	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
3	03	15 സെ	1	1	5	2	3	1	2	–	–	–	ഇല്ല	–	ഇല്ല	ഉണ്ട്	–
4	04	4 സെന്റ്	1	–	4	5	–	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
5	05	24 സെ	1	1	10	10	1	1	10	–	–	–	ഇല്ല	–	ഇല്ല	ഉണ്ട്	–
6	06	20 സെ	1	–	4	5	–	2	2	–	–	ഉണ്ട്	–	10 സെ	–	ഉണ്ട്	–
7	07	75 സെ	1	–	5	–	5	2	20	–	–	–	ഇല്ല	10 സെ	–	ഉണ്ട്	–
8	08	10 സെ	1	–	5	6	–	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
9	09	10 സെ	1	–	5	0	5	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
10	10	10 സെ	1	-	5	1	5	2	20	1	–	–	ഇല്ല	–	ഇല്ല	ഉണ്ട്	–
11	11	3 സെ	2	2	4	2	2	–	–	–	–	–	ഇല്ല	–	ഇല്ല	ഉണ്ട്	–
12	12	10 സെ	1	–	5	–	5	1	5	1	1	–	ഇല്ല	–	ഇല്ല	–	ഇല്ല
13	13	5 സെ	1	–	4	–	4	2	2	–	–	–	ഇല്ല	–	ഇല്ല	ഉണ്ട്	–
14	14	15 സെ	1	1	4	2	2	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
15	15	9.5 സെ	1	-	5	5	–	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
16	16	34 സെ	4	4	10	8	6	1	4	–	–	–	ഇല്ല	30 സെ	–	ഉണ്ട്	–
17	17	1 ഏക്കർ	2	–	9	12	–	2	6	–	–	ഉണ്ട്	–	20 സെ	–	ഉണ്ട്	–
18	18	20 സെ	–	1	4	–	4	–	–	–	–	–	–	4 സെ	–	–	ഇല്ല
19	19	36 സെ	3	–	5	3	2	2	20	–	–	ഉണ്ട്	–	–	ഇല്ല	–	ഇല്ല
20	20	8.5സെ	1	2	6	4	2	–	–	–	–	–	ഇല്ല	–	ഇല്ല	–	ഇല്ല
21	21	15 സെ	2	–	4	4	–	–	–	–	–	–	–	–	ഇല്ല	–	ഇല്ല

പ്രശ്നങ്ങൾ അനുകൂലവും പ്രതികൂലവും

1. താത്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളില്ല.

2. പത്ത് വിദ്യാലയങ്ങളിലെങ്കിലും കുടിവെള്ള വിതരണ സംവിധാനമുള്ളത് ഒരു നേട്ടമാണ്.

3. വിദ്യാലയത്തോടനുബന്ധിച്ച് കളിസ്ഥലം ഇല്ല എന്നത് കാര്യമായ പോരായ്മയാണ്.

4.പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാൻ ആവശ്യമായ കക്കുസ് മൂത്രപ്പുര എന്നിവ മിക്ക വിദ്യാലയങ്ങൾക്കും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്.

5. ഒരു വിദ്യാലയത്തിനും ചുറ്റുമതിൽ ഇല്ല.

6. പകുതിയിലധികം വിദ്യാലയങ്ങളിൽ കുടിവെള്ള വിതരണ സംവിധാനം നിലവിലില്ല

7. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പാചകമുറിയും ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യവും മിക്ക വിദ്യാലയങ്ങളിലും ഇല്ല.

8. ആറു വിദ്യാലയങ്ങളിലേക്ക് വാഹനസൗകര്യമില്ല.

9. പ്രധാന റോഡുകൾക്കരികിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളുടെ സമീപത്തായി സുരക്ഷാസംവിധാനം നിലവിലില്ല.

10. വൈദ്യുതി സൗകര്യം നാലു സ്കൂളുകളിൽ മാത്രമേയുള്ളൂ.

സാധ്യതകൾ

1.കളിസ്ഥലം നിർമിക്കുവാൻ സാധ്യതയുള്ള വിദ്യാലയങ്ങളഇൽ അത് നിർമിക്കുന്നതിനാവശ്യമായ വിഭവങ്ങൾ പി.ടി.എ.യുടെ സഹായത്തോടെ ഉണ്ടാക്കണം. അല്ലെങ്കിൽ ഭൂമിശാസ്ത്ര പരമായി അടുത്തകിടക്കുന്ന സ്കൂളുകൾക്ക് പൊതുവിൽ ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

2. പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വൈദ്യുതി, ശുദ്ധജല വിതരണ സംവിധാനങ്ങൾ ഗതാഗത സൗകര്യം എന്നിവ എല്ലാ വിദ്യാലയങ്ങൾക്കും പ്രാപ്യമായ അവസ്ഥ ഉണ്ടാക്കണം.

അക്കാദമിക് സൗകര്യം

സ്ഥിതി: വിദ്യാഭ്യാസ പ്രക്രിയയെ ത്വരിതപ്പെടുത്താൻ നേരിട്ട് സഹായകമാകുന്ന സാഹചര്യമാണ് അക്കാദമിക് സൗകര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പട്ടികയിൽ ലൈബ്രറി, ലാബറട്ടറി, പഠനോപകരണങ്ങൾ ദൃശ്യ ശ്രാവ്യ ഉപകരണങ്ങൽ ബ്ലാക്ക് ബോർഡ് പി.ടി.എ. തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

എല്ലാ വിദ്യാലയങ്ങളിലെ ലൈബ്രറി സംവിധാനം നാമമാത്രമായി ഉണ്ട്. ഹൈസ്കൂൾ ഒഴികെ മറ്റ് സ്കൂളിലൊന്നും തന്നെ ലാബറട്ടറി സംവിധാനം ഇല്ല. അതുപോലെ തന്നെ പഠനോപകരണങ്ങളുടെയും ദൃശ്യ ശ്രവ്യ ഉപകരങ്ങളുടെയും അപര്യാപ്തത എടുത്തു പറയേണ്ടതാണ്.

അക്കാദമിക് സൗകര്യം
പട്ടിക 3

കോഡ് നമ്പർ	ലൈബ്രറി	ലാബ്	സയൻസ് കോർണർ	ബ്ലാക്ക് ബോർഡ്		95–96ലെ അധ്യയന ദിനങ്ങൾ	സമരംമൂലം നഷ്ടമായ ദിനങ്ങൾ	പ്രത്യേക പൊതുഅവധികളിലൂടെ നഷ്ടമായ അധ്യയനദിനങ്ങൾ	മാതൃസംഗമം	പിടിഎ
				ആവശ്യമുള്ളത്	നിലവിലുള്ളത്					
01	✓	✓	–	63	63	177	17	6	✓	✓
02	✓		✓	5	5	190.5	–	5	✓	✓
03	✓		✓	5	5	190.5	–	5	✓	✓
04	✓		✓	4	2	194	–	5	✓	✓
05	✓		✓	10	5	193.5	–	5	✓	✓
06	✓		✓	4	4	195	–	5	✓	✓
07	✓		✓	5	3	192	–	5	✓	✓
08	✓		✓	5	5	193.5	3	5	✓	✓
09	✓		✓	5	5	195	2	5	✓	✓
10	✓		✓	5	5	187	–	5	✓	✓
11	✓		✓	7	7	192	–	5	✓	✓
12	✓		✓	7	4	192	5	5	✓	✓
13	✓		✓	4	4	194	–	5	✓	✓
14	✓		✓	5	4	193	–	6	✓	✓
15	✓		✓	4	3	194	2	3	✓	✓
16	✓		✓	12	6	192	2	5	✓	✓
17	✓		✓	11	8	194	–	5	✓	✓
18	✓		✓	4	3	194	3	5	✓	✓
19	✓		✓	5	5	193.5	–	5	✓	✓
20	✓		✓	3	3	192.5	3	5	✓	✓
21	✓		✓	4	3	194	3	5	✓	✓

അങ്കണവാടികൾക്ക് സൗകര്യം

പ്രശനങ്ങൾ അനുകൂലവും പ്രതികൂലവും

1. എല്ലാ സ്കൂളുകളിലും പി.ടി.എ. പ്രവർത്തിക്കുന്നു എങ്കിലും വേണ്ടത്ര സജീവമല്ല. എന്നാൽ മാതൃസംഘങ്ങൾ മിക്കവാറും സ്കൂളുകളിൽ സജീവമായി പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നുണ്ട്.

2. നാമമാത്രമാണെങ്കിലും എല്ലാ സ്കൂളുകളിലും ലൈബ്രറി സംവിധാനം നിലവിലുണ്ട് എന്നത് ആശാവഹമാണ്.

3. മിക്കവാറും സ്കൂളുകളിലും സയൻസ് കോർണർ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനത്തിന് സഹായകമാവുന്ന ഉപകരണങ്ങളടങ്ങിയ കിറ്റ് മിക്കവാറും സ്കൂളുകളിലുണ്ട്.

4. പ്രൈമറി തലത്തിൽ സാധ്യായദിവസങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ വളരെ പരിമിതമായി മാത്രമേ ഉള്ളു.

5. ലാബറട്ടറി സൗകര്യം ഹൈസ്കൂളിലൊഴികെ മറ്റു വിദ്യാലയങ്ങളിലില്ല എന്നത് എടുത്തു പറയേണ്ട് ഒരു പോരായ്മയാണ്.

6. പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, ബ്ലാക്ക് ബോർഡ് എന്നിവ പര്യാപ്തമായ അളവിൽ ഹൈസ്കൂളുകളിൽ മാത്രമേ ഉള്ളു.

സാധ്യതകൾ

1. നിലവിലുള്ള സ്കൂൾ ലൈബ്രറികൾ സമ്പുഷ്ടമാക്കാനും അവ വിദ്യാർഥികൾക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

2. നിരീക്ഷണ പരീക്ഷണങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും മറ്റു പഠനോപകരണങ്ങളും പ്രൈമറി വിദ്യാലയങ്ങളിലും ലഭ്യമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

3. പി.ടി.എ.യുടെ പ്രവർത്തനം സജീവമാക്കി നല്ല പഠനാന്തരീക്ഷം ഒരുക്കാനാവശ്യമായ പ്രവർത്തനം എല്ലാ ഹൈസ്കൂളുകളിലും സംഘടിപ്പിക്കേണ്ടതുണ്ട്.

4. ഹൈസ്കൂളിൽ നിലവിലുള്ള വിപുലമായ ലാബറട്ടറി സൗകര്യം ഉപയോഗപ്പെടുത്തുന്നതിനും മറ്റ് പഠനബന്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും സമീപ സ്കൂളുകൾക്ക് അവസരം ഒരുക്കേണ്ടതുണ്ട്.

കുട്ടികളുടെ പ്രവേശനം

ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം

സ്ഥിതി: കഴിഞ്ഞ അഞ്ച് വർഷത്തെ സ്ഥിതി പരിശോധിച്ചാൽ ആദ്യത്തെ വർഷം ഗണ്യമായ വത്യാസം വരുന്നില്ല. എങ്കിലും തുർന്നുള്ള മൂന്നു വർഷത്തിനിടയിൽ എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെ പ്രവേശനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

പട്ടിക 4

ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം

സ്കൂൾ

ക്രമ നമ്പർ	വർഷം	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	ആകെ
1.	91-92	-	23	33	12	16	22	19	19	20	31	29	37	26	32	22	35	27	21	17	27	17	485
2.	92-93	-	16	30	13	15	31	24	33	22	36	52	34	20	33	24	28	26	27	29	36	17	546
3.	93-94	-	20	26	14	17	15	17	15	15	27	31	23	21	29	24	31	27	15	14	31	20	432
4.	94-95	-	18	34	16	19	20	20	23	16	24	28	27	20	20	19	23	29	15	14	52	16	453
5.	95-96	-	26	32	15	17	15	26	22	14	27	28	26	21	29	22	25	23	22	21	27	15	453
	103 155	-	70	84	103	106	112	87	145	168	147	108	143	111	142	132	100	95	173	85	2369		

പ്രശ്നങ്ങൾ അനുകൂലവും പ്രതികൂലവും

1. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ഒന്നാം തരത്തിലെ പ്രവേശന നിരത്തിൽ ഗണ്യമായ കുറവ് ബാധിക്കാത്ത ചില സ്കൂളുകളിലും ഉണ്ട് എന്നത് ആശാവഹമാണ്.

2. വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനം പഞ്ചായത്തിന് പുറത്ത് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പഠനം നടത്തുന്നതിനായി ചേക്കേറുന്ന അവസ്ഥ ഉണ്ട്.

സാധ്യതകൾ

1. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ വിദ്യാർഥികളെയും പഞ്ചായത്തതിർത്തിയിലുള്ള സ്കൂളുകളിൽ എത്തിക്കുന്നതിന് ബോധപൂർവമായ പ്രവർത്തനം സംഘടിപ്പിക്കണം.

2. മാകൃസംഘം, അയൽകൂട്ടം എന്നിവ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

മൊത്തം കുട്ടികളുടെ എണ്ണം

സ്ഥിതി: കഴിഞ്ഞ അഞ്ചുവർഷത്തെ പ്രൈമറി ക്ലാസുകളിലെ മൊത്തം കുട്ടികളും എണ്ണം പരിശോധിക്കുമ്പോൾ എടുത്തുപറയത്തക്ക വർദ്ധനവ് ഉണ്ടായകേവലം രണ്ടു സ്കൂളുകൾ മാത്രമെയുള്ളു. അതേ സമയം ഗണ്യമായ കുറവുണ്ടായ അഞ്ച് വിദ്യാലയങ്ങളുണ്ട്. മറ്റുള്ളവയിൽ നേരിയ ഏറ്റക്കുറച്ചിൽ മാത്രമേ ഉണ്ടായിട്ടുള്ളു. അതുപോലെ തന്നെ 91–92 കാലത്തെ അപേക്ഷിച്ച് കൊഴിഞ്ഞു പോക്ക് 9–96 ആകുമ്പോഴേക്കും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

പട്ടിക 5

ക്രമനമ്പർ	വർഷം	കുട്ടികളുടെ എണ്ണം (സ്കൂൾ)																			
		02	03	04	05	06	07	08	09	10	11	12	13	14	15	16	17	18	19	20	21
1	91–92	126	170	61	251	80	120	111	105	175	143	150	111	120	125	317	303	90	118	151	69
2	92–93	117	169	51	266	93	126	127	103	173	151	149	104	122	127	328	279	101	126	160	68
3	93–94	115	63	53	282	88	118	129	108	163	151	146	99	121	128	318	271	96	110	145	70
4	94–95	112	159	58	288	83	121	125	105	152	148	148	92	117	121	295	257	85	102	172	71
5	95–96	125	159	62	278	76	123	119	98	153	146	149	88	115	121	282	243	85	107	172	69

കുട്ടികളുടെ എണ്ണം

പ്രശ്നങ്ങൾ അനുകൂലവും പ്രതികൂലവും

1. അക്ഷര അക്കബോധമുറപ്പിക്കുന്ന കാലഘട്ടത്തിൽ കൂടുതൽ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കുന്നതിന് അധ്യാപകർക്ക് കഴിയുന്നു.

2. സർക്കാർ ഗ്രാന്റ് വിദ്യാർഥികളുടെ എണ്ണത്തിനനുസരിച്ചാണ് അനുവദിക്കുക എന്നതിനാൽ വളരെ പരിമിതമായി ലഭിക്കുന്ന തുക വിദ്യാലയങ്ങളുടെ പ്രാഥമിക ശുചീകരണത്തിനുപോലും മതിയാകില്ല.

3. ക്ഷേമ പരിപാടികൾ നടപ്പിലാക്കുമ്പോൾ ആളോഹരി ചെലവ് ഗണ്യമായി വർധിക്കും.

സാധ്യതകൾ

1. വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സന്നദ്ധ സേവന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണെങ്കിൽ വിദ്യാർഥികളെ ആകർഷിക്കാനാവും.

2. ബഹുജനങ്ങളും സന്നദ്ധ പ്രവർത്തകരും സാമൂഹിക പ്രസ്ഥാനമായ വിദ്യാഭ്യാസത്തെ ഒരു ബാധ്യതയായി ഏറ്റെടുക്കണം.

3. കുട്ടികളുടെ എണ്ണം കുറഞ്ഞാലും മിനിമം പരിധി നിശ്ചയിച്ച് ഗ്രാന്റ് നൽകാൻ സർക്കാർ സന്നദ്ധമാവണം.

അക്കാദമിക് നിലവാരം

സ്ഥിതി: 1996-97 ലെ പാദവാർഷിക പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർഥികളുടെ അക്കാദമിക് നിലവാരത്തെകുറിച്ച് അപഗ്രഥിച്ചാൽ എൽ.പി. തലത്തിൽ ശരാശരിയിൽ താഴെ കേവലം 9 ശതമാനം വിദ്യാർഥികലും യു.പി. തലത്തിൽ 27 ശതമാനം വിദ്യാർഥികളുമാണുള്ളത്. ശരാശരിയിൽ കൂടുതൽ എൽ.പി. തലത്തിൽ 38 ശതമാനവും യു.പി. തലത്തിൽ 29 ശതമാനവുമാണ്. എന്നാൽ ഹൈസ്കൂൾ തലത്തിലെത്തുമ്പോൾ ഇത് യഥാക്രമം 54 ശതമാനവും 7 ശതമാനവും മാത്രമായി കീഴ്മേൽ മറിയുന്ന ദയനീയചിത്രം നമുക്കു കാണാം.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ അഞ്ചരക്കണ്ടി ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം എപ്പോഴും സംസ്ഥാന ശരാശരിയോടടുത്തു നിൽക്കുന്നതായാണ് കാണുന്നത്.

എങ്കിലും 1996 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒമ്പതാം റാങ്ക് നേടിയ അഞ്ചരക്കണ്ടി ഹൈസ്കൂളിലെ വിദ്യാർഥിനിയായിരുന്നു ഷമി. ബി. പഞ്ചായത്തിന്റെയാകെ അഭിമാനമായി മാറിയ സന്തോഷകരമായ ചിത്രവുമുണ്ട്.

പട്ടിക 6

എസ്.എസ്.എൽ.സി. വിജയ ശതമാനവും ജയിച്ച കുട്ടികളുടെ എണ്ണവും

സ്കൂൾ	91-92	92-93	93-94	94-95	95-96
അഞ്ചരക്കണ്ടി ഹൈസ്കൂൾ					
ശതമാനം	51.5%	43%	45.6%	46%	47%
എണ്ണം	561	567	581	606	627

എൽ.എസ്.എസ്./യു.എസ്.എസ്. തുടങ്ങിയ സ്കോളർഷിപ്പു പരീക്ഷകളിൽ ഇടവിട്ട കാലയളവിൽ നേടിയ ചില നേട്ടങ്ങളൊഴിച്ചാൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നേട്ടം ഏറെ പരിമിതമാണ്. എന്ന് പറയാതിരിക്കാൻ പറ്റില്ല.

പ്രശ്നങ്ങൾ-അനുകൂലവും പ്രതികൂലവും

മത്സരപ്പരീക്ഷകളിൽ പരിമിതമായ അളവിലാണെങ്കിലും ഉണ്ടായിട്ടുള്ള നേട്ടം അഭിമാനകരമാണ്.

ഭൗതിക സാഹചര്യങ്ങൾ ഏറെ അനുകൂലമായ പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയഖതമാനത്തിലുണ്ടാകുന്ന കുറവ് എടുത്തു പറയേണ്ട ഒരു പോരായ്മയാണ്. സാധാരണയായി വിദ്യാഭ്യാസ മേഖലയിലെ മികവിനെ നിയന്ത്രിക്കുന്ന ഘടകങ്ങളിൽ സമർപ്പിത അധ്യാപക സമൂഹം, കഴിവുറ്റ നേതൃത്വം എന്നിവയുടെ അഭാവമാണ് ഈ അവസ്ഥക്ക് കാരണമെന്ന വിമർശനം സമൂഹമധ്യത്തിൽ നിലനിൽക്കുന്നു. ഈ വിമർശനം ഗൗരവമായി കാണേണ്ടതായുണ്ട്.

സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലേയും പഠന നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.

2. ഇതിനായി അനുകൂല പ്രതികൂല ഘടകങ്ങളെ തിരിച്ചറിഞ്ഞ് പി.ടി.എ., മാതൃസംഗമം, വിദ്യാഭ്യാസ

പ്രവർത്തകർ, വിദ്യാഭ്യാസ അധികൃതർ, അയൽകൂട്ടം, അധ്യാപകർ, പഞ്ചായത്ത് സമിതികൾ തുടങ്ങിയവരുടെ കൂട്ടായ യത്നത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണം.

3.ഇന്നത്തെ പരീക്ഷാ സമ്പ്രദായത്തിൽ കാതലായ മാറ്റം അനിവാര്യമാണ്.

4.സിലബസ് ശാസ്ത്രീയമായി ലഘൂകരിക്കേണ്ടതുണ്ട്.

5. അധ്യാപകർക്ക് ആവശ്യമായ പുനഃപരിശീലനവും പിയർടീച്ചിംഗും നടപ്പിലാക്കുക.

6. ഒരു സാമൂഹിക പ്രസ്ഥാനമായ വിദ്യാഭ്യാസത്തിൽ സൗഹൃദപരമായ സാമൂഹ്യ ഇടപെടൽ അനിവാര്യമാണ്. (കല്യാശേരി, ശിവപുരം കോംപ്ലക്സുകളെ മാതൃകയാക്കാം)

7.നിലവിലുള്ള അധ്യാപക വിദ്യാർഥി അനുപാതം കുറക്കുകയും ഓൾ പ്രമോഷൻ സമ്പ്രദായം നിർത്തലാക്കുകയും ചെയ്യുന്നത് ഗുണകരമായിരിക്കും.

8. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിക്കണം.

9. അനുപൂരക വിദ്യാഭ്യാസ രീതി നടപ്പിലാക്കണം

10. സമഗ്രമായ മൂല്യനിർണയം നടത്തണം.

അധ്യാപകരുടെ ലഭ്യത

സ്ഥിതി: മുഴുവൻ വിദ്യാലയങ്ങളിലുമായി അനുവദിക്കപ്പെട്ട 223 തസ്തികളിൽ 220 എണ്ണത്തിലും നിയമനം നടന്നിട്ടുണ്ട്. 3 ഒഴിവുകൾ നികത്തപ്പെടേണ്ടതായിട്ടുണ്ട്. ആകെയുള്ള 220 അധ്യാപകരിൽ 133 സ്ത്രീകളും 177 പുരുഷന്മാരുമാണ്. ജോലി ചെയ്യുന്ന അധ്യാപകരെ സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടില്ല.

പട്ടിക 7

അധ്യാപകരുടെ ലഭ്യത

ക്രമ നമ്പർ		സ്കൂൾ																				
1.	തസ്തിക എണ്ണം	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	ആകെ
2.	ആവശ്യമുള്ളത്	94	6	6	4	14	4	5	5	5	7	5	6	4	5	6	13	12	4	6	8	4	223
3.	അനുവദിച്ചത്	94	6	6	4	14	4	5	5	5	7	5	6	4	5	6	13	12	4	6	8	4	223
4.	നിയമനം നടന്നത്	94	6	5	4	14	4	5	5	5	7	5	6	4	5	6	13	12	4	4	8	4	220
5.	നിലവിൽ ഒഴിവ്	0	-	1	-	-	-	-	-	-	-	-	-	-	-	-	-	-	-	2	-	-	3

പ്രശ്നങ്ങളും അനുകൂലങ്ങളും പ്രതികൂലങ്ങളും

1. അനുവദിക്കപ്പെട്ട തസ്തികളിൽ മൂന്നെണ്ണത്തിന്റെ കുറവ് മാത്രമേ ഇപ്പോഴുള്ളു എന്നതിനാൽ പഠനപ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് വലിയ തടസമായില്ല.

2.അനാദായകരം എന്ന പട്ടികയിൽ പെടുത്തി സ്കൂളുകളിൽ നിയമനം നടത്തുന്നതിന് അധികൃതർ കാണിക്കുന്ന വൈമനസ്മാണ് ഈ അവസ്ഥക്കു കാരണം.

സാധ്യതകൾ

വിദ്യാർഥികളുടെ ബഹുമുഖവികസനം ലക്ഷ്യമാക്കി കലാ-കായിക സംഗീത അധ്യാപകരെ നിയമിക്കണം

ജനകീയ സമിതി

സ്ഥിതി: കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഗുരുകുലം പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായതുകൊണ്ടുതന്നെ മിക്കവാറും സ്കൂളുകളിൽ ജനകീയ സമിതികൾ നിലവിലുണ്ട്. അതുപോലെ തന്നെ അയൽക്കൂട്ടങ്ങളും നിലവിലുണ്ടെങ്കിലും സജീവമല്ല.

പഞ്ചായത്തിലെ പ്രൈമറി വിദ്യാർഥികൾക്കായുള്ള ഉച്ചക്കഞ്ഞി വിതരണച്ചെലവിലേക്കായി പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

പ്രശ്നങ്ങൾ അനുകൂലവും പ്രതികൂലവും

1.വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സാമൂഹ്യമായ ഇടപെടൽ ഏറെ സാഹായകമാണെന്ന്

നേരിട്ട് അനുഭവിച്ചറിഞ്ഞവരാണ് നമ്മൾ.

2. വിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്താൻ പി.ടി.എ., മാതൃസംഗമം, അയൽകൂട്ടം എന്നിവക്ക് നിർണായക പങ്ക് വഹിക്കാനാവും.

3. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനു, വിദ്യാർഥികൾക്കാവശ്യമായ പഠന സാഹചര്യമൊരുക്കുന്നതിലും ജനകീയ സമിതികൾക്ക് ഏറെ പങ്ക് വഹിക്കാൻ കഴിയും.

4. ഉച്ചക്കഞ്ഞി വിതരണച്ചെലവിലേക്കായി ആളൊന്നിന് 10 പൈസ എന്ന നിരക്കിൽ പഞ്ചായത്ത് 95-96 വർഷത്തിൽ 29617 രൂപ 70 പൈസ ചെലവഴിച്ചിട്ടുണ്ട്.

സാധ്യതകൾ

1. വിദ്യാഭ്യാസ പ്രക്രിയയിൽ നിർണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഘടകമാണ് മദർ, പി.ടി.എ. ആ സമിതിയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുക.

2. വിദ്യാഭ്യാസം എന്നത് അധ്യാപകരുടേയോ വിദ്യാർഥികളുടേയോ മാത്രം ഉത്തരവാദിത്തമല്ല. മറിച്ച് അതൊരു സാമൂഹ്യ പ്രസ്ഥാനമാണെന്ന ബോധം സമൂഹത്തിൽ വളർത്തിയെടുക്കണം.

ഉന്നത വിദ്യാഭ്യാസം

പഞ്ചായത്തിന്റെ പ്രവർത്തന പരിധിക്കകത്ത് ഒരു സ്വകാര്യ സമാന്തര അറബിക് കോളജ് ഉള്ളതൊഴിച്ചാൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളോ- സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങളോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലുള്ള വിദ്യാർഥികൾക്ക് 15-20 കി.മീ. ദൂരം സഞ്ചരിച്ചാൽ മാത്രമേ ഉപരിപഠനം സാധ്യമാവുകയുള്ളു. ഈ അവസ്ഥക്ക് അൽപമെങ്കിലും ആശ്വാസം നൽകുന്നത് പഞ്ചായത്തിനകത്തും സമീപ പ്രദേശങ്ങളിലുമായി പ്രവർത്തിക്കുന്ന സമാന്തര കോളജുകളാണ്.

ഉന്നത വിദ്യാഭ്യാസം നേടുന്നവരിൽ ഏറിയ പങ്കും ഉന്നതപഠനം എന്നത് കേവലം കോളജ് വിദ്യാഭ്യാസം മാത്രമാണെന്ന ധാരണയാണ് വെച്ചു പുലർത്തുന്നത്. സാങ്കേതിക വിദ്യാഭ്യാസം മേഖലയിലേക്ക് പോകുന്നവരുടെ എണ്ണം തുലോം കുറവാണ്.

സാധ്യതകൾ:

പഞ്ചായത്തിലുള്ള ഏക ഹൈസ്കൂളിനോടനുബന്ധിച്ച് ഹയർ സെക്കന്ററിയോ, വെക്കേഷനൽ ഹയർ സെക്കന്ററി കോഴ്സോ അനുവദിക്കുക.

അനൗപചാരിക വിദ്യാഭ്യാസം

പത്തമ്പത് വർഷങ്ങൾക്ക് മുമ്പ് കണ്ണാടിവെളിച്ചം പ്രദേശം കേന്ദ്രീകരിച്ച് ഔപചാരിക വിദ്യാഭ്യാസം നേടാനവസരം ലഭിക്കാതിരുന്നവരെ ഉദ്ദേശിച്ച് നടത്തപ്പെട്ട നിശാപാഠശാലക്കു ശേഷം 90 കളിൽ നടന്ന സാക്ഷരതായജ്ഞവും ഈ മേഖലയിൽ എടുത്തു പറയത്തക്ക പ്രവർത്തനങ്ങളാണ്. കാഴ്ചവച്ചത് എങ്കിലും ആ കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകമായിപ്രവർത്തിച്ച കാവിൻമൂലയിലെ ഗാന്ധിസ്മാരക വായനശാല കെ.സി. കെ.എൻ. ലൈബ്രറി, മുഴപ്പാല വായനശാല ഗ്രാന്ഥാലയം, ശ്രീനാരായണ ജ്ഞാനപ്രദായിനീ വായനശാല നാലാംപീടിക തുടങ്ങിയവ പ്രത്യേകം സ്മരണീയമാണ്. ഇന്ന് മൂന്ന് ജനവിദ്യാ കേന്ദ്രങ്ങളും ഒമ്പത് ഗ്രന്ഥാലയങ്ങളോടുകൂടിയ വായനശാലകളും രണ്ട് വായനശാലകളും ഈ മേഖലയ്ക്ക് ഒരു മുതൽ കൂട്ടാണ്. അതോടൊപ്പംതന്നെ മതപഠനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മഹല്ലുകളുടെ നിയന്ത്രണത്തിലുള്ള രണ്ട് മദ്രസകളും പ്രവർത്തിക്കുന്നുണ്ട്.

പ്രവർത്തനങ്ങൾ - അനുകൂലവും പ്രതികൂലവും

1. അനൗപചാരിക മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുണ്ടെങ്കിലും അവയുടെ ഗുണം പഞ്ചായത്ത് പരിധിയിൽ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

2.ജനവിദ്യാ കേന്ദ്രങ്ങൾ പേരിൽ മാത്രം ഒതുങ്ങിനിൽക്കുന്നവയായി മാറിയിരിക്കുന്നു.

3. ടി.വി. തുടങ്ങിയ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വ്യാപകമായ പ്രചരണം ആളുകളെ വായനശീലത്തിൽ നിന്ന് അകറ്റിനിർത്തുന്നു.

സാധ്യതകൾ: കാൻഫെഡ്, നേഷനൽ ലിറ്ററസി മിഷൻ തുടങ്ങി ഈ മേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകുന്ന ഏജൻസികളുടെ സഹായം ഉപയോഗപ്പെടുത്തുക.

2. ആവശ്യമായ കേന്ദ്രങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കണം.

3. കേവലം വിനോദോപാധി എന്നതിലുപരിയായി വിജ്ഞാന മാധ്യമങ്ങളായി ഇലക്ട്രോണിക് മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക.

അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൂറ്റാണ്ടുകളിലൂടെ കൈവരിച്ച വൃദ്ധി ക്ഷയങ്ങളെക്കുറിച്ചും ഏകദേശ അവലോകനം നടത്തിയിട്ടുണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് സെക്കന്ററി തലംവരെ വിദ്യാഭ്യാസം നേടിയെടുക്കാനുള്ള സാഹചര്യമൊഴിച്ചാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ ഇന്നു ഒരു സ്വപ്നമായി അവശേഷിക്കുന്നു. എങ്കിലും നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ പരിവർത്തനത്തിനു വിധേയമാക്കിവരുംതലമുറക്ക് ഒരു മുതൽ കൂട്ടായിക്കീരുവാൻ താഴെ പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിക്കട്ടെ.

1. കെട്ടിടങ്ങൾ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുക.

2. വേണ്ടത്ര ഫർണിച്ചറുകൾ നിർമ്മിക്കുന്നതിന് സഹായം നൽകുക.

3. ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ നൽകുക.

4.കുട്ടികൾക്ക് വേണ്ടത്ര പോഷകാഹാരങ്ങൾ സൗജന്യമായി നൽകുക.

5. സ്വന്തമായി കളിസ്ഥലം കണ്ടെത്താനാവാത്ത വിദ്യാലയങ്ങളെ ചേർത്ത് പ്രാപ്യമായ സ്ഥലത്ത് പൊതു കളിസ്ഥലം സ്ഥാപിച്ചു കൊടുക്കുക.

6. പ്രീ-പ്രൈമറി വിദ്യാലയങ്ങൾക്ക് കളികോപ്പുകളും മറ്റു വിനോദോപാധികളും വിതരണം ചെയ്യുക.

ശുദ്ധജല വിതരണം സമഗ്രമായി എല്ലാ വിദ്യാലങ്ങളിലും നടപ്പിലാക്കുക.

7. വിദ്യാർത്ഥികളുടെ ആരോഗ്യ രക്ഷയ്ക്ക് ആവശ്യമായ വൈദ്യപരിശോധന കാര്യക്ഷമമായി നടപ്പിലാക്കുക.

8. അധ്യാപകർക്ക് കാലാനുസൃതമായി പുനഃപരിശീലനം നൽകുക.

9.വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി കലാകായിക സംഗീത അദ്ധ്യാപകരെ നിയമിക്കുക.

10.ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളജുകൾ, ശാസ്ത്ര സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുക.



കുടിവെള്ളം പൊതുജനാരോഗ്യം പരിസരശുചിത്വം

പൊതുജനാരോഗ്യം-കുടിവെള്ളം-പരിസരശുചീകരണം

ഏതൊരു രാഷ്ട്രത്തിന്റേയും സമ്പത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ആരോഗ്യമുള്ള ജനതയാണല്ലോ. ആരോഗ്യമുള്ള ജനതയുണ്ടെങ്കിൽ മാത്രമേ ക്ഷേമരാഷ്ട്രമെന്ന സങ്കൽപം യാഥാർഥ്യമാവുകയുള്ളൂ.

മനുഷ്യരാശിയുടെ നിലനിൽപിന്റെ ഒരു പ്രധാനപ്പെട്ട ഘടകം ആരോഗ്യമുള്ള മനുഷ്യരും ശുദ്ധമായ വെള്ളവും, വായുവും ശുചിത്വപൂർണമായ ജീവിത സാഹചര്യവുമാണെങ്കിൽ സംശയമില്ല. പൊതുജനാരോഗ്യം ഇന്നത്തെ ആധുനിക ചികിത്സാ സമ്പ്രദായം നിലവിൽ വരുന്നതിന് മുമ്പ്, പാരമ്പര്യ ആയൂർവേദ വൈദ്യന്മാരെയാണ് പൂർണമായും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചിരിക്കുന്നത്. വളരെ പ്രഗത്ഭന്മാരായ നിരവധി പാരമ്പര്യ വൈദ്യന്മാരും വിഷചികിത്സാ വിദഗ്ധരും, മർമാണി ചികിത്സാ വിദഗ്ധരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അഞ്ചരക്കണ്ടിയിലെ ആതുരശുശ്രൂഷാരംഗത്ത് നിർണായകമായ സംഭാവന നൽകിയ നിരവധി നാട്ടുവൈദ്യന്മാരെപ്പറ്റി പഞ്ചായത്തിലെ പഴമക്കാർ ഇന്നും നന്ദിയോടെ സ്മരിച്ച് വരുന്നത് കാണാം. അക്കാലങ്ങളിൽ പച്ചമരുന്നുകളും പഞ്ചായത്തിൽ ധാരാളമായി ലഭ്യമായിരുന്നു. ഇപ്രകാരം പച്ചമരുന്നുകളുടെ ആവശ്യനുസരണലഭ്യതയും ലാഭേച്ഛ കൂടാതെയുള്ള പാരമ്പര്യ വൈദ്യന്മാരുടെ ആതുരസേവന തൽപരതയും ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിൽ നല്ല സ്വാധീനം ചെലുത്തിയിരുന്നു. ആധുനിക വൈദ്യശാസ്ത്രത്തെപ്പോലും വെല്ലുന്ന തരത്തിലുള്ളതായിരുന്നു. നാടൻ വൈദ്യന്മാരുടെ രോഗ നിർണയ പാടവം, വെറും നാഡിമിടിപ്പും ശരീരഘടനയും നോക്കി മാത്രം പോലും രോഗ നിർണയം നടത്തി, ചികിത്സിച്ച് രോഗം ഭേദപ്പെടുത്തിയിരുന്നു.

പ്രസവ ചികിത്സാരംഗത്താണെങ്കിൽ ഇന്നത്തെ നഴ്സ്മാരേയും ഡോക്ടർമാരേയും വെല്ലുന്ന വിധത്തിലുള്ള കഴിവും പ്രാഗത്ഭ്യവുമുള്ള നാടൻ പേറ്റിച്ചിമാരും പണ്ടുകാലത്ത് നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. പ്രസവതീയതിയും സമയവും കൃത്യമായി പ്രവചിക്കുവാനും സുരക്ഷിതമായി പ്രസവം എടുക്കുവാനും അവർക്ക് കഴിഞ്ഞിരുന്നു.

വസൂരി, കോളറ തുടങ്ങിയ പകർച്ച വ്യാധികൾ ഒരു കാലത്ത് നമ്മുടെ നാട്ടിൽ വ്യാപകമായിരുന്നു. ഉദ്ദേശ്യം 40 വർഷങ്ങൾക്ക് മുമ്പ് മുരിങ്ങേരി പ്രദേശത്ത് വ്യാപകമായി പടർന്ന് പിടിച്ചപ്പോൾ രോഗബാധിതരെ സംരക്ഷിക്കുന്നതിനും പരിചരണം നൽകുന്നതിനും ആ പ്രദേശത്തുള്ള ജനങ്ങളും പഞ്ചായത്ത് ഭരണ സമിതിയും ബന്ധശ്രദ്ധരായി പ്രവർത്തിച്ചിരുന്നുവെന്ന് കാണുവാൻകഴിയും. എങ്കിലും രോഗത്തിന്റെ തീവ്രതയിൽ 4 പേർ മൃതിയടയുവാൻ ഇടയായി ഈ കാര്യം അന്നത്തെ മലബാർ കളക്ടറെ അറിയിക്കുന്നതിന് 1955 നവംബർ മാസം 5-ാം തീയതി ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ രൂപീകരണ യോഗം എടുത്ത് തീരുമാനം ഇന്നും ചരിത്ര രേഖകളിൽ കാണുന്നുണ്ട്.

ആരോഗ്യമുള്ള ജനതയുടെ അളവ്കോൽ ആ പ്രദേശത്തെ ജനന-മരണ നിരക്കുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ജനന-മരണ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ താഴെയാണെന്ന് കാണുവാൻ കഴിയും പട്ടിക 1 കാണുക.

പട്ടിക 1

ജനന മരണ നിരക്ക്	സംസ്ഥാന ശരാശരി	പഞ്ചായത്ത് ശരാശരി
ജനനനിരക്ക് 1000ത്തിന്	17	6.1
മരണനിരക്ക്'' ''	5.9	4.73
ശിശുമരണനിരക്ക് '' ''	16	0.17
മാതൃമരണനിരക്ക്'' ''	1	0

1995-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിലെ

22,563 വരുന്ന ആകെ ജനസംഖ്യയിൽ 1 വയസിന് താഴെയുള്ള 308 കുട്ടികളും , ഒന്നു മുതൽ 2 വയസ് വരെ പ്രായമുള്ള 368 കുട്ടികളും 2 മുതൽ 3 വയസ് വരെ പ്രായമുള്ള 387 കുട്ടികളും 3 മുതൽ 5 വരെയുള്ള 217 കുട്ടികളും ഉണ്ട്. പഞ്ചായത്തിൽ അകെ 11307 സ്ത്രീകളാണുള്ളത്. ഗർഭിണികൾ 136 പേർ. 1995-96 വർഷത്തിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 371 പേർ ജനിച്ചപ്പോൾ മരണം വെറും 109 മാത്രമാണ്. ഇപ്രകാരം ജനനിരക്കിന്റെ 3- ൽ 1 ഭാഗത്തിലും കുറവ് മാത്രമാണ് മരണനിരക്ക് എന്നുകാണുവാൻ കഴിയും. ചാപിള്ള ജനനം 3 എണ്ണമുണ്ടായിട്ടുണ്ട്. ഒരു വയസിന് താഴെയുള്ള പ്രായത്തിൽ മരണപ്പെട്ട 2 കുട്ടികളുമുണ്ട്.

1995-96 വർഷത്തിൽ പഞ്ചായത്തിൽ 935 പേർക്ക് വിവിധ പകർച്ചവ്യാധികൾ പിടിപെട്ടതായി കണക്കുകൾ കാണിക്കുന്നു.

പകർച്ചവ്യാധികൾ ബാധിച്ചവരുടെ കണക്ക് പട്ടിക 11

പകർച്ചവ്യാധികൾ(1995-96)	എണ്ണം
ജലജന്യ രോഗങ്ങൾ	41
വായുജന്യരോഗങ്ങൾ	630
പ്രാണിജന്യരോഗങ്ങൾ	90
മറ്റുള്ളവ	174
ആകെ	935

1992-93 മുതൽ 1995-96 വരെയുള്ള 4 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും അലോപ്പതി ചികിത്സാരംഗത്ത് 71193 പേർ ഇരിവേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. വിഭാഗത്തിൽ നിന്നും ചികിത്സ തേടിയതായി കാണുന്നുണ്ട്. 1992-93 -ൽ ഇത് 15545 പേർ ആയിരുന്നെങ്കിൽ 95-96 ആകുമ്പോഴേക്കും 22640 ആയി ഉയർന്നിട്ടുണ്ട്. ത്വക് രോഗം പിടിപെട്ടവർ 1992-93ൽ 3015 ഉണ്ടായിരുന്നത് 95-96ൽ അത് ഇരട്ടിയിലധികമായി(6269)ഉയർന്നിരിക്കുകയാണ്. വാതസംബന്ധമായ രോഗങ്ങൾ കാര്യമായി വർധിച്ചിട്ടില്ല എന്ന് പറയാവുന്നതാണ്. 1992-93-ൽ 9634 പേർ ഉണ്ടായിരുന്നത് 95-96-ൽ 10659 ആയി മാത്രമേ ഉയർന്നിട്ടുള്ളൂ. 1992-93 മുതൽ 95-96 വരെ മറ്റ് എല്ലാ വിധ രോഗങ്ങളും കൂടി പിടിപെട്ടവർ 11999 ആണെന്ന് കണക്കുകൾ കാണിക്കുന്നു.

ആയൂർവേദം, അലോപ്പതി എന്നീ ചികിത്സാ സംവിധാനം പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഒരു സർക്കാർ ആയൂർവേദ ഡിസ്പെൻസറിയും രണ്ട് മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങളും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ അലോപ്പതി ആശുപത്രിയും പഞ്ചായത്തിൽ ഉണ്ട്. ഹോമിയോ ഡിസ്പെൻസറിയും ആശുപത്രിയും പഞ്ചായത്തിൽ ഇല്ല. എങ്കിലും ഏതാനും സ്വകാര്യ ഹോമിയോ മെഡിക്കൽ പ്രാക്ടീഷണർ മാരുടെ സേവനം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ആതുര സേവനരംഗത്തുള്ള മേൽപറഞ്ഞ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നില്ലെന്ന പോരായ്മ ഇപ്പോഴും നിലനിൽക്കുന്നു എന്ന് കാണുവാൻ കഴിയും.

ആരോഗ്യ ചികിത്സാ രംഗത്ത് ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളും പഞ്ചായത്തിൽ ഇതിന് മുമ്പ് നടന്നിട്ടുണ്ടെന്നുള്ളത് വളരെ ശ്രദ്ധേയമാണ്. സമഗ്ര കാൻസർ കേർ സൊസൈറ്റിയുടെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരം റീജിയൺ കാൻസർ സെന്ററിന്റെ സഹായത്തോടെ പഞ്ചായത്തിലെ 400-ൽ അധികം സന്നദ്ധ പ്രവർത്തകരെ അണിനിരത്തി നടത്തിയ വീടുവീടാന്തരം കയറിയുള്ള കാൻസർ രോഗ സർവേ പ്രവർത്തനവും തുടർന്ന് നടത്തിയ കാൻസർ രോഗ സർവേപ്രവർത്തനവും തുടർന്ന് നടത്തിയ കാൻസർ നിർണയ മെഡിക്കൽ ക്യാമ്പും പ്രത്യേകം എടുത്ത് പറയേണ്ടത് തന്നെയാണ്. കൂടാതെ ഡി.വൈ.എഫ്.ഐ. പോലുള്ള യുവജന സംഘടനകളുടെ രക്തദാനസേനയും, ശ്രീസത്യസായി സേവാ സമിതിയും അടിയന്തര ഘട്ടങ്ങളിൽ രക്തദാന പ്രവർത്തനവും ചെയ്തു വരുന്നതും വളരെ ശ്രദ്ധേയമാണ്.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ

1.പഞ്ചായത്തിൽ നിലവിൽ കിടത്തി ചികിത്സാ സംവിധാനം ലഭ്യമല്ല. തൊട്ടടുത്ത പഞ്ചായത്തിലെ ഇരിവേരി പി.എച്ച്.സി. യെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഇത് പഞ്ചായത്തിലെ ജനങ്ങൾക്ക് എത്തിച്ചേരുവാൻ വളരെ ബുദ്ധിമുട്ടുള്ളതാണ്.

2. ആശുപത്രിയിൽ നിന്നും ആവശ്യത്തിന് മരുന്നുകളും മറ്റും ലഭിക്കുന്നില്ല.

3.അനിയന്ത്രിത തോതിൽ കൊതുകുശല്യം വർധിച്ചു വരുന്നതിനാൽ പ്രാണിജന്യരോഗങ്ങൾ പെരുകുന്നു.

4.പേപ്പട്ടി ശല്യവും മറ്റും വർധിക്കുന്നു.

5.പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങളും ഫാമിലി വെൽഫെർ സെന്ററുകളുടേയും അഭാവം.

6. പഞ്ചായത്തിൽ ഹോമിയോ ആശുപത്രിയുടെ അഭാവം. പഞ്ചായത്തിൽ പ്രകൃതി ചികിത്സാ കേന്ദ്രത്തിന്റെ അഭാവം

നിർദ്ദേശങ്ങൾ

1. അഞ്ചരക്കണ്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിനു വേണ്ടി കണ്ണാടി വെളിച്ചത്ത് നിർമിക്കുന്ന കെട്ടിടത്തിന്റെ പണി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും അവിടെ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിൽ നിലവിലുള്ള ഗവ.ആയൂർവേദ ഡിസ്പെൻസറിയോടനുബന്ധിച്ച് കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ഡോക്ടറുടെ മുഴുവൻ സമയ സേവനവും ആവശ്യമായ മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്യുക. കൂടാതെ പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

3.മുഴപ്പാല, പാളയം, പലേരി ആംഗൻവാടിക്ക് സമീപം ഉച്ചൂളിക്കുന്ന്മൊട്ട എന്നിവിടങ്ങളിൽ മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ ഫാമിലി വെൽഫെയർ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും മാസത്തിൽ ഒരു തവണയെങ്കിലും പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

4.ആലക്കൽ, കുഴിമ്പാലോട് എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് പുതുതായി ഒരു ആയൂർവേദ ആശുപത്രി സ്ഥാപിക്കുക.

5. ബംഗ്ലാവ് മെട്ട, നാലാംപീടിക, പാളയം ,പാറപ്പുറം എന്നിവിടങ്ങളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.

6. അഞ്ചരക്കണ്ടി പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കുക.

7.കൊതുക് എലി എന്നിവയുടെ നിയന്ത്രണത്തിനും നശീകരണത്തിനും പഞ്ചായത്ത് സമയബന്ധിതമായ അടിയന്തര നടപടികൾ സ്വീകരിക്കുക.

8.പോഷകാഹാര വിതരണം കൂടുതൽ കേന്ദ്രങ്ങളിൽ വ്യാപമാക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ലഭ്യമാക്കുകയും ചെയ്യുക.

9.എയിഡ്സ്, വ്യാജമദ്യം എന്നിവയ്ക്കെതിരെയും ആരോഗ്യ സംരക്ഷണത്തിനും ശക്തമായ പ്രചാരണവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

10.രക്തദാനവും നേത്രദാനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11.പാളയത്ത് സർക്കാരിന് കൈമാറിയ 51/2സെന്റ് സ്ഥലത്ത് മാതൃ-ശിശു സംരക്ഷണ കേന്ദ്രം ഉടൻ സ്ഥാപിക്കുക

കുടിവെള്ളം

കുടിവെള്ള പ്രശ്നം നമ്മുടെ പഞ്ചായത്തിനേയും സാരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും വളരെ ഉയർന്ന നിരപ്പുള്ളതാണ്. തന്മൂലം വേനൽകാലങ്ങളിൽ പഞ്ചായത്തിൽ പരക്കേതന്നെ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ ജനങ്ങൾ ഏറ്റവും അധികം ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിൽ ആകെ 15 പൊത കിണിറുകളും 6 പൊതു കുഴൽകിണറുകളും ഉണ്ട്. പനത്തായം പറമ്പ് കണ്ണാടി വെളിച്ചം എന്നിവിടങ്ങളിൽ ശ്രീ.ഇ.എൻ. കുണ്ടൻ എന്ന ആൾ സ്വന്തം ചിലവിൽ കുഴിച്ച് നാട്ടുകാർക്ക് നൽകിയ 2 കിണറുകളും നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ 2 കിണറുകളും നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശങ്ങളായ പലേരിമെട്ട, കുന്നുമ്മേൽ, എക്കാൽ മെട്ട, കണ്ണാടി വെളിച്ചം കൊട്ടൻമുക്ക്, ബംഗ്ലാവ് മെട്ട, പാറപ്പുറം, കൈതപ്രത്ത് മഠപ്പുര പ്രദേശത്തിന് മുകളിൽ കടലാകുന്നപറമ്പ്, മുടക്കണ്ടി, പനയത്താം പറമ്പ്, ചാപ്പ, ഉച്ചൂളിക്കുന്ന്, മട്ടക്കുന്നത്ത് ദേവിക്ഷേത്ര പരിസരം, 8-ാം വാർഡ് ആംഗൻവാടിക്ക് സമീപം, പറോത്തുംകുണ്ട്, അബനാട് വളവ്, കുഴിമ്പിലോട്, മുക്കോലയ്ക്ക് സമീപം, അപ്പക്കടവ് എന്നീ പ്രദേശങ്ങൾ പഞ്ചായത്തിലെ ജല ദൗർലഭ്യമേഖലകളാണ്. 1,2,3,8 എന്നീ വാർഡുകളിൽ ഒരോ പൊതുകുഴൽ കിണറുകളും 5-ാം വാർഡിൽ രണ്ട് പൊതുകുഴൽ കിണറുകളുമുണ്ട്.

എന്നാൽ ഇവയിൽ ഓട്ടുമിക്കതും പ്രവർത്തന ക്ഷമമല്ലാത്തതോ, കുടിക്കാൻ ഉപയുക്തമല്ലാത്തതോ ആണ് എന്നതാണ് വാസ്തവം. എന്നാൽ 5-ാം വാർഡിൽ പനയത്താം പറമ്പ് എന്ന സ്ഥലത്ത് നിലവിലുള്ള കുഴൽ കിണറിൽ നിന്നും 10 എച്ച്.പി. മോട്ടോറിന്റെ സഹായത്താൽ വെള്ളം ഓവർഹെഡ് ടാങ്കിലേക്കടിച്ച് 10ഓളം പൊതുടാപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തി വരുന്നുമുണ്ട്. പൊതു കിണറുകൽ 1,6,7 വാർഡുകളിൽ 2 വീതവും, 2,4,5,8 വാർഡുകളിൽ 1 എണ്ണം വീതവുമാണ് ഉള്ളത്. കൊമ്പിലകത്തെ കുളം, കിഴക്കയിൽ കുളം, നരിക്കോട്, തമ്പുരാട്ടിക്കുളം, പറമ്പുകേരിക്കുളം, പലേരിക്കുളം, ബാവുക്കത്തോട്ചിറ എന്നിവയാണ് പഞ്ചായത്തിലെ മറ്റ് ജലസ്രോതസുകൾ.

പ്രശ്നങ്ങൾ

1.പൈപ്പ് ലൈൻ വഴിയുള്ള ശുദ്ധജലവിതരണ സംവിധാനത്തിന്റെ അഭാവം.

2. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും ഭൂമി ശാസ്ത്രപരമായി ഉയർന്ന പ്രദേശങ്ങളാകയാൽ കിണർ കുഴിക്കുന്നതും കെട്ടി സംരക്ഷിക്കുന്നതും ശ്രമകരവും സാമ്പത്തിക നഷ്ടം ഉളവാക്കുന്നവയുമാണ്.

3.നിലവിലുള്ള കുഴൽ കിണർ പലതും പ്രവർത്തന ക്ഷമമല്ല. അവയിൽ മിക്കതിലെയും ജലം കുടിക്കുവാൻ ഉപയുകതവുമല്ല,

4.ആവശ്യമായ നിരവധി സ്ഥലങ്ങളിൽനിലവിൽ പൊതു കിണർ ഇല്ല. ഉള്ള സ്ഥലങ്ങളിൽ വേനൽകാലങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു.

5. അപ്പക്കടവ്, പനയത്താംപറമ്പ് എന്നിവിടങ്ങളിലെ പൊതുകുഴൽ കിണറുകളിലെ വെള്ളം വാഹനം കഴുകുന്നതിനും മറ്റുമായി ദുരുപയോഗം ചെയ്യുന്നു.

6. കുടിവെള്ള ആവശ്യാർഥം കിണർ കുഴിക്കുന്നതിന് ബാങ്ക് വായ്പയോ സബ്സീഡിയോ ഒന്നും തന്നെ നിലവിൽ ലഭ്യമാകുന്നില്ല.

7.ജലസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ബോധവൽക്കരണത്തിന്റെ അഭാവം.

നിർദ്ദേശം

1.പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വിശിഷ്യാ ജല ദൗർലഭ്യ പ്രദേശങ്ങളായി മുൻഖണ്ഡികകളിൽ പറഞ്ഞ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുമാറ് പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹിരിക്കുമാറ് സമഗ്രമായ ഒരു ശുദ്ധ ജല വിതരണ പരിപാടി ആസൂത്രണം ചെയ്ത് അടിയന്തരമായ നടപ്പിലാക്കുക.

2.പഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത കുഴൽ കിണറുകൾ അടിയന്തിരമായും റിപ്പേയർ ചെയ്യുക.

3.എക്കാൽ മെട്ടയിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുക.

4. പഞ്ചായത്ത് ഓഫീസ് കോംമ്പൗണ്ട്, മുഴുപ്പാലസ്കൂളിന് സമീപം , തറമ്മൽ, പലേരി, ആംഗൻവാടിക്ക് സമീപം, കൈതപ്രത്ത് മഠപ്പുരക്ക് മുകളിലുള്ള പ്രദേശം, മട്ടക്കുന്നത്ത് ദേവീക്ഷേത്രപരിസരം, എക്കാൽ മെട്ട, പാനോളിമെട്ട, ചിന്നൻ, മെട്ട, കുയ്യാൽ പറമ്പ്, 8-ാം വാർഡ് ആംഗൻവാടിക്ക് സമീപം, പാറോത്തുംകുണ്ട്, കുഴിമ്പാലോട്മെട്ട, മുക്കോല, അമ്പലനാട് വളവ്, അനേനിമെട്ട ആംഗൻവാടിക്ക് സമീപം അപ്പകടവിന് സമീപം 10-ാം വാർഡിലെ പിലാക്കണ്ടികുന്നുമ്പ്രം, പുതുകുടുത്താൽ, കാപ്പാടൻ കുന്ന്, എന്നിവിടങ്ങളിൽ പൊതുകിണർ സ്ഥാപിക്കണം.

5.പാളയം മാപ്പിള എൽ.പി.സ്കൂളിന് സമീപം ചായില്യോട്ട്മൂല, പുറക്കണ്ടി കുന്നുമ്പ്രം, കുഴിമ്പാലോട് ലക്ഷം വീട്കോളനി, കണ്ണാടി വെളിച്ചം, കണ്ണാടി വെളിച്ചം ലക്ഷം വീട് കോളനി, കുഴിമ്പാലോട് വായനശാലയ്ക്ക് സമീപം, ചോരായംകുണ്ട്, എന്നിവിടങ്ങളിലെ നിലവിലുള്ള പൊതു കിണർ റിപ്പേയർ ചെയ്യുകയും ആഴംകൂട്ടുകയും ചെയ്യുക.

6.പാളയം ആംഗൻവാടിക്ക് സമീപമുള്ള കിണർ കല്ല് കെട്ടിയും ആൾമറകെട്ടിയും സംരക്ഷിക്കണം.

7.പുറത്തേക്കാട് കൊല്ലാൺ പീടികയ്ക്ക് സമീപവും ഓടത്തിൽ പീടിക ന്യൂ ഇന്ത്യാ കമ്പനിക്ക് സമീപവും ഉള്ള കിണർ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കണം.

8. കുടിവെള്ള ആവശ്യാർത്ഥം കിണർ കുഴിക്കുന്നതിന് വ്യക്തികൾക്ക് ബാങ്ക് വായ്പ, സർക്കാർ സഹായധനം എന്നിവ ലഭ്യമാക്കുക.

9. ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും വ്യാപകായ ബോധവൽക്കരണ-പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

10. പൊതുകിണറുകളിലെ വെള്ളം വാഹനം കഴുകൽ തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവുന്നത് കർശനമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പരിസര ശുചിത്വം

നമ്മുടെ പഞ്ചായത്ത് വ്യവസായവൽക്കരണ പ്രദേശമല്ലാതിനാൽ പരിസര മലിനീകരണ പ്രശ്നം പഞ്ചായത്തിൽ രൂക്ഷമല്ല എന്ന് പറയാം. എന്നിരുന്നാലും പഞ്ചായത്തിലെ പ്രധാന കവലകളിൽ ചപ്പ് ചവറുകൾ, മറ്റ് മാലിന്യങ്ങൾ, ഹോട്ടലുകളെ അവശിഷ്ടങ്ങൾ എന്നിവ അടിഞ്ഞ് കൂടുതന്നതും വെള്ളം കെട്ടിനിൽക്കുന്നതും മൂലമുള്ള പരിസരമലിനീകരണം ഒരു പ്രശ്നമായിതന്നെ നിലവിൽ ഉണ്ടെന്ന് പറയാതെ വയ്യ. കൂടാതെ മിക്ക വീടുകളിലും സാനിറ്ററി കക്കൂസ് ഇല്ലാത്തതും ഒരു പ്രശ്നമായിത്തന്നെഉണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ആകെയുള്ള 4064 വീടുകളിൽ 1500-ൽ അധികം വീടുകൾക്കും സാനിട്ടറി കക്കൂസ് ഇല്ല.

2. മത്സ്യമാർക്കറ്റ്, ഇറച്ചി മാർക്കറ്റ് എന്നിവയുടെ അഭാവം.

3. പഞ്ചായത്തിലെ പ്രധാന കവലകളായ ചക്കരക്കൽ, മുഴപ്പാല, കാവിന്മൂല എന്നിവിടങ്ങളിൽ പൊതുകക്കൂസ്, മൂത്രപ്പുര ഇവയുടെ അഭാവം.

4. ചക്കരക്കൽ, കാവിന്മൂല, മുഴപ്പാല എന്നിവിടങ്ങളിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സൗകര്യത്തിന്റെ അഭാവം.

5. കൊതുകുകളുടെ ക്രമാതീതമായ വർദ്ധനവ്.

6. പഞ്ചായത്തിലെ സൗകര്യങ്ങളുടെ പോരായ്മയും പൊതുശ്മശാനത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വീടുകളിലും സാനിട്ടറി കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

2. കാവിന്മൂല, ചക്കരക്കൽ, മുഴപ്പാല എന്നിവിടങ്ങളിൽ മത്സ്യ-ഇറച്ചി മാർക്കറ്റ് സ്ഥാപിക്കുക.

3. കാവിമല, ചക്കരക്കൽ, മുലപ്പാല എന്നിവിടങ്ങളിൽ പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ നിർമിക്കുകയും ശാസ്ത്രീയായ രീതിയിൽ സംരക്ഷിക്കുകയും ചെയ്യുക.

4. കാവിന്മൂല, ചക്കരക്കൽ, മുഴപ്പാല എന്നിവിടങ്ങളിൽ മാലിന്യം സംഭരിക്കുന്നതിനും അവ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുക.

5. പനയത്താംപറമ്പ്4 സെന്റ് കോളനിയിൽ പൊതുകക്കൂസ് നിർമിക്കുക, ലക്ഷംവീട് കോളനികളിലെ നിലവിലുള്ള കക്കൂസുകൾ ഉപയോഗയോഗ്യമാക്കുക.

6. സ്കൂളുകളിൽ കക്കൂസ്, മൂത്രപ്പുര എന്നിവ ഏർപ്പെടുത്തുക.

7. വീട്ടുളപ്പിൽ ശവസംസ്ക്കാരം നടത്തുന്നത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നിയമം കൊണ്ടുവരികയും നിലവിലുള്ള പഞ്ചായത്ത് പൊതുശ്മശാനത്തിൽകിണർ, വിറക് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും അവിടെ ഒരു മുഴുവൻ സമയജീവനക്കാരനെ ഏർപ്പെടുത്തുകയും ചെയ്യുക. കൂടാതെ പാളയത്ത് നിലവിലുള്ള ശ്മശാനം പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കുക.

8. കൊതുക, എലി എന്നിവയുടെ നശീകരത്തിനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുക.


9. കിണറുകളിൽ ഇടയ്ക്കിടെ ക്ലോറിനേഷൻ മുതലായവ നടത്തി പകർച്ചവ്യാധികൾ തടയുവാനുള്ള സംവിധാനമേർപ്പെടുത്തുക.

10. വീടുകളിലെ പരിസര ശുചിത്വം ഉറപ്പാക്കുന്നതിനായി വീടുകളിൽ "കമ്പോസ്റ്റ് പിറ്റുകൾ" നിർമിക്കുന്നത് പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

11. പരിസരശുചിത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി കൂടുതൽ പ്രചരണ- ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

12. കാവിന്മൂലയിലെ മത്സ്യമാർക്കറ്റിൽനിന്നും ഹോട്ടലുകളിൽ നിന്നുമുള്ള മലിനജലം തടയുന്നിനാവശ്യായ നടപടികൾ സ്വീകരിക്കുക.

13. മാംസം അറവിന്റെ അവശിഷ്ടങ്ങൾ പുഴയിൽ നിക്ഷേപിക്കുന്നത് തടുവാനുള്ള നടപടികൾ സ്വീകരിക്കുക.


വ്യവസായം

വ്യവസായം

വ്യവസായികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് അഞ്ചരക്കണ്ടി പഞ്ചായത്ത്. പരമ്പരാഗതവ്യവസായമായ കൈത്തറിക്ക് പേരുകേട്ട പഴയ ചിറക്കൽ താലൂക്കിലെ ഒരു ഭാഗമായ അഞ്ചരക്കണ്ടിയിലും പ്രസ്തുത വ്യവസായം ഒരുകാലത്തു പടർന്നുപന്തലിച്ചിരുന്നു. യന്ത്രവൽക്കരണത്തിന്റെയും മറ്റും ഫലമായി ഉൽപാദിപ്പിക്കപ്പെട്ട പുതിയ ഇനം തുണിത്തരങ്ങൾക്ക് കിട്ടിയ പ്രചാരം കൈത്തറി തുണികൾക്ക് ഉപയോഗിക്കുന്ന ചായങ്ങളിൽ മായം ചേർത്തതിന്റെ ഫലമായും മറ്റുമുണ്ടായ ഗുണമേന്മക്കുറവ് എന്നിവയുടെ ഫലമായി 1970കളുടെ അവസാനമാകുമ്പോഴേക്കും ഈ മേഖലയിൽ പ്രതിസന്ധിരൂക്ഷമാകുകയായിരുന്നു. ഇടക്കാലത്ത് ക്രെയിപ്പ് തുണികൾക്കുണ്ടായ വമ്പിച്ച പ്രചാരത്തിന്റെ ഫലമായി ഈ വ്യവസായമേഖല വീണ്ടും മൊത്തം തളിർത്തെങ്കിലും അതും ക്ഷണികമായിരുന്നു. കൈത്തറി വ്യവസായം നേരിട്ട പ്രതിസന്ധിയിൽനിന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ഈ കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ നടക്കുകയുണ്ടായി. ഓടത്തിൽ പീടികയിൽ സ്വകാര്യ ഉടമസ്ഥതയിലായിരുന്ന അടഞ്ഞുകിടന്ന ന്യൂ ഇന്ത്യ വീവിംഗ് വർക്ക്സ് തൊഴിലാളികൾ ഏറ്റെടുത്ത് ന്യൂ ഇന്ത്യ വീവേഴ്സ് ഇന്റസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സഹകരണ സംഘത്തിന് രൂപംകൊടുത്തത്. ഈ സാഹചര്യത്തിലാണ് 60-ഓളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ആ സ്ഥാപനവും കാര്യക്ഷമമായ മാനേജ്മെന്റിന്റെ അഭാവത്തിൽ തകരുകയും പിന്നീട് ലിക്വിഡേറ്റ് ചെയ്യപ്പെടുകയുമാണുണ്ടായത്.

കൈത്തറിയെപോലെ തന്നെ അവിൽ ഇടി, എണ്ണയാട്ട് തുടങ്ങിയ കുടിൽ വ്യവസായങ്ങളും പഞ്ചായത്തിലുണ്ടായിരുന്നു. കള്ള് ചെത്ത്, ചക്കര ചെത്ത് തുടങ്ങിയവയും അങ്ങിങ്ങായി നിലനിന്നിരുന്നു. പഞ്ചായത്തിലെ 7-ാം വാർഡിൽ വ്യാപകമായും 4,8 വാർഡുകളിൽ അങ്ങിങ്ങായും ഒരുകാലത്ത് അവിലിടി വ്യവസായം നിലനിന്നിരുന്നു. അവിൽ മില്ലുകളുടെ ആവിർഭാവം, നെൽക്കൃഷിക്കുണ്ടായ മുരടിപ്പിന്റെ ഫലമായി ഗ്രാമീണകമ്പോളങ്ങളിൽ നല്ലയിനം നെല്ലിന്റെ ദൗർലഭ്യം, വിലയിലുണ്ടായ വർദ്ധനവ് തുടങ്ങിയ നിരവധി കാരണങ്ങളാൽ പ്രസ്തുത വ്യവസായം അനാകർഷകമായി തീരുകയും ക്രമേണ നാമാവശേഷമാകുകയുമായിരുന്നു.

നേരത്തേ ഉള്ളതും ഇപ്പോൾ നിലനിന്നുപോരുന്നതുമായ മറ്റൊരു പരമ്പരാഗതമായ വ്യവസായമാണ് ബീഡി. തൊഴിൽതർക്കത്തെ തുടർന്ന് മംഗലാപുരത്തുണ്ടായ ഗണേശ്, പി.വി.എസ്. ബീഡി മുതലാളിമാർ കണ്ണൂർ ജില്ലയിലെ ബീഡികമ്പനികൾ അടച്ചിട്ടു സ്ഥലം വിട്ടപ്പോൾ തെരുവാധാരാമായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഉദയംകൊണ്ട കേരള ദിനേശ് ബീഡി എന്ന സഹകരണ സ്ഥാപനത്തിന്റെ കീഴിൽ ഇന്നും നിരവധി തൊഴിലാളികൾ ജോലിചെയ്തു വരികയാണ്. എന്നാൽ ഈ വ്യവസായവും ഇന്നു പ്രതിസന്ധിയെ നേരിടുകയാണ്. നിലവിലുള്ള തൊഴിലാളികളിൽ പലരും സാമാന്യം ഭേദപ്പെട്ട വേതനം ലഭിക്കുന്ന മറ്റു തൊഴിൽ മേഖലകൾ തേടി നമ്മുടെ പഞ്ചായത്തിൽ ഈ വ്യവസായ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന സ്ഥലത്ത് ഇന്നുള്ളതു വെറും 815 പേർ മാത്രമാണ്. ബീഡി വ്യവസായരംഗത്ത് നല്ലൊരു ശതമാനം ആളുകൾ ജോലി ചെയ്തിരുന്നത് കണ്ണൂർ ആസ്ഥാനമായിപ്രവർത്തിക്കുന്ന സാധുബീഡിയുടെ പഞ്ചായത്തിലുള്ള ബ്രാഞ്ചുകളിലായിരുന്നു. എന്നാലിന്ന് പൊതുവേ ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയുടെ ഭാഗമായും വ്യവസായികൾ ആദായകരമായ മറ്റു മേഖലകളിലേക്ക് മൂലധനം വഴിതിരിച്ചതിന്റെയും ഫലമായി ഈ മേഖലയും തകർച്ചയെ നേരിടുകയാണ്. കേവലം 290 തൊഴിലാളികൾ (പുരുഷന്മർ മാത്രം) മാത്രമാണിപ്പോൾ സാധുബീഡിയുടെ 20 ബ്രാഞ്ചുകളിലായി പഞ്ചായത്തിൽ ജോലി ചെയ്യുന്നത്.

മേൽപ്പറഞ്ഞ ഈ സാഹചര്യത്തിലും ശ്രദ്ധേയമായ ഒരു കാര്യം കോഴിക്കോട്, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങൾ ആസ്ഥാനമായുള്ള ടെലഫോൺ, ഫയർമാൻ തുടങ്ങിയ ബ്രാന്റുകളിൽ അറിയപ്പെ

ടുന്ന നാടൻബീഡി വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ തൊഴിൽ മേഖലയിൽ ചെലുത്തുന്ന സ്വധീനമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 9 കേന്ദ്രങ്ങളിൽനിന്നും നൽകപ്പെടുന്ന അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് 1050 തൊഴിലാളികൾ ഈ അസംഘടിത മേഖലയിൽ വീടുകളിലിരുന്ന് ജോലി ചെയ്യുന്നു. ഓട്ട് വർക്കർ സമ്പ്രദായമാണിവിടെ നിലനിൽക്കുന്നത്. കേരളാ ദിനേശ്, സാധു ബീഡി തുടങ്ങിയ സ്ഥാപനങ്ങൾ കൊടുക്കുന്ന ആനുകൂല്യങ്ങളൊന്നുംതന്നെ നാടൻ ബീഡി തെറുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. മൊത്തം തൊഴിലാളികളിൽ 86%ത്തോളം സ്ത്രീകളാണ്. സ്വന്തം വീടുകളിലിരുന്ന് ജോലിചെയ്യുന്നതുകൊണ്ടും മറ്റു മെച്ചപ്പെട്ട വേതനംലഭിക്കുന്ന തൊഴിലവസരങ്ങളില്ലാത്തതിനാലുമാണ് ഈ രംഗത്ത് സ്ത്രീകൾ ആകർഷിക്കപ്പെടുന്നത്.

ആധുനികവ്യവസായങ്ങൾ എന്ന നിലയ്ക്ക് വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ നിലവിലില്ല. അഞ്ചരക്കണ്ടി പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-1

സ്വകാര്യമേഖല

ക്രമനമ്പർ	ഇനം	ആകെയൂണിറ്റ്	പുരു	സ്ത്രീ	മൊത്തം	മറ്റു വിവരങ്ങൾ
1	സ്റ്റീൽ ഫർണിച്ചർ	1	6	–	6	
2.	ഓയിൽ മില്ലുകൾ	2	3	1	4	
3	അവിൽ മില്ലുകൾ	2	5	4	9	
4	പവർലൂം	4	16	2	18	
5	റൈസ് & ഫ്ളോർ മില്ലുകൾ	6	6	–	6	സ്വയംതൊഴിൽ
6	ഗ്രിൽസ്, ഗേറ്റ്, മെറ്റൽ എൻജിനീയറിംഗ്	3	12	–	12	
7	ചെത്ത്	5	38	–	38	
8	അച്ചടി	2	3	4	7	
9	ഈർച്ചമില്ല്	1	2	1	3	
10	കറപ്പത്തോട്ടം	1	12	39	51	
11	വുഡൻ ഫർണിച്ചർ	33	9	–	9	
12	അലൂമിനിയം ഫാബ്രിക്കേഷൻ	1	10	–	10	
13	കല്ലുകൊത്ത്	15	150	50	200	
14	പപ്പടം	1	1	2	3	സ്വയംതൊഴിൽ
15	ബീഡി	29	440	900	1340	
16	ബേക്കറി	3	6	–	6	
17	കൈത്തറി	3	88	31	119	
18	കരിങ്കൽ ജില്ലി	15	10	138	148	
19	സോഡ	1	1	–	1	സ്വയംതൊഴിൽ
ആകെ		**98**	**818**	**1172**	**1990**	

പട്ടിക IA

വ്യവസായ സഹകരണ സ്ഥാപനങ്ങൾ

ക്രമനമ്പർ	ഇനം	ആകെ	പുരു	സ്ത്രീ	മൊത്തം	മറ്റുവിവരം
1	ബീഡി	10	414	401	815	
2	കൈത്തറി	1	34	69	103	
3	ക്ഷീരം	1	27	7	34	
4	ആകെ	12	475	477	952	

പട്ടിക IB

ചാരിറ്റബിൾ സൊസൈറ്റി

ക്രമനമ്പർ	ഇനം	ആകെ	പുരു	സ്ത്രീ	മൊത്തം	മറ്റു വിവരങ്ങൾ
1	ക്ഷീരം	1	6	–	6	–

മറ്റു സമീപപഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യാവസായികമായി പിന്നണിയിൽ നിൽക്കുന്ന ഒരു പഞ്ചായത്ത് നമ്മുടേതെങ്കിലും 2948 പേർ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട വ്യത്യസ്തങ്ങളായ ചെറുകിട യൂണിറ്റുകളിൽ പണിയെടുക്കുന്നു. പഞ്ചായത്തിലെ 6200 പേർ വരുന്ന മൊത്തം തൊഴിൽസേനയുടെ 47 ശതമാനത്തിലേറെ വരുമിത്. ഇതിൽതന്നെ 2615 പേർ പരമ്പരാഗതവ്യവസായരംഗത്താണു പണിയെടുക്കുന്നത്. ബാക്കിവരുന്ന് 393 പേർ മാത്രമാണ് ചെറുകിട-ഇടത്തര വ്യവസായമേഖകളിൽ ജോലി ചെയ്യുന്നത്.

(പട്ടിക 2, 3 കാണുക)

പട്ടിക–2

പരമ്പരാഗത വ്യവസായങ്ങൾ

ക്രമനമ്പർ	ഇനം	പുരു	സ്ത്രീ	മൊത്തം	മറ്റു വിവരങ്ങൾ
1	കൈത്തറി	120	100	222	
2	ബീഡി	854	1301	2155	
3	ചെത്ത്	38	–	38	
4	കല്ലുകൊത്ത്	150	50	200	
ആകെ		1164	1415	2615	

പരമ്പരാഗതവ്യവസായരംഗത്ത് താരതമ്യേന കുറഞ്ഞ കൂലിനിരക്കാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പുതുതായി തൊഴിലാളികളെ ആകർഷിക്കാൻ കഴിയുന്നില്ല. ചെത്ത്, കല്ലുകൊത്ത് തുടങ്ങിയ കുറേക്കൂടി മെച്ചപ്പെട്ട വേതനനിരക്ക് നിലവിലുള്ള മേഖലകളിലാകട്ടെ അതത് മേഖലകളുടെ സഹജമായ പരിമിതികൾ വച്ചുകൊണ്ടുതന്നെ സ്ഥായിയായ അഭിവൃദ്ധി പ്രതീക്ഷിക്കാനും വയ്യ. ശേഷിക്കുന്ന മറ്റു ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളിലാകട്ടെ പരിമിതമായ തൊഴിലവസരങ്ങളും തുച്ഛമായ കൂലിനിരക്കുമാണു നിലവിലുള്ളത്. (പട്ടിക 4 കാണുക)

പട്ടിക III

പ്രാരംഭ്യേതര

ചെറുകിട - ഇടത്തര വ്യവസായ യൂണിറ്റുകൾ.

ക്രമനമ്പർ	ഇനം	ആകെ യൂണിറ്റ്	തൊഴിലാളികളുടെ എണ്ണം. പു.	സ്ത്രീ	മൊത്തം തൊഴിൽ വിവരങ്ങൾ
1.	സ്റ്റീൽ ഫർണിച്ചർ	1	6	-	6
2.	തടിയിൽ തീർക്കുന്നവ	2	3	1	4
3.	അലിയിൽ തീർക്കുന്നവ	2	5	4	9
4.	പവർലൂം	4	16	2	18
5.	വൈസ്, ഫ്ലോർ തീർക്കുന്നവ	6	6	-	6 സ്വയം തൊഴിൽ
6.	ഗ്രിൽസ്, ഷെറ്റ് മെറ്റൽ എഞ്ചിനിയറിംഗ്	3	12	-	12
7	അച്ചടി	2	3	4	7
8.	ഈച്ചറിയുന്നവ	1	2	1	3
9.	കൈത്തറി തോട്ടം	1	12	39	51
10.	പവർ ഫർണിച്ചർ	3	9	-	9
11	അലൂമിനിയം ഫാബ്രിക്കേഷൻ	1	10	-	10
12.	ചിത്രപ്പടം	1	1	2	3 സ്വയം തൊഴിൽ
13.	മോക്കറി	3	6	-	6
14.	കശുവണ്ടി ഫാക്ടറി	15	10	138	148
15.	സോഡ	1	1	-	1 സ്വയം തൊഴിൽ
16.	കുടിൽ	2	33	7	40
	ആകെ	48	135	198	333

വ്യവസായമേഖലയിലെ വനിതകളുടെ പങ്കാളിത്തം

നമ്മുടെ പഞ്ചായത്തിലെ മൊത്തം തൊഴിൽസേനയിൽ(6200) മുപ്പതു ശതമാനത്തിൽതാഴെയാണ് സ്ത്രീകളുടെ പങ്കാളിത്തം. എന്നാൽ വ്യവസായമേഖലയിൽ, വിശിഷ്യ പരമ്പരാഗതമായ വ്യവസായ മേഖലകളായ ബീഡി, കൈത്തറി തുടങ്ങിയ വ്യവസായങ്ങളിൽ സ്ത്രീകൾ കുറേക്കൂടി മുൻപന്തിയിലാണ്. ഇതിൽതന്നെ നാടൻ ബീഡി മേഖലയിലാണ് ബഹുഭൂരിപക്ഷം സ്ത്രീകളും പണിയെടുക്കുന്നത്. മറ്റ് അംഗീകൃതസ്ഥാപനങ്ങൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ ഒന്നുംതന്നെ കൊടുക്കാതെ കടുത്ത ചൂഷണത്തിനാണ് ഇവിടെ തൊഴിലാളികൾ വിധേയരാക്കപ്പെടുന്നത്. (പട്ടിക 4 കാണുക)

ഡി.ഡബ്ല്യു.സി.ആർ.എ പദ്ധതിപ്രകാരം പഞ്ചായത്തിൽ പലേരി, എക്കാൽ, മൂരിങ്ങേരി, നരിക്കോട് തുടങ്ങിയ പ്രദേശങ്ങളിലാരംഭിച്ച 4 യൂണിറ്റുകളിൽ രണ്ടെണ്ണം (എക്കാൽ, പലേരി) കാര്യക്ഷമമായ മാനേജ്മെന്റിന്റെയും വ്യവസായ സംരംഭങ്ങൾക്കുണ്ടാവേണ്ട സന്നദ്ധതയുടെയും അഭാവങ്ങൾ രോഗഗ്രസ്തമായി പ്രവർത്തനം നിലച്ചിരിക്കുകയാണ്.

പ്രശ്നങ്ങൾ:-

1. മുഖ്യ കാർഷിക ഉൽപ്പന്നമായ തേങ്ങ വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.

2. പഞ്ചായത്തിലെ മറ്റു കാർഷികോൽപ്പന്നങ്ങളായ കശുവണ്ടി, അടക്ക, കുരുമുളക് തുടങ്ങിയവ ഇവിടെവച്ചുതന്നെ സംസ്കരിക്കാനുള്ള സംവിധാനമില്ല.

3. പരമ്പരാഗത വ്യവസായ മേഖലകളിലും മറ്റു ചെറുകിട വ്യവസായരംഗങ്ങളിലും പുതുതായി കടന്നുവരുന്നവർക്ക് ആവശ്യമായ പരിശീലനമോ മാർഗനിർദേശങ്ങളോ ലഭിക്കാനുള്ള സാധ്യതയില്ല.

4. ആധുനികവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും അഭാവം.

5. വിദഗ്ധരായ തൊഴിലാളികളുടെ ദൗർലഭ്യം.

6. കൂട്ടായ്മയിലൂടെ സംരംഭങ്ങൾ ആരംഭിക്കാനുള്ള സംഘടിതശ്രമമില്ലായ്മ.

7. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ധനസഹായം, ലൈസൻസ് എന്നിവ ലഭിക്കാനുള്ള പ്രയാസങ്ങൾ.

8. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം, വോൾട്ടേജ് കുറവ്.

9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.

10. 300-ൽപരം ഹെക്ടർ വരുന്ന കശുമാവിൻതോട്ടത്തിൽനിന്നും ലഭിക്കുന്ന ഉൽപന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള അനുബന്ധവ്യവസായങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

11. ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിപ്രകാരം ആരംഭിച്ച യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും യൂണിറ്റുകളുടെ പ്രവർത്തനം യഥാസമയം മോണിറ്റർ ചെയ്യാനുമുള്ള സംവിധാനമില്ല.

സാധ്യതകൾ

1. നാളികേരം സുലഭമായി ലഭിക്കുന്ന ഒരു പ്രദേശമെന്ന നിലയ്ക്ക് നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായ കോംപ്ലക്സ് ആരഭിക്കാനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്.

2. മറ്റു കാർഷികോൽപ്പന്നങ്ങളായ കശുവണ്ടി, അടക്ക എന്നിവ ധാരാളം വിളയുന്ന പ്രദേശമെന്ന നിലയ്ക്ക് അവയുടെ സംസ്കരണത്തിനും വിപണനത്തിനു നല്ല സാധ്യതയുണ്ട്.

3. നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ടാകുന്നതും പാഴായിപ്പോകുന്ന ഭക്ഷ്യവസ്തുക്കളായ മരച്ചീനി, നേന്ത്രക്കായ, ചക്ക, മാങ്ങ, കശുമാങ്ങ മുതലായവ സംസ്കരിച്ച് വിപണനം നടത്താനുള്ള സാദ്ധ്യതകളെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്.

4. പുതുതായി വ്യവസായ സംരഭങ്ങളിലേർപ്പെടുന്നതിനാവശ്യമായ ബോധവൽക്കരണം നടത്താനും സംരംഭകർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാനും പര്യാപ്തമാകുന്നതരത്തിൽ പഞ്ചായത്തിന്റെ കീഴിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ സാമൂഹ്യവീക്ഷണവും സന്നദ്ധതയുമുള്ള വ്യവസായികൾ എന്നിവരെ ഉൾപ്പെടുത്തി 10 അംഗങ്ങളിൽ കവിയാത്ത ഒരു വ്യവസായ വികസന സമിതി രൂപീകരിക്കാവുന്നതാണ്.

5. ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് നല്ല സാധ്യതയുള്ള പഞ്ചായത്താണ് അഞ്ചരക്കണ്ടി. ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള പണിക്കാരെ കിട്ടാനില്ലെന്ന പൊതുപരാതിക്ക് പരിഹാരം കാണാനും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും തദ്വാരാ കൂടുതൽ തൊഴി

ലവസരം സൃഷ്ടിക്കാനും ഇതുപകരിക്കും.

6. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഉപയോഗം വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒരു പശ്ചാതലത്തിൽ യോഗ്യരായ തൊഴിൽരഹിതരെ ഉൾപ്പെടുത്തികൊണ്ടുള്ള റൂറൽ ടെക്നീഷ്യൻ സംഘടനകൾക്ക് നല്ല സാധ്യതയുണ്ട്.

7. അച്ചടിവ്യവസായത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ട്രൈസം തൊഴിൽ പരിശീലനപദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരായി പഞ്ചായത്തിന് 4 പേരുണ്ട്. ഇവരുടെ സേവനം ഈ രംഗത്ത് ഉപയോഗപ്പെടുത്തണം.

ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ:

1. പനയത്താംപറമ്പിൽ ഒരു കശുവണ്ടി സംസ്കരണ ഫാക്ടറി സ്ഥാപിക്കുക.

2. പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക. കുഴിയാമ്പാലോമെട്ടയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഒരേക്കർ സ്ഥലം ഇതിനായി ഏറ്റെടുക്കാവുന്നതാണ്.

3. നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ(കൊപ്ര സംസ്കരണം) തേങ്ങാ പൗഡർ നിർമ്മാണം, ചിരട്ടകൊണ്ടുള്ള ഉൽപ്പന്നങ്ങൾ തുടങ്ങിയവ പാളയം, കാവിൻമൂല, മുഴപ്പാല തുടങ്ങിയ സ്ഥലങ്ങളിൽ ആരംഭിക്കാവുന്നതാണ്.

4. സിമന്റ്കട്ടവ്യവസായം തുങ്ങുക

5. കൈത്തറി വ്യവസായം പുഷ്ടിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. കൂടുതൽ തൊഴിൽ സാധ്യതയുള്ള പവർലൂം വ്യവസായം സഹകരണമേഖലയിൽ ആരംഭിക്കാവുന്നതാണ്.

7. നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കറപ്പത്തോട്ടത്തിന്റെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താനും കറപ്പതൈലം തുടങ്ങിയ ഉൽപന്നങ്ങൾ ഉപയോഗിച്ച് അനുബന്ധവ്യവസായ യൂണിറ്റുകൾ ആരംഭിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. തയ്യൽ പരിശീലനത്തിന് സൗകര്യങ്ങളുണ്ടാക്കി റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാവുന്നതാണ്.

9. മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക.

10. പി.വി.സി. പൈപ്പ്, കുട, ചെരുപ്പ്, സോപ്പ്, ലെതർ ബാഗ്, കിടക്ക, പ്ലാസ്റ്റിക്ക് വയർകൊണ്ടുള്ള കസേര, ബാഗുകൾ, പ്ലാസ്റ്റിക് ഉപകരണങ്ങൾ എന്നിവ നിർമ്മിക്കാനാവശ്യമായ ചെറുകിട വ്യവസായയൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിലാരംഭിക്കണം.

11. എക്കാലിൻ പ്രവർത്തിച്ചുവന്നിരുന്നതും രോഗഗ്രസ്തവുമായ കൈരളി ഡി.വൈ.സി.ആർ.എ. യൂണിറ്റ് പുനരുജ്ജീവിപ്പിക്കാനാവശ്യമായാ നടപടികൾ സ്വീകരിക്കണം.

12. വ്യവസായ വകുപ്പിനു പുറമേ ഗ്രാമ പഞ്ചായത്തുകളും സംരഭകർക്ക് പ്രോത്സാഹനത്തിനും ഗ്രാന്റ് നൽകേണ്ടതാണ്.

മറ്റു പൊതുവായ നിർദ്ദേശങ്ങൾ

1. ദൃശ്യ ശ്രാവ്യമാദ്ധ്യമങ്ങളിലൂടെ വൻകിട പരസ്യത്തിന്റെ അകമ്പടിയോടുകൂടി പുറത്തുനിന്നുവരുന്ന ഉൽപ്പന്നങ്ങളോട് മത്സരിച്ച് അതിജീവിക്കുന്നതിന് ഗ്രാമീണ ഉൽപ്പന്നങ്ങളെ സഹായിക്കുന്നതിന് താഴെ പറയുന്ന മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്

a. ആസൂത്രിത സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്കു പുറമേ ഗുണമേന്മ ഉറപ്പുവരുത്താനാവശ്യമായ സംവിധാനം വേണം.

b.പഞ്ചായത്തിന്റെ പേരോടുകൂടി പൊതുവായ ബ്രാൻഡ് നെയിം നൽകി ആവശ്യമായ പരസ്യം നൽകുക.

c. ഉപഭോക്താക്കൾക്കു വ്യത്യസ്ത ഉൽപ്പന്നങ്ങൾ ആവശ്യാനുസരണം ഒരേ സ്ഥലത്തും സമയത്തും ലഭ്യമാക്കത്തക രീതിയിൽ എല്ലാ ഗ്രാമീണ ഉല്പന്നങ്ങളും പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ലഭ്യമാക്കി ഗ്രാമീണ വിപണന ശൃംഖലകളുണ്ടാക്കുക. പഞ്ചായത്തിനു വെളിയിലും ഇത്തരം വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക.

d. മാറിമാറിവരുന്ന അഭിരുചികൾക്കനുസരിച്ച് ചുരിദാർ, മിഡി, മാക്സി, ഹോസിയറി ഉൽപ്പന്നങ്ങൾ, കുഞ്ഞുടുപ്പുകൾ മറ്റു റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവ രൂപകൽപ്പനചെയ്ത് നിർമിക്കാൻ പ്രാപ്തരാക്കത്തക്ക നിലയ്ക്ക് ഈ രംഗത്ത് മൂലധനനിക്ഷേ

പത്തിനാഗ്രഹിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകണം. National Institute of Fashion Techonology എന്ന ഡൽഹിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കാനാവശ്യമായതു ചെയ്യണം.

E. SelfExploymentExchange കൾ രൂപീകരിക്കണം.

F. ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രിന്റിംഗ് പ്രസ് സഹകരണമേഖലയിൽ ആരംഭിക്കണം.


G. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കോഴി വളർത്തൽകേന്ദ്രം സ്ഥാപിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മുൻനിർത്തിയും അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത പരിഗണിച്ചും മുൻഗണനാക്രമം നിശ്ചയിച്ചും നടപ്പിലാക്കിയാൽ ചെറുകിട വ്യവസായരംഗത്ത് പുരോഗതി ഉണ്ടാക്കാനും അതുവഴി തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുവാനും സാധിക്കും. സർവ്വോപരി നമ്മുടെ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും ആളോഹരി വരുമാനം വർധിക്കുകയും ചെയ്യും.

⌘

പട്ടിക. IV

ക്രമനമ്പ്	ഇനം		ആശ്രയദിവസങ്ങൾ	
			പുരു	സ്ത്രീ
1	സ്റ്റീൽ ഫർണിച്ചർ		65.00	-
2	കായിൽ വിപ്പുകൾ		70.-	35.-
3	അവിൽ വിപ്പുകൾ		62.-	50.-
4	പവർലൂം		100.-	100.-
5	ഗ്രിൽസ്, ഗേറ്റ്, മെറ്റൽ എഞ്ചിനിയറിംഗ്		60.-	—
6	ചെത്ത്		120.-	—
7	അച്ചടി		40.-	40.—
8	ഇരുമ്പുവിപ്പ്		75.-	25.-
9	കരപ്പത്തോട്ടം		47.-	45.—
10	മുഡ്സ് ഫർണിച്ചർ		125.-	—
11	അലൂമിനിയം ഫാബ്രിക്കേഷൻ		50.-	—
12	തീപ്പെട്ടി കൊത്ത്		100.-	50.-
13	ബീഡി	a. ദിനേശ്, സാധു	47.-	47.-
		b. നാടൻ	34.-	34.-
14	ബേക്കറി		50.-	—
15	കൈത്തറി	a. സ്വകാര്യം	52.-	36.-
		b. സഹകരണം	65.-	60.-
16	ക്ഷീരം	a. സ്ഥിരം തൊഴിലാളികൾ	80.-	—
		b. താല്കാലിക	40.-	40.—



ഗതാഗതം ഊർജ്ജം മാർഗ്ഗരേഖ

ഗതാഗതം

1799 -ൽ ബ്രിട്ടീഷ് ഇസ്റ്റിന്ത്യാ കമ്പനി കച്ച വടത്തിനായി അഞ്ചരക്കണ്ടിയിൽ എത്തിയതോടെ ഗതാഗത്തിനായിഅവർ റോഡുനിർമാണവും ആരം ഭിച്ചു. കണ്ണൂരിൽനിന്നും കാപ്പാടുവഴി അഞ്ചരക്കണ്ടി യിലേക്കുള്ള റോഡിനു ഏകദേശം രണ്ടു നൂറ്റാണ്ടു പഴക്കമുണ്ട്. പ്രസിദ്ധമായ അഞ്ചരക്കണ്ടി കറുപ്പ ത്തോട്ടത്തിൽനിന്നും സുഗന്ധ ദ്രവ്യങ്ങൾ കണ്ണൂരി ലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പാത പണിതത്. അതുപോലെതന്നെ അഞ്ചരക്കണ്ടി– പന യത്താംപറമ്പ് റോഡും ചക്കരൽ–പനയത്താംപറമ്പ് റോഡും ബ്രീട്ടീഷുകാർ നിർമിച്ചതാണ്. മുൻകാല ങ്ങളിൽ യാത്രാ സൗകര്യത്തിന്റെ അപര്യാപ്തമൂലം കിലോമീറ്ററുകൾ കാൽനടയായാണ് ആളുകൾ ജോലിസ്ഥലങ്ങളിലേക്കും വിദ്യാലയങ്ങളിലേക്കും ആതുരശുശ്രൂഷാ കേന്ദ്രങ്ങളിലേക്കും പോയിരുന്നത്. ചരക്കു കടത്തിനു മുഖ്യമായും ഈ അടുത്തകാലം വരെ കാളവണ്ടികളെയാണ് ഉപയോഗിച്ചിരുന്നത്.


റോഡുവഴിയുള്ള ഗതാഗതം മാത്രമാണ് ഇന്ന് പഞ്ചായത്തിലുള്ളത്. P.W.D. ഏറ്റെടുത്ത റോഡിന്റെ ആകെ നീളം 19 കിലോമീറ്ററാണ്. 15.36 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ മറ്റു റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതല്ല. P.W.D. റോഡു കൾ വർധിച്ചുവരുന്ന വാഹനങ്ങളെ താങ്ങാൻ മാത്രം ശക്തിയുള്ളവയല്ല. ചുരുങ്ങിയ അളവിലുള്ള ഈ റോഡുകൾതന്നെ ഇടുങ്ങിയതും, ഓവുചാലുകൾ ഇല്ലാതിരിക്കുകയോ, യഥാസമയം ഉപയോഗ യോഗ്യ മാക്കുകയോ ചെയ്യാത്തതുകൊണ്ട് മഴക്കാലത്ത് പല സ്ഥലത്തും തകരാറുണ്ട്. യഥാസമയങ്ങളിൽ അറ്റ കുറ്റപ്പണികളും, വേണ്ടത്ര ഓവുചാലുകളുംകലു ങ്കുകളും നിർമിച്ചാൽ ഈ അവസ്ഥയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണാം. റോഡിനരികിലൂടെ പോകുന്ന ജലവിതരണ പൈപ്പ് ലൈൻ, ടെലഫോൺ കേബിൾ എന്നിവയ്ക്ക് ഇടയ്ക്കിടെ നടത്തുന്ന വെട്ടലും കുഴിക്കലും റോഡിന്റെ ആയുസിനെ ബാധി ക്കുന് ഘടകങ്ങളാണ്.

പഞ്ചായത്തു റോഡുകൾ മിക്കവയും നാട്ടുകാർ ശ്രമദാനമായി നിർമ്മിക്കുകയും പിന്നീട് പഞ്ചായ ത്തിനെ ഏൽപ്പിക്കുകയും ചെയ്തവയാണ്. താർ ചെയ്യാത്തതും, മെറ്റലിടാത്തതുകൊണ്ടും ഈ റോഡു കൾ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴി യാത്ത സ്ഥിതി ഇന്നും നിലനിൽക്കുന്നു.

നിലവിലുള്ള P.W.D. റോഡുകളുടെയും പഞ്ചായത്തു റോഡുകളുടെയും പട്ടിക താഴെ കൊടുക്കുന്നു.

നിലവിലുള്ള പി. ഡബ്ല്യു.ഡി. റോഡുകളുടെയും പഞ്ചായത്ത് റോഡുകളുടെയും പട്ടിക

ക്രമ നമ്പർ	റോഡിന്റെ തരം	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1	മൺറോഡ്	1	പാറപ്പുറം-പനയത്താംപറമ്പ്	1 കി.മി	6 മീ
2	"	1	മുഴപ്പാല-താറ്റ്യോട്	150 മി	6 മീ
3	"	1	മാമ്പ പള്ളി-തറച്ചാണ്ടി താഴെ	750 മി	4 "
4	"	9	കണ്ണാടിവെളിച്ചം-നുച്ചിക്കാട് ചിറ	800 മി	4 "
5	"	1	കണ്ണാടിവെളിച്ചം-തമ്പുരാട്ടിക്കുളം	500 മി	4 "
6	"	1	മാമ്പ പള്ളിമുക്ക്-നരിക്കോടുവയൽ	1 കിമി	6 "
7	"	2	ആനേനിമെട്ട-വളപ്പിൽപീടിക	1.5 കിമീ	6"
8	"	2	മന്ദമ്പേത്ത് കണ്ണൻ മെമ്മോറിയൽ റോഡ്	750 മി	6
9	"	2	പുറക്കണ്ടി കുന്നുമ്പ്രം-കണ്ണോത്ത് ചിറ	250 മി	6
10	"	3	പുറക്കണ്ടി കുന്നുമ്പ്രം-നള്ളക്കണ്ടി താഴെ	700 മി	6
11	"	3	മാമ്പ സെൻട്രൽ എൽ.പി.സ്കൂൾ റോഡ്	600 മീ	6
12	"	4	വളവിൽ പീടിക-മാമ്പ കൊവ്വൽ റോഡ്	575 മീ.	6
13	"	8	അമ്പനാട് -മുടക്കണ്ടി	2.25 കിമി	6
14	ടാർറോഡ്	5	കണ്ണാടിവെളിച്ചം-ആലക്കൽ	1.കിമി	9
15	മൺറോഡ്	5	പനയത്താംപറമ്പ്-പറമ്പുക്കരി	500മി	6
16	"	1	മൂലോത്തുംചാൽറോഡ്	1കിമീ	6
17	"	6	പലേരിവയൽ-പാനേരിച്ചാൽ	1 കിമീ	6
18	"	6	പലേരി-ബാവോട്	2 കിമീ	6
19	"	7	ഓടത്തിൽപീടിക-പുറത്തേക്കാട്	1കിമീ	6
20	ടാർ റോഡ്	7	തട്ടാരിപ്പാലം-പാളയം റോഡ്	1.5 കിമി	6
21	മൺറോഡ്	7	പാളയം-കല്ലിനോത്ത് കടവ്	500 മീ	6
22	"	8	ചിറമ്മൽ പീടിക-പാലക്കീഴ്	1 കീമി	6
23	"	8	അമ്പനാട്-പാലക്കീഴ്	1 കിമീ	6
24	"	9	കണ്ണാടിവെളിച്ചം- മാമ്പവയൽ	1.5 കിമീ	6
25	"	9	കണ്ണാടിവെളിച്ചം-കുഴിമ്പാലോട്	1.5 കിമീ	6
26	"	9	കുഴിമ്പാലോട്-മാമ്പവയൽ	1 കിമീ	6
27	"	9	കണ്ണാടിവെളിച്ചം-ചാമക്കാൻ കുന്നുമ്പ്രം	400 മീ	6
28	"	1	ചാപ്പ- നിരിപ്പോട് കരി	600 മീ	8
29	"	2	ഉച്ചുള്ളിക്കുന്നു മെട്ട- ചിറക്കാത്ത് മൂല	650 മീ	6
30	"	8	ചിറമ്മൽ പീടിക-പഞ്ചായത്ത് ശ്മശാനം	300 മീ	6
31	"	1	ബംഗ്ലാവ് മെട്ട-കുംഭം	425 മീ	6
32	"	2	ചിറക്കാത്ത് മൂലറോഡ്	155 മീ	6
33	"	3	നള്ളവീട്ടിൽ കുന്നുമ്പ്രം-മാമ്പ എൽ.പി.സ്കൂൾ	1 കിമീ	6
34	"	6	പാളയം-പലേരി	500 മീ	6
35	"	3	ചിറക്കാത്ത് വയൽ-മുഴപ്പാല	1 കിമീ	6
36	"	3	നാറോത്ത് ചിറ-മുഴപ്പാല	410 മീ	6
37	"	2	പുരിയാണ്ടിമുക്ക് -ചാക്കാടത്ത് വയൽ	550 മീ	6
38	"	8	കിരിപ്രം-മുരിങ്ങേരി വയൽ	182 മീ	6
39	"	4	കുഞ്ഞങ്ങാട് യു.പി.സ്കൂൾ-രയരോത്ത്താഴെ	340 മീ	6
40	"	7	വണ്ടിക്കാരൻ പീടിക-കാമേത്ത് വയൽ	320 മീ	6
41	"	7	വണ്ടിക്കാരൻ പീടിക- പുറത്തേക്കാട്	577 മീ	6
42	"	9	കുഴിമ്പാലോട്-വെങ്ങലേരി വയൽ	140 മീ	6
43	"	1	ബംഗ്ലാവ് മെട്ട-പാറപ്രം.	600 മീ	6
44	"	6	കാവിൻമൂല-മിടാവിലോട്	217 മീ	5
45	"	1	ചോരയാംകുണ്ട്- പുതുക്കുടി ചാൽ	964 മീ	6
46	"	2	കരുണൻ പീടിക-ചക്കരക്കൽ	210 മീ	4
47	"	1	നിടുന്നിച്ചാൽ-പൊള്ളാറംചാൽ	500 മീ	4
48	"	6	പലേരി-പുതിയിടത്ത് ചാൽ	390 മീ	5
49	"	6	മൂന്നാംമ്പേത്ത് റോഡ്	130 മീ	4
50	"	3	അരയിടത്ത് മുക്ക്-കൈതപ്രം	750 മീ	4
51	"	3	കൊല്ലൻ മുക്ക്-ചാമക്കാൽകുളം	350 മീ	4
52	"	4	ഓടത്തിൽ പീടിക ദിനേശ്-ചാക്യേളി വയൽ	500 മീ	5
53	"	4	താഴെ കാവിൻമൂല-ചിറക്കാത്ത് വയൽ	152 മീ	6
54	"	8, 5	അലക്കൽ-മാന്താട്ടിൽ-അമ്പനാട് CRC	800 മീ	6
55	"	7	കൊവ്വൽ പള്ളി- പുറക്കണ്ടി കുന്നുമ്പ്രം	375 മീ	4
56	ടാർ റോഡ്	7	പാളയം-പലേരി -ഓടക്കടവ്	900 മീ	9
57	മൺറോഡ്	5	അരയാൽത്തറ-മുടക്കണ്ണി	820 മീ	4
58	"	2	ചക്കരക്കൽ-മാമ്പവയൽ	850 മീ	3.5
59	"	6	പാനേരിച്ചാൽ-പുറത്തേക്കാട്	180 മീ	4
60	"	1	ചോരയാംകുണ്ട്-പാറപ്രം	850 മീ	5
61	ടാർ റോഡ്		ചുള-തട്ടാരിപ്പാലം (PWD)	5 കിമീ	10
62	"		പനയത്താംപറമ്പ്-ചിറമ്മൽ പീടിക (PWD)	4.5 കിമീ	10
63	"		ചക്കരക്കൽ-പനയത്താംപറമ്പ് (PWD)	4.8 കിമീ	8
64	"	7, 6	പാളയം-കാവിന്മൂല റോഡ്	3 കിമീ	8



പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ 70 തിലധികം ബസുകൾ സർവീസ് നടത്തുന്നുണ്ട്. മറ്റു വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നു. ഇതിന് ആനുപാതികമായ റോഡുസൗകര്യം ഇനിയും ഉണ്ടായിട്ടില്ല. ഈ സ്ഥിതിക്ക് അൽപമെങ്കിലും പരിഹാരം കാണാൻ പ്രധാനപ്പെട്ട പഞ്ചായത്തു റോഡുകൾ വീതികൂട്ടി താർ ചെയ്യണമെന്ന ആവശ്യം എല്ലാ ഗ്രാമസഭകളിൽനിന്നും വളരെ ശക്തമായി ഉയർന്നുവരികയുണ്ടായി.

താഴെ ചേർത്ത പട്ടികയിൽ പറയുന്ന റോഡുകളാണ് വീതികൂട്ടി താർചെയ്യണമെന്ന് ഗ്രാമസഭകൾ നിർദേശിച്ചത്.

പട്ടിക–2

ടാർ ചെയ്യേണ്ടവ

ക്രമനമ്പർ	റോഡിന്റെ പേര്	നീളം
1	ചാപ്പ–നരിക്കോട്	1 കി.മീ.
2	മുഴപ്പാല–പാറപ്രം–ചോരയാംകുണ്ട്–കണ്ണാടിവെളിച്ചം	1.5 കി.മീ.
3	അപ്പക്കടവ്–കൂടാളി റോഡ് (അഞ്ചരക്കണ്ടി പഞ്ചായത്തിന്റെ ഭാഗം 75 മീറ്റർ മാത്രം)	75 മീ.
4	കൂറ പീടിക–താഴെ കാവിൻമൂല	2.4 കി.മീ.
5	മുഴപ്പാല–താഴെകാവിൻമൂല	3.കി.മീ.
6	കൈതപ്രം മാപ്പൂരറോഡ്	1.കി.മീ.
7	ഉച്ചുളിക്കുന്ന്–നള്ളക്കണ്ടി റോഡ്	1കി.മീ.
8	ഉച്ചുളിക്കുന്ന്–മാമ്പ എൽ.പി.സ്കൂൾ	0.5 കി.മീ.
9	വളവിൽപീടിക–കൊവ്വൽപള്ളി	0.8 കി.മീ.
10	പനയത്താംപറമ്പ്–മുടക്കണ്ടി (കീഴല്ലൂർ പഞ്ചായത്ത് റോഡുമായി ബന്ധിപ്പിക്കണം)	1 കി.മീ
11	പുറത്തേക്കാട്–പാനേരിച്ചാൽ റോഡ്	2 കി.മീ.
12	വണ്ടിക്കാരൻ പീടിക–പുറത്തേക്കാട് റോഡ്	1.5 കി.മീ.
13	അമ്പനാട്–മുടക്കണ്ടി റോഡ്	1.5 കി.മീ.
14	മാമ്പപള്ളി–പുതുക്കുടിചാൽ–കണ്ണാടിവെളിച്ചം	2 കി.മീ.
15	പാറപ്രം–തമ്പുരാട്ടിക്കുളം–ചോരയാംകുണ്ട്	1 കി.മീ
16	കണ്ണാടിവെളിച്ചം–താഴെ കാവിൻമൂല	3.5 കി.മീ.
17	പാലക്കീഴ്–ചിറമ്മൽപീടിക	1.5 കി.മീ.

പട്ടിക-3
പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്
1.	ചാപ്പ-നെടുകുന്നി റോഡ്
2.	പള്ളിമെട്ട (കെനാൽ)-കുഞ്ഞിച്ചാൽ-മുഴപ്പാല ട്രാൻസ്ഫോർമർ
3.	അമ്പായത്തോട്-നീലത്തോട്-പനയത്താംപറമ്പ് മെയിൻ റോഡ്
4.	ബംഗ്ലാവ് മെട്ട (സർക്കർമ്മ ഷെൽട്ടർ)-മുലോത്ത് അമ്പലം റോഡ്
5.	നെടുകുന്നിവയൽ-പൊള്ളാർച്ചാൽ-നരിക്കോട് (പനയത്താംപറമ്പ്)
6.	ചാലിക്കണ്ടി ശ്രീധരന്റെ പീടികയുടെ പടിഞ്ഞാറുവശത്തുള്ള ഇടവഴി
7.	വാനേരിക്കണ്ടി താഴെ- കണ്ണോത്ത് താഴെ
8.	കുന്നത്ത് ഭഗവതി ക്ഷേത്രം-ബാവുക്ക തോട്
9.	മുഴപ്പാല സൊസൈറ്റി-ബാലവാടി- പള്ളിച്ചാൽ
10	അള്ളാച്ചിറ-കണ്ണാടിവെളിച്ചം റോഡ്
11.	കുറപീടിക-മാരാംഗലത്ത് രാമൻ നായരുടെ വീടിനടുത്തുള്ള ഇടവഴി
12.	ഓടത്തിൽ പീടിക-ചാക്യാളി-കുഴമ്പിലോട് മെട്ട
13.	വണ്ടിക്കാരൻ പീടിക-ചിറയിൽ കുണ്ടം- ചാക്യാളി
14.	ആലക്കൽ- മൊടക്കണ്ണി
15.	തറമ്മൽ- മുരിങ്ങേരി നോർത്ത് എൽ.പി.സ്കൂൾ
16.	പനയത്താം പറമ്പ്-പറമ്പുക്കരി-തറമ്മൽ
17.	ഉരുസൽ മുക്ക്-ഒണക്കൻ മെട്ട്- വയൽ-ബാവോട് റോഡ്
18.	കട്ടപ്പീടിക-വയൽ-ചാത്തപ്പൻ പീടിക
19.	പുറത്തേക്കാട്-പാനേരിച്ചാൽ റോഡ് പലേരി വയലിൽ താഴെ ഓടക്കടവ് റോഡുമായി ബന്ധിപ്പിക്കണം
20.	മണിയോത്ത് പീടിക-പലേരി നടപ്പാത
21.	പലേരി മെട്ട-ഗോപാലൻ നമ്പ്യാർ പീടിക-ചാത്തപ്പൻ പീടിക
22.	ഓടത്തിൽ പീടിക-പാറമ്മൽകുന്ന്-പാളയം റോഡ്
23.	പാളയം (കെ.വി.സജ്ജിത് കുമാറിന്റ വീട്)-വയൽ
24.	A.F.S.C ബേങ്ക് -പലേരി വയൽ
25.	മാന്താ ട്ടിൽ മൂല- കൊട്ടൻ മുക്ക്
26.	മുരിങ്ങേരി പോസ്റ്റോഫീസ് -നരിക്കുന്ന്
27.	കുഴിമ്പാലോട് മെട്ട -പൊതുശ്മശാനം-പാലക്കീഴ്
28.	വെൺമണൽ-തുണ്ടിയിൽമൂല
29.	കണ്ണാടിവെളിച്ചം (ആശുപത്രി)-മുരിങ്ങേരി യു.പി.സ്കൂൾ
30.	കീരിപ്രം-മുടക്കണ്ടി
31.	എക്കാൽ-മാമ്പ വയൽ-അമ്പിളി
32.	തട്ടാരിപ്പാലം-കനാൽ-ചക്യാളി
33.	കുഴിമ്പാലോട്- മാമ്പവയൽ-ചാക്യാളി
34.	കണ്ണാടിവെളിച്ചം ലക്ഷംവീട്-മെയിൻ റോഡ്
35.	എടക്കണ്ടി കുന്നുമ്പ്രം-കുനിയത്ത് ചാൽ
36.	കുഴിമ്പാലോട്-ലക്ഷംവീട്-വയൽ
37.	മാമ്പ പള്ളി -വിളയാറോട്ടുവയൽ
38.	മുഴപ്പാല-ആംഗൻവാടി-കനാൽ-വേട്ടക്കരിയൻ കുന്ന്- പുതുക്കുടി ചാൽ
39.	നരിക്കോട് യു.പി.സ്കൂൾ-തമ്പുരാട്ടിക്കുളം
40.	പുറത്തേക്കാട് നിന്ന് ആരംഭിച്ച് തട്ടാരി പാലത്തിന് അവസാനിക്കുന്ന രീതിയിൽ കറപ്പയുടെ അരികിലൂടെ കാമേത്ത് വഴി ഒരു റോഡ്.

രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ഗതാഗത പ്രശ്നം പരിഹരിക്കാൻ നിലവിൽ നിർമ്മാണം പൂർത്തിയാകാത്ത റോഡുകൾ പൂർത്തിയാക്കുകയും അറ്റകുറ്റപ്പണികൾ ചെയ്യുകയും വേണം. താഴെ പറയുന്ന റോഡുകൾ ഇത്തരത്തിൽ ഗതാഗതയോഗ്യമാക്കാൻ കഴിയുന്നവയാണ്.

പട്ടിക-4
പൂർത്തീകരിക്കേണ്ടവ

ക്രമനമ്പർ	റോഡിന്റെ പേര്
1.	അമ്പലം–ബംഗ്ലാവ് മെട്ട റോഡ്
2.	മത്തിപ്പാറ– കാപ്പാടൻ മുക്ക്
3.	ഉച്ചിളിക്കുന്ന്–താഴെ കാവിൻമൂല റോഡ് ഉയരം കൂട്ടുക
4.	ചാമക്കാൽ റോഡ് (വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക)
5.	കൈതപ്രത്ത് മാപ്പുര –കുറപ്പിടിക
6.	ആനേനി മെട്ട (പള്ളിക്കു മുന്നിൽക്കൂടി)–ഗോവിന്ദന്റെ വയൽ–അംഗൻവാടി റോഡ്
7.	എം.എം റോഡ്–കണിയാൻമെട്ട
8.	ചിറക്കാത്ത് വയൽ റോഡ്
9.	കുഞ്ഞങ്കോട് വയൽ– സ്കൂൾ–കൈനാൽ
10.	മാമ്പ വെസ്റ്റ് എൽ.പി.സ്കൂൾ–വളവിൽ പീടിക
11.	ആലക്കൽ–കണ്ണാടിവെളിച്ചം–മുടക്കണ്ടി
12.	പലേരി മെട്ട– പലേരി വയൽ
13.	പരിയാരം–പലേരി മെട്ട
14.	പാളയം മാപ്പിള എൽ.പി.സ്കൂൾ–കടവ്
15.	കടവ്–ചാമ്പാട്
16.	എക്കാൽ വാളാങ്കി കൃഷ്ണന്റെ വീടിനു സമീപമുള്ള റോഡ്
17.	മാമ്പ പള്ളി–നരിക്കോട് മാപ്പുര
18.	എക്കാൽ റേഷൻഷാപ്പ്–വയൽ–കറപ്പത്തോട്ടം
19.	എക്കാൽമെട്ട–കാമേത്ത്വയൽ–കറപ്പത്തോട്ടം

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ നല്ലോരുഭാഗം വയലുകളാണ്. പല പ്രാഥമിക വിദ്യാലങ്ങളും വയലിന്റെ കരയിലാണ് സ്ഥിതിചെയ്യുന്നത്. മഴക്കാലത്ത് ഇത്തരം പ്രദേശങ്ങളിൽ കാൽനടയാത്ര വളരെ ദുഷ്കരമാണ്. ഇതിനൊരു **പരിഹാരം കാണണമെന്നും** അതിനായി താഴെ പറയുന്ന **സ്ഥലങ്ങളിൽ നടപ്പാതകളും പാലങ്ങളും നിർമ്മിക്കണമെന്നും** നിർദ്ദേശിക്കുന്നു.

പട്ടിക–5
നടപ്പാത

ക്രമ നമ്പർ	സ്ഥലം
1.	ചക്കാടത്ത്–ചക്കരക്കൽ (വയൽവഴി)
2.	ചക്കരക്കൽ മെയിൻ റോഡിൽ
3.	മാമ്പ എൽ.പി.സ്കൂൾ–കനാൽ
4.	മാമ്പ സെൻട്രൽ എൽ.പി.സ്കൂൾ–കൈതപ്രം മാപ്പൂര റോഡ്
5.	പറമ്പുക്കരി വയൽ–അംഗൻവാടി
6.	അരീക്കൽ–മുരിങ്ങേരി പോസ്റ്റോഫീസ്
7.	പലേരി വയലിൽ ആയുർവേദ ഡിസ്പൻസറിക്ക് സമീപം
8.	കേശിക്കാരൻ ദേവരാജന്റെ വീട്– പുതിയരിച്ചാൽ പീടിക
9.	പാലക്കീഴ്–ആലക്കൽ
10.	അമ്പിളി–മാമ്പവയൽ–എക്കാൽ
11.	മാമ്പ സെൻട്രൽ എൽ.പി.സ്കൂൾ–കനാൽ
12.	പള്ളിച്ചാൽ –കനാൽ
13.	പാട്യം സ്മാരക മന്ദിരം (നരിക്കോട്)–വയൽ–വിളയാറോട് അമ്പലം
14.	മാമ്പ കനാൽ–നുച്ചിക്കാട് ചിറ

പട്ടിക–5
സ്ലാബ്

ക്രമനമ്പർ	സ്ഥലം
1.	നമ്പോക്കിൽ താഴെ റോഡ് തോടുമായി ബന്ധിപ്പിച്ച് സ്ലാബിടുക
2.	ആലക്കൽ തോട്
3.	മുട്ടിൽ ഇടവഴി
4.	നടുവടയൽ (മുരിങ്ങേരി)
5.	കല്ലിനോത്ത് കടവിന് സമീപം
6.	വ്നിയം വയൽ–പാണ്ടികശാല (ഇടവഴി)
7.	CRC–ആലക്കൽ റോഡിൽ രണ്ടു സ്ഥലത്ത്
8.	കുനിമേൽ താഴെ തോട് പീടിക
9.	ചെട്യൻ വളപ്പിൽ തോട്
10.	നള്ളക്കണ്ടി താഴെ
11.	വട്ടത്തിൽ മൂലയിൽ
12.	നീരാറ്റുവയൽ പറമ്പിന് താഴെ തോടിന്
13.	എടക്കണ്ടി താഴെ–മാമ്പത്തോട്
14.	മാമ്പ വയൽ തിറ നടക്കുന്ന സ്ഥലത്തിനു സമീപം തോടിന്
15.	വലിയ പാലം– വയൽ
16.	ആനനി മെട്ട ആംഗൻവാടിക്ക് സമീപം
17.	പാറപ്രം–കാപ്പാടൻമുക്ക്
18.	കൊടീറ്റ വളപ്പിൽ തോടിന് (ചിറമ്മൽ പീടിക)
19.	നരിക്കോട് കുനിമ്മൽ താഴെ
20.	നരിക്കോട് തമ്പുരാട്ടി കുളത്തിനു സമീപം
21.	കുഞ്ഞിക്കുനി താഴെ
22.	പാളയം പള്ളിക്ക് സമീപം തോടിന്
24.	തറച്ചാണ്ടി താഴെ

പട്ടിക–5
പാലം

ക്രമനമ്പർ	
1.	കല്ലിനോത്ത് കടവ്(പാളയം) അഞ്ചരക്കണ്ടിപ്പുഴയ്ക്ക് പാലം നിർമിക്കണം

മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് റോഡുകൾ പല ഭാഗങ്ങളിലും തകരുന്നു. സ്വകാര്യവ്യക്തികൾ ഓവുചാലുകൾ മൂടുന്നതും വെള്ളം കെട്ടിനിൽക്കാൻ കാരണമാണ്. ഈ അവസ്ഥ പരിഹരിക്കാൻ താഴെ പട്ടികയിൽ പറയുന്ന സ്ഥലങ്ങൾ ഓവുപാലങ്ങൾ സ്ഥാപിക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുണ്ട്.

പട്ടിക-6

ഓവുപാലങ്ങൾ

ക്രമനമ്പർ	സ്ഥലം
1	കുറപീടിക
2	പനയത്താം പറമ്പ്-ചാപ്പ
3	പാറപ്രം റേഷൻഷാപ്പ്
4	നരിക്കോട് യു.പി.സ്കൂളിനു സമീപം
5	കൂറപീടിക-താഴെകാവിൻമൂല(കാരാച്ചാലി മുക്ക്)
6	എം.എം.റോഡ്(കമ്പളിമുക്ക്)
7	വിദ്യാവിനോദിനി എൽ.പി.സ്കൂളിനു സമീപം രണ്ടുസ്ഥലത്ത്
8	മാമ്പ ഈസ്റ്റ് എൽ.പി.സ്കൂളിനു സമീപം(എക്കാൽ)
9	കുഴിമ്പാലോട്-കണ്ണാടിവെളിച്ചം റോഡിൽ
10.	ഉച്ചൂളിക്കുന്ന് മൊട്ട-മുഴപ്പല റോഡിൽ ചിറക്കോത്ത് വയലിൽ

പഞ്ചായത്തിലെ ഒരു പ്രധാന വ്യാപാര കേന്ദ്രമായ ചക്കരക്കല്ലിന്റെ വികസന സാധ്യത കണക്കിലെടുക്കുമ്പോൾ ഇവിടെ ഒരു ബസ്സ്റ്റാൻഡ് ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ബസ്, ടാക്സികൾ എന്നിവയ്ക്ക് പാർക്കിംഗ് സൗകര്യം ഇല്ലാത്തതിനാൽ പല സമയങ്ങളിലും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. ഇതു പരിഹരിക്കാൻ ചക്കരക്കൽ വായനശാലയ്ക്കു പിന്നിലുള്ള സ്ഥലം ഏറ്റെടുത്ത് ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലെക്സ് പണിയേണ്ടതാണ്.

ഊർജ്ജം

മനുഷ്യന്റെ ഊർജ്ജ ഉപഭോഗം അനുദിനം വർധിച്ചു വരികയാണ്. ഇതിനനുസരിച്ച് ഊർജ്ജത്തിന്റെ ഉൽപാദനം വർധിക്കുന്നില്ല. ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഇന്നും നാം ആശ്രയിക്കുന്നത് വിറകുതന്നെയാണ് വൈദ്യുതി, മണ്ണെണ്ണ, പാചകവാതകം, പെട്രോൾ ഉൽപ്പന്നങ്ങൾ എന്നിവയാണ് ഉപയോഗിക്കുന്ന മറ്റു ശ്രോതസുകൾ.

പാചകാവശ്യങ്ങൾ നിറവേറ്റാൻ വിറക്, തെങ്ങുൽപന്നങ്ങൾ ചപ്പുചവറുകൾ, എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പരിമിതമായതോതിൽ മണ്ണെണ്ണയും പാചകവാതകവും ഉപയോഗിക്കുന്നുണ്ട്.

വൈദ്യുതിയുടെ കണ്ടുപിടുത്തം മനുഷ്യചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. ഒരു നാടിന്റെ പുരോഗതി നിശ്ചയിക്കുന്നതുതന്നെ വൈദ്യുതിയുടെ ഉൽപാദനവും ഉപഭോഗവുമാണ്. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വർധിച്ചു വരുന്ന ഉപയോഗവും കുറഞ്ഞുവരുന്ന ഉൽപാദനവുമാണ്.

അഞ്ചരക്കണ്ടി പഞ്ചായത്തിൽ വൈദ്യുതിയുടെ ചരിത്രത്തിന് 26 വർഷത്തെ പഴക്കമാണുള്ളത്. 1970-ൽ വൈദ്യുതി എത്തിയെങ്കിലും പഞ്ചായ

ത്തിന്റെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി ഇനിയും എത്തിയിട്ടില്ല. 2188 വീടുകൾ മാത്രമാണ് ഇതുവരെ വൈദ്യുതീകരിച്ചത്. 1876 കുടുംബങ്ങൾ വൈദ്യുതി ലഭിക്കാത്തവരായി അവശേഷിക്കുന്നു. 268 വീട്ടുകാർ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുകയാണ്. പത്ത് കിലോമീറ്റർ അകലെയുള്ള മുണ്ടയാട് 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിലേക്കുള്ള വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിൽ വൈദ്യുത ബോർഡിന്റെ ഓഫീസുകളൊന്നും പ്രവർത്തിക്കുന്നില്ല. ചക്കരക്കൽ സെക്ഷന്റെ ഓഫീസിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത് ആറു പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുടെ കുറേ പ്രവർത്തനങ്ങളും ഈ ഓഫീസിന്റെ പ്രവർത്തന പരിധിയിലാണ്. അതുകൊണ്ട് അഞ്ചരക്കണ്ടി പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കും ഗുണകാംക്ഷികൾക്കും വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നു.

വൈദ്യുത ഉപഭോക്താക്കളിൽ ഏകദേശം 76% ഗാർഹിക ഉപഭോക്താക്കളും 9% കാർഷികാവശ്യത്തിനും 14% വാണിജ്യ ഉപഭോഗവും 1% വ്യാവസായിക ഉപഭോഗവുമാണ്. രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണിത്. പതിനൊന്ന് ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നാലെണ്ണം പഞ്ചായത്തിന്റെ അതിർത്തിയിലായതിനാൽ അവയുടെ ഉപഭോഗം പഞ്ചായത്തിന് ഫലത്തിൽ ലഭിക്കുന്നില്ല.

പഞ്ചായത്തിലുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

പട്ടിക 1

ക്രമനമ്പർ	പേര്	കപ്പാസിറ്റി(k.V.A)
1	കാവിൻമൂല	250kva
2	ഓടത്തിൽ പീടിക	160kva
3	പലേരി	100kva
4	എക്കാൽമെട്ട	100kva
5	മുരിങ്ങേരി	100kva
6	പനയത്താംപറമ്പ്	160kva
7	മുഴുപ്പാല	100kva
8	കൂറപ്പീടിക	100kva
9	അപ്പക്കടവ്	100kva
10	ചൂള	100kva
11	പാളയം	100kva
12	മള്ളിക്കണ്ടിച്ചിറ	100kva

ആകെ 177 തെരുവു വിളക്കുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ നാല് ട്യൂബുലൈറ്റുകളും 173 ബൾബുകളുമാണ്. ഒരു വാർഡിൽ ശരാശരി 18 തെരുവുവിളക്കുകൾ. ഇവയിൽ തന്നെ കൃത്യമായി കത്താത്തവയുടെ എണ്ണം പകുതിയോളം വരും.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഈ പ്രദേശങ്ങളിലുള്ള ജനങ്ങൾ വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണ വിളക്കിനെയാണ് ആശ്രയിക്കുന്നത്. 290 കുടുംബങ്ങൾ പാചക ആവശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരാണ്. 174188 ലിറ്റർ മണ്ണെണ്ണ റേഷൻകാർഡ് പെർമിറ്റ് എന്നിവ വഴി പഞ്ചായത്തിൽ വിതരണം ചെയ്തുവരുന്നുണ്ട്. ഇതിൽ 134598 ലിറ്റർ വിളക്കുകത്തിക്കാനും 39590 ലിറ്റർ പാചകാവശ്യത്തിനുമാണ് ഉപയോഗിക്കുന്നത്. കാർഷികാവശ്യത്തിന് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും പരിമിതമായ തോതിൽ

മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്.

വർധിച്ചുവരുന്ന ഊർജ ഉപഭോഗവും കുറഞ്ഞ നിരക്കിലുള്ള ഉൽപാദവുമാണ് ഊർജ രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധി. വിറക്, ജൈവവസ്തുക്കൾ, വൈദ്യുതി, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നാ സ്രോതസുകളുടെ ഉൽപാദന നിരക്ക് കുറഞ്ഞു വരികയാണ്.

വൈദ്യുതി വിതരണ രംഗത്ത് ഇന്നുള്ള പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞാൽ വൈദ്യുതിയുടെ കാര്യത്തിൽ അൽപം ആശ്വാസം ലഭിക്കും.

പഞ്ചായത്തിലെ ഒരു വാർഡും പൂർണമായി വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. ചില വാർഡുകളുടെ 50% പ്രദേശങ്ങൾ ഇനിയും വൈദ്യുതീകരിക്കപ്പെടാത്ത വയാണ്. പഞ്ചായത്തിലെ രണ്ട് ലക്ഷം വീടു കോളനികൾ വൈദ്യുതീകരിക്കപ്പെടാത്തതാണ്.

ഒരു വാർഡിൽ ശരാശരി 18 തെരുവുവിളക്കുകളാണുള്ളത്. ഇത് അപര്യാപ്തമാണ്. ഉപയോഗിക്കുന്ന മീറ്ററുകളിൽ അധികവും പ്രവർത്തിക്കാത്തവയാണ്.

പാചക ആവശ്യത്തിനുള്ള വിറകിന്റെ ലഭ്യത ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരികയാണ്. ഉപഭോക്താക്കൾ പാചകത്തിനുവേണ്ടി വിറകിനെ ആശ്രയിക്കുന്നവരാണ്. പരമ്പരാഗത രീതിയിലുള്ള അടുപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് വിറകിലടങ്ങിയിരിക്കുന്ന ഇന്ധനമൂല്യത്തിന്റെ എട്ടിലൊന്നു പോലും ഉപയോഗപ്പെടുന്നില്ല. വിറക് വിലകൊടുത്തു വാങ്ങുന്നവർ ചെലവാക്കുന്ന തുക പാചകഗ്യാസ് വാങ്ങുന്നവരുടേതിനേക്കാൾ കൂടുതലാണ്. പഞ്ചായത്തിൽ സാമ്പത്തിക ശേഷിയുള്ള പലവീടുകളിലും പാചകവാതകം ഉപയോഗിച്ചുവരുന്നുണ്ട്. മറ്റ് ഊർജ സ്രോതസുകളൊന്നും തന്നെ ഉപയോഗിക്കപ്പെടുന്നില്ല.

സാധ്യതകൾ:

മെച്ചപ്പെട്ട വിറകടുപ്പുകൾ

വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നതുകൊണ്ട്. ദക്ഷതകൂടിയ അടുപ്പുകൾ പ്രചാരണം വർധിപ്പിക്കണം. ഇത്തരം അടുപ്പുകൾക്ക് സ്ഥാപക ചെലവ് കുറവാണ്. അതേപോലെ സർക്കാർ സബ്സീഡിയും ലഭ്യമാണ്.

ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ

പാചക ഊർജ്ജം ലാഭിക്കുന്നതിനും സഹായിക്കുന്ന ഉപകരണങ്ങളാണ് കച്ചിപ്പെട്ടിയും, പ്രഷർകുക്കറും, 'അനെർട്ട്' വിതരണം നടത്തുന്ന പ്രഷർകുക്കറിന് സബ്സീഡി ലഭ്യമാണ്. പഞ്ചായത്തിന് ഇതിന്റെ ഉപയോഗം വർധിപ്പിക്കാനും വിതരണം നടത്താനും കഴിയണം. ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ,ഫ്രിക്ഷൻ ലസ് ഫൂട്ട് വാൽവ് എന്നിവയും അനെർട്ട് സബ്സിഡി നൽകി വിതരണം നടത്തുന്നുണ്ട്.

സാധാരണ വൈദ്യുത ബൾബിനു പകരം കോംപാക്ട് ഫ്ളൂറസന്റ് ലാംപ് ഉപയോഗിക്കുകയാണെങ്കിൽ ഒരു ബൾബിൽ നിന്നും 50 വാട്സിലേറെ വൈദ്യുതി ലാഭിക്കാൻ കഴിയും. ഇത്തരം ഉപകരണങ്ങളുടെ ഉപയോഗം വർധിപ്പിക്കാനുള്ള ബോധവൽക്കരണം നടത്തണം.

ജൈവോർജ്ജം

രണ്ടോ അതിലധികമോ കന്നുകാലികളുള്ളവർക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഊർജ്ജം ജൈവാവശിഷ്ടങ്ങളിൽ നിന്നും ഉണ്ടാക്കുവാൻ കഴിയും. ഒന്നിലധികം വീടുകൾ ഒരു യൂണിറ്റായി ഉപയോഗിക്കാൻ കഴിയുന്ന പ്ലാന്റുകളും ഉണ്ടാക്കാൻ കഴിയും. ഇതിനുള്ള സാങ്കേതികസഹായം. അനെർട്ടിൽ നിന്നും ലഭ്യമാണ്.

വൈദ്യുതി വിതരണരംഗത്ത് ഇന്ന് നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്താൻ പുതിയ ട്രാൻസ്ഫോർമറുകളും 3 ഫേസ് ലൈനുകളും സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നു. പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക-2
ട്രാൻസ്ഫോർമർ

ക്രമനമ്പർ	സ്ഥലം
1	പാറപ്രം
2	അരയാക്കണ്ടി മുക്ക്(പലേരി)
3	മുരിങ്ങേരി പോസ്റ്റ് ഓഫീസിനു സമീപം
4	നരിക്കോട് മഠപ്പുര
5	കുഴിമ്പാലോട് മെട്ട

ത്രീഫേസ് ലൈൻ

ക്രമനമ്പർ	സ്ഥലം
1	പനയത്താംപറമ്പ്-ചാപ്പ
2	മുഴുപ്പാല-കുഞ്ഞിച്ചാൽ-ബംഗ്ലാവ്മെട്ട.
3	പലേരി വെസ്റ്റ് എൽ.പി.സ്കൂൾ-കക്കോത്ത്
4	പാലേരി വയല്-കക്കോത്ത്
5	സി.ആർ.സി. വായനശാല-കക്കോത്ത്
6	പാലക്കീഴ്-അമ്പനാട്
7	ആനേനിമെട്ട-ഉച്ചുളിക്കുന്ന്.

പഞ്ചായത്തിലെ പ്രധാന വഴികളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കണമെന്ന ആവശ്യവും ഗ്രമസഭകൾ ഉന്നയിച്ചു. പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക -3

തെരുവുവിളക്ക്

ക്രമനമ്പർ	സ്ഥലം
1	മുഴുപ്പാല-പനയത്താംപറമ്പ്
2	മുഴുപ്പാല-പാറപ്രം-കണ്ണാടിവെളിച്ചം
3	പാറപ്രം-ബംഗ്ലാവ്മെട്ട.
4	കൂറഹീടിക-താഴെകാവിൻമൂല.
5	എം.എം.റോഡ്
6	ചക്കരക്കൽ വർക്ക്ഷോപ്പ്-അപ്പക്കടവ്
7	മഠപ്പുരവരെ
8	അരയയത്ത് മുക്ക്-മഠപ്പുര
9	കൊല്ലൻകാവ്-ചിറക്കാത്ത് വയൽ
10	ഉച്ചുളിക്കുന്ന്-നള്ളക്കണ്ടി.
11	നാലാംവാർഡിൽ പൊതുവഴികൾ
12	കണ്ണാടിവെളിച്ചം-ആലങ്കൽ
13	പനയത്താം പറമ്പ്-പറമ്പുക്കരി
14	ചാത്തപ്പൻ പീടിക-ബാവോട്
15	പാളയം-പരിയാരം
16	പുറത്തേക്കാട് ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.
17	ഉരുസൽ മുക്ക്- ആയൂർവേദ ഡിസ്പൻസറി
18	ഏഴാം വാർഡിൽ പൊതുവഴികൾ
19	എട്ടാം വാർഡിൽ പൊതുവഴികൾ
20	കണ്ണാടി വെളിച്ചം-താഴെകാവിൻമൂല
21	എക്കാലിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം
22	കണ്ണാടിവെളിച്ചം-കനാൽ-കുനിയത്ത് ചാൽ
23	മുഴപ്പാല-വയൽവഴി-ചേരയാംകുണ്ട്.
24	കുഴിമ്പാലോട് വായനശാല-മാമ്പവയൽ
25	കണ്ണാടിവെളിച്ചം-കുഴിമ്പാലോട് മെട്ട
26	എക്കാൽ-ആംഗൻവാടി-മാമ്പവയൽ.
27	പാറപ്രം-കമ്പുരാട്ടിക്കുളം-കാപ്പാടൻമുക്ക്.

പട്ടിക-4

വൈദ്യുതീകരിക്കേണ്ട സ്ഥലം.

ക്രമനമ്പർ	സ്ഥലം
1	അമ്പാത്തോടി-നീലത്തോടി-പൊള്ളാർച്ചാൽ-നിടുന്നി(നരിക്കോട്)
2	തറമ്മൽ)മുരിങ്ങേരി)
3	നാലുസെന്റ് കോളനി(പറമ്പുക്കരി)
4	കണ്ണാടിവെളിച്ചം ലക്ഷം വീട് കോളനി
5	പലേരിമെട്ട-പലേരി മീത്തൽ
6	8-ാം വാർഡിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ
7	കുഴിമ്പാലോട് ലക്ഷം വീട് കോളനി-പരിസരപ്രദേശങ്ങളും

മാർക്കറ്റ്

അന്യസംസ്ഥാനങ്ങളിൽ നിന്നും അന്യപ്രദേശങ്ങളിൽ നിന്നും വരുന്ന സാധനങ്ങളാണ് പ്രധാനമായും നമ്മുടെ പഞ്ചായത്തിൽ വിറ്റഴിയുന്നത്. പഞ്ചായത്തിൽ മൊത്തം 272 കച്ചവട സ്ഥാപനങ്ങളും 5 ഹോട്ടലുകളുമാണുള്ളത്. അതിൽ കൈവിരലിലെണ്ണാവുന്നവയൊഴിച്ചു ബാക്കിയെല്ലാം ചില്ലറ കച്ചവടസ്ഥാപനങ്ങളാണ് ചക്കരക്കല്ലിനെ ഒരു മാവേലി സ്റ്റോറും കാവിൻമൂലയിലെ ഒരു സഹകരണ സ്റ്റോറും മാറ്റിനിർത്തിയാൽ ബാക്കി മുഴുവൻ സ്വകാര്യ വ്യക്തികളുടേതാണ്. ആസൂത്രിതമായ മത്സ്യ-ഇറച്ചി മാർക്കറ്റുകൾ നിലവിലില്ല.

കാവിൻ മൂലയിൽ മാത്രമാണ് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണെങ്കിൽ പോലും ഒരു കേന്ദ്രീകൃത മത്സ്യമാർക്കറ്റുകളുള്ളത്.

സാധ്യതകൾ

1.പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷക ഉൽപ്പന്നങ്ങളായ നാളികേരം, അടക്ക, കരുമുളക്, നേന്ത്രക്കായ, മരിച്ചീനി മറ്റു കിഴങ്ങുവർഗങ്ങൾ എന്നിവയെല്ലാം ശേഖരിച്ചു സംസ്ക്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ആസൂത്രിതമായ ഒരു സംവിധാനമുണ്ടാക്കാൻ എല്ലാ ഭൗതീക സാധ്യതകളും നിലവിലുണ്ട്. കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനൊടോപ്പം ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കാനും ഇത്തരം സംവി

ധാനമുണ്ടായാൽ സാധിക്കുന്നതാണ്.

2.സ്വയം തൊഴിൽ സംരംഭങ്ങളുടെ ഭാഗമായി ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ ശേഖരണത്തിനും വിപണനത്തിനും സംവിധാനമുണ്ടാക്കുകയാണെങ്കിൽ തൊഴിൽ സംരംഭകർക്ക് അതൊരു പ്രോത്സാഹനമായിത്തീരും.

3. കൂടാതെ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലക്ക് വീടുകളിലെത്തിച്ചു കൊടുക്കുന്ന (ക്രെഡിറ്റ്, നോൺക്രെഡിറ്റ് വ്യവസ്ഥയിൽ) ഗാർഹിക സേവന സംഘങ്ങളുടെ (Domasic Service Group)രൂപികരണത്തിനുള്ള സാധ്യതകളേറെയാണ്. ഇതിനായി മുൻകൂട്ടി നല്ല പ്രചരണം നൽകി ഈ പദ്ധതിയിൽ ഉപഭോക്താക്കളുടെ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉപഭോക്താക്കൾക്ക് സമയലാഭവും സൗകര്യവും ലഭിക്കുമ്പോൾ തന്നെ പുതുതായി ഒരു സേവന തുറയുണ്ടാകുകയും തൊഴിലവസരങ്ങൾ വർധിക്കുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1.ഗ്രാമീണ കാർഷിക-വ്യാവസായിക ഉൽപ്പനങ്ങൾക്ക് സംഭരണ- സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.

2.നിത്യോപയോഗ സാധനങ്ങളുടെ ഡോർ ഡെലിവറി നടത്താൻ ഗാർഹിക സേവന സംഘങ്ങൾ രൂപീകരിക്കുക.(സഹകരണ മേഖലയിൽ പരീക്ഷിക്കാം)

3.മുഴപ്പാല കാവിൻമൂല, ചക്കരക്കല്ല് തുടങ്ങിയ സ്ഥലങ്ങളിൽ ആഴ്ച്ചച്ചന്തകൾ ആരംഭിക്കുക

4.പഞ്ചായത്തിൽ മാവേലി സ്റ്റോറുകളുടെയും സഹകരണ സ്റ്റോറുകളുടേയും എണ്ണം വർധിപ്പിക്കുക.

5.കരിഞ്ചന്ത,മായം ചേർക്കൽ, സാധനങ്ങളുടെ ഗുണമേന്മക്കുറവ് എന്നിവ പരിശോധിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കുക.

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്
വ്യാപാരസ്ഥാപനങ്ങൾ

വാർഡ്	ഹോട്ടൽ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ
1	2	45	16	63
2	1	34	15	50
3	–	7	10	17
4	–	27	5	32
5	–	5	–	5
6	2	37	8	47
7	–	18	8	26
8	–	18	–	18
9	–	14	–	14
10	5	205	62	272



പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം:

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിലെ ബഹുഭൂരിപക്ഷവും ആദ്യകാലങ്ങളിൽ ചെറുവീടുകളിൽ താമസിച്ചവരായിരുന്നു. അതിൽ തന്നെ നല്ലൊരു ശതമാനവും ഓലമേഞ്ഞവീടുകളും കുടിലുകളുമായിരുന്നു. വലിയ വീടുകൾ വിരലിലെണ്ണാവുന്നത് മാത്രമായിരുന്നു.

പഞ്ചായത്തിലെ തൊഴിൽ ചെയ്യുന്നവരിൽ 40 ശതമാനത്തോളം കർഷകത്തൊഴിലാളികളും 13 ശതമാനത്തോളം നെയ്ത്തു തൊഴിലാളികളും, പരമ്പരാഗത തൊഴിൽ മേഖലകളിൽ 10 ശതമാനത്തോളം പേരും, ബീഡി തെറുപ്പ് മേഖലയിൽ 5 ശതമാനവും ബാക്കി വരുന്നവർ വിവിധ സേവന തൊഴിൽ മേഖലകളിൽ ഉപജീവനം കണ്ടെത്തിയവരും ആയിരുന്നു.

15 വർഷംമുമ്പ് സ്ഥിതി ഇതിയാരുന്നുവെങ്കിൽ ഇപ്പോൾ ഗണ്യമായ ശതമാനം (ഏകദേശം 20%ത്തോളം) ആളുകൾ നിർമാണ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കണ്ടെത്തിവരുന്നു.

മുൻകാലങ്ങളിൽ കൂട്ട് കുടുംബ സമ്പ്രദായം സമൂഹത്തിൽ നിലനിന്നിരുന്നതിനാൽ വീടുകളുടെ എണ്ണം പൊതുവെ കുറവായിരുന്നു. എന്നാൽ പിൻകാലത്ത് സാമൂഹിക-കുടുംബ ബന്ധങ്ങളിൽ വന്ന മാറ്റങ്ങളുടെയും ആധുനികതയുടെയും ഫലമായി കൂട്ടുകുടുംബങ്ങൾ വിഭജിച്ച് അണു കുടുംബങ്ങളായിത്തീരുകയും സ്വാഭാവികമായും വീടുകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. എങ്കിലും നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഭവനരഹിതരായി നിലനിൽക്കുന്നു. ഇത് നമ്മുടെ പഞ്ചായത്ത് നേരിടുന്ന ഒരു മുഖ്യ പ്രശ്നവുമാണ്.

പഞ്ചായത്തിൽ മുൻകാലങ്ങളിലുള്ള വീടുകൾ ഭൂരിഭാഗവും ചുമരിന് മൺകട്ട ഉപയോഗിച്ചും, മേൽക്കൂര നാടൻ തടികൾ ഉപയോഗിച്ചും നിർമിച്ച് ഓലയും പുല്ലും കൊണ്ട് കെട്ടിമേഞ്ഞവയായിരുന്നു.

അങ്ങിനെ തികച്ചും പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചായുരന്നു വീടുകളുടെ നിർമാണരീതി. എന്നാൽ ഇപ്പോൾ വീടുകളുടെ വർധനവിന്റെ ഫലമായും നിർമാണത്തിനാവശ്യമായ മുകളിൽ പറഞ്ഞ പ്രാദേശിക വിഭവങ്ങളുടെ ദൗർലഭ്യം മൂലവും മേപ്പടി വസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള നിർമാണ രീതി ഇപ്പോൾ പ്രായോഗികമാവുന്നില്ല. ഇപ്പോഴത്തെ ഗൾഫ് പണത്തിന്റെ സ്വാധീനവും ആഡംബരത്തിന്റെ പിറകെയുള്ള ആധുനിക മനുഷ്യന്റെ നെട്ടോട്ടവും ഒരു പുത്തൻ ഭവനസംസ്കാരം ഉടലെടുക്കുവാൻ കാരണമായി. എന്നാൽ തച്ചുശാസ്ത്ര വിദഗ്ധൻമാരുടെ അഭാവും നിർമാണ സാമഗ്രികളുടെ ലഭ്യതയില്ലായ്മയും, പഴയ കെട്ടിടങ്ങളുടെ സുരക്ഷിത പ്രശ്നവും (അഗ്നിബാധ, പ്രകൃതിക്ഷോഭം) കെട്ടിമേയാനുള്ള തൊഴിലാളികളുടെ അഭാവവും അതിനുള്ള സാമ്പത്തിക ച്ചിലവും കോൺക്രീറ്റ് കെട്ടിടങ്ങളുടെ കടന്നുവരവിലേക്ക് വഴി തെളിച്ചു.

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ സമഗ്ര സർവ്വേ റിപ്പോർട്ട് അനുസരിച്ച് 22,564 ആണ്. ഇതിൽ പുരുഷൻമാർ 11,257 ഉം സ്ത്രീകൾ 11,307 ഉം ആണ്. ഇതിൽ 1,246 പേർ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർ ആണ്. പട്ടികജാതി വിഭാഗത്തിൽ 324 അംഗങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ മൊത്തം വീടുകളുടെ സ്ഥിതിവിവരക്കണക്ക് വാർഡ് തലത്തിൽതാഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

വാർഡ നമ്പർ	ആകെ വീടുകൾ	കോൺക്രിറ്റ്	ഓട്	ഓല	കൂടിൽ	E	NE
1	656	118	497	22	19	432	224
2	560	118	401	22	19	402	158
3	340	47	246	24	23	207	133
4	405	83	274	18	30	292	113
5	336	38	268	10	20	102	234
6	533	85	362	40	46	286	247
7	517	87	374	31	25	302	215
8	343	21	262	11	49	73	270
9	374	24	324	10	16	119	255
മൊത്തം	4064	621	3008	188	247	2215	1849

വാർഡ് വിഭജനത്തിനു മുമ്പുള്ള കണക്ക്
അലവംബം: പഞ്ചായത്ത് ഹൗസ് ലിസ്റ്റ്

സർക്കാർ ഏജൻസികൾ മുഖാന്തിരം നിർമിച്ച വീടുകളുടെ കണക്ക്

വർഷം	ബ്ലോക്ക് മുഖാന്തിരം		പഞ്ചായത്ത് മുഖാന്തിരം	
	പൂർത്തിയായത്	പൂർത്തിയകാത്തത്	പൂർത്തിയായത്	പൂർത്തിയാകാത്തത്
91-92	–	–	5	–
92-93	2	–	1	–
93-94	–	–	5	5
94-95	3	–	–	–
95-96	2	–	1	1

1980 ലെ ലക്ഷംവീട് പദ്ധതി പ്രകാരം പഞ്ചായത്ത് രണ്ട് 'ലക്ഷംവീട്' കോളനികൾ നിലവിലുണ്ട്. അവ കണ്ണാടിവെളിച്ചം, കുഴിമ്പാലോട് എന്നിവിടങ്ങളിലാണ്.

സ്ഥിതിവിവര കണക്ക് താഴെ കൊടുക്കുന്നു.

ലക്ഷംവീട് കോളനിയുടെ പേര്	വീടുകളുടെ എണ്ണം	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്
കണ്ണാടിവെളിച്ചം	24	അല്ല	24
കുഴിമ്പാലാട്	14	അല്ല	14

നാല് സെന്റ് കോളനികളുടെ പട്ടിക

കോളനിയുടെ പേര്	പതിച്ചുകൊടുത്തത്	വീടുകളുടെ എണ്ണം		വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്
		പൂർത്തീകരിച്ചത്	പൂർത്തീകരിക്കാത്തത്		
കണ്ണാടിവെളിച്ചം	4	2	2	അല്ല	–
പനയത്താംപറമ്പ്	13	13	–	4	7
മുരിങ്ങേരി (തറമ്മൽ)	5	5	–	അല്ല	9
കുഴിമ്പാലോട്	6	5	1	1	4
കുറവ	8	1	7	അല്ല	–

ഇതിൽ കണ്ണാടിവെളിച്ചം, കുഴിമ്പലോട്, കോളനികളിൽ രണ്ട് കുടംബങ്ങൾ ഒരു മേൽക്കൂരക്ക് കീഴിൽ ഒരു വീട് രണ്ടായി വിഭജിച്ച് താമസിക്കുന്നു. ഇത് കാരണം അസൗകര്യത്തോടു കൂടിയാണ് ഇവർ കഴിഞ്ഞുവരുന്നത്. മാത്രവുമല്ല ഈ വീടുകൾ വളരെ ശോചനിയാവസ്ഥയിലുമാണ്. ഇവർക്ക് പ്രത്യേകം പ്രത്യേകം വീടുകൾ നിർമിച്ച് കൊടുക്കേണ്ടതായിട്ടുണ്ട്.

മുകളിൽ പറഞ്ഞ കോളനികളിലെല്ലാം ശുദ്ധജല ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതിനാൽ അത് പരിഹരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ കോളനികളിലുള്ള പൊതുകക്കൂസിന്റെ നില വളരെ ശോചനീയമാണ്. ഇതും പരിഹരിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതിയുടെ അഭാവംമൂലം കോളനികളിലെ ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം എന്നീ മേഖലകളെ സംബന്ധിച്ചിട്ടുള്ള കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ദൃശ്യമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ കോളനികൾ മുഴുവനും വൈദ്യുതീകരിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

1992/95 IRDP സർവ്വേ പ്രകാരം വിവിധ വാർഡുകളിലെ ഭവന നിർമ്മാണത്തെ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഭവനലഭ്യതാ പട്ടിക (IRDP സർവ്വെ അനുസരിച്ച്)
പട്ടിക II

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP Survey 1992	വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളത്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം സർവ്വേ അനുസരിച്ച്
I	19	5	3	2	15
II	12	10	8	2	16
III	12	38	37	1	18
IV	25	47	28	19	25
V	45	2	2	--	43
VI	49	15	8	7	34
VII	80	4	2	2	76
VIII	120	35	32	3	85
IX	26	17	13	4	26
ആകെ	388	173	133	40	338

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ
പട്ടിക No. 1

വാർഡ്	ഓട്	കോൺക്രീറ്റ്	ഓല	ടെറസ്/ ഓട്	ഇരുനില	കുടിൽ	ആകെ
1	380	30	53				
2	192	33	12				
3	500	15	96				
4	352	70	28				
5	408	29	77				
6	282	24	11				
7	369	27	33				
8	214	66	44				
9	339	37	17				
10	377	14	74				
ആകെ							

IRDP സർവ്വേപ്രകാരം പഞ്ചായത്ത് സ്വന്തമായി വീട് ഇല്ലാത്തവരുടെ എണ്ണം 106 ആണെങ്കിലും യഥാർഥ കണക്ക് ഇതിന്റെ ചുരുങ്ങിയത് നാല് ഇരട്ടിയിലധികം വരും. അങ്ങനെ വന്നാൽ പഞ്ചായത്തിൽ മൊത്തം 500 ഓളം വീടുകൾ ആവശ്യമായിട്ടുണ്ട്. ഇതിന് സമഗ്രവും സമയബന്ധിതവുമായ ഒരു ഭവന നിർമാണ പദ്ധതി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്.

ഭവന നിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിലെ ജനങ്ങൾ വായ്പയ്ക്കായി ആശ്രയിക്കുന്നത് ചേലോറ പഞ്ചായത്തിലെ തിലാന്നൂരിൽ പ്രവർത്തിക്കുന്ന എടക്കാട് ബ്ലോക്ക് റൂറൽ ഹൗസിംഗ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി, കണ്ണൂരിലെ പ്രഥമിക കാർഷിക വികസന ബാങ്ക്, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, LIC, കേരള സംസ്ഥാന ഭവന നിർമാണ ബോർഡ് എന്നീ സ്ഥാപനങ്ങളെയാണ്. പക്ഷേ ഇതിന് വ്യാപകമായ പ്രചരണമില്ലായ്മയും വർധിച്ച പലിശനിരക്കും വായ്പകിട്ടാനുള്ള കാലതാമസവും, വായ്പ അനുവദിക്കുന്നതിലെ സങ്കീർണമായ നിബന്ധനകളും നടപടിക്രമങ്ങളും മൂലം ഇത് പ്രയോജനപ്പെടുത്തുന്നതിൽ ജനങ്ങൾ വിമുഖത പ്രകടിപ്പിക്കുന്നു. ഇത് പഹിഹരിക്കുന്നതിനായി വ്യാപകമായ പ്രചരണം ഇതിനായി കൊടുക്കേണ്ടതാണ്.

നെൽപ്പാടം നികത്തി വീടുപണിയുന്ന പ്രവണത നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങായി കണ്ടുവരുന്നു. ഇതിനുകാരണം പ്രധാനമായും പല പ്രദേശങ്ങളും ഉയർന്ന തലത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കൊണ്ടും റോഡ്, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളുടെ അഭാവവുമാണ്.

നെൽപ്പാടം നികത്തി വീടുകൾ നിർമിക്കുന്ന് കർശനമായി തടയാൻ ആവശ്യമായ നിയമനിർമാണം സർക്കാതലത്തിൽതന്നെ ഉണ്ടാക്കുകയും അത് കർശനമായി നടപ്പിലാക്കുന്നിനുള്ള അധികാരം നൽകുകയും ചെയ്യണം. പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും വൈദ്യുതി, കുടിവെള്ളം, റോഡ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ മേൽപറഞ്ഞ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ചെങ്കല്ല്, ഉരുളൻകല്ല്, മൺകട്ട, പരിമിതമായ തോതിൽ മരങ്ങളും, ഓലയുമാണ് ലഭ്യമായിട്ടുള്ളത്. പാർപ്പിട നിർമാണ സാമഗ്രികൾ മറ്റു വ്സുക്കളായ കരിങ്കല്ല്, ജെല്ലി, പൂഴി, ഇഷ്ടിക, സിയമന്റ്, കമ്പി, ഓട് തുടങ്ങിയവയും മറ്റ് അസംസ്കൃത വസ്തുക്കളും അന്യ സ്ഥലങ്ങളിൽ നിന്ന്കൊണ്ട് വരുന്നു. ഇത് മൂലം ഗണ്യമായ തോതിൽ നിർമാണച്ചിലവ് വർധിക്കുന്നുണ്ട്. ചെങ്കല്ല് മേഖലയിലും കരിങ്കല്ല് മേഖലയിലും യന്ത്രവൽക്കരണം മൂലം ഉൽപ്പാദന വർധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഉപഭോക്താക്കൾ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന് മാത്രമല്ല തൊഴിലാളികൾക്ക് അവരുടെ തൊഴിലവസരം നഷ്ടപ്പെടുക കൂടി ചെയ്യുന്നു. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽതന്നെ സാധന സാമഗ്രികൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംഘങ്ങൾ രൂപീകരിക്കുന്നത് വളരെ പ്രയോജനപ്രദമായിരിക്കും.

കെട്ടിടനിർമാണ സാമഗ്രികളുടെ വില വിവര താരതമ്യ പഠന പട്ടിക 1 ചുവടെ കൊടുക്കുന്നു.

വർഷം	നിർമ്മാണ സാധന സാമഗ്രികൾ						
	സിമന്റ് 1 ചാക്കിന് (50kg)/Rs	കമ്പി Q/Rs	ഇഷ്ടിക 1000/Rs	ചെങ്കല്ല് 1000/Rs	മരിങ്കല്ല് 1ലോഡ്/Rs	മണൽ 1ലോഡ്/Rs	ഓട് 1000/Rs
1990-91	70/- — 80/-	850/- — 950/-	2000/- — 2500/-	3500/- — 4500/-	350/- — 400/-	400/- — 500/-	2500/- — 3000/-
1992-93	100/- — 120/-	1000/- — 1200/-	2500/- — 3000/-	5000/- — 6000/-	400/- - 500/-	550 - 650/-	3000/- — 3600/-
1994-95	130/- — 150/-	1200/- — 1400/-	3000/- — 3500/-	6000/- — 7000/-	550/- — 600/-	700/- - 800/-	3600/- — 4000/-
1996-97	170 - 190/-	1600/- — 1800/-	3500/- — 4500/-	7000/- — 7500/-	700/- — 750/-	850/- — 950/-	4000/- — 4500/-

നിർമാണ തൊഴിലാളി ദിവസവേതന നിരക്കിന്റെ പട്ടിക ചുവടെ കൊടുക്കുന്നു

വർഷം	വിഭാഗം					
	ആശാരി Carpentary Rs/day	പെണ്ണുതേനി (mason) Rs/day	കോൺക്രീറ്റ് പുരുഷൻ Rs/day	സ്ത്രീ Rs/day	നിർമ്മാണവുമായി ബന്ധപ്പെട്ട് ട്രെഡ്മേയിൽ പുരുഷൻ	സ്ത്രീ
1990-91	55/- — 70/-	55/- — 70/-	70/- — 90/-	50/- — 60/-	55/- 70/-	30/- 35/-
1992-93	70/- — 90/-	70/- — 90/-	90/- — 115/-	60/- — 80	65 - 80/-	35/- 40
1994-95	90/- — 110/-	90/- - 110/-	115/- — 130/-	80/- — 90/-	80/- — 90/-	40/- 45/-
1996-97	115/- — 140/-	110/- — 140/-	120/- — 160/-	90/- 110/-	90/- — 110/-	45/- — 55/-

നിർമാണ തൊഴിലാളികളിൽ അവിദഗ്ദ തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ യഥേഷ്ടം ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഈ രംഗത്ത് വിദഗ്ധ തൊഴിലാളികളായ ആശാരിമാർ, പെരുതേരിമാർ മുതലായവരെ ആവശ്യത്തിനു ലഭിച്ചുവരുന്നില്ല.

നിർമാണ തൊഴിലാളികൾക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂലി നിരക്കിൽ ഏറ്റകുറച്ചിലുകൾ കാണുന്നുണ്ട്. ഇതിൽതന്നെ പുരുഷ-സ്ത്രീ തൊഴിലാളികൾക്കായി വലിയ അന്തരം നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കിടയിലാണ് ഇത് നിലനിൽക്കുന്നത്. ഇതിന് തൊഴിലാളികളെ ബോധവത്കരിച്ച് പഞ്ചായത്തിൽ ഏകീകൃത കൂലിനിരക്ക് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

നിർമാണ മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് വിദഗ്ധ അവിദഗ്ധ തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് ആവശ്യമായ തൊഴിലാളികളെ ലഭ്യമാക്കാവുന്നതാണ്. വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഇത്തരം സംഘങ്ങളിലൂടെ തൊഴിലാളികളെ പുതുതായി പരിശീലിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനുവേണ്ടി വിദഗ്ധരായ തൊഴിലാളികളെ ഇൻസ്ട്രക്ടറായി നിയമിച്ച് പഞ്ചായത്ത് മുഖാന്തിരം തൊഴിലില്ലാത്ത യുവജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിച്ച് സ്റ്റൈപന്റോടുകൂടി ആവശ്യമായ പരിശീലനം നൽകാം. ഇങ്ങനെ പാർപ്പിടനിർമാണ രംഗത്ത് ഒരു 'ലേബർ സപ്ലൈസൊസൈറ്റിയും' 'മെറ്റീരിയൽ സപ്ലൈ സൊസൈറ്റിയും' പഞ്ചായത്ത്തലത്തിൽ പ്രത്യേകം പ്രത്യേകം രൂപീകരിച്ച് നിർമാണരംഗത്ത് പുത്തൻ തൊഴിൽ സംസ്കാരം വളർത്തിയെടുക്കാവുന്നതാണ്.

തങ്ങളുടെ ആവശ്യത്തിലും കവിഞ്ഞ് കൂടുതൽ വലിപ്പത്തിൽ വീടുപണിയുന്ന പ്രവണത നിമിത്തം നിർമ്മാണ സാമഗ്രികൾക്ക് ക്ഷാമത്തിനും തന്മൂരം വിലക്കയറ്റത്തിനും ഇടയാക്കുന്നു. ഇത് പരിഹരിക്കുന്നതിന് വീടുപണിക്ക് കർശനമായ നിയന്ത്രണങ്ങൾ സർക്കാർ/ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്. ദുർബ്ബല വിഭാഗകാർക്കും, ഇടത്തരം വരുമാനക്കാർക്കും വീട് എടുക്കുന്നതിന് പരമാവധി തറ വിസ്തീർണം പരിധി നിശ്ചയിച്ചുകൊണ്ട് സബ്സിഡി നിരക്കിൽ സിമന്റ്, കമ്പി തുടങ്ങിയ സാമഗ്രികൾ ലഭ്യമമാക്കേണ്ടതാണ്.

ആവശ്യത്തിൽ കവിഞ്ഞ വിസ്തീർണത്തോട് കൂടിയവീട് നിർമിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് വർഷാവർഷങ്ങളിൽ ഫൈൻ ഈടാക്കുകയും കുറഞ്ഞ വിസ്തീർണത്തിൽ വീട് നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു നിശ്ചിത തറ വിസ്തീർണമുള്ള വീടുകൾക്ക് കെട്ടിട നികുതിയിൽ ഇളവ് നൽകുകയും ചെയ്യണം.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രോഡീകരിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുക.
2. കെട്ടിട നിർമാണരംഗത്തെ വിദഗ്ധ-അവിദഗ്ദ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുക.
3. നിർമാണ സാമഗ്രികൾ മൊത്തമായി വാങ്ങി വിതരണം നടത്തുന്ന സൊസൈറ്റി രൂപീകരിക്കുക. (procurement and supply society)
4. കെട്ടിടനിർമാണ രംഗത്തെ ആശാരി, പെരുതേരി തുടങ്ങിയ വിദഗ്ദ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിലേക്ക് പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.
5. ദുർബ്ബല, ഇടത്തര വിഭാഗങ്ങൾക്ക് പാർപ്പിടം നിർമിക്കുന്നതിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ (പ്രത്യേകിച്ച് സിമന്റ്, കമ്പി) മമുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
6. വിവിധ സ്ഥാപനങ്ങൾ വിഴി നൽകുന്ന ഭവന നിർമാണ വായ്പാ സാധാരണക്കാരന് എളുപ്പത്തിൽ ലഭ്യമാക്കുന്നവിധം നടപടിക്രമങ്ങൾ ലഘൂകരിക്കുക. (നിർമിക്കുന്ന വീടും, സ്ഥലവും മാത്രം ഈടായി സ്വീകരിച്ചുകൊണ്ട് വായ്പ അനുവദിക്കുക.
7. ദുർബല-ഇടത്തര വിഭാഗങ്ങൾക്ക് ഭവന നിർമാണ വായ്പയ്ക്കുള്ള പണയാധാരങ്ങൾക്കും മറ്റും ഉള്ള രജിസ്ട്രേഷൻ ഫീസും പൂർണമായും ഒഴിവാക്കുക.
8. ചിലവ് കുറഞ്ഞ വീട് നിർമാണത്തിന് പ്രചാരവും പ്രോത്സാഹനവും നൽകുക.

വീട് നിർമാണത്തിലെ പാഴ്ചിലവുകൾ ഒഴിവാക്കുന്നതിന് ഗ്രാമീണർക്ക് ഈ രംഗത്തെ സാങ്കേതിവിദഗ്ധരുടെ ഉപദേശം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുക.

9. ബിൽഡിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ കേന്ദ്രങ്ങൾ ആവിഷ്കരിക്കുന്ന കെട്ടിട നിർമാണത്തിലെ ചിലവ് കുറക്കുന്ന പുതിയ സാങ്കേതിക വിദ്യകൾ ഗ്രാമീണതലത്തിൽ നടപ്പിലാക്കുന്നതിന് പദ്ധതികൾ കൊണ്ടുവരിക.

10. വിവിധ സർക്കാർ-സർക്കാരേതര ഏജൻസികൾ എന്നിവ മുഖാന്തരം നൽകുന്ന വായ്പാതുക ഉയർത്തുക. ഇതിൽതന്നെ jry, mws, iay രാജീവ് ദശ ലക്ഷം പാർപ്പിട പദ്ധതി എന്നിവയുടെ വായ്പ/ഗ്രാന്റ് 50,000 രൂപയായി വർധിപ്പിക്കുക.

11. ആവശ്യമായ വിസ്തീർണത്തിലും കവിഞ്ഞ വീടുനിർമിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനു തകുമാറ് കെട്ടിടനിർമാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുകയും അത് കർശനമായി നടപ്പിലാക്കുകയും ചെയ്യുക. ഇതിനായി ബോധവൽക്കരണവും ആവാം.

12. കുറഞ്ഞ തറ വിസ്താരത്തിൽ വീടു നിർമിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായയി നിശ്ചിത തറ വിസ്തീർണമുള്ള വീടുകളെ കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കുകയും കൂടിയവയ്ക്ക് വർഷാവർഷങ്ങളിൽ പിഴ/സർച്ചാർജ് ഈടാക്കുകയും ചെയ്യുക.

13. ഭാവിയിലെ സ്ഥലലഭ്യതയുടെ പരിമിതി മുൻപിൽ കണ്ടുകൊണ്ട് ഭൂരഹിതരും, ഭവനരഹിതരുമായ ദുർബല-ഇടത്തര വിഭാഗങ്ങൾക്ക് മിച്ചഭൂമി, പുറമ്പോക്ക് ഭൂമി, കനാൽഭൂമി എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ടോ അല്ലാത്ത പക്ഷം പഞ്ചായത്ത് അല്ലെങ്കിൽ സർക്കാർ നിശ്ചിതകേന്ദ്രങ്ങളിൽ ഭൂമി വാങ്ങി അവിടെ ഫ്ളാറ്റുകൾ നിർമിച്ച് ലഘുതവണ വ്യവസ്ഥകളിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.

14.

15. പഞ്ചായത്തിൽ നിലവിലുള്ള ലക്ഷംവീട് കോളനികളിൽ (കുഴിമ്പാലോട്, കണ്ണാടിവെളിച്ചം) ശോച്യാവസ്ഥയിലായ 'ഇരട്ടവീടു'കൾ (ഒരേ മേൽക്കൂരക്കുകീഴിൽ രണ്ടു കുടുംബങ്ങൽ താമസിക്കുന്ന) പൊളിച്ചുമാറ്റി പകരം ഓരോ കുടംബത്തിലും പ്രത്യകം പ്രത്യേകം വീടുകൾ നിർമിക്കുക.

16. എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ (കുടിവെള്ളം, വൈദ്യുതി, കക്കൂസ്) തുടങ്ങിയവ ലഭ്യമാക്കുക. കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുകയും വർഷാവർഷങ്ങളിൽ അറ്റകുറ്റപണിക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

17. സാധാരണക്കാർക്ക് ഓലമേഞ്ഞവീട്, ഓടിട്ടതാക്കി മാറ്റാനും അതുപോലെതന്നെ വീടു പുതുക്കിപണിയാനും പഞ്ചായത്തുമുഖേന ധനസഹായം അനുവദിക്കാനുള്ള നടപടികൾ ഉണ്ടാകണം.

18. കുഴിമ്പാലോട് മെട്ടക്ക് കൊറഗർക്ക സമുദായത്തിൽപെട്ടവർക്ക് പതിച്ചുകൊടുത്ത സ്ഥലം ഒരാൾ മാത്രമേ വീടു നിർച്ചു പ്രയോജനപ്പെടുത്തിയിട്ടുള്ളു. ബാക്കിയുള്ള പ്രയോജനപ്പെടുത്താത്തവരുടെ സ്ഥലം പഞ്ചായത്ത് തിരികെ വാങ്ങി അർഹതപ്പെട്ട ഭൂഭവന രഹിതർക്ക് വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പ്രസ്തുത കോളനിയിൽ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

19. അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖാന്തിരം ഭവന നിർമാണത്തിനും റിപ്പയർ ചെയ്യുന്നതിനും ബാങ്ക് വായ്പ സഹായം ഇപ്പോൾ നൽകുന്നില്ല. ഇത്തരം ആവശ്യങ്ങൾക്കു കൂടി ചുരുങ്ങിയ പലിശ നിരക്കിൽ (ലഘുതവണകളോടുകൂടി ദീർഘകാല അവധിയിൽ) വായ്പ അനുവദിക്കുക.

ഇത്രയും നിർദേശങ്ങൾ പഞ്ചായത്ത്/സർക്കാർ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണെങ്കിൽ പഞ്ചായത്തിലെ പാർപ്പിട സംബന്ധമായ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടും. ഇങ്ങനെ നമ്മുടെ പഞ്ചായത്തിലെ എല്ലാവർക്കും 'അന്തിയുറങ്ങാൻ സ്വന്തമായ ഒരു വീട്' എന്ന സ്വപ്നം ഒരു യാഥാർഥ്യമാക്കിതീർക്കുവാൻ കഴിയും എന്ന് നമുക്ക് പ്രത്യാശിക്കാം.

സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് നമ്മുടെ പഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിച്ചിട്ടില്ല എന്നത് ഒരു

യാഥാർഥ്യമായി നിലനിൽക്കുന്നു. എങ്കിലും പ്രസ്തുത രംഗത്ത് ഒരു മുന്നേറ്റത്തിനുള്ള ഒരുക്കങ്ങൾ നടന്ന് വരികയാണ്.

സാമൂഹ്യക്ഷേമരംഗത്ത്, ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള ദാരിദ്ര നിർമാർജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിലുള്ള ക്ഷേമ പദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത്.

പൂർമമായും കേന്ദ്രഗവൺമെന്റിനാൽ ആവിഷ്കൃതമായതും കന്ദ്രസംസ്ഥാന ഗവൺമെന്റുകൾ തുല്യ വിഹിതം ചിലവഴിച്ച് നടത്തുന്ന ദാരിദ്ര നിർമാജന പദ്ധതിയും, തൊഴിലാളി തൊഴിലുടമ സഹായത്തോടെ വിവിധ ക്ഷേമനിധിബോർഡുകൾ മുഖേന നടപ്പാക്കുന്നവയുമായി ഇതിനെ രണ്ടായി തരംതിരിക്കാം. ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി- പട്ടികവർഗ വികസനത്തിനും ക്ഷേമത്തിലുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്രനിർമാജന പദ്ധതി (irdp) മുഖേനയുള്ള സഹായങ്ങളാണ്. വലിയ തോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. മറ്റ് പദ്ധതികളുടെ ആനുകൂല്യം നാമമാത്രമായി മാത്രമേ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്നുള്ളു.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമായി തന്നെ കാണാവുന്നതാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ട പലർക്കും കിട്ടാതിരിക്കുക ബോധവൽക്കരണത്തിന്റെ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടാതിരിക്കുക, അനുവദിച്ച് കിട്ടാനുള്ള സങ്കീർണമായ നടപടിക്രമങ്ങൾ എന്നിവയൊക്കെ പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു.

ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര നിർമാജന പദ്ധതികളിൽ പ്രധാനപ്പെട്ടതായ ഐ.ആർ.ഡി.പി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ മറ്റുള്ള പദ്ധതികളെ അപേക്ഷിച്ച് അൽപം ലളിതവത്കൃതമാണെന്ന് പറയാവുന്നതാണ്.

എങ്കിലും ദേശസാൽകൃതബാങ്കുകൾ ഈ സ്കീം അനുവദിച്ച് വായ്പ നൽകുന്നതിൽ വളരെ വിമുഖതയാണ് കാട്ടുന്നത്. മുൻപ് ഈ പദ്ധതിനുസരിച്ച് വായ്പ വാങ്ങിയവരിൽ വളരെ ചുരുക്കം ചിലർ തിരിച്ചടവിൽ വരുത്തിയ വീഴ്ചയെ പെരുപ്പിച്ചുകാണിച്ചുകൊണ്ടും മറ്റു സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടിയും വായ്പ നിഷേധിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. സമൂഹത്തോടുള്ള ബാധ്യതയും കടപ്പാടും ഉൾക്കൊണ്ടുകൊണ്ട് തങ്ങളുടെ കർതവ്യം നിർവഹിക്കുവാൻ ദേശസാൽകൃത ബാങ്കുകൾ തയാറായെങ്കിൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഈ രംഗത്ത് പഞ്ചായത്തിന് അനുവദിച്ച ലക്ഷ്യം കൈവരിക്കുന്നതിൽ ഇവിടുത്തെ സഹകരണ ബാങ്കും ഗ്രാമീണ ബാങ്കും വളരെയധികം സഹകരിച്ച വസ്തുത പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു.

ഈ പദ്ധതിയുടെ ബോധവൽക്കരണത്തിനായി ഓരോ വർഷവും ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബ്ലോക്ക്തലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടെങ്കിലും അതു വേണ്ടത്ര ഫലപ്രദമല്ല. ഇതു പരിഹരിക്കുന്നതിനു പഞ്ചായത്ത് തലത്തിൽ തന്നെ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസുകളും നടത്തേണ്ടതായുണ്ട്.

തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിവിധ ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമാണ തൊഴിലാളികൾ, ബീഡി തെറുപ്പ് തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ എന്നിവരാണ് കൂടുതലുള്ളതെങ്കിലും തയ്യൽ തൊഴിലാളികൾ, കരകൗശല, മറ്റു വിദഗ്ധ തൊഴിലാളികൾ എന്നിവരും നല്ലൊരു ശതമാനമുണ്ട്. പഞ്ചായത്തിലെ വിവിധ ബഹുജന തൊഴിലാളി സംഘടനകളുടെ പ്രവർത്തന ഫലമായി മേൽപ്പറഞ്ഞ തൊഴിലാളികളിൽ ഉദ്ദേശ്യം 90 ശതമാനത്തോളം പേരും ക്ഷേമനിധികളിൽ ഇതിനകം തന്നെ അംഗങ്ങളായിട്ടുണ്ട്. ബാക്കിയുള്ള മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാനും അതോടൊപ്പംതന്നെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വളരെ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പട്ടികജാതി പട്ടികവർഗ കോർപറേഷന്റെ ആനുകൂല്യങ്ങളും നാമമാത്രമായ തോതിലേ പഞ്ചായത്തിൽ ലഭിക്കുന്നുള്ളൂ. പദ്ധതികളെ സംബന്ധിച്ച അജ്ഞതയും പ്രചാരണത്തിന്റെയും ബോധവൽക്ക

രണത്തിന്റെയും അഭാവവും ഇതിനൊരു കാരണമാണ്.

വനിതകളുടെ വികസനത്തിനും ക്ഷേമത്തിനുമായി രൂപവൽക്കൃതമായ വനിതാ വികസന കോർപറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ ഈ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറേയില്ല. ജില്ലാ ആസ്ഥാനത്ത് കോർപറേഷന്റെ ഓഫീസുകൾ സ്ഥാപിക്കുകയും സ്ത്രീജനങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യേണ്ട നടപടികൾ ഈ രംഗത്ത് ആവശ്യമാണ്.

സാമൂഹിക ക്ഷേമരംഗത്ത് തടസം നിൽക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മാ പ്രശ്നം. ഇതു പരിഹരിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം മുഖേന നടപ്പിലാക്കുന്ന പി.എം.ആർ.വൈ., ചെറുകിട വ്യവസായ വികസന പദ്ധതി എന്നിവയുടെ ആനുകൂല്യം വളരെ പരിമിതമായ തോതിൽമാത്രമേ നമ്മുടെ പഞ്ചായത്തിനു ലഭിക്കുന്നുള്ളൂ. ഈ പദ്ധതി അനുസരിച്ച് വായ്പ അനുവദിക്കാൻ ദേശസാൽകൃത ബാങ്കിനു മാത്രമേ അനുമതിയുള്ളൂ. നമ്മുടെ പഞ്ചായത്തിൽനിന്നും ജില്ലാ വ്യവസായകേന്ദ്രം പി.എം.ആർ. വൈ. പദ്ധതി അനുസരിച്ച് ശുപാർശ ചെയ്ത നിരവധി അപേക്ഷകൾ നമ്മുടെ ദേശസാൽകൃതി ബാങ്ക് നിരസിക്കുകയാണുണ്ടായത്. ഇതു മാറ്റിയെടുക്കേണ്ടതായുണ്ട്. മാത്രമല്ല, ഗ്രാമീണബാങ്ക്, സ്ഥലത്തെ സർവീസ് സഹകരണ ബാങ്ക് എന്നിവയിൽ കൂടിയും മേൽ പദ്ധതി പ്രകാരമുള്ള വായ്പ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

സാമൂഹിക ക്ഷേമരംഗത്ത് ഒരു പരിധിവരെ നമ്മുടെ പഞ്ചായത്തിന് സഹായം ലഭ്യമായിക്കൊണ്ടിരിക്കുന്നത് എടക്കാട് വികസന ബ്ലോക്കിൽ കൂടിയാണ്. ഇതിനു കീഴിലുള്ള അഞ്ചരക്കണ്ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് വഴി, ഐ.ആർ.ഡി.പി, യുവജനങ്ങൾക്കുള്ള ട്രൈസം പരിശീലന പരിപാടി, ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി (ഡി.ഡബ്ല്യു.സി.ആർ.എ), ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമാണ, സി.ആർ.എസ്.പി. പദ്ധതി പ്രകാരമുള്ള സാനിട്ടറി കക്കൂസ് നിർമാണം, പരമ്പരാഗത കൈത്തൊഴിലുകൾക്കുള്ള ആധുനിക തൊഴിലുപകരണ പദ്ധതി (ആർ. എ.പി.), സാമൂഹിക വനവൽക്കരണ പരിപാടി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഐ.ആർ.ഡി.പി. പദ്ധതി

അഞ്ചരക്കണ്ടി വി.ഇ.ഒ. സർക്കിളിൽ 1992-ൽ നടന്ന ഐ.ആർ.ഡി.പി. സർവേ പ്രകാരം 1027 കുടുംബങ്ങളും 1995-ലെ അഡീഷണൽ സർവേ പ്രകാരമുള്ള 419 കുടുംബങ്ങളും ഉൾപ്പെടെ മൊത്തം 1446 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്താൻ കഴിയാത്തവരായു ഉണ്ട്. ഇതുംകൂടി കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ 1600 ഓളം വരും. ഇതുവരെ സർക്കാരിൽനിന്നും അനുവദിക്കുന്ന കുറ്റ അനുസരിച്ച് ഓരോവർഷവും വളരെ കുറഞ്ഞ എണ്ണം ആളുകൾക്കുമാത്രമേ സഹായം ലഭിക്കുന്നുള്ളൂ. എങ്കിലും 1992-93 മുതൽ 1995-96 വരെയുള്ള കാലയളവിൽ മൊത്തം 118 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഐ.ആർ.ഡി.പി. പദ്ധതിയിൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 16 പട്ടികജാതി കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. പട്ടികവർഗ കുടുംബങ്ങൾ പഞ്ചായത്തിൽ തീരെയില്ല. മേൽക്കാണിച്ച 118 കുടുംബങ്ങൾക്ക് സബ്സിഡി ഇനത്തിൽ 4,13067 രൂപയും വായ്പാ ഇനത്തിൽ 11,90627 രൂപയും ചേർത്ത് ആകെ 16,03694 രൂപ വിതരണം ചെയ്തതായി കണക്കുകളിൽനിന്ന് വ്യക്തമാകുന്നുണ്ട്. 1995-96 വർഷത്തിൽ സഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണത്തിൽ സാരമായ കുറവും ഉണ്ടായിട്ടുണ്ട് എന്നും കാണുവാൻ കഴിയും. ഇതിന്റെ കാരണം പരിശോധിച്ചാൽ പഞ്ചായത്തിലെ ഏക ദേശസാൽകൃത ബാങ്കുകളിലേക്ക് ബ്ലോക്കിൽനിന്നും വായ്പ പാസാക്കിയ നിരവധി അപേക്ഷകൾക്ക് വായ്പ കിട്ടാതെ വന്നതിനാൽ നടപ്പിലാക്കിയിട്ടില്ല. കൂടാതെ സഹകരണ ബാങ്കിന് ദേശീയ കൃഷി- ഗ്രാമീണ വികസനബാങ്കിൽ (നബാർഡ്) നിന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും ലഭിക്കാറുള്ള പുനർവായ്പാ സഹായം ലഭ്യമില്ലാത്തും ഒരു കാരണമായി ഭവിച്ചിട്ടുണ്ട്.

ഐ.ആർ.ഡി.പി. സഹായ ലഭ്യതാ കണക്ക്

പട്ടിക-1

വർഷം	കുടുംബങ്ങളുടെ എണ്ണം	സബ്സിഡി	വായ്പ	വിതരണം ചെയ്ത ആകെ തുക
1992-93	21	5,60,28	1,13,512	1,69540
1993-94	37	1,14,583	2,03025	3,17,618
1994-95	38	1,57,107	4,77,543	6,34,650
1995-96	22	85,349	3,96,547	4,81,896
ആകെ	118	4,13,067	11,90,627	16,03694

ഐ.ആർ.ഡി.പി. യൂണിറ്റുകൾക്ക് മുതൽമുടക്ക് വർധിപ്പിക്കുന്നതിനും കുടുംബത്തിലെ ഒന്നിൽകൂടുതൽ അംഗങ്ങൾക്ക് വ്യത്യസ്ത തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുതൽ മുടക്കുസംഖ്യ ഐ.ആർ.ഡി.പി.യിൽ അനുവദിക്കുന്നതിനും തദ്വാര കുടുംബവരുമാനത്തിൽ ഗണ്യമായ വർധനവ് ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് 1994-95 വർഷം മുതൽ ഐ.ആർ.ഡി.പി. പദ്ധതിയുടെ ഒരു ഉപവിഭാഗമായി നടപ്പിലാക്കുന്ന ഫാമിലി ക്രഡിറ്റ് പ്ലാൻ (എഫ്.സി.പി) പദ്ധതിപ്രകാരം 1995-96 വർഷത്തിൽ എട്ടു കുടുംബങ്ങൾക്കും 1995-96 വർഷത്തിൽ ഒമ്പതു കുടുംബങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. ഇതുകൂടെ ഉൾപ്പെട്ടതാണ് മേപ്പടി പട്ടിക-1ൽ കാണിച്ചിട്ടുള്ളത്. എഫ്.സി.പിയുടെ കാര്യത്തിൽ ബ്ലോക്കിലെ മറ്റു പഞ്ചായത്തികളെ അപേക്ഷിച്ച് മെച്ചപ്പട്ട ഒരു പ്രവർത്തനം തന്നെ ഉണ്ടായിട്ടുണ്ട് എന്നു കാണുവാൻ സാധിക്കും. ഈ പദ്ധതിയനുസരിച്ച് മുടക്കുമുതൽ കൂടതലാണെന്ന കാര്യം പരിഗണിച്ച് സബ്സിഡി തുട വർധിപ്പിക്കേണ്ടതാണ്.

ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം പഞ്ചായത്തിൽ പദ്ധതിയുടെ ആരംഭം മുതൽ (1980-81) സഹായം നൽകിയത് സംബന്ധിച്ചും ഐ.ആർ.ഡി.പി. സർവേ പ്രകാരം ധനസഹായം നൽകാൻ ബാക്കിയുള്ള കുടുംബങ്ങളെ സംബന്ധിച്ചും വാർഡ് തലത്തിലുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പാർപ്പിടം, സാമൂഹ്യക്ഷേമം

ഐ.ആർ.ഡി.പി സഹായം ലഭിച്ചതും ലഭിക്കാനുള്ളതുമായ കുടുംബങ്ങൾ

വാർഡ് നമ്പർ	കുടുംബങ്ങളുടെ എണ്ണം. (1992,95 സർവ്വെ)	ഇതിൽ Sc/St കുടുംബങ്ങൾ	പദ്ധതിയുടെ തുടക്കം മുതൽ നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്രരേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
I	272	5	68	4	46	246
II	119	3	45	-	29	106
III	112	3	43	3	30	95
IV	182	3	65	2	49	149
V	176	5	66	5	51	140
VI	124	4	88	4	76	60
VII	109	7	117	7	62	62
VIII	230	2	51	2	39	203
IX	122	6	46	6	36	96
X	-	-	-	-	-	-
ആകെ	1.446	38	589	33	418	1,157

വാർഡ് x പുതുതായി രൂപീകരിച്ച വാർഡായതിനാൽ പ്രസ്തുത വാർഡിലെ കണക്ക് പ്രത്യേകമായി ലഭ്യമല്ല. പ്രസ്തുത വാർഡിൽ വാർഡ് 1 ന്റെ പ്രദേശങ്ങളാണ് കൂടുതലായും ഉൾപ്പെട്ടിട്ടുള്ളത്. അതിനാൽ വാർഡ് 1 ൽ കാണിച്ച കണക്കുകൾ വാർഡ് x ന്റേത് കൂടി ഉൾപ്പെട്ടതാണ്.

മുകളിൽ കാണിച്ച പട്ടികയിൽ സൂചിപ്പിച്ച പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെ ഇനിയുള്ള 1157 കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് പദ്ധതിയുടെ സഹായമെത്തിക്കുന്നതിനുള്ള ഒരു സമഗ്രവും സമയബന്ധിതവുമായ കർമപരിപാടി സർക്കാരും പഞ്ചായത്തും ആവിഷ്കരിക്കേണ്ടതുണ്ട്.

ഈ പദ്ധതിയനുസരിച്ച് മുൻവർഷങ്ങളിൽ സഹായം ലഭിച്ചവരും എന്നാൽ അവരിൽ ദാരിദ്രരേഖക്ക് മുകളിലെത്താൻ കഴിയാതെ പോയതുമായ ആളുകൾക്ക് നിലവിൽ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് വളരെ ഖേദകരമായ ഒരു കാര്യമാണ്. ഇത്തരം ആളുകൾക്ക് കൂടി ഈ പദ്ധതി അനുസരിച്ച് വീണ്ടും ആനുകൂല്യം നൽകിയാൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു. കൂടാതെ സബ്സിഡി തുകയും കാലോചിതമായി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

ഇപ്പോൾ ഈ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാനപരിധി വർഷത്തിൽ 11,000 രൂപയാണ്. ഇത് കാലോചിതമായി പരിഷ്കരിച്ച് നിശ്ചയിക്കേണ്ടതാണ്. കൂടാതെ ഐ.ആർ.ഡി.പി. കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള കുടുംബസർവ്വെ എല്ലാ വർഷവും നടത്തേണ്ടതായിട്ടുണ്ട്. ഇപ്രകാരം ചെയ്യുകയാണെങ്കിൽ ഓരോ വർഷവും ഏറ്റവും അർഹതപ്പെട്ട ഗുണഭോക്താക്കളെത്തന്നെ തിരഞ്ഞെടുക്കുവാൻ കഴിയും. കൂടാതെ ഈ സ്കീം കൂടുതൽ ആകർഷകമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഗ്രാമീണ വനിത-ശിശുവികസന പരിപാടി (DWCRA)

ഗ്രാമീണവനിതകളുടെ ക്ഷേമം ലാക്കാക്കികൊണ്ട് സ്ത്രീകൾക്ക് മാത്രമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഇതനുസരിച്ച് ഐ.ആർ.ഡി.പി. പ്രകാരം ദരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നും 10മുതൽ 20 വരെ സ്ത്രീകളെ തിരഞ്ഞെടുത്ത് അവരുടെ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കുന്ന സ്കീമിന്റെ വിജയസാധ്യത പരിഗണിച്ചും ഒരു തൊഴിൽ സംരഭം ആരംഭിച്ച് നടത്തിക്കൊണ്ടുപോവുകയും തദ്വാര അവർക്ക് തൊഴിലും വരുമാനവും സാമൂഹ്യ ഉന്നതിയുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 4 യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. അവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

DWCRA യൂണിറ്റുകൾ

ക്രമ നമ്പർ	തുടങ്ങിയ വർഷം	സംരംഭത്തിന്റെ പേര്	ഗുണഭോക്താക്കളുടെ എണ്ണം.			അനുവദിച്ച സബ്സിഡി (രൂപ)	അനുവദിച്ച വായ്പ	ആകെ മുതൽ മുടക്ക്	റിവോൾവിങ്ങ് ഫണ്ട്
			SC	OC	ആകെ				
1	1990-91	റെഡിമെയ്ഡും, കറിപൗഡർ നിർമാണവും	-	14	14	40,775 രൂപ	99,225 രൂപ	1,40,000 രൂപ	15,200 രൂപ
2	1991-92	കരിങ്കൽ ജില്ലി ഉടക്കൽ	1	9	10	21,000 രൂപ	39,000 രൂപ	60,000 രൂപ	15,200 രൂപ
3	1992-93	തേങ്ങവാങ്ങി കൊപ്രയാക്കി വിൽക്കൽ	1	9	10	26,250 രൂപ	48,750 രൂപ	75,000 രൂപ	15,200 രൂപ
4	1994-95	കറവപ്പശുവളർത്തൽ	-	10	10	40,000 രൂപ	1,06,000 രൂപ	1,46,000 രൂപ	15,200 രൂപ

മേൽപ്പറഞ്ഞ യൂണിറ്റുകളിൽ ക്രമനമ്പർ 2,4 എന്നിവ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. 1,3 എന്നിവയുടെ പ്രവർത്തനം അൽപം മന്ദീഭവിച്ചിട്ടാണ് കാണുന്നത്. DWCRA യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് മഹിളാ സമാജം പോലുള്ള സന്നദ്ധ സംഘടനകളും മറ്റും ഗ്രാമ പഞ്ചായത്തും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വിപണന സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുവാനുള്ള സാമൂഹ്യ പിന്തുണകൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ ഭാവിയിൽ ഈ പദ്ധതി പ്രകാരം രൂപീകരിക്കപ്പെടുന്ന ഗ്രൂപ്പുകളുടെ അംഗസംഖ്യ മിനിമം 10 എന്നത് 5 ആക്കി കുറക്കുന്നതും നന്നായിരിക്കും. പട്ടികജാതി-പട്ടികവർഗ കുടംബങ്ങൾക്കും വികലാംഗർക്കും നൽകുന്നത് പോലെ മുടക്ക് മുതലിന്റെ 50% സബ്സിഡി അനുവദിക്കേണ്ടതും അനിവാര്യമാണ്.

ട്രൈസം തൊഴിൽ പരിശീലനം

IRDP പദ്ധതിയുടെ ഒരു ഉപവിഭാഗമാണ് ഈ പദ്ധതി. ഇതനുസരിച്ച് ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടംബങ്ങളിലെ 18-നും 25-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവൻ പ്രാപ്തരാക്കുന്നതിനുവേണ്ടി അവരവരുടെ അഭിരുചിക്കനുസരിച്ച് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയാണ് ചെയ്യുന്നത്.

പഞ്ചായത്തിൽ ഈ പദ്ധതി അനുസരിച്ച് പരിശീലനം ലഭിച്ചത് സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു.

ട്രൈസം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവർ

വർഷം	പരിശീലനം നേടിയവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	കൂലിക്ക് പണിചെയ്യുന്നവരുടെ എണ്ണം	സെറ്റിൽചെയ്യുവാൻ ബാക്കിയുള്ളത്	റിമാർക്സ്
1985-86	9	3	5	-	ഒരാൾ മരിച്ചുപോയതാണ്
86-87	7	5	2	-	-
87-88	3	-	3	-	-
88-89	-	-	-	-	ആരെയും തെരഞ്ഞെടുത്തിരുന്നില്ല
89-90	3	-	3	-	-
90-91	14	14	-	-	-
91-92	14	10	4	-	-
92-93	-	-	-	-	ആരെയും തെരഞ്ഞെടുത്തിരുന്നില്ല
93-94	-	-	-	-	ആരെയും തെരഞ്ഞെടുത്തിരുന്നില്ല
94-95	2	-	2	1	-
95-96	2	-	-	2	-
ആകെ	54	32	18	3	-

ട്രൈസം തൊഴിൽ പരിശീലന പദ്ധതി നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. മതിയായ താൽപര്യവും അഭിരുചിയും ഉള്ള വരെ മാത്രം പരിശീലനത്തിന് തിരഞ്ഞെടുക്കുക.

2. ഗുണഭോക്താവിന് താൽപര്യവും അഭിരുചിയും ഉള്ള വിഷയങ്ങൾമാത്രം പരിശീലനം നൽകുക.

3. പരിശീലന കാലാവധി പുതുക്കി നിശ്ചയിക്കുക

4. പരിശീലന സ്ഥാപനങ്ങളിൽ പരിശീലകർക്ക് കാര്യക്ഷമമായ പരിശീലനം നൽകുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

5. പരിശീലകർക്കുള്ള സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കുക.

6. കൂടുതൽ പേർക്ക് പരിശീലനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. തൊഴിൽ പരിശീലനം പൂർത്തിയായാലുടൻ തന്നെ അവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം ചെയ്തുകൊടുക്കുക.

ടൂൾ കിറ്റ് വിതരണം (RAP)

പാവപ്പെട്ട പരമ്പരാഗത ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കീഴിൽ പഞ്ചായത്തിൽ ഇതുവരെ 53 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 1993-94 മുതൽ ആണ് ഈ പഞ്ചായത്തിൽ ഇത് ലഭിച്ച് തുടങ്ങിയത്. പട്ടിക താഴെ കൊടുക്കുന്നു.

വർഷം	സഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ചിലവഴിച്ച സംഖ്യ
1993-94	22	44,000 രൂപ
1994-95	21	42,000 രൂപ
1995-96	10	30,000 രൂപ
ആകെ	53	1,16,000 രൂപ

ഈ പദ്ധതിഅനുസരിച്ച് ഇനിയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

CRSP കക്കൂസുകൾ

ദാരിദ്രരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗങ്ങൾക്ക് സാനിറ്ററി കക്കൂസ് നിർമിക്കുന്നതിന് നൽകുന്ന ധനസഹായമാണിത്. 1993-94 മുതലാണ് ഈ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിച്ചുവരുന്നത്. ഒരു കുടുംബത്തിന് 2,000 രൂപയാണ് നിലവിൽ സഹായ ധനമായി നൽകുന്നത്. പഞ്ചായത്തിൽ ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളതും അവയിൽതന്നെ 80% വീടുകളിലും നിലവിൽ കക്കൂസ് ഇല്ലാത്തവയാണ്.

കഴിഞ്ഞ 3 വർഷങ്ങളായി കേവലം 233 കുടുംബങ്ങൾക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ഉണ്ടായിട്ടുള്ളത്.

CRPS കക്കൂസ് ലഭ്യതാ പട്ടിക

വർഷം	അനുവദിച്ച എണ്ണം	പൂർത്തികരിച്ച എണ്ണം	ചിലവഴിച്ച സംഖ്യ
1993-94	14	14	27,000 രൂപ
1994-95	5	5	10,000 രൂപ
1995-96	4	4	8,000 രൂപ
ആകെ	23	23	45,000 രൂപ

IRDP സർവ്വേ ലിസ്റ്റ് അനുസരിച്ച് തന്നെ 1,102 കുടുംബങ്ങൾക്ക് നിലവിൽ കക്കൂസ് ഇല്ല. എന്നാൽ യാഥാർഥ കണക്ക് ഏകദേശം 1,500 ഓളം വരും. അതിനാൽ പഞ്ചായത്തിലെ മുഴുവൻ കുടംബങ്ങൾക്കും സാനിറ്ററി കക്കൂസ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര കർമ്മപരിപാടികൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. കൂടാതെ ഈ പദ്ധതിയനുസരിച്ച് നൽകുന്ന സഹായധനമായ 2,000/- രൂപ തീരെ അപര്യാപ്തമായതിനാൽ അത് ചുരുങ്ങിയത് 4,000/- രൂപ യെങ്കിലുമാക്കി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

വിവിധ പെൻഷൻ പദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് വിവിധ പെൻഷൻ പദ്ധതികളുടെ ആനുകൂല്യം പഞ്ചായത്തിൽ ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്. റവന്യൂവകുപ്പ് മുഖേനയാണ് ഈ സ്കീമുകൾ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. അഗതിപെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ മുതലായവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇത്തരം സാമൂഹ്യക്ഷേമം പെൻഷനുകൾ അർഹ

രായ മുഴുവൻ പേർക്കും ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ട്. ഇത് പരിഹരിക്കേണ്ടതായിട്ടുണ്ട്.

പെൻഷൻ അനുവദിക്കുന്നതിലുള്ള സർക്കാർ ഉത്തരവിൽ ചില അവ്യക്തതകൽ നിലനിൽക്കുന്നതാണ് കാലതാമസത്തിന് കാരണമെന്ന് കാണാൻ കഴിയും. അതിൽ വിവാഹിതരും പ്രത്യേകം കുടുംബമായി വീട് മാറിത്താമസിക്കുന്നതുമായ ആൺമക്കളെ പ്രസ്തുത സർക്കാർ ഉത്തരവിലെ കുടുംബ നിർവ്വചനത്തിൽനിന്നും ഒഴിവാക്കി. അർഹതപ്പെട്ട വർക്ക് ആനുകൂല്യം ത്വരിതഗതിയിൽ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിൽ വിവിധ പെൻഷുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിന്റെ പട്ടിക ചുവടെ കൊടുക്കുന്നു.

വിവിധതരം പെൻഷനുകൾ

പെൻഷനുകൾ (പേര്)	വർഷം					
	1991	1992	1993	1994	1995	1996
അഗതിപെൻഷൻ	–	–	–	–	–	15
വിധവാ പെൻഷൻ	4	10	5	9	3	107
വികലാംഗ പെൻഷൻ	1	4	1	3	2	4
വാർദ്ധക്യകാല പെൻഷൻ	4	–	1	4	1	24
ആവശകലാകാരന്മാർക്കും, സാഹിത്യകാരന്മാർക്കും നൽകുന്ന പെൻഷൻ			–	–	–	–
അവശകായിക താരങ്ങൾക്കുള്ള പെൻഷൻ	–	–	–	1	–	–
ക്ഷയരോഗ പെൻഷൻ	–	–	–	–	1	–
കാൻസർരോഗ പെൻഷൻ	–	–	–	1	–	–
കുഷ്ഠരോഗ പെൻഷൻ	–	–	–	1	–	–
കർഷക തൊഴിലാളി പെൻഷൻ	408	411	433	439	428	439
വാർദ്ധക്യകാല പെൻഷൻ (96 ൽ പഞ്ചായത്താക്കിയത്)	–	–	–	–	–	–
കുടുംബസഹായം -പഞ്ചായത്ത് (96 ൽ പഞ്ചായത്താക്കിയത്)	–	–	–	–	–	–
മാതൃസഹായം- പഞ്ചായത്ത് (96 ൽ പഞ്ചായത്താക്കിയത്)	–	–	–	–	–	–
തൊഴിലില്ലായ്മ വേതനം	111	102	109	109	94	106

വിവിധ പെൻഷൻ പദ്ധതികളിലെ പ്രശ്നപരിഹാരങ്ങൾക്കുള്ള നിർദേശങ്ങൾ ചുവടെ കൊടുക്കുന്നു

1. പെൻഷനുകൾ അനുവദിക്കുന്നതിലെ അർഹതാ മാനദണ്ഡങ്ങൾ വർഷങ്ങൾക്ക് മുമ്പേ നിശ്ചയിച്ചതാണ്. ഇവ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്.

2. അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും യഥാസമയം തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

3. പെൻഷൻ അപക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ സമയപരിധി നിഷ്ക്കർഷിക്കുക.

4. അനർഹരായവർക്ക് പെൻഷൻ ലഭിക്കുന്നത് കണ്ടെത്തി അത് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. പെൻഷൻ അനുവദിക്കുന്നതിനുള്ള പൂർണ അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.

6. പെൻഷൻ ശുപാർശ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ജന പ്രതിനിധികളുടെയും സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുക.

7. ഗ്രാമങ്ങളിലെ തെയ്യം കലാകാരന്മാർ, മറ്റ് വിഭാഗങ്ങളിൽപെടുന്ന കലാകാരന്മാർ എന്നിവർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതികൾ കൊണ്ടുവരിക.

8. അസംഘടിത മേഖലകളിൽപെടുന്ന 55 വയസിനുമേൽ പ്രായമുള്ള നാടൻ ബീഡി തെറുപ്പ് തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുക.

അംഗൻവാടികൾ (ICDS)

സാമൂഹ്യക്ഷേമ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അംഗൻവാടികൾ പഞ്ചായത്തിലെ 10 വാർഡുകളിലായി 133 എണ്ണമാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. പഞ്ചായത്തിലെ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ ഇല്ലാത്തതിനാൽ മിക്ക അംഗൻവാടികളിലും കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുന്നു. മിക്ക കെട്ടിടങ്ങളിലും പ്രാഥമിക സൗകര്യം പോലും ഇല്ലാത്തതിനാൽ വളരെയധികം വിഷമം അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ അംഗൻവാടികളുടെ സ്ഥിതിവിവരപട്ടിക

അംഗൻവാടി കേന്ദ്രം സ്ഥലം	വാർഡ്	ഏറ്റവും അടുത്തുള്ള റേഷൻ കടയിലേക്കുള്ള ദൂരം	അംഗൻവാടികളുടെ എണ്ണം	അംഗൻവാടി കേന്ദ്രത്തിന്റെ സമീപത്തുള്ള കുട്ടികളുടെ എണ്ണം	അനുവദിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം	അനുവദിക്കപ്പെട്ടിട്ടുള്ള ഗർഭിണികളുടെ എണ്ണം	അനുവദിക്കപ്പെട്ടിട്ടുള്ള മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	സ്വന്തമായി കെട്ടിടം ഉണ്ടോ	വൈദ്യുതി സൗകര്യം ഉണ്ടോ	ശുദ്ധജല സൗകര്യം ഉണ്ടോ	ശൗചാലയ സൗകര്യം ഉണ്ടോ
	1	--	--	--	--	--	--	--	--	--	--
ആനേനിമെട്ട	2	1689	2	30	52	50	5	5	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
ഉച്ചുളിക്കുന്ന് മെട്ട	2	1934		36	69	55	5	5	"	ഉണ്ട്	"	"
മുഴപ്പാല	3	1538	1	42	36	60	5	5	"	ഇല്ല	"	"
ഓടത്തിൽപ്പീടിക	4	1465	1	38	45	55	5	5	ഇല്ല	"	"	"
പറമ്പിക്കരി	5	1593	2	31	68	55	5	5	"	"	"	"
ആലക്കൽ	5	1316		32	52	45	5	5	"	"	"	"
പലേരി	6	2647	1	35	125	70	6	6	"	"	"	"
കാമേത്ത്	7	2169	2	39	78	62	5	7	ഉണ്ട്	ഉണ്ട്	"	"
പാളയം	7	1467		41	62	60	5	5	"	ഇല്ല	"	"
മുരിങ്ങേരി	8	1199	1	33	46	65	5	5	ഇല്ല	"	"	"
ചോരയാംകുണ്ട്	9	2728		37	95	65	5	5	ഉണ്ട്	"	"	"
കണ്ണാടിവെളിച്ചം	9	1617	3	34	46	60	5	5	ഇല്ല	"	"	"
എക്കാൽ	9	1182		40	43	50	5	5	ഉണ്ട്	"	"	"
	10	--	--	--	--	--	--	--	--	--	--	--

പഞ്ചായത്തിലെ അംഗൻവാടികളുടെ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ:

1. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുകയും, ജീർണിച്ചവയെ നവീകരിക്കുകയും ചെയ്യുക.

2. അംഗൻവാടികളിൽ കക്കൂസ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യം ലഭ്യമാക്കുക.

3. മുഴുവൻ അംഗൻവാടികളിലും കളിസ്ഥലം, കളികോപ്പ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുക.

4. പോഷകാഹാരത്തിന് നൽകുന്ന സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കുക.

5. 'അനർട്ട്' അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക.

6. മാതൃശിശു സംരക്ഷണ കേന്ദ്രമെന്ന നിലയിൽ മാസത്തിലൊരിക്കൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

7. പഞ്ചായത്തിൽ അംഗൻവാടികൾ നിലവിലില്ലാത്ത പുറത്തെക്കാട്, കാവിമൂല, നാലാൻപീടിക, കുഴിമ്പാലോട്മെട്ട, പാലക്കിഴ്, മുഴപ്പാല, പാറപ്രം എന്നീ പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

8. അംഗൻവാടി കെട്ടിടങ്ങൾക്കുള്ള 'ടൈപ്പ് ഡിസൈൻ' പരിഷ്ക്കരിക്കുക.

9. അംഗൻവാടി ജീവനക്കാരുടെ സേവന-വേതന ഘടന ശാസ്ത്രീയമായും, കാലോചിതമായും പരിഷ്ക്കരിക്കുക.

10. വർക്കർമാരെയും, ഹെൽപ്പർമാരെയും നിയമിക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുകയും അതാത് പ്രദേശത്തുള്ളവരെമാത്രം നിയമിക്കുകയും ചെയ്യുക.

മഹിളാസമാജങ്ങൾ

മഹിളാസമാജങ്ങളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നിലവിൽ കാര്യക്ഷമമല്ല. മുമ്പ് ബ്ലോക്കിലെ ഗ്രാമസേവിക, മുഖ്യ സേവിക എന്നിവർ മഹിളാ സമാജങ്ങൾ സംഘടിപ്പിച്ച് 'കേറിന്റെ (care) പ്രയുക്ത പോഷകാഹാര വിതരണ പരിപാടിയും ബാലബാടികളുടെ ദൈനംദിന പ്രവർത്തനങ്ങളും നടത്തിയിരുന്നു. പഞ്ചായത്തിൽ ആദ്യമായി മഹിളാസമാജം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചത് 1970 ൽ പാളയത്ത് ആയിരുന്നു. 1976 ൽ കാമേത്തും തുടർന്ന് മുഴപ്പാലനരിക്കോട് എക്കാൽ എന്നിവടങ്ങളിലും സമാജങ്ങൾ രൂപീകൃതമാവുകയും പ്രവർത്തനം വ്യപിപ്പിച്ച് തയ്യൽ, പ്ലാസ്റ്റിക് വയർ കൊണ്ടുള്ള കസേരമടയൽ എന്നിവയിൽ വനിതകൾക്ക് പരിശീലനവും നൽകിയിരുന്നു.

പഞ്ചായത്തിൽ ഇപ്പോൾ അംഗൻവാടികൾ കേന്ദ്രീകരിച്ച് പേരിനുമാത്രം മഹിളാ സംഘങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വനിതാ സന്നദ്ധപ്രവർത്തകരുടെ താൽപര്യകുറവും, സന്നദ്ധപ്രവർത്തനത്തിന് മുന്നിട്ടിറങ്ങുന്ന സ്ത്രീകളെ വ്യക്തിപരമായി തേജോവധം ചെയ്യുന്ന വിധമുള്ള ചില ദുഷിച്ച പ്രവണതകളും ഇതിന് കാരണമാണ്. സമാജങ്ങളുടെ സുഗമമമമായ പ്രവർത്തനത്തിനുംകേന്ദ്രീകരിക്കാൻ കെട്ടിടങ്ങളഇല്ലാത്തതിനാൽ തൊഴിൽ പരിശീലനം പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാരിൽനിന്ന് യാതൊരു ഫണ്ടും നിലവിൽ ലഭിക്കുന്നില്ല. ഇവയൊക്കെ മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾക്കും പുതിയ സമാജങ്ങളുടെ രൂപീകരണത്തിനും തടസം നിൽക്കുന്നു.

ഇതിന് താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. മഹിളാസമാജങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും, സ്വന്തമായി കെട്ടിടം നിർമിക്കാൻ സർക്കാർ/പഞ്ചായത്ത് ഗ്രാന്റ് നൽകേണ്ടതാണ്.

2. മഹിളാ സമാജങ്ങളുടെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും വനിതാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ സ്കീമുകൾ സർക്കാർ പഞ്ചായത്തിന് നൽകേണ്ടതാണ്.

3. വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരമുള്ള ക്ഷേമപരിപാടികളിൽ സമാജങ്ങളെ പൂർണമായും പങ്കാളികളാക്കുന്നു.

4. മഹിളാ സന്നദ്ധപ്രവർത്തകർക്ക് നേതൃത്വ പരിശീലനക്യമ്പും വ്യക്തിത്വ പരിശീലന ക്യമ്പുകളും വ്യാപകമായി സംഘടിപ്പിക്കുക.

തൊഴിലാളി ക്ഷേമനിധികൾ

കർഷകത്തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, നിർമാണ തൊഴിലാളികൾ, കൈത്തറിത്തൊഴിലാളികൾ, ചെത്ത് തൊഴിലാളികൾ, ആർട്ടിസാൻസ് സ്കിൽഡ് വർക്കേഴ്സ് എന്നിവരിൽ ഭൂരിപക്ഷാഗവും അതത് ക്ഷേമനിധിയിൽ അംഗങ്ങളാണ്. ബാക്കിവരുന്നവരെകൂടി ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. മേൽ പറഞ്ഞ വിവിധ ക്ഷേമ നിധികളിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായുള്ള പരാതികൾ പൊതുവിൽ നിലവിലുണ്ട്.

തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി പ്രത്യേകമായി സർക്കാർ രൂപീകരച്ചിട്ടുണ്ടെങ്കിലും ആയതിന് ജില്ലാ ആസ്ഥാനത്ത് പ്രത്യേകമായി ഓഫീസ് ഇല്ലാത്തത് വളരെയധികം വിഷ്മങ്ങൾ സൃഷ്ടിക്കുന്നു. ഇത് കാരണം ആനുകൂല്യങ്ങൾക്ക് ദീർഘമായ കാലതാമസം അനുഭവപ്പെടുന്നു. അത്കൊണ്ട് തയ്യൽ തൊഴിലാളി ക്ഷേമ നിധിയുടെ ഓഫീസ് കണ്ണൂരിൽ സ്ഥാപിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് അവരുടെ വിഹിതം പഞ്ചായത്തിലെ സഹകരണ ബാങ്കിൽ അടക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതും നന്നായിരിക്കും.

തൊഴിൽ ഇല്ലായ്മ വേതനം

അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് ആശ്വാസമേകാനായി നൽകിവരുന്ന തൊഴിലില്ലായ്മ വേതനം പഞ്ചായത്തിൽ നിലവിൽ 106 പേർക്ക് ലഭിക്കുന്നുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. ഏതാനം അനർഹർക്കും ഇത് ലഭിക്കുന്നുണ്ട് എന്നതിൽ സംശയമില്ല. അതേ സമയം അർഹതപ്പെട്ട നിരവധി പേർക്ക് ഇത് ലഭിക്കുന്നില്ലെന്നുള്ള പരാതിയും നിലനിൽക്കുന്നുണ്ട്. നിലവിൽ ഈ വകയിൽ 8,480 രൂപ ഒരു മാസത്തിലും 1,01,760 രൂപ ഒരു വർഷത്തിലും ഈ പഞ്ചായത്തിൽ മാത്രമായി വിതരണം ചെയ്യുന്നുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു.

തൊഴിലില്ലായ്മവേതനം ലഭിച്ചുകൊണ്ടിരിക്കുന്നവരേയും മറ്റ് അഭ്യസ്തവിദ്യരായ തൊഴിൽരഹിതരേയും ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്തിൽ വികസനനപരിപാടികൾ നടത്തുന്നതിനുള്ള കർമ സേന രൂപീകരിച്ചുകൊണ്ട് അവരുടെ സേവനം രാഷ്ട്രനന്മക്കായി രൂപപ്പെടുത്തിയെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അവർക്ക് മിതമായ വേതനമോ, ഓണറ്റേറിയമോ നൽകിയായിരിക്കണം ഇങ്ങനെ ചെയ്യേണ്ടത്. അങ്ങിനെ തൊഴിൽരഹിതർക്ക് ഒരു ആശ്വാസവും, നാട്ടിൽ സ്ഥായിയായ നിരവധി ആസ്തികൾ ഉണ്ടാവുകയും തന്മൂലം നമ്മുടെ ഗ്രാമത്തിന്റെ മുഖഛായതന്നെ മാറ്റുവാനും സാധിക്കുമെന്നതിൽ സംശയമില്ല.

തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ നാട്ടിൽ തൊഴിൽരഹിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി വിജയസാദ്ധ്യതയുള്ള വിവിധ വ്യവസായ യൂണിറ്റുകൾ പരിശീലനം വ്യാപകമായി നൽകുവാനും ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

''വെള്ളക്കോളർ'' ഉദ്യോഗത്തിന് മാത്രമേ മാന്യതയുള്ളു എന്ന ദുരഭിമാനചിന്തകളെ യുവജനമനസ്സുകളിൽ നീക്കം ചെയ്യുവാനുതകുമാറ് വ്യാപകമായ പ്രചരണണ ബോധവൽക്കരണ നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പൊതുവിതരണ സംവിധാനം

പഞ്ചായത്തിൽ നിലവിൽ 10 റേഷൻ ഷോപ്പുകൾ (പൊതു വിതരണ കേന്ദ്രങ്ങൾ) പ്രവർത്തിച്ചു വരുന്നുണ്ട്. അവയിൽ 8 എണ്ണവും പഞ്ചായത്തിലെതന്നെ മറ്റൊരു വ്യവസായ സഹകരണ സംഘം നടത്തുന്നതും ബാക്കി 1 എണ്ണം സ്വാകാര്യവ്യക്തി നടത്തുന്നതുമാണ്. ഇവയിലൊക്കെകൂടി പഞ്ചായത്തിൽ ആകെ 3575 റേഷൻ കാർഡുകളുണ്ട്. റേഷൻ സാധനങ്ങൾ പഞ്ചായത്തിലെ ജനങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തിവുന്നുണ്ട്. പൊതു വിപണിയിലെ വിലക്കയറ്റത്തെ ഒരു പരിധിവരെ പിടിച്ചു നിർത്തുവാൻ ഈ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. ''റേഷൻകട''കളുടെ പേര് മാറ്റി ''പൊതുവിതരണ കേന്ദ്ര'' എന്നാക്കിയെങ്കിലും എല്ലാ നിത്യോപയോഗ സാധനങ്ങളും അവയിൽക്കൂടി വിതരണം ചെയ്യാത്തത് ഒരു പോരായ്മയായിത്തന്നെ കാണേണ്ടിയിരിക്കുന്നു.

പൊതുവിതരണസംവിധാനത്തെക്കുറിച്ചുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

വർഷം	കാർഡ് ഉടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ)							മണ്ണെണ്ണ		
											പഞ്ച സാര	പാമോ യിൽ		പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്തത് (ലിറ്റർ)	കാർഡ്‌വഴി വിതരണം ചെയ്തത് (ലിറ്റർ)
	N.E.	E	ആകെ	മേജർ	മൈനർ	ആകെ	അരി	ഗോതമ്പ്	റവ	മൈദ			ആകെ			
1991-92	1720	1487	3207	16110	3605	19715	13572	1031	6	6	1479	137	16231	150	20368	121960
1992-93	1657	1669	3326	16642	3555	20197	13755	1566	18	74	1096	541	17050	167	23349	123361
1993-94	1687	1817	3504	17010	3675	20685	16214	1256	44	201	1064	35	18814	226	28845	121329
1994-95	1663	2055	3718	17071	3655	20726	16362	1366	57	245	982	15	19027	251	33833	127661
1995-96	1387	2188	3575	17235	3580	20815	15205	1430	48	186	1024	13	17906	290	39590	134598
ആകെ							75108	6649	173	712	5645	741	89028	1084	145985	628909

അസാക്കിന്റെ സ്വന്തമായത് വിതരണത്തിനുള്ളതല്ല

പൊതുവിതരണ രംഗത്ത് പഞ്ചായത്തിലെ 1-ാം വാർഡിൽ ചക്കരക്കൽ എന്ന കൊച്ചു ടൗണിൽ ഒരു "മാവേലി" സ്റ്റോർ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുവിതരണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം ഇത് കാഴ്ചവെക്കുന്നുണ്ട്. ഈ സ്ഥാപനം നമ്മുടെ പഞ്ചായത്തിന്റെ ഒരറ്റത്ത് സ്ഥിതിചെയ്യുന്നത്കാരണം പഞ്ചായത്തിലെ ചെറിയ ശതമാനം ആളുകൾക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. സാമീപ്യം കൊണ്ട് ചെമ്പിലോട്, മുണ്ടേരി എന്നീ സമീപ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഈ കേന്ദ്രം വളരെയധികം ഉപകാരപ്രദമമായിത്തീരുന്നുമുണ്ട്. ഓണം, വിഷു റംസാൻ തുടങ്ങിയ ആഘോഷങ്ങളുടെ കാലയളിവിൽ പൊതു വിപണണികളിൽ പൊടുന്നനവെ ഉണ്ടാകാറുള്ള കൃത്രിമമവും അമിതവുമായ വിലക്കയറ്റത്തിൽനിന്നും സാധാരണ ജനങ്ങൾക്ക് ഈ കേന്ദ്രം സംരക്ഷണം നൽകുന്നുണ്ടെന്നുള്ള വസ്തുത വളരെ ശ്രദ്ധേയമാണ്.

മേൽപറഞ്ഞവ കൂടാതെ പഞ്ചായത്തിലെ സഹകരമ ബാങ്കിന്റെ കീഴിൽ ഒരു "സഹകരണ കൺസ്യൂമർ സ്റ്റോറും" കാവിന്മുലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട സേവനം ഈ കേന്ദ്രം മുഖേന പഞ്ചായത്തിലെ നല്ലൊരു ശതമാനം ജനങ്ങക്ക് ലഭിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള മാവേലി സ്റ്റോറിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുക.

2. പഞ്ചായത്തിൽ ജനങ്ങൾ താരതമ്യേന നിങ്ങിപ്പാർക്കുന്ന കാവിന്മുല, പാളയം, മുഴപ്പാല, അമ്പനോട്, പനയത്താംപറമ്പ് എന്നിവിടങ്ങളിൽ "മാവേലി സ്റ്റോറുകൾ ആരംഭിക്കുക."

3. എല്ലാ നിത്യോപയോഗ സാധനങ്ങളും റേഷൻ കടകൾ (പൊതുവിതരണ കേന്ദ്രങ്ങൾ) മുഖേന വിതരണം ചെയ്യുക.

4. റേഷൻ കാർഡ് ഇല്ലാത്ത കടുംബങ്ങൾക്ക് ജനപ്രതിനിധികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. റേഷൻ കാർഡുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് താലൂക്ക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുമ്പോൾ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ യഥാസമയം പരിഹരിക്കുക.

6. സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമാക്കുക.

പൊതുമാർക്കറ്റ്

പഞ്ചായത്തിൽ നിലവിൽ പൊതുമാർക്കറ്റ് ഇല്ല. കാവിമൂലയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നത്. അറവ് ശാലയും പഞ്ചായത്തിൽ നിലവിൽഇല്ല. പഞ്ചായത്തിലെ മത്സ്യമാർക്കറ്റ് മുഖേന പരിസരശുചിത്വ പ്രശ്നവും ആരോഗ്യപ്രശ്നവും ഉണ്ടാകുന്നതായുള്ള പരാതികൾ നിലവിലുണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ കാവിമൂല, ചക്കരക്കൽ എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റ്, മാംസ മാർക്കറ്റ്, അറവ് ശാല, പൊതുമാർക്കറ്റ് എന്നിവ സ്ഥാപിക്കുക.

2. പഞ്ചായത്തിലെ വിവധ കേന്ദ്രങ്ങളിൽ ആഴ്ചചന്തകൾ നടപ്പിലാക്കുക.

വായനശാലകളും ക്ലബുകളും

പഞ്ചായത്തിൽ 10 വായനശാലകളും ഒരു പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രവും ആണ് നിലവിലുള്ളത്. കൂടാതെ റജിസ്റ്റർ ചെയ്തതും അല്ലാത്തതും ഉൾപ്പെടെ 28 ആർട്ട്സ്/സ്പോർട്ട്സ് ക്ലബുകളും ഉണ്ട്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യത്തെ പരിപോഷിപ്പിക്കാൻ ഉതകുന്ന കളിസ്ഥലങ്ങൾ പഞ്ചായത്തിൽതീരെ ഇല്ലെന്ന് തന്നെ പറയാം. എല്ലാ വാർഡുകളിലും കളിസ്ഥലങ്ങൾ ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. കണ്ണാടിവെളിച്ചത്തുള്ള മിനിസ്റ്റേഡിയത്തിന്റെ പണിയും പൂർത്തിയാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

നിലവിൽ വായനശാലകളില്ലാത്ത പാളയം, ആലക്കൽ, ഉച്ചൂളിക്കുന്ന്മെട്ട എന്നിവിടങ്ങളിൽ അവ

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമങ്ങളിലെ വിജ്ഞാന കേന്ദ്രങ്ങളായ വായനശാലകൾക്ക് "ടെലിവിഷൻ" നൽകുന്നതിനും വർത്തമാന പത്രങ്ങളും മാസികളും വാരിക്കളും നൽകുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

വായനശാലകൾ കേന്ദ്രീകരിച്ച് ഗ്രാമീണ മേഖലകളിൽ കുഴിമ്പാലോട്മെട്ട, അമ്പനാട്, പാലക്കീഴി, പനയത്താംപറമ്പ്, പാറപ്പുറം എന്നിവിടങ്ങിൽ തപാൽപെട്ടികളും പബ്ലിക് ടെലഫോൺ ബൂത്തുകളും സ്ഥാപിക്കുന്നതിനുള്ള നടപിടകൾ സ്വീകരിക്കേണ്ടതാണ്.

മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ

പൊതുശ്മശാനം: നിലവിൽ പഞ്ചായത്തിൽ ജനങ്ങൾ മരണപ്പെട്ടാൽ ശവസംസ്ക്കാരത്തിന് നേരിടുന്ന വിഷമതകൾ ഏറെയാണ്. വീട്ടുവളപ്പിൽ തന്നെ സംസ്ക്കരിക്കുന്ന പ്രവണതയാണ് പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും കണ്ടുവരുന്നത്. ഇത് ഗൗരവതരമായ ആരോഗ്യ-പരിസര മലിനീകരണ പ്രശ്നങ്ങൾക്ക് കാരണമായിത്തീരുന്നുണ്ട്. ഇക്കാര്യവും ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള പാർപ്പിട സ്ഥല ദൗർലഭ്യവും കണക്കിലെടുത്തുകൊണ്ട് വീട്ടുവളപ്പിൽ ശവസംസ്ക്കാരം നടത്തുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും അത് തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ മുറിങ്ങേരി "പാറോത്തുംകുണ്ട്" എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ വകയായി ഒരു പൊതുശ്മശാനം ഉണ്ടെങ്കിലും, ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം അത് പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെട്ടുവരുന്നില്ല. ഇത് പരിഹരിക്കുന്നതിലേക്കായി കിണർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും വിറകും മറ്റ് ആവശ്യമായ സാധനസാമഗ്രികളും ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ശ്മശാനത്തിൽ വേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിനുവേണ്ടി മുഴുവൻ സമയ സേവനം ലഭിക്കുമാറ് ഒരു ജീവനക്കാരേയും നിയമിക്കേണ്ടതാണ്.

"പാളയം' എന്ന സ്ഥലത്തും, മുസ്ലിം പള്ളിക്കടുത്തായി സുമാർ അര ഏക്കറോളം വിസ്തൃതിയുള്ള ഒരു ശ്മശാനവും നിലവിൽ ഉണ്ട്. അവിടെ വളരെ നാമമാത്രമായി മാത്രമേ ശവസംസ്ക്കാരം നടക്കാറുള്ളു. പ്രസ്തുത ശ്മശാനം പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് അതിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും മുൻഖണ്ഡികയിൽ പറഞ്ഞത് പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ട നടപടകൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിലവിൽ ആമ്പുലൻസ് സൗകര്യം ഇല്ല. പഞ്ചായത്തിൽ അനുവദിച്ച പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം പണിപുരോഗമിച്ചുവരുന്നുണ്ട്. അത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രിയാക്കി മാറ്റുന്നതിനും വേണ്ടുന്ന നടപടികളും സ്വീകരിക്കേണണ്ടതായിട്ടുണ്ട്. പ്രസ്തുത ആരോഗ്യ കേന്ദ്രം/ആശുപത്രി പ്രവർത്തനം ആരംഭിക്കുമ്പോഴേക്കും ഒരു "ആംബുലൻസ്" സൗകര്യവും പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ അതുരരെ ആശുപത്രിയിൽ എത്തിക്കുന്നതിനും, പഞ്ചായത്തിൽ എത്തിക്കുന്നതിനും ഇത് വളരെ ഗുണം ചെയ്യുമെന്നതിൽ സംശയമില്ല.

ഗ്രാമസഭകളിൽനിന്നും വന്ന മറ്റ് പൊതു ആവശ്യ-നിർദേശങ്ങൾ

1. ചക്കരക്കൽ കേന്ദ്രീകരിച്ച് ഒരു ബസ് വെയിറ്റിംഗ് ഷെഡ് നിർമിക്കുക.

2. പഞ്ചായത്തിൽ കൂടുതൽ ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന പഞ്ചായത്ത് ആസ്ഥാനമായ കാവിമൂലയിലും, ചക്കരക്കൽ, മുഴപ്പാല, പനയത്താംപറമ്പ് എന്നിവിടങ്ങളിൽ പൊതു മൂത്രപ്പുരയും കക്കൂസും നിർമിക്കുക.

3. അമ്പനാട്, മുരിണ്ടേരി പോസ്റ്റോഫീസ്, കാവിമ്മൂല, പനയത്താംപറമ്പ് എന്നീ സ്ഥലങ്ങളിൽ പബ്ലിക് ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക.

4. സ്പോർട്സ് വികസിപ്പിക്കുന്നതിന് നിലവിലുള്ള ക്ലബ്ബുകൾക്ക് ധനസഹായവും സ്പോർട്സ് ഉപകരണങ്ങളും നൽകുകയും പാഴായിപ്പോകുന്ന പഴശ്ശികനാൽ പ്രദേശങ്ങളിൽ കളിസ്ഥലങ്ങൾ നിർമിക്കുകയും ചെയ്യുക.

5. കണ്ണാടിവെളിച്ചം, കുഴിമ്പാലോട്മെട്ട, പനയത്താംപറമ്പ് എന്നിവിടങ്ങിളിലെ ലക്ഷംവീട് കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും വെവ്വേറെ

കക്കൂസ് സൗകര്യവും ഏർപ്പെടുത്തിക്കൊടുക്കുക. കൂടാതെ സൗജന്യമായി വൈദ്യുതിയും പൈപ്പ് ലൈൻ മുഖേനയുള്ള കുടിവെള്ളവും ലഭ്യമാക്കണം.

6. പനയത്താംപറമ്പ് ലക്ഷംവീട് കോളനിക്ക് ഉള്ളിൽ പൊതുവഴി നിർമിക്കുകയും ഓരോരുത്തരുടേയും അതിർത്തി വേർതിരിച്ച് അടയാളപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക.

7. കോളനികളിലും മറ്റും പഞ്ചായത്ത് സ്ഥലം പതിച്ചു നൽകിയവരിൽ ഇതേവരെ പട്ടയം ലഭിക്കാത്ത മുഴുവൻ കുടുംബങ്ങൾക്കും ആയത് ലഭ്യമാക്കുക.

8. പഞ്ചായത്തിലെ എല്ലാ പൊതുവഴികളിലും തെരുവ് വിളക്കുകൾ ഏർപ്പെടുത്തുന്നതിനും അവയെല്ലാം മുഴുവനായും രാത്രികാലങ്ങളിൽ കത്തിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുക.

9. മഹിളാ സമാജങ്ങളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ഉണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

10. വൃദ്ധജനങ്ങളുടെ പ്രവർത്തനം എല്ലാവർഡുകളിലും ഉണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

11. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പൈപ്പ് ലൈൻമുഖേനയുള്ള കുടിവെള്ളം കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. "സ്വന്തമായി വീട്" ഇല്ലാത്ത, പഞ്ചായത്തിലെ പാവപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നിർമിച്ചു നൽകുകയൊ ആയതിനുള്ള ധനസഹായം നൽകുകയോ ചെയ്യുക.

13. ദുർബല വിഭാഗങ്ങളുടെ വീടുകളുടെ അത്യാവശ്യമായ അറ്റകുറ്റപണികൾക്കും കൂട്ടിയെടുക്കുന്നതിനും ധനസഹായവും വായ്പകളും ലഭ്യമാക്കുക.

14. നിലവിലുള്ള ലക്ഷംവീട് കോളനികളിൽ അടിയന്തിര അറ്റകുറ്റപണികൾ നടത്താനുള്ളവ ഉടൻ നടത്തുക.

15. സാമൂഹ്യ ക്ഷേമബോർഡ്, വികലാഗക്ഷേമ കോർപ്പറേഷൻ, പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ എന്നിവയുടെ ആനുകൂല്യങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

സാമൂഹ്യ ക്ഷേമരംഗത്തെ വിവിധ മേഖലകളിൽ മുകളിൽ ശുപാർശ ചെയ്ത നിർദേശങ്ങൾ നടപ്പിലാവുകയാണെങ്കിൽ ഈ രംഗത്ത് നമുക്ക് ഒരു മുന്നേറ്റംതന്നെ നടത്തുവാൻ കഴിയുമെന്നതിൽ സംശയമില്ല.

⌘



സംസ്കാരം

സംസ്കാരം

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കലാ-കകായിക-സാംസ്കാരിക പ്രവർത്തനങ്ങളുടെതായ ഒരു സമ്പന്നമായ പശ്ചാത്തലം ഉണ്ടായിരുന്നു. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടുകൂടി ബ്രിട്ടീഷുകാർ നമ്മുടെ പഞ്ചായത്തിൽ ഉറപ്പിച്ച ആധിപത്യം സാമൂഹ്യജീവിതത്തെ തെല്ലൊന്നുമല്ല സ്വാധീനിച്ചത്. മറ്റു സമീപ പ്രദേശങ്ങളിൽ ജന്മി-നാടുവാഴിത്ത വ്യവസ്ഥകൾ സർവവിധ പ്രതാപങ്ങളോടും കൂടി കൊടികുത്തി വാണിരുന്ന അവസരത്തിലും അഞ്ചരക്കണ്ടിയിൽ അതിന്റെ സ്വാധീനം താരതമ്യേന കുറവായിരുന്നു. വൈദേശികാധിപത്യത്തിന്റെയും അതിന്റെ ഫലമായുണ്ടായ പാരതന്ത്ര്യത്തിന്റെയും എല്ലാവിധ ദുഷ്യങ്ങളും നിലനിന്നപ്പോൾ തന്നെ, ജന്മിത്വ സമ്പ്രദായത്തിൻ കീഴിൽ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന കടുത്ത ചൂഷണവും മറ്റും നരകീയമായ അനുഭവങ്ങളും മറ്റു പ്രദേശങ്ങളിലെ പോലെ അഞ്ചരക്കണ്ടിയിലെ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്നില്ല. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും മറ്റു ഉച്ചനീചത്വങ്ങളും നിലവിലുണ്ടായിരുന്നെങ്കിലും മറ്റു പ്രദേശങ്ങളിലെ പോലെ അത്ര തീവ്രമായിരുന്നില്ല.

പഞ്ചായത്തിൽ ഇരുപത്തിമൂവായിരത്തോളം വരുന്ന ജനങ്ങളിൽ പ്രധാനമായും ഹിന്ദു, ഇസ്ലാം മതവിഭാഗങ്ങളിൽ പ്പെട്ടവരാണ്. ക്രിസ്തുമത വിശ്വാസികളും പഞ്ചായത്തിൽ അങ്ങിങ്ങായിട്ടുണ്ട് വ്യത്യസ്ത ആചാരാനുഷ്ടാനങ്ങളോടു കൂടി ജീവിക്കുന്നവരാണെങ്കിലും ഐക്യത്തോടും ഏകോദര സഹോദര ഭാവേനയുമാണ് കഴിഞ്ഞുപോരുന്നത്. ഹിന്ദുമതത്തിൽ, നമ്പ്യാർ, വാണിയ, തീയ്യ, മലയ, വണ്ണാൻ, പേട്ടുവർ, കരിമ്പാലൻ, കൊല്ലൻ, തട്ടാൻ, ആശാരി, പുള്ളുവൻ, കണിയാൻ തുടങ്ങിയ ജാതികളും അവയിൽ ചിലതിൽ അതിന്റെ അവാന്തര വിഭാഗങ്ങളുമുണ്ട്. ജനനം, മരണം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ ആചാരങ്ങളാണ് നിലവിലുള്ളത്. മരപരമായും, ജീതിയമായും ആചാരാനുഷ്ടാനങ്ങളിൽ വൈജാത്യങ്ങളുണ്ടെങ്കിലും ''നാനാത്വത്തിൽ ഏകത്വം'' എന്ന ചൊല്ല് അന്വർഥമാക്കുമാറ് ഇവരെയെല്ലാം കൂട്ടിയോജിപ്പിക്കുന്ന തനതായ സാംസ്കാരികമായ ഒരു അന്തർധാരയുണ്ട്. പണ്ടു കാലങ്ങളിൽ ജാതീയമായ തൊഴിൽ വിഭജനമുണ്ടായിരുന്നെങ്കിലും ഇന്ന് അതൊക്കെത്തന്നെ ക്രമേണയായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

ആരാധനാലയങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പുരാതനമായ ധാരാളം ക്ഷേത്രങ്ങളും കാവുകളുമുണ്ട്. കൂടാതെ മുസ്ലിം ജനവിഭാഗത്തിന്റെ ആരാധനാലയങ്ങളായ പള്ളികളുമുണ്ട്. ഈ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചക്ക് കാര്യമായ സ്വാധീനം ചെലുത്തിയവയണ്. മേല്പറഞ്ഞ ആരാധനാലങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ ഉറവിടങ്ങളാണെന്ന് പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. ക്ഷേത്രങ്ങളിലും, കാവുകളിലും, കെട്ടിയാടിക്കുന്ന മുത്തപ്പൻ, തമ്പുരാട്ടി, കുട്ടിച്ചാത്താൻ, ഗുളികൻ, ഭദ്രകാളി, ചാമുണ്ഡി, ഭൂതം, ഭൈരവൻ, വിഷ്ണുമൂർത്തി, തുടങ്ങിയ തെയ്യങ്ങളും ശൈവ-വൈഷ്ണവ പ്രതിഷ്ഠകളും അവയുടെ ഐതീകഹ്യങ്ങളും വിശ്വാസങ്ങളും ജനമനസിനെ ഏറെ സ്വാധീനിച്ചിരുന്നു. ജീവിതായോധനത്തിൽ നൂറുകൂട്ടം കാര്യങ്ങളോടേറ്റുമുട്ടി തളരുന്ന മനുഷ്യന് അവന്റെ മനസ്സിന്റെ വിഹ്വലതകൾക്കും ഭയാശങ്കകൾക്കും സാന്ത്വനം തേടാനും അതുവഴി കർമനിരതനാകാനും, അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടേതുമായ എല്ലാ അംശങ്ങളും ഉൾച്ചേർന്നിട്ടുണ്ടെങ്കിൽപോലും ഇത്തരം ആചാരനാനുഷ്ടാനങ്ങൾക്ക് സ്വാധീനിച്ചിരുന്നു. മതമൈത്രിക്ക് പേരുകേട്ട ആരാധനാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. മാമ്പസിയാറത്തുങ്കര പള്ളി മഖാം ആ വിഭാഗത്തിൽപ്പെടുന്ന പ്രധാനപ്പെട്ട ഒരാരാധനാലയമാണ്. ജാതിഭേദമന്യേയാണ് ജനങ്ങൾ ഈ ആരാധനാലയത്തെ ആദരിക്കുന്നതും ഉത്സവങ്ങളിൽ പങ്കാ

ളിയിരുന്നതും.

കാവുകളിലും മറ്റും നിലനിൽക്കുന്ന വാദ്യം, തോറ്റംപാട്ട്, കളംപാട്ട്, മുഖത്തെഴുത്ത് തുടങ്ങിയ അനുഷ്ടാന കലാരൂപങ്ങൾ പുതിയ തലമുറയ്ക്ക് കൈമാറിയില്ലെങ്കിൽ അന്യംനിന്നുപോകാനിടയുണ്ട്.

മൺമറഞ്ഞ രാമൻ പെരുവണ്ണാൻ, കുഞ്ഞമ്പു, പെരുവണ്ണാൻ, കണ്ണൻ പെരുവണ്ണാൻ, ആണ്ടിപണിക്കർ, കൊട്ടൻ പണിക്കർ, എന്നീ പ്രശസ്തരായ തെയ്യം കലാകകാരന്മാർ നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുന്നവരാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ആരാധനാലയങ്ങൾ

ക്രമനമ്പർ	പേര്	സ്ഥലം
1	ശ്രീപലേരി അമ്പലം	കാവിൻമൂല
2	കാവിൻമൂല പള്ളി	കാവിൻമൂല
3	മാമ്പവിളയാറോട്ട്മഹാവിഷ്ണു ക്ഷേത്രം	നരിക്കോട്
4	മാമ്പ സിയാറുത്തുങ്കര പള്ളി മഖാം	മുഴപ്പാല
5	കൈതപ്രത്ത് മഠപ്പുര	മുഴപ്പാല
6	കൊവ്വൽപള്ളി	മാമ്പ
7	മല്ലിക്കണ്ടിചിറ മൊഹിയുദ്ദീൻ പള്ളി	മാമ്പ
8	കേളമ്പേത്ത് കാവ്	മാമ്പ
9	കുന്നത്ത് ഭഗവതിക്ഷേത്രം	മാമ്പ
10	കൊമ്പിലാത്ത് ക്ഷേത്രം	മാമ്പ
11	മാമ്പവയലിൽതിറ	മാമ്പ
12	പാളയം ശ്രീമുത്തപ്പൻക്ഷേത്രം	പാളയം
13	പാളയം ജമ:അത്ത് പള്ളി	പാളയം
14	അമ്പനാട് ശ്രീമുത്തപ്പൻ ക്ഷേത്രം	അമ്പനാട്
15	ചോരയാംകുണ്ട് ശ്രീമുത്തപ്പൻ ക്ഷേത്രം	ചോരായംകുണ്ട്
16	കോവിലകത്ത് മഠപ്പുര	നരിക്കോട്
17	കണ്ണാടിവെളിച്ചം ശ്രീമുത്തപ്പൻ ക്ഷേത്രം	കകണ്ണാടിവെളിച്ചം
18	കാമേത്ത് കഞ്ഞിപ്പുര മുത്തപ്പൻക്ഷേത്രം	കാമേത്ത്
19	നരിക്കോട് പോതിക്കോട്ടം ക്ഷേത്രം	നരിക്കോട്
20	പാലക്കീഴ് ഭഗവതിക്ഷേത്രം	പാലക്കീഴ്
21	കുന്നുങ്ങഭഗവതി ക്ഷേത്രം	മുരിങ്ങേരി
22	ഞെഴുക്കിൽ ശ്രീ മഹാദേവിക്ഷേത്രം	പുതുകുടിച്ചാൽ
23	ചെട്ട്യംചാൽ ക്ഷേത്രം	മുരിങ്ങേരി
24	യോഗീശ്വര മഠം	പറമ്പുക്കേരി
25	മാവിലവീട്ടിൽ ബാലിക്ഷേത്രം	മാമ്പ
26	ചക്കരക്കൽ ജമാഅത്ത് പള്ളി	ചക്കരക്കൽ
27	ആനേനിമെട്ട തഹാമസ്ജിദ്	അനേനിമെട്ട
28	കോമ്പിൽപള്ളി	പലേരി

വായനശാലകൾ-ഗ്രന്ഥാലയങ്ങൾ

പണ്ടുകാലത്ത് പഞ്ചായത്തിലെ ആളുകൾക്ക് വാർത്തകൾ അറിയാനും, വിജ്ഞാനസമ്പാദനത്തിനും ആവശ്യമായ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. പത്രങ്ങൾ ലഭിക്കാൻ തന്നെ വളരെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. ഇന്ന് പത്തോളം വായനശാല-ഗ്രന്ഥാലങ്ങൾ അഞ്ചരക്കണ്ടിയിൽ പ്രവർത്തിക്കുന്നുണ്ട്. മിക്കവയിലും മൂന്നിലധികം ദിനപത്രങ്ങളും അഞ്ചിലധികം ആനുകാലി പ്രസിദ്ധീരണങ്ങളും ലഭ്യമാണ്. എല്ലാ ഗ്രന്ഥാലങ്ങളിലും ഗുണനിലവാരമുള്ള പുസ്തകങ്ങൾ ലഭ്യമാണെങ്കിലും അത് ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം അടുത്തായി കുറഞ്ഞുവരുന്ന പ്രവണതയാണ്. അടുത്തകാലത്തു വാങ്ങിയ പുസ്തകങ്ങളുടെ എണ്ണം പരിശോധിച്ചാൽ ഗുണനിലവാരമുള്ളവയുടെ എണ്ണം കുറഞ്ഞു വരുന്ന പ്രവണത വർധിച്ചു വരുന്നതു

കാണാം. ഗ്രാൻഡായി ലഭിക്കുന്ന തുകമാത്രമാണ് പുസ്തകം വാങ്ങിക്കാൻ വേണ്ടി ചെലവഴിക്കുന്നത്. ഇതിൽ തന്നെ അമ്പതുശതമാനത്തിലധികം തുക ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച നോവലുകള മാത്രം വാങ്ങിക്കാൻ ചെലവഴിക്കുന്ന ചിലഗ്രന്ഥാല യങ്ങളെങ്കിലുമുണ്ട്. ഈ പ്രവണത ഭാവിയിൽ വള രെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാധ്യത യുണ്ട്. ജനങ്ങളുടെ വായനാശീലം കുറഞ്ഞുവരുന്ന പ്രവണതയുണ്ട്. ദിനപത്രങ്ങൾ മത്രം വായിക്കുന്ന ശീലത്തിലേക്ക് ജനങ്ങൾ മാറിക്കൊണ്ടിരിക്കുന്നതാ യാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.ഗ്രന്ഥാലയ ങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന പുസ്തകങ്ങ ളുടെ സ്ഥിതിവിവരകണക്കുകൾ ഇതിലേക്ക് വിരൽ ചൂണ്ടുന്നു. വായനാശീലത്തിന്റെ കാര്യത്തിൽ വനി തകൾ ഏറെ പിന്നിലാണ്. മാത്രമല്ല, പൈങ്കിളി പ്രസി ദ്ധീകരണങ്ങളെന്നറിയപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ മുഖ്യമായും സ്ത്രീകളെയാണ് സ്വാധീനിക്കുന്നത്. ആനുകാലിക പ്രസിദ്ധീകരണങ്ങളെന്നറിയപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ മുഖ്യമായും സ്ത്രീകളെയാണ് സ്വാധീനിക്കുന്നത്. ആനുകാലിക പ്രസിദ്ധീകരണ ങ്ങൽ മാത്രം വായിക്കുന്ന ശീലം അഭ്യസ്തവിദ്യ രിലും സാമാന്യവിദ്യാഭ്യാസമുള്ളവരിലും വർധിച്ചു വരുന്നു.

മാതൃഭൂമി, ദേശാഭിമാനി, മലയാള മനോരമ എന്നീ ദിനപത്രങ്ങളും മാതൃഭൂമി, ദേശാഭിമാനി, കകലാകൗ മുദി, മലയാളമനോരമ, മംഗളം തുടങ്ങിയ വാരികക ളുമാണ് പ്രചാരത്തിലുള്ള ആനുകീലിക പ്രസിദ്ധീക രണങ്ങൾ. കണ്ണാടിവെളിച്ചം എ.ഐ.ജി. സ്മാരക വായനശാല പ്രസിദ്ധീകരിക്കാറുള്ള കൈയെഴുത്ത് മാസികയുടെ കാര്യം എടുത്തുപറയത്തക്കതാണ്. മിക്ക വായനശാലകളിലും ടി.വി.സെറ്റുകൾ സ്ഥാപി ക്കുകയും യാതൊരു നിയന്ത്രണമില്ലാതെ പ്രദർശി പ്പിക്കുകയും ചെയ്യുന്ന ഒരു പ്രവണത അടുത്തകാല ത്തായി വർധിച്ചുവരുന്നുണ്ട്. വായനശാലകൾ കൊണ്ടെന്താണോ ഉദ്ദേശിക്കുന്നത്, അതിന്റെ കട യ്ക്കൽ കത്തിവയെക്കുന്നതാണീ പ്രവണത. ജന ങ്ങളുടെ വായനശീലത്തെ പ്രതികൂലമായി ബാധി ക്കുന്ന ഒരു ഘടകമാണിത്. സ്ത്രീകളെയും കുട്ടിക ളെയുമുൾപ്പെടെ ജനസാമാന്യത്തെ ആകമാനം സ്വാധീനിക്കുന്ന ഇത്തരം ദൃശ്യമാധ്യമങ്ങൾ തന്നെ ക്രിയാത്മകമായ രീതിയിൽ വായനാശാലകളിലും മറ്റു സാംസ്കാരിക സ്ഥാപനങ്ങളിലും ഉപയോഗി ക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ വായനശാലകളും ഗ്രന്ഥാലയങ്ങളും

ക്രമനമ്പർ	പേര്	സ്ഥാപിച്ച വർഷം	ആനുകാലിക ങ്ങളുടെ എണ്ണം	പുസ്തകങ്ങ ളുടെ എണ്ണം	ശരാശരി പ്രതി മാസവിതരണം	മറ്റുപ്രവർത്തനങ്ങൾ
1	മുഴുപ്പാല വായനാശാല & ഗ്രന്ഥലായം	1942	58	4427	650	ജനവിദ്യാകേന്ദ്രം, കൃഷികോർണർ വാടക സാധനങ്ങളുടെ വിതരണം
2	ഗാന്ധിസ്മാരക വായനശാല & കെ.സി.കെ.എൻ.ലൈബ്രറി, കാവിന്മൂല	1950	24	4837	550	ഗാന്ധിജയന്തി ആഘോഷം കലാ, കായികമത്സരങ്ങൾ
3	സി.എച്ച്.രാമൻ ഗുരുക്കൾ സ്മാരക വായന ശാല & ഗ്രന്ഥാലയം കുഴിമ്പാലോട്	1966	10	3036	260	സ്പോർട്സ് ക്ലബ്, വാടക സാധനങ്ങളുടെ വിതരണങ്ങൾ
4	നരിക്കോട് പൊതുജനവായനശാല& ഗ്രന്ഥാ ലയം	1952	16	4544	600	-
5	എ.കെ.ജി. സ്മാരക വായനശാല & എ.കെ.കുഞ്ഞപ്പൻനായർ സ്മാരകഗ്രന്ഥാലയം, വണ്ടിക്കാരൻ പീടിക.	1978	10	690	200	-
6	ഗ്രാമോദ്ധാരണ വായനശാല& എ.കെ.ജി. സ്മാരക ലൈബ്രറി, കണ്ണാടിവെളിച്ചം	1969	5	493	100	വാടകസാധനങ്ങളുടെ വിതരണം
7	സി.ആർ.സി. വായനശാല, മുരിങ്ങേരി	1965	8	305	90	-
8	ചേരയംകുണ്ട് വായനശാല	1994	9	–	–	-
9	ശ്രീനാരായണ ഗുരു വായനശാല & ഗ്രന്ഥാ ലയം പനയത്താ.യ പറമ്പ്	1952	1	639	20	-
10	ആശാൻ സ്മരാക വായനശാല ചക്കരക്കൽ	1973	6	826	50	-

കലാ-കായിക രംഗം

പണ്ടുകാലത്ത് പഞ്ചായത്തിൽ അങ്ങിങ്ങായി നല്ല നിലയിൽ പ്രവർത്തിച്ച പ്രശസ്തമായ സാംസ്കാരിക സ്ഥാപനങ്ങളായിരുന്നു അമ്പിളി കലാ സാംസ്കാരിക സമിതി, കുഞ്ഞിക്കൃഷ്ണൻ സ്മാരക കലാസമിതി തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടുന്നു. ഇന്നാണെങ്കിൽ അതിൽ പലതന്റെയും പ്രവർത്തനം നാമമാത്രമാണ്. വർഷത്തിലൊരിക്കൽ നടത്തുന്ന വാർഷീകങ്ങളിൽ ഒതുങ്ങുന്നതാണ് മിക്കതിന്റെയും പ്രവർത്തനം. അതുതന്നെ വൻ തുക ചെലവഴിച്ച് പുറമേനിന്ന് നാടക-കലാ സംഘങ്ങളെ കൊണ്ടുവന്നാണ് നടത്തുന്നത്. വ്യത്യസ്ത കലാ-സാഹിത്യാദി വിഷയങ്ങളിൽ പ്രവീണ്യമുള്ളവരെ കണ്ടെത്തി അവരെ സംഘടിപ്പിച്ചു പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ വളരെ കുറവാണ്. ഇതിന് അപവാദങ്ങളില്ലെന്നല്ല, അപൂർവം ചില കലാസമിതികൾ അത്തരം ശ്ലാഘനീയമായ പ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ട്. എന്നാലിത് തുലോം പരിമിതമാണ്. പഞ്ചായത്തിൽ പ്രൊഫഷണൽ നാടക- കലാസംഘങ്ങളൊന്നും നിലവില്ല. സ്ത്രീകളുടെ ഈ രംഗത്തുള്ള പങ്കാളിത്തം തീരെ ഇല്ലെന്നു തന്നെ പറയാം.

കായികരംഗമെടുത്താലും മേൽപറഞ്ഞതൊക്കെ തന്നയാണ് പൊതുവിലുള്ള അവസ്ഥ. പഴയകാലത്ത് ഈ രംഗത്ത് മികവ് പുലർത്തിയിരുന്ന ചെറുചെറു സംഘങ്ങൾ ചില സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പലതും ഇന്ന് നാമാവശേഷമായിരിക്കുകയാണ്. കായിക അഭ്യാസത്തിനുള്ള കളരികൾ, കോൽക്കളി സംഘങ്ങൾ എക്കാൽ, കാവിന്മൂല, കാമേത്ത്, പുറത്തേക്കാട് എന്നിവിടങ്ങളിലൊക്കെ ഉണ്ടായിരുന്നുവെങ്കിലും അതിനെ അതേപടി നിലനിർത്തുവാൻ നമുക്ക് ബാധിച്ചിട്ടില്ല. മുൻകാലങ്ങളിൽ മാനസിക ഉല്ലാസത്തിനും കായികശേഷിക്കും ഉപകരിക്കുന്ന ഇട്ടികളി, ഗോട്ടികളി, തലമകളി, കൊത്തങ്കല്ല്കളി, ഞൊണ്ടിക്കളി, സോഡികളി, കബഡികളി, ചട്ടികളി തുടങ്ങിയ കായിക വിനോദങ്ങൾ വ്യാപകമായ രീതിയിൽ നടന്നുവന്നിരുന്നു. ആധുനിക ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം ഇത്തരം വിനോദങ്ങളെയൊക്കെ അപ്രത്യക്ഷമാക്കിക്കൊണ്ടിരിക്കുകയാണ്. ഇവയുടെ സ്ഥാനത്ത് ക്രിക്കറ്റ്, ഷട്ടിൽ ബാറ്റ്മെന്റ് തുടങ്ങിയ കളികൾ കൈയടക്കകിയിരിക്കുകയാണ്. കായിക രംഗത്ത് വോളിബോൾ എടുത്ത് പരിശോധിക്കുമ്പോൾ വളരെ അഭിമാനാർഹമായ പല വോളിബോൾ ടീമുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ(മുളപ്പാല, വളവിൽ പീടിക, ഓടത്തിൽപീടിക) കാണാൻസാധിച്ചിരുന്നു. ഈ മേഖലയിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചിരുന്ന മൺമറഞ്ഞുപോയ ശ്രീ.മാമൻ മാസ്റ്റർ എന്ന പേരിൽ അറിയപ്പെടുന്ന എ.കെ.കകുഞ്ഞിരാമൻ മാസ്റ്ററുടെയും ശ്രീ.ചാക്കണ്ടി കണ്ണൻനായരുടെയും പേര് എടുത്തു പറയത്തക്കതാണ്. ജീവിച്ചിരിപ്പുള്ള നിരവധി കായിക താരങ്ങളുടെ പേർ എടുത്തു പറയുന്നില്ലെങ്കിലും ഈ രംഗങ്ങളിൽ അവർ നൽകിയ സംഭാവന വളരെ വിലപ്പെട്ടതാണ്. പ്രശസ്തരായ വോളിബോൾ താരങ്ങൾ ജിമ്മിജോർജ്, കുട്ടികൃഷ്ണൻ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ടീമുകളുമായി ഏറ്റുമുട്ടി വിജയം കൈവരിച്ച വോളീബോൾ ടീമുകൾ നമ്മുടെ പഞ്ചായത്തിൽ പഴയകാലത്തുണ്ടായിട്ടുണ്ട്. എങ്കിലും ഈ രംഗത്ത് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിന്റെ പേരിൽ തകർച്ചയുടെ വക്കിലാണ് മുൻകാലങ്ങളിൽ ഫുട്ബോൾകളി പ്രചാരത്തിലുണ്ടായിരുന്നെങ്കിലും അതിന് പറ്റിയ കളിസ്ഥലങ്ങളുടെ അഭാവത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിരുന്നില്ല. കമ്പവലി പോലുള്ള കായിക മത്സരങ്ങൾ ഇന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നല്ല നിലയിൽ നടന്നുവരുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന കേരളോത്സവം വ്യത്യസ്ഥയുവജനസംഘടനകളുടെയും മറ്റും നേതൃത്വത്തിൽ നടക്കുന്ന കായീക മത്സരങ്ങൾ എന്നിവയും നടക്കാറുണ്ട്.

കളിസ്ഥലത്തിന്റെ അപര്യാപ്തതയാണ് ഈ രംഗത്ത് നില നിൽക്കുന്ന ഒരു പ്രശ്നം. പഞ്ചായത്ത് വക കണ്ണാടി വെളിച്ചത്ത് സ്റ്റേഡിയം ഉണ്ടെങ്കിലും പലപ്പോഴും അതുപയോഗപ്പെടുത്താൻ പറ്റാതെ പോവുന്നു. അഞ്ചരക്കണ്ടി ഹൈസ്കൂളിലെ കളിസ്ഥലമാണിന്ന് കൂടുതലും ഉപയോഗപ്പെടുന്നത്. പഞ്ചായത്തിലെ മറ്റു പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളോടുനുബന്ധിച്ചും വേണ്ടത്ര സൗകര്യമുള്ള കളിസ്ഥലമില്ല എന്നുള്ളതും ഒരു പ്രശ്നമായി നിലനിൽക്കുന്നു.

പഞ്ചായത്തിലെ കലാ-കായിക സ്ഥാപനങ്ങൾ

1. എ.കെ.ജി. സ്മാരക സ്പോർട്സ് ക്ലബ്, ചോരയാംകുണ്ട്
2. വി.കെ.ഗോവിന്ദൻ സ്മാരക സ്പോർട്സ് ക്ലബ്, നാലാംപീടിക
3. യുവരശ്മി ആർട്സ് ക്ലബ്, അപ്പക്കടവ്
4. പ്രിയദർശിനി യൂത്ത്സെന്റർ,മുഴുപ്പാല
5. പുഞ്ചിരി സ്പോർട്സ് ക്ലബ്, ഓടത്തിൽ പീടിക
6. അഞ്ചരക്കണ്ടി ക്രിക്കറ്റ് ക്ലബ്-വണ്ടിക്കാരൻ പീടിക
7. ന്യൂകേരള സ്പോർട്സ് & ആർട്സ് ക്ലബ്, വണ്ടിക്കാരൻ പീടിക
8. യുവജന സ്പോർട്സ് & ആർട്സ് ക്ലബ്, വണ്ടിക്കാരൻ പീടിക
9. പുലരി ആർട്സ് & സ്പോർട്സ് ക്ലബ്, എക്കാൽ
10. അമ്പിളി കലാ സാംസ്കാരിക സമിതി, കുഴിമ്പാലോട്
11. അജിത്കുമാർ മെമ്മോറിയൽ സ്പോർട്സ് ക്ലബ്, ആലക്കൽ
12. ശ്രുതികല, പാളയം
13. പ്രിയദർശിനി സ്പോർട്സ് ക്ലബ് പുറത്തേക്കാട്
14. പാട്ട്യം സ്മാരക സ്പോർട്സ് ക്ലബ്, പുറത്തേക്കാട്
15. ഐക്യോദയ കലാസമിതി, വണ്ടിക്കാരൻ പീടിക
16. പ്രിയദർശിനി യൂത്ത് ക്ലബ് ഓടത്തിൽ പീടിക
17. പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്,മുരിങ്ങേരി
18 .ജുവാൻസ് സ്പോർട്സ് ക്ലബ്, കാവിൻമൂല
19. യുവധാര സ്പോർട്സ് & ആർട്സ് ക്ലബ്, കാവിൻമൂല
20. യുവകലാവേദി, നരിക്കോട്
21. യുവധാര സ്പോർട്സ് ക്ലബ്,നരിക്കോട്
22. ദർശന കലാസമിതി,പനയത്താംപറമ്പ്
23. സംഘശക്തി, മുഴപ്പാല
24. സോപാനം കലാവേദി, കുഴിമ്പാലോട്
25. കെ.ഗോവിന്ദൻ മാസ്റ്റർ മെമ്മൊറിയൽ സ്പോർട്സ് & ആർട്സ് ക്ലബ്, മുരിങ്ങേരി
26. അനുഷ്ഠാന കലാസമിതി, മാമ്പ
27. സൂര്യ സ്പോർട്സ് ക്ലബ്, ഓടത്തിൽ പീടിക
28. സൂര്യോദയ സ്പോർട്സ് & ആർട്സ് ക്ലബ്, കണ്ണാടി വെളിച്ചം
29. പ്രണവം ആർട്സ്, കവിൻമൂല.

സാധ്യതകളും നിർദ്ദേശങ്ങളും.

1.ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

സ്ത്രീകൾക്കും കുട്ടികൾക്കും വായിക്കാനാവശ്യമായ സൗകര്യങ്ങൽ , കൃഷികോർണറുകൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നീ രീതിയിൽ വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തനം വൈവിധ്യവൽക്കരിക്കണം.

2.വായനാശീലത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ ടി.വി. പ്രദർശനം നിയന്ത്രിക്കണം.

3.സ്വതന്ത്രമായി കെട്ടിടമില്ലാത്ത ഗ്രന്ഥാലങ്ങൾക്കും വായനശാലകൾക്കും അതിനാവശ്യമായ സഹായധനം നൽകണം. പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യണം.

4.നാടകസംഘങ്ങൾക്ക് രൂപം കൊടുക്കുക.

5.ചിത്രരചന, പെയിന്റിംഗ് തുടങ്ങിയ കലാരംഗങ്ങളിൽ താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകാനാവശ്യമായ സംവിധാനമൊരുക്കുക.

6.സാഹിത്യ-കലാദി രംഗങ്ങളിൽ താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കാനാവശ്യമായ മത്സര പരിപാടികൾ സംഘടിപ്പിക്കുക.

7.പഞ്ചായത്തിൽ ചുരുങ്ങിയത് ഒരു ഫിലിം സൊസൈറ്റിയെങ്കിലും സ്ഥാപിക്കുകയും ഇന്ത്യയിലേയും വിദേശങ്ങളിലേയും മൂല്യബോധമുള്ള ഉത്തമ ചലചിത്രങ്ങളും വാർത്താ ചിത്രങ്ങളും പ്രദർശിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക. വീഡിയോ ക്ലബുകളും ഈ വിധത്തിൽ സംഘടിപ്പിക്കാം.

8. നാടൻ കലകളെയും മറ്റു അനുഷ്ടാന കലകളേയും പുനരുജ്ജീവിപ്പിച്ചു പുഷ്ടിപ്പെടുത്തുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മരെ സഹായിക്കുകയും ചെയ്യുക.

9. പ്രധാനപ്പെട്ട സാംസ്കാരിക കേന്ദ്രങ്ങളിലൊന്നായ സ്കൂളുകകളിൽ കലാസാഹിത്യ രംഗങ്ങളിലെ

പ്രവർത്തനങ്ങൾക്ക് വേദിയില്ലാത്തിടങ്ങളിൽ അതുണ്ടാക്കുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുക.

10. അശ്ലീല സിനിമി പ്രദർശനങ്ങൽ കർശനമായി തടയുക.

11. കായിക പരിശീലനം കേവലം മത്സരത്തിന് മാത്രമുള്ള തല്ലെന്നും വ്യക്തിത്വ വികാസത്തിന് അവശ്യാ ആവശ്യമാണെന്നുമുള്ള ബോധം സൃഷ്ടിക്കാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

12.പഞ്ചായത്തുതലത്തിൽ സ്ഥായിയായ കായിക പരിശീലനത്തിനാവശ്യമായ സംവിധാനമുണ്ടാക്കുക.

13.കളിസ്ഥലങ്ങളുടെ അപര്യാപ്തത പരിഹരിക്കുക.

14.നാടൻ കളികളടക്കം ഉൾപ്പെടുത്തി വാർഡുതലങ്ങളിലും പഞ്ചായത്തുതലങ്ങളിലും വർഷത്തിലൊരിക്കൽ മത്സരങ്ങൽ സംഘടിപ്പിക്കുക.

15.വിവാഹാദിചടങ്ങുകളിലെ വർധിച്ചുവരുന്ന ആർഭാടത്തിനെതിരേ ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പിക്കുക.

ഗ്രാമസഭകളിൽ നിന്ന് വന്ന മറ്റുനിർദേശങ്ങൾ

1.ഗ്രന്ഥാലയങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങാനുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം പത്രപ്രസിദ്ധീരണങ്ങളും ടി.വി. റേഡിയോ എന്നിവയും മറ്റു സാംസ്കാരികക സ്ഥപനങ്ങൾക്ക് ലഭ്യമാക്കണം.

2.സ്ത്രീകളെ ഉദ്ദേശിച്ച് ആംഗൻവാടികൾ കേന്ദ്രീകരിച്ച് വായനശാലകൾ സ്ഥാപിക്കണം.

3.എല്ലാ വാർഡിലും ഓരോ സാംസ്കാരിക നിലയം, പൊതുകളിസ്ഥലം, എന്നിവ നിർമിക്കണം.

4.എല്ലാ സ്കൂളുകളിലും, കായിക അധ്യാപകരെ നിയമിക്കുക.

5.പഞ്ചായത്തിൽ, കണ്ണാടിവെളിച്ചത്ത് തുടങ്ങിവച്ച് മിനിസ്റ്റേഡിയം, ശിശുമന്ദിരം എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമയ നടപടികൾ സ്വീകരിക്കുക.

6. പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ കല്യാണ മണ്ഡപം സ്ഥാപിക്കുക.

7.ഇന്ന് പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ ശേഖരിക്കാൻ സംവിധാനമേർപ്പെടുത്തുക.



വനിതാ ക്ഷേമം

വനിത

ഈ ന്ത്യയുടെ പിന്നോക്കാവസ്ഥയും ആഭ്യന്തര കലഹവും മുതലെടുത്ത് ബ്രിട്ടീഷുകാർ തങ്ങളുടെ ആധിപത്യമുറപ്പിച്ച സ്ഥലങ്ങളിലൊന്ന് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയായിരുന്നു. ബ്രിട്ടീഷുകാരുടെ ആധിപത്യം കാരണം ജന്മിത്വത്തിന്റെ ചൂഷണം ജനങ്ങളെ കൂടുതലായി ബാധിച്ചിട്ടില്ല. 1996ലെ സെൻസസ് പ്രകാരം അഞ്ചരക്കണ്ടിയിലെ 22,564-ഓളം വരുന്ന ജനസംഖ്യയിൽ 11,307 സ്ത്രീകളും 11,257 പുരുഷന്മാരുമാണുള്ളത്. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയുടെ 51.12 ശതമാനം സ്ത്രീകളാണ്.

സ്ത്രീ-പുരുഷ അനുപാതം (1000 പുരുഷന്മാർക്ക്)	
കേരളം	1000-1049
അഞ്ചരക്കണ്ടി	1000-1005

പഴയകാലത്ത് സ്ത്രീകളുടെ സാമൂഹ്യപ്രവർത്തനം ഇല്ലെന്നുതന്നെ പറയാം. ഇതിന് ഒരുപരിധിവരെ കാരണം പുരുഷമേധാവിത്വമുള്ള സമൂഹവും സ്ത്രീകളുടെ വിദ്യാഭ്യാസക്കുറവുമായിരുന്നു. കുടുംബത്തിന്റെ ദാരിദ്ര്യവും വലിയ അംഗസംഖ്യയും കാരണം എല്ലാ കുട്ടികൾക്കും വേണ്ട പോഷകാഹാരം നൽകുന്നതിനോ വിദ്യാഭ്യാസം നൽകുന്നതിനെ രക്ഷിതാക്കൾക്ക് സാധിച്ചില്ല. മറിച്ച് വളരെ ചെറുപ്പത്തിൽതന്നെ കുട്ടികൾ അധ്വാനിച്ച് കുടുംബം പുലർത്തേണ്ട അവസ്ഥയാണുണ്ടായത്. നിലവിലുള്ള പുരുഷമേധാവിത്വ വ്യവസ്ഥയിൽ ലിംഗവിവേചനം കാരണം സ്ത്രീകൾ പലവിധ പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും ഇരയാകുന്നു. മുൻകാലങ്ങളിൽ സ്ത്രീകൾ അവരുടെ ഭൂരിഭാഗം സമയവും ചെലവഴിച്ചത് വീട്ടുജോലികൾക്കാണ്. പാചകം, ശുചീകരണം, വെള്ളംകോരൽ, തൂത്തുവാരൽ, പാത്രം കഴുകൽ, വിറക് ശേഖരിക്കൽ, ഉത്പാദിപ്പിച്ച ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കൽ തുടങ്ങിയ കൂലികിട്ടാത്ത തൊഴിലുകളായതുകൊണ്ട് ഗവൺമെന്റ് കണക്കിൽ സ്ത്രീകൾ തൊഴിലില്ലാത്തവരാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒരു ദേശീയ ഗവൺമെന്റ് വന്നാൽ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയരംഗങ്ങളിലുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നായിരുന്നു വിശ്വസിക്കപ്പെട്ടിരുന്നത്. സാമൂഹ്യ നവോത്ഥാനപ്രസ്ഥാനങ്ങളുടെയും ദേശീയ പ്രസ്ഥാനങ്ങളുടെയും മറ്റു രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി മുൻകാലങ്ങളിലേതിൽനിന്നു വ്യത്യസ്തമായി ഇന്നു സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെയെല്ലാം ഭാഗമായി ചെറുതും വലുതുമായ മഹിളാസംഘടനകൾ നാടിന്റെ നാനാഭാഗത്തുനിന്നും രൂപമെടുക്കാൻ തുടങ്ങി. സ്ത്രീക്ഷേമം മുൻനിർത്തിയുള്ള പല പദ്ധതികൾക്കും സർക്കാർതലത്തിൽ രൂപംകൊടുത്തിട്ടുണ്ടെങ്കിലും മൗലികമായി സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങൾ ഇന്നും പരിഹാരം കാണാതെ കിടക്കുകയാണ്. സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും മഹിളാസമാജങ്ങൾ ഉയർന്നുവന്നു. അഞ്ചരക്കണ്ടിയിലും ഇത്തരം സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പുരുഷമേധാവിത്വപരമായി ചിന്തിക്കുന്ന സമൂഹവും കുടുംബത്തിന്റെ സാമ്പത്തിക പരാധീനതയും സമൂഹം സ്ത്രീകളുടെമേൽ അടിച്ചേൽപ്പിക്കുന്ന വിലക്കുകളും കാരണം സ്ത്രീകൾക്ക് സാമൂഹ്യപ്രവർത്തനം നടത്തുന്നതിൽ വിഷമം നേരിട്ടു. 1964-ലാണ് പഞ്ചായത്ത് നിയമമനുസരിച്ച് ഇല്ലത്ത് ഭാനുമതിയെ വനിതാ മെംബറായി നോമിനേറ്റ് ചെയ്തത്. വ്യക്തിപരമായ കാരണങ്ങളാൽ 14.4.1965-ൽ ഭാനുമതി മെംബർസ്ഥാനം രാജിവച്ചപ്പോൾ തൽസ്ഥാനത്തേക്ക് മാന്താട്ടിൽ കീരി ദേവകി നോമിനേറ്റ് ചെയ്യപ്പെട്ടു.

1970-ൽ എടക്കാട് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ ആദ്യത്തെ മഹിളാസമാജം നിലവിൽവന്നു. 1976-ൽ കാമേത്ത് മഹിളാസമാജം രജിസ്റ്റർ ചെയ്യപ്പെട്ടു. മഹിളാസമാജങ്ങൾ നിലവിൽവന്നതോടെ ധാരാളം സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നുവന്നു. 1979-ൽ പഞ്ചായത്തിൽ ആദ്യമായി സ്ത്രീ സംവരണ സീറ്റ് ഏർപ്പെടുത്തി. ശ്രീമതി സി. ശാന്ത ജനറൽ സീറ്റിലും ശ്രീമതി പി.കെ. നന്ദിനി വനിതാ സംവരണ സീറ്റിലും തെരഞ്ഞെടുക്കപ്പെട്ടു.

ആദ്യകാലങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യം കുറവായിരുന്നുവെങ്കിലും പിന്നീട് പെൺകുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സാഹചര്യമുണ്ടായിരുന്നു. മുസ്ലിം സമുദായങ്ങളിലെ പെൺകുട്ടികൾ ഭൂരിഭാഗവും പ്രൈമറി വിദ്യാഭ്യാസം മാത്രമേ നടത്തിയിരുന്നുള്ളു. 1950കളിലും അറുപതുകളിലുമുണ്ടായ കാർഷിക പരിഷ്കാരവും ഭൂപരിഷ്കരണവും അക്ഷരാഭ്യാസത്തിന്റെ വളർച്ചയെ സഹായിച്ചു. 1957-ൽ ദേശീയ വികസന സമിതിയിൽ ഉൾപ്പെടുത്തി അഞ്ചരക്കണ്ടിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായതോടെ വിദ്യാർത്ഥികൾക്ക് സെക്കൻഡറി വിദ്യാഭ്യാസം നേടാൻ സാധിച്ചു.

1991-ലെ സാക്ഷരതാ സർവ്വേ അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 96.18 ശതമാനം പേർ സാക്ഷരരും 3.82% പേർ നിരക്ഷരരുമാണ്. നിരക്ഷരരിൽ 75 ശതമാനത്തോളംപേർ സ്ത്രീകളാണ്.

1979 മുതൽ 1983 വരെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ
1959-1983	2214	1072

ആദ്യകാലങ്ങളിൽ പെൺകുട്ടികളെക്കാൾ കൂടുതൽ വിദ്യാഭ്യാസം നേടിയത് ആൺകുട്ടികളാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. പിന്നീട് ഈ അവസ്ഥയ്ക്ക് മാറ്റംവന്നു. പെൺകുട്ടികളും ആൺകുട്ടികളെപോലെ തന്നെ കൂടുതൽ വിദ്യാഭ്യാസം നേടാൻ തുടങ്ങി. എസ്.എസ്.എൽ.സി. കഴിഞ്ഞ ആൺകുട്ടികൾ ഭൂരിഭാഗവും തൊഴിൽ തേടി പോകുമ്പോൾ പെൺകുട്ടികൾ കോളജ് വിദ്യാഭ്യാസം നേടുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബാച്ചിലെ കുട്ടികൾ എസ്.എസ്.എൽ.സിക്കുശേഷം തയ്യലിലും ബീഡിതെറുപ്പ് ജോലിയിലും ഏർപ്പെടുന്നു.

1991 മുതൽ 1995 വരെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ
1991-92	277	291
1992-93	238	255
1993-94	298	298
1994-95	310	329

സാങ്കേതികവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം വളരെ പരിമിതമാണ്. ഇതിന് പ്രധാന കാരണം സ്ത്രീകൾ ഇത്തരം തൊഴിലുകൾക്ക് പ്രാപ്തരല്ല എന്നുള്ള സമൂഹത്തിന്റെ തെറ്റായ ധാരണയാണ്. കഴിഞ്ഞകാലങ്ങളിൽനിന്നു വിഭിന്നമായി സ്ത്രീകൾ കൂടുതൽ തൊഴിൽരംഗത്തേക്ക് കടന്നുവരുന്നുണ്ട്. സാങ്കേതികവിദ്യാഭ്യാസരംഗത്തു സ്ത്രീകൾ പിന്നിലാണെങ്കിലും അധ്യാപനരംഗത്ത് പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകളാണ് കൂടുതൽ. സഹകരണ ബീഡി മേഖലയിലും നാടൻ ബീഡി മേഖലയിലും സ്ത്രീ തൊഴിലാളികൾ കൂടുതലാണ്. ട്രൈസം പദ്ധതി പ്രകാരം പഞ്ചായത്തിൽ 40 വനിതകൾ തൊഴിൽ പരിശീലനം നേടിയിട്ടുണ്ട്. തൊഴിൽരംഗത്ത് പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകളാണ് കൂടുതലെന്ന് 1991-ലെ കാനേഷുമാരി കണക്കുകൾ സൂചിപ്പിക്കുന്നു.

(ഗ്രാഫ് കാണുക)

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. അതുപോലെ കൂലിനിരക്കിലുള്ള അന്തരവും പുരുഷ-സ്ത്രീ തൊഴിലാളികൾക്കിടയിൽ നിലനിൽക്കുന്നു.

1996-ലെ കൂലിനിരക്ക്

തൊഴിൽ	പുരുഷന്മാർ	സ്ത്രീകൾ
കൃഷി	80-100	45-50
കെട്ടിടനിർമ്മാണം	100-120	50-60
കല്ലുവെട്ട്	80-100	50
കരിങ്കൽ ജല്ലി	32	24

പഞ്ചായത്തിൽ 4 ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകളിൽ രണ്ടെണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഒരു വനിതാ ചെറുകിട വ്യവസായ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

അഞ്ഞൂറോളം സ്ത്രീകൾ കുടുംബനാഥകളായുണ്ട്. തൊഴിലില്ലായ്മയും കുറഞ്ഞ കൂലിനിരക്കും സ്ത്രീകളെ ദാരിദ്ര്യത്തിലാഴ്ത്തുന്നു. സ്ത്രീകൾക്കു നേരേയുള്ള അക്രമങ്ങൾ പൊതുവേ അഞ്ചരക്കണ്ടി പഞ്ചായത്തിൽ കുറവാണ്. ചില സമുദായങ്ങളിൽ സ്ത്രീധന സമ്പ്രദായവുമുണ്ട്. സ്ത്രീധന സമ്പ്രദായം ദരിദ്രകുടുംബങ്ങളെ കൂടുതലായി ബാധിക്കുന്നുണ്ട്. സ്ത്രീധനത്തിനെതിരേ ശക്തമായ നിയമനടപടികളും ബോധവൽക്കരണവും ആവശ്യമാണ്. ചാരായ നിരോധനംമൂലം പഞ്ചായത്തിൽ കാര്യമായ ഗുണങ്ങളൊന്നും ഉണ്ടായിട്ടില്ല. വ്യാജച്ചാരായവും വിദേശമദ്യവും സുലഭമായി ലഭിക്കുന്ന അവസ്ഥയുണ്ട്. മദ്യപാനത്തിന്റെ ഫലമായുള്ള സാമൂഹിക-സാമ്പത്തിക ദുരിതങ്ങൾ ഏറെയും ഏറ്റുവാങ്ങേണ്ടിവരുന്നത് സ്ത്രീകളാണ്. ഇതിന്റെ ഫലമായി ഇത്തരം കുടുംബങ്ങളിലെ കുടുംബഭാരം മുഴുവനും സ്ത്രീകളുടെ ചുമലിലാണ്.

വിവിധതരത്തിലുള്ള സർക്കാർ ആനുകൂല്യങ്ങൾ പഞ്ചായത്തിലെ സ്ത്രീകൾക്കു ലഭിക്കുന്നുണ്ട്. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം പഞ്ചായത്തിൽനിന്നു നൽകുന്നുണ്ട്. ദേശീയ പ്രസവാനുകൂല്യ പദ്ധതി പ്രകാരം സ്ത്രീകൾക്ക് ഈ വർഷം മുതൽ പഞ്ചായത്തിൽനിന്ന് ധനസഹായം നൽകുന്നുണ്ട്.

വിവിധ ആനുകൂല്യങ്ങൾ ലഭിച്ചവർ

വിധവാ പെൻഷൻ	107
അഗതി പെൻഷൻ	15
1996-ലെ പ്രസവാനുകൂല്യം	1

സ്വാതന്ത്ര്യം കിട്ടിയിട്ടും പ്രതീക്ഷിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണം ജനപ്പെരുപ്പമാണെന്നാണ് ഗവൺമെന്റിന്റെ കണക്കുകൂട്ടൽ. ദാരിദ്ര്യനിർമാർജ്ജനത്തിനുള്ള ഒറ്റമൂലി ജനസംഖ്യാ നിയന്ത്രണമാണെന്നായിരുന്നു സർക്കാർ നയം. കുടുംബാസൂത്രണ പദ്ധതിയിൽ ഭൂരിഭാഗവും വിധേയരായത് സ്ത്രീകളെയാണ്. 100 സ്ത്രീകൾ കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്കു വിധേയമാക്കുമ്പോൾ, ഏറ്റവും കൂടിയത് 4 പുരുഷന്മാർ മാത്രമാണ് ഇത്തരം ശസ്ത്രക്രിയകൾക്കു വിധേയമാകുന്നത്. പ്രകൃതി നിയമമനുസരിച്ച് സ്ത്രീകൾ ആരോഗ്യവതികളാണെങ്കിലും ബാല്യത്തിൽതന്നെയുള്ള വിവാഹവും തുടർച്ചയായ പ്രസവവും അശാസ്ത്രീയമായ ഗർഭനിരോധനവും സ്ത്രീകളുടെ ആരോഗ്യത്തെ നശിപ്പിക്കുന്നു. പുരുഷമേധാവിത്വത്തിലധിഷ്ഠിതമായ കുടുംബസങ്കൽപ്പങ്ങളുടെ ഫലമായി പുറത്തുപോയി തൊഴിലെടുക്കുന്ന സ്ത്രീകൾ വീട്ടിലെത്തിയാലും അലക്ക്, പാചകം മുതലായ മുഴുവൻ കാണാപണികളും ചെയ്യേണ്ടിവരുന്നു. പോഷകാഹാരക്കുറവും വായുസഞ്ചാരമില്ലാത്ത കുടിലുകളും പുകയടുപ്പുകളും സ്ത്രീകൾക്ക് ശ്വാസകോശസംബന്ധമായ രോഗങ്ങൾക്കു വഴിതെളിക്കുന്നു.

പ്രശ്നങ്ങൾ

1. സമയക്കുറവു കാരണം സ്ത്രീകൾ പൊതുരംഗത്തേക്ക് ഇറങ്ങുന്നില്ല.

2. സ്ത്രീകൾ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ജോലി ചെയ്യാൻ വിമുഖത കാണിക്കുന്നു.

3. സാമ്പത്തിക ഭദ്രതയില്ലായ്മ, തൊഴിലില്ലായ്മ എന്നീ കാരണങ്ങളാൽ സ്ത്രീകൾ പിന്തള്ളപ്പെടുന്നു. തുല്യമായി കായികാധ്വാനം ചെയ്യേണ്ടിവരുന്ന ജോലികൾപോലും പുരുഷന്മാരെക്കാളും കുറഞ്ഞ കൂലിനിരക്കാണ് സ്ത്രീകൾക്കുള്ളത്.

5. പൊതുരംഗത്തു പ്രവർത്തിക്കുന്നവരെക്കുറിച്ചുള്ള പരദൂഷണം ഇവരുടെ പ്രവർത്തനത്തെ തടസപ്പെടുത്തുന്നു.

6. അംഗൻവാടികളിൽ വേണ്ടത്ര സൗകര്യങ്ങളില്ല.

7. മാതൃശിശു സംരക്ഷണകേന്ദ്രങ്ങളില്ല.

8. നാടൻ ബീഡി വ്യവസായമേഖലകളിലെ തൊഴിലാളികൾ സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുന്നു.

9. വിവിധ മേഖലകളിലെ തൊഴിലാളികൾ അസംഘടിതരാണ്.

10. സ്ത്രീകളിൽ വായനാശീലം കുറവാണ്.

11. സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

1. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് പ്രത്യേക

പദ്ധതികൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

2. പഞ്ചായത്തിൽ 12 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

3. അംഗൻവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

4. മഹിളാ സമാജങ്ങളിൽക്കൂടി സ്ത്രീകൾക്കു സ്വയംതൊഴിൽ ലഭിക്കുന്നതിനുള്ള സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകണം.

5. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വാർഡുകൾതോറും സ്ത്രീകളുടേതായ തൊഴിൽ സംരംഭ യൂണിറ്റുകൾ (സഹകരണമേഖലയിലായാലും കൊള്ളാം), റെഡിമെയ്ഡ് വസ്ത്രങ്ങൾ, പാലുത്പന്നങ്ങൾ, മെഴുകുതിരി, അച്ചാർ, കറി പൗഡർ, കൗതുകവസ്തുക്കൾ, കുട തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കണം. കോഴി വളർത്തൽ, ആടുവളർത്തൽ എന്നീ സംരംഭങ്ങൾക്കും സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് രൂപം നൽകാവുന്നതാണ്.

6. പഞ്ചായത്തിൽ വനിതകൾക്കായി ഒരു വായനശാല സ്ഥാപിക്കണം.

7. മാതൃശിശു സംരക്ഷണകേന്ദ്രം ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.

8. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു പാരലൽ കോളജ് സ്ഥാപിക്കണം.

9. തൊഴിലെടുക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം പഞ്ചായത്തിൽ ഒരു ഡെ കെയർ സെന്റർ ഏർപ്പെടുത്തുക.

10. ബസ് സ്റ്റോപ്പുകളിലും ഹൈസ്കൂൾ പരിസരത്തും പെൺകുട്ടികൾക്കു നേരേ നടക്കുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ നിയമപാലകരെ നിയമിക്കുക.

11. നിലവിലുള്ള മാവേലി സ്റ്റോർ മെച്ചപ്പെടുത്തുകയും ജനസംഖ്യ കൂടുതലുള്ള വാർഡുകളിൽ ഓരോ മാവേലി സ്റ്റോർ സ്ഥാപിക്കുകയും ചെയ്യുക.

12. അശ്ലീല പോസ്റ്ററുകൾ പഞ്ചായത്തിൽ പതിക്കുന്നത് നിരോധിക്കണം.


13. തുല്യജോലിക്ക് തുല്യവേതനം നടപ്പിൽവരുത്തുക.

14. അർഹരായ മുഴുവൻ സ്ത്രീകൾക്കും നിലവിലുള്ള സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. (വിധവാ പെൻഷൻ, അഗതി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ).

15. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരതാ നിർമ്മാർജ്ജനത്തിന് സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി ആരംഭിക്കണം.

16. കാർഷികരംഗത്തെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് മെച്ചപ്പെട്ട കൂലിനിരക്കും തൊഴിൽ സംരക്ഷണവും ഉറപ്പാക്കുക.

17. സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.



അവലംബം : 1991-ലെ കാനേഷുമാരി



സഹകരണം

സഹകരണം

കാർഷികരാജ്യമായ ഇന്ത്യയിൽ മഹാഭൂരിപക്ഷം വരുന്ന കർഷകരും കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടത്തിൽ മരിക്കുന്ന ദുസ്ഥിതി മാറ്റിയെടുക്കുന്നതിനുവേണ്ടി കാർഷികടങ്ങൾ നൽകി സഹായിക്കുന്നതിനായി സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് 1904-ൽ ഒരു നിയമം കൊണ്ടുവന്നു. അതാണ് ഇന്ത്യയിലെ ആദ്യത്തെ സഹകരണനിയമം. ഈ നിയമം കാർഷികകടങ്ങൾ നൽകുന്നതിനുതകുന്ന സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമാത്രം ഉദ്ദേശിച്ചുള്ളതാകയാൽ 1912- ൽ എല്ലാവിധ സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ ഭേദഗതിയോടുകൂടി പ്രസ്തുതനിയമം പരിഷ്ക്കരിച്ചു. 1919-ൽ ഭരണപരിഷ്ക്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സഹകരണം ഒരു സംസ്ഥാനവിഷയമായി മാറ്റപ്പെടുകയുണ്ടായി. തുടർന്നു പല സംസ്ഥാനങ്ങളും പ്രത്യേകം പ്രത്യേകമായി സഹകരണനിയമങ്ങൾ പാസാക്കി നടപ്പിലാക്കുകയുണ്ടായി.

കേരള സംസ്ഥാനം രൂപവൽക്കരിച്ചതിനെത്തുടർന്നു കേരളത്തിൽ മലബാർമേഖലയിൽ 1932-ലെ മദ്രാസ് സഹകരണനിയമവും തെക്കൻ കേരളത്തിൽ 1952-ലെ തിരുവിതാംകൂർ സഹകരണനിയമവുമാണു പ്രാബല്യത്തിലുണ്ടായിരുന്നത്. സംസ്ഥാനത്ത് ഒരു ഏകീകൃത സഹകരണനിയമത്തിന്റെ ആവശ്യകത ഉയർന്നുവന്നതിനെത്തുടർന്ന് 1969- ൽ കേരളത്തിന് ആകെ ബാധകമായ സഹകരണനിയമം നിലവിൽവന്നു.

ഇന്നു സഹകരണം കടന്നുചെല്ലാത്ത മേഖല ഒന്നുംതന്നെയില്ല എന്നു പറയാം. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച നമ്മുടെ സംസ്ഥാനത്തിനു തന്നെ മാതൃകയാണ്. ഈ പഞ്ചായത്തിൽ സഹകരണമേഖലയുടെ സഹകരണം ലഭിക്കാത്ത ഒറ്റ കുടുംബവും ഉണ്ടാവില്ല. ഈ മേഖല പഞ്ചായത്തിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ

1. അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് സഹകരണബാങ്ക്
2. അഞ്ചരക്കണ്ടി ക്ഷീരവ്യവസായ സഹകരണസംഘം
3. പ്രിയദർശിനി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി.
4. പ്രിയദർശിനി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് എംപ്ലോയിസ് കോ-ഓപ്പ് സൊസൈറ്റി
5. കണ്ണൂർ ജില്ലാ സഹകരണബാങ്ക് -ചക്കരക്കൽ ബ്രാഞ്ച്
6. അഞ്ചരക്കണ്ടി ഉപഭോക്തൃ സഹകരണ കാന്റീൻ
7. അഞ്ചരക്കണ്ടി ഹൈസ്കൂൾ സ്റ്റുഡന്റ്സ് കോ-ഓപ്പ് സൊസൈറ്റി
8. അഞ്ചരക്കണ്ടി പ്രൈമറി സ്കൂൾസ് കോ-ഓപ്പ് സൊസൈറ്റി
9. വലിയന്നൂർ ദിനേശ്ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി യൂണിറ്റുകൾ

അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് സഹകരണബാങ്ക്

ബ്രിട്ടീഷ് ഭരണംതൊട്ട് വടക്കൻകേരളത്തിൽ വളരെയധികം ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പ്രദേശമാണ് അഞ്ചരക്കണ്ടി. ലോകപ്രസിദ്ധമായ അഞ്ചരക്കണ്ടി കറപ്പത്തോട്ടത്തിന്റെ ഉടമയും ബ്രിട്ടീഷ് രാജകുടുംബാഗവുമായ ആർ.എ. ബ്രൗൺ ആണ് ഈ സഹകരണസ്ഥാപനത്തിനു ബിജാവാപം നടത്തിയത്. 11 അംഗങ്ങളോടും 27 രൂപ ഓഹരിമൂലധനത്തോടും

കൂടി 1914 ഫെബ്രുവരി 2-ന് അഞ്ചരക്കണ്ടി കടം വായ്പാ സഹകരണസംഘം എന്ന പേരിലാണ് ഈ സ്ഥാപനത്തിന്റെ തുടക്കം. 1912-ലെ സഹകരണ നിയമവ്യവസ്ഥയ്ക്ക് വിധേയമായാണ് ഇതു രൂപം കൊണ്ടത്. 1950 നവംബർ 11-നു ഈ സ്ഥാപനം വിവിധോദ്ദേശ ഐക്യനാണയസംഘമായി ഉയർത്തപ്പെട്ടു. ലാർജ് സൈസ് പ്രൈമറി കോ-ഓപ്പ് അഗ്രിക്കൾച്ചറൽ സൊസൈറ്റിയായും 1961 മാർച്ചിൽ സർവീസ് സഹകരണബാങ്കായും ഉയർത്തപ്പെട്ടു. പിന്നീട് മെച്ചപ്പെട്ടനിലയിൽ പ്രവർത്തിക്കുന്ന 30 സർവീസ് സഹകരണബാങ്കുകളെ ഫാർമേഴ്സ് സഹകരണബാങ്കുകളായി ഉയർത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി 1977 ഏപ്രിൽ 1-നു ഫാർമേഴ്സ് സർവീസ് സഹകരണബാങ്കായി ഉയർത്തപ്പെട്ടു.

അഞ്ചരക്കണ്ടി പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനത്തിൽ ബഹുഭൂരിപക്ഷം ആളുകളും അംഗങ്ങളാണ്. മൊത്തം മെംബർമാർ 14,439 ആണ്. 26,74,000 രൂപ ഓഹരിമൂലധനമുള്ള ഈ സ്ഥാപനം കണ്ണൂർ ജില്ലയിലെ ഒരു ക്ലാസ് 1 ഫാർമേഴ്സ് സഹകരണബാങ്കാണ്. ഇപ്പോൾ ക്ലാസ് 1 സ്പെഷൽ ഗ്രേഡ് ബാങ്കായും ഉയർത്തപ്പെട്ടു.

പഞ്ചായത്തിൽ ഈ സ്ഥാപനത്തിന് ഇപ്പോൾ 6 ബ്രാഞ്ചുകൾ ഉണ്ട്. സ്ഥാപനത്തിനു കീഴിൽ റേഷൻ കടകൾ, വളം ഡിപ്പോകൾ, സിമന്റ് ഡിപ്പോകൾ, ഗൃഹോപകരണ ഷോറൂമുകൾ, കൺസ്യൂമർ സ്റ്റോർ, വസ്ത്രാലയം എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനഫലമായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാനും സാധിക്കുന്നുണ്ട്. നോൺ ബാങ്കിംഗ് മേഖലയിൽ ഇത്രയധികം കടന്നു ചെന്ന മറ്റൊരു സഹകരസ്ഥാപനത്തെ കണ്ടുമുട്ടാൻ ബുദ്ധിമുട്ടാണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സമാന സ്ഥാപനങ്ങൾക്ക് ഒരു ഉത്തമമാതൃകയാണ്.

അഞ്ചരക്കണ്ടി ക്ഷീരോൽപാദക സഹകരണസംഘം

1972-ൽ രൂപംകൊണ്ട ഈ സഹകരണസ്ഥാപനത്തിന്റെ ആസ്ഥാനം മുഴപ്പാലയാണ്. ക്ഷീരകർഷകരുടെ താൽപര്യസംരക്ഷണമാണ് പ്രധാന ഉദ്ദേശ്യം. ആകെ 1018 അംഗങ്ങൾ ഉണ്ട്. ഒരു ഓഹരിയുടെ വില 10 രൂപ. സർക്കാർ ഓഹരി ഒന്നുംതന്നെയില്ല. മെംബർമാർക്ക് പശുവിനെ വാങ്ങുന്നതിനു പരമാവധി 1,500 രൂപ വായ്പ നൽകുന്നുണ്ട്. ഈയിനത്തിൽ 3,76,998 രൂപ വായ്പയായി വിതരണംചെയ്തിട്ടുണ്ട്. നൽകിയവായ്പയിൽ 2,38,500 രൂപ സംഘത്തിനു പിരിഞ്ഞുകിട്ടാനുണ്ട്. സംഘത്തിന്റെ ചെലവുകളിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് 6,83,703 രൂപയും കണ്ടിൻജൻസി ചാർജ് 24,626 രൂപയുമാണ്.

സംഘത്തിന്റെ കീഴിൽ പാലുൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന ഒരു ഫാക്ടറി മുഴപ്പാലയിൽ ആരംഭിച്ചിട്ടുണ്ട്. പാക്കറ്റ് പാൽ, ഐസ്ക്രീം, മിൽക്ക് പിക്കിൾസ്, മിൽക്ക് ഹൽവ, ചോക്ലേറ്റ്, നെയ്യ്, മിൽക്ക് പേഡ, മസാലമോർ, ബട്ടർമിൽക്ക്, തൈര് എന്നിവ പ്രധാന ഉൽപന്നങ്ങളാണ്.

സംഘത്തിന്റെ പ്രധാന പ്രവർത്തനം പാൽ സംഭരണവും വിതരണവുമാണ്. സംഘത്തിനുകീഴിൽ ചക്കരക്കൽ, അഞ്ചരക്കണ്ടി, കാവിന്മൂല എന്നിവിടങ്ങളിൽ ഐസ്ക്രീം പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റ സംഭരിച്ച വിതരണവും ചെയ്യുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ ഏറ്റവും നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണസംഘമായ ഇതിനു പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വിൽപന ഡിപ്പോകൾ ഉണ്ട്.

പ്രിയദർശിനി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി

1987-ൽ പാറപ്പുറത്ത് സ്ഥാപിതമായ ഈ സ്ഥാപനത്തിന്റെ പ്രവർത്തനപരിധി അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ 1, 2, 3, 5, 10 വാർഡുകളാണ്. ഇതൊരു നോൺ ക്രെഡിറ്റ് സ്ഥാപനമാണ്. ആകെ 228 അംഗങ്ങൾ ഉണ്ട്. ഓഹരിവില 100 രൂപയാണ്. അംഗീകൃത മൂലധനം 10 ലക്ഷം രൂപയാണ്. സർക്കാർ ഓഹരിയായി 3,30,000 രൂപയും നബാർഡിൽനിന്ന് സഹായധനമായി 10 ലക്ഷം രൂപയും സംഘത്തിനു ലഭിച്ചിട്ടുണ്ട്. സംഘത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് 12,47,816 രൂപയും കണ്ടിൻജൻസി ചെലവ് 10,000 രൂപയുമാണ്.

കൈത്തറി തുണിത്തരങ്ങളുടെ ഉൽപാദനവും വിപണവുമാണു സംഘത്തിന്റെ പ്രധാന പ്രവർത്തനം. 103 തൊഴിലാളികളാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നത്. വളരെയധികം വികസനസാധ്യതയുള്ള ഒരു സ്ഥാപനമാണിത്.

പ്രിയദർശനി ഇൻഡസ്ട്രിയൽ കോ-ഓപ് എംപ്ലോയീസ് കോ-ഓപ് സൊസൈറ്റി

പ്രിയദർശനി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റിയിലെ ജീവനക്കാരുടെ താൽപര്യസംരക്ഷണമാണ് സൊസൈറ്റിയുടെ ലക്ഷ്യം. ഈ സംഘത്തിനു കീഴിൽ ഒരു റേഷൻഷാപ്പും ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വേണ്ടത്ര പുരോഗമിച്ചിട്ടില്ല.

കല്ലൂർ ജീവ്യാ സഹകരണബാങ്ക് - ചങ്ങങ്കൽ ബ്രാഞ്ച്

1989-ലാണ് ഈ ബ്രാഞ്ച് പ്രവർത്തനമാരംഭിച്ചത്. ഹ്രസ്വകാല നിക്ഷേപം 38,81,000 രൂപയടക്കം ആകെ നിക്ഷേപം 1,15,00,000 രൂപയാണ്.

ബിസിനസ് ലോൺ പരമാവധി 5 ലക്ഷം രൂപയും ഹൗസിംഗ് ലോൺ പരമാവധി 3 ലക്ഷം രൂപയും വ്യക്തിഗത ലോൺ പരമാവധി 50,000 രൂപയുമാണ്. ഹൗസിംഗ് ലോണിനത്തിൽ 65,54,000 രൂപയും ഗോൾഡ് ലോണിനത്തിൽ 23,36,000 രൂപയും നൽകിയിട്ടുണ്ട്. ബിസിനസ് ലോൺ 23,36000 ഇതിനുപുറമേ വിസലോൺ, വെഹിക്കിൾ ലോൺ തുടങ്ങിയ ഇനങ്ങളിലായി 2,80,00,000 രൂപയും വ്യവസായ വായ്പ ഇനത്തിൽ 1,61,000 രൂപയും വായ്പയായി നൽകിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ ചെലവുകൾ എസ്റ്റാബ്ലിഷ്മെന്റ് 3,85,000 രൂപയും കണ്ടിൻജൻസി ചെലവ് 1000 രൂപയുമാണ്. ബാങ്കിംഗ് ഇടപാട് മാത്രമാണ് ഈ സ്ഥാപനം നടത്തുന്നത്.

അഞ്ചരക്കണ്ടി ഉപഭോക്തൃ സഹകരണ കാന്റീൻ

1988-ൽ കാവിമൂലയിൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ 273 അംഗങ്ങളുണ്ട്. ഒരു ഓഹരിയുടെ വില 25 രൂപയാണ്. അംഗീകൃത ഓഹരിമൂലധനം 6825 രൂപയാണ്. പൊതുജനങ്ങളിൽനിന്ന് വായ്പയായി 2000 രൂപ സ്വീകരിച്ചിട്ടുണ്ട്.

ന്യായവിലയ്ക്ക് പാചകംചെയ്ത ഭക്ഷണസാധനങ്ങൾ ഉപഭോക്താവിനു നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനലക്ഷ്യം. ഭക്ഷണസാധനങ്ങളുടെ അമിതമായവിലക്കയറ്റത്തിനു കടിഞ്ഞാണിടാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്. ദൈനംദിന വിലയിലുള്ള വ്യതിയാനങ്ങൾക്കനുസരിച്ച് ബിസിനസ് നടത്താനുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്.

അഞ്ചരക്കണ്ടി ഹൈസ്കൂൾ സ്റ്റുഡന്റ്സ് കോ-ഓപ് സൊസൈറ്റി

1976-ൽ സ്ഥാപിതമായ ഒരു നോൺ ക്രെഡിറ്റ് സ്ഥാപനമാണിത്. അഞ്ചരക്കണ്ടി ഹൈസ്കൂൾ മാത്രമാണ് പ്രവർത്തനപരിധി. A ക്ലാസ് ഓഹരിയുടെ വില 5 രൂപ, അംഗങ്ങൾ 133. B ക്ലാസ് ഓഹരിയുടെ വില 1 രൂപ അംഗങ്ങൾ 149812. ആകെ ഓഹരിമൂലധനം 15,646 രൂപ.

ടെക്സ്റ്റ് ബുക്ക്, നോട്ടുബുക്ക്, സ്റ്റേഷനി സാധനങ്ങൾ എന്നിവ കുട്ടികൾക്ക് മിതമായനിരക്കിൽ വിൽപന നടത്തലും വിദ്യാർഥികളുടെ വിദ്യാഭ്യാസ താൽപര്യസംരക്ഷണവുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യം.

ഇതിനുപുറമേ സ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പരീക്ഷയിൽ 3, 4, 5 സ്ഥാനങ്ങൾ ലഭിക്കുന്ന വിദ്യാർഥികൾക്ക് കാഷ് അവാർഡും നൽകിപ്പോരുന്നുണ്ട്. തുക അതതുവർഷം ഡയറക്ടർ ബോർഡ് തീരുമാനിക്കലാണ്.

അഞ്ചരക്കണ്ടി പ്രൈമറി സ്കൂൾ കോ-ഓപ് സൊസൈറ്റി

1976-ൽ പ്രവർത്തനമാരംഭിച്ച ഈ നോൺ ക്രെഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനപരിധി അഞ്ചരക്കണ്ടി പഞ്ചായത്താണ്. ഒരു A ക്ലാസ് ഓഹരിയുടെ വില 5 രൂപയും അംഗങ്ങളുടെ എണ്ണം 144-ഉം ആണ്. അംഗീകൃതമൂലധനം 720 രൂപയാണ്. പ്രവർത്തനമൂലധനം 2500 രൂപ. പ്രവർത്തനപരിധിയിലെ 19 പ്രൈമറിവിദ്യാലയങ്ങളിൽ എല്ലാവർഷവും ടെക്സ്റ്റ്ബുക്കുകൾ വിതരണംചെയ്യലാണ് പ്രധാനലക്ഷ്യം. 10,000 രൂപയോളം ലാഭമുണ്ട്. പ്രൈമറി വിദ്യാർഥികൾക്ക് പഠനത്തിനു പ്രോത്സാഹനം കൊടുക്കുന്ന പല പദ്ധതികളും ഈ സൊസൈറ്റിക്കു നിർവഹിക്കാനാകും.

വലിയന്നൂർ ദിനേശ്ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റിയുടെ യൂണിറ്റുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സൊസൈറ്റിയുടെ 10 യൂണിറ്റുകൾ പ്രവർത്തിക്കു

ന്നുണ്ട്. ഈ യൂണിറ്റുകളിലായി 815 തൊഴിലാളികളുണ്ട്. ഈ മേഖല ഇന്നു പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. അവ തരണംചെയ്യാൻ സംഘം ഭക്ഷ്യ സംസ്കരണമുൾപ്പെടെയുള്ള വൈവിധ്യ ഉൽപാദനപ്രകിയയ്ക്ക് ആക്കംകൂട്ടാനുള്ള ശ്രമത്തിലാണ്.

സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെഎണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരിമൂലധനം	വാർഷിക ടേൺ ഓവർ	ലാഭത്തിലോ നഷ്ടത്തിലോ
അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് സഹകരണബാങ്ക്	1914	11,481-A 2958-D	49 സ്ഥിരം 33 കമ്മീഷൻ ഏജന്റ്	26,74,000	4.5 കോടി	ലാഭത്തിൽ
അഞ്ചരക്കണ്ടി ക്ഷീരോൽപാദക സഹകരണസംഘം	1972	1018	23 സ്ഥിരം 4 ദിവസക്കൂലി	59,000	92 ലക്ഷം	ലാഭത്തിൽ
പ്രിയദർശിനി വീവേഴ്സ്	1987	228	103	535225	-	ലാഭത്തിൽ

പ്രശ്നങ്ങൾ

1. കന്നുകാലി വളർത്തൽ ആദായകരമല്ലാത്തതുകൊണ്ട് ക്ഷീരകർഷകർ ഈ മേഖലയിൽനിന്നു പിന്തിരിയുന്നു. ഉൽപാദനചെലവിന് അനുസരിച്ചുള്ള വില പാലിനു ലഭിക്കുന്നില്ല. പാൽ ഉൽപന്നങ്ങളുടെ മേഖലയിൽ കുത്തകകമ്പനികളുടെ ഉത്പന്നങ്ങളുമായി മാർക്കറ്റിൽ മത്സരിക്കുന്നതിനു പ്രയാസം നേരിടുന്നു. സംസ്കരണത്തിൽ പര്യാപ്തമായ സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവമുണ്ട്.

2. കൈത്തറിമേഖലയിൽ ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിലെ ഉൽപാദനചെലവുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കൂടുതലാണ്. വിപണനരംഗത്ത് കടുത്ത മത്സരം നേരിടേണ്ടിവരുന്നു. കയറ്റുമതിസാധ്യത കുറയുന്നു. സഹകരണ കാന്റീന് ഭക്ഷ്യവസ്തുക്കൾ റേഷൻവിലയ്ക്കു ലഭിക്കുന്നില്ല.

സാധ്യതകൾ

1. കാർഷികമേഖലയിൽ ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

2. പഞ്ചായത്തിൽ ഒരു നിർമാണതൊഴിലാളി സഹകരണസംഘം സ്ഥാപിക്കണം. തൊഴിലാളികൾക്കു സ്ഥിരമായി ജോലിലഭിക്കുന്നതിനും കെട്ടിടനിർമാതാവിന് ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കുന്നതിനും തൊഴിലാളികൾക്ക് ഏകീകരിച്ച കൂലി ലഭിക്കുന്നതിനും ഇതു സഹായകരമായിരിക്കും. ന്യായവിലയ്ക്കു നിർമാണ സാമഗ്രികളുടെ വിൽപനയും ഈ സംഘത്തിലൂടെ നടത്താവുന്നതാണ്.

3. സഹകരണമേഖലയിൽ റെഡിമെയ്ഡ് വസ്ത്രയൂണിറ്റിനു സാധ്യതയുണ്ട്. ഈരംഗത്ത് വൻകിടക്കാരുടെ ചൂഷണം അവസാനിപ്പിക്കാനും സാധിക്കും.

4. സഹകരണമേഖലയിൽ പ്രിന്റിംഗ് പ്രസും ബുക്ക്ബൈന്റിംഗും.

5. സഹകരണമേഖലയിൽ ബേക്കറി യൂണിറ്റുകൾ.

6. സഹകരണമേഖലയിൽ കാർഷികോൽപന്നങ്ങളും കാർഷികേതര ഉത്പന്നങ്ങളും സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുള്ള സംഘങ്ങൾ രൂപവൽക്കരിക്കുക.

7. സഹകരണമേഖലയിൽ ഗെയ്റ്റ്, ഗ്രിൽസ് തുടങ്ങിയവ നിർമിക്കുന്നതിനുള്ള സംഘങ്ങൾ രൂപവൽക്കരിക്കുക.

8. സഹകരണമേഖലയിൽ ഒരു ബ്യൂട്ടി പാർലർ ആരംഭിക്കുക. ഇതോടനുബന്ധിച്ച് വധൂവരന്മാരെ അണിയിച്ചൊരുക്കാനുള്ള ഒരു മൊബൈൽ യൂണിറ്റുകൂടി ആരംഭിക്കുക.

9. കുട, ചെരുപ്പ്, ബാഗ് തുടങ്ങിയവ നിർമിച്ച് വിതരണംചെയ്യുന്ന ഒരു സഹകരണസംഘം ആരംഭിക്കുക.

10. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വേർഹൗസ്, കാർഷിക ഉൽപന്ന സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുക.

11. സഹകരണമേഖലയിൽ ആധുനികസൗകര്യങ്ങളോടുകൂടിയ ആശുപത്രിയും മെഡിക്കൽഷാപ്പും.

12. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കൺസ്യൂമർ സ്റ്റോർ.

13. നിലവിലുള്ള സഹകരണ ഉപഭോക്തൃ കാന്റീന്റെ യൂണിറ്റുകൾ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

14. സഹകരണമേഖലയിൽ ഒരു പൗൾട്രിഫാം ആരംഭിക്കാവുന്നതാണ്. കോഴിക്കുഞ്ഞുങ്ങളെ വിതരണംചെയ്യുക, മുട്ടയും ഇറച്ചിയും സംഭരിച്ച് വിതരണംചെയ്യുക.

⌘



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർക്ഷേമം

1991 -ലെ ജനസംഖ്യാ കണക്കനുസരിച്ച് പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 324 പേരാണു താമസിക്കുന്നത്. പട്ടികവർഗത്തിൽപ്പെട്ട ആരും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. മലയ, പുലയ, വണ്ണാൻ, പെരുവണ്ണാൻ, പുള്ളുവർ, കരിമ്പാലൻ, കുറവർ, വേട്ടുവർ എന്നീ സമുദായങ്ങളിൽപ്പെട്ട ഇവർ 74 കുടുംബങ്ങളിലായി ഇപ്പോൾ താമസിക്കുന്നു.

വീടുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	വീടിന്റെ എണ്ണം	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ
1	4	2
2	3	3
3	8	3
4	4	2
5	6	5
6	8	4
7	15	7
8	8	4
9	14	9
10	4	3
ആകെ	74	42

വേട്ടുവ സമുദായത്തിൽപ്പെട്ട 8 കുടുംബം 7 വീടുകളിലായി കറുപ്പത്തോട്ടത്തിന്റെ മധ്യത്തിലായി 'കുന്നുമ്മൽ' എന്ന സ്ഥലത്ത് കൂട്ടായി താമസിക്കുന്നു. അഞ്ചു കുടുംബം കണ്ണാടിവെളിച്ചം, കുഴിമ്പാലോട് എന്നീ സ്ഥലങ്ങളിലുള്ള ലക്ഷംവീടു കോളനിയിൽ താമസിക്കുന്നു. മറ്റുള്ളവർ വ്യത്യസ്ത പ്രദേശങ്ങളിൽ ഇതരവിഭാഗങ്ങളോടൊപ്പം ഇടകലർന്നും താമസിക്കുനനു. മറ്റു ജനവിഭാഗങ്ങളോടൊപ്പം തന്നെ സാമൂഹ്യപദവിയിലേക്കു എത്തിച്ചേരാനുള്ള സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ, അവഗണന, ജാതിതിരിച്ചു പേരുവിളിക്കുന്ന സമ്പ്രദായമോ ഇവിടെയില്ല. വിവാഹം, മറ്റു സാമൂഹ്യ ചടങ്ങുകൾ എന്നിവയിൽ വിവേചനം നിലനിൽക്കുന്നില്ല. എന്നാൽ, സാമൂഹ്യ-സംസ്കാരിക പ്രവർത്തനരംഗങ്ങളിൽ ഇവരുടെ പങ്കാളിത്തം കുറവാണ്.

ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് പട്ടികജാതിയിൽപ്പെട്ടവർ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണ്. എന്നാൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഏതാനും ചിലരും ഈ വിഭാഗത്തിലുണ്ട്. മറ്റ് ഉന്നതപദവിയിൽ എത്തിച്ചേർന്ന ഏതാനും ചിലരിൽ രണ്ടുപേർ ഡോക്ടർമാരും ഒരാൾ എൻജിനീയറുമാണ്.

അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ 4 സെന്റ് ഭൂമിയിൽ താമസിക്കുന്നവർ, കുന്നുമ്മൽ പ്രദേശത്ത് താമസിക്കുന്നവർ, ഇടകലർന്നു താമസിക്കുന്നവരിൽ പ്രയാസം അനുഭവിക്കുന്നു. വൈദ്യുതി എത്തിച്ചേരാത്തതും വേനൽക്കാലത്ത് വെള്ളം ലഭിക്കാത്തും പൊതുകക്കൂസുകളുടെ അപര്യാപ്തതയും ഇവർ

നേരിടുന്ന പ്രധാനപ്രശ്നങ്ങളാണ്. നാലുസെന്റുകാരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ഒട്ടേറെ പ്രയാസങ്ങൾ അനുഭവിക്കുന്നു. 150 വർഷത്തിലധികമായി താമസിച്ചുവരുന്ന വീടും പുരയിടവും സ്വന്തമായി ലഭിക്കാത്തതിനാൽ കുന്നുമ്മൽ പ്രദേശത്ത് താമസിക്കുന്നവരുടെ പ്രയാസങ്ങൾ നിരവധിയാണ്. ഇവർ ഇപ്പോഴും തോട്ടം ഉടമയുടെ കൈവശമുള്ള ലേബറേഴ്സ് ക്വാട്ടേഴ്സ് എന്നപേരിൽ അറിയപ്പെടുന്ന വീടുകളിലാണു താമസിക്കുന്നത്. തലമുറ തലമുറകളായി കൈമാറിയിട്ടുള്ള പുതിയ തലമുറയിൽപ്പെട്ട ഇവർ തോട്ടം മേഖലയിൽ മാത്രമല്ല, ഇതരമേഖലകളിലും ജോലിചെയ്തുവരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവർക്ക് പട്ടികജാതി കോളനിനിവാസികൾക്ക് അനുവദിച്ചുവരുന്ന ആനുകൂല്യങ്ങളോ സർക്കാർ വക മറ്റാനുകൂല്യങ്ങളോ ഐ.ആർ.ഡി.പി. മുഖാന്തരംലഭിക്കുന്ന സഹായങ്ങളോ ലഭ്യമല്ല. പ്രാഥമികസൗകര്യങ്ങൾ ഒന്നുംതന്നെ ഇവിടെ ലഭിക്കുന്നില്ല. വൈദ്യുതി, യാത്രാസൗകര്യം എന്നിവ അപ്രാപ്യമാണ്. വർഷകാലം കഴിഞ്ഞാൽ നിലവിലുള്ള ഏക കിണറിൽ വെള്ളം ലഭിക്കില്ല. അതുകൊണ്ടു തന്നെ വെള്ളത്തിനായി കിലോമീറ്ററോളം പോകേണ്ട ഒരവസ്ഥയും നിലനിൽക്കുന്നു.

കാർഷിക – കെട്ടിടനിർമാണ രംഗത്താണു പട്ടികജാതിയിൽപ്പെട്ട ഭൂരിപക്ഷം ആളുകളും ജോലിചെയ്തുവരുന്നത്. വേട്ടുവ സമുദായത്തിൽപ്പെട്ട ഭൂരിപക്ഷം പേരും കറുപ്പത്തോട്ടം മേഖലയിൽ ജോലിചെയ്യുന്നു. മലയ സമുദായത്തിൽപ്പെട്ട പുരുഷന്മാർ തെയ്യംകെട്ടൽ, ചെണ്ടകൊട്ട് എന്നീ മേഖലകളിലും സ്ത്രീകൾ മുൻകാലങ്ങളിൽ വീടുകളിൽപോയി ഗർഭകാല ശുശ്രൂഷയും പ്രസവസമയത്തുള്ള പരിചരങ്ങളും നടത്തിവരുന്നു. ആധുനിക വൈദ്യശാസ്ത്ര വളർച്ചയിൽ ഇവർ പിന്തള്ളപ്പെട്ടു. എന്നാൽ, ഇവരിൽ ചിലർക്ക് ആരോഗ്യവകുപ്പിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ജോലി ലഭിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇവർക്കു സാധിച്ചിട്ടില്ല. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ചുവരുന്ന 17 എൽ.പി. സ്കൂൾ, 3 യു.പി. സ്കൂൾ, 1 ഹൈസ്കൂൾ എന്നിവിടങ്ങളിലായി പട്ടികജാതിയിൽപ്പെട്ട 77 കുട്ടികൾ വിദ്യ അഭ്യസിക്കുന്നു. ഇതിൽ 39 ആൺകുട്ടികളും 38 പെൺകുട്ടികളുമാണ്.

പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെകുട്ടികൾ			തോറ്റുപഠിക്കുന്നവർ			ലംസംഗ്രാന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	3	1	4	–	–	–	3	1	4
2	3	2	5	1	1	2	3	2	5
3	3	6	9	1	–	1	3	6	9
4	3	5	8	–	–	–	3	5	8
5	6	–	6	–	–	–	6	–	6
6	1	1	2	–	–	–	1	1	2
7	3	6	9	1	1	2	3	6	9
8	8	5	13	2	–	2	8	5	13
9	4	6	10	1	1	2	4	6	10
10	5	6	11	–	–	–	5	6	11
ആകെ	**39**	**38**	**77**	**6**	**3**	**9**	**39**	**38**	**77**

പട്ടികജാതിയിൽപ്പെട്ട എല്ലാ വിദ്യാർഥികൾക്കും ലംസംഗ്രാന്റ് ലഭിക്കുന്നുണ്ട്. നിരക്ഷരർ ഈ വിഭാഗത്തിൽ ഇല്ല. സമ്പൂർണ സാക്ഷരത പ്രവർത്തനത്തിൽ കൂടി മുഴുവൻ ആളുകളെയും സാക്ഷരരാക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തുടർവിദ്യാഭ്യാസത്തിന്റെ അപര്യാപ്തത ഏതാനുംപേരെ പ്രയാസപ്പെടുത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1. സ്വന്തമായി വീടോ വീടുവയ്ക്കുവാൻ സ്ഥലമോ മിക്കവാറും കുടുംബങ്ങൾക്കില്ല.
2. പ്രാഥമികസൗകര്യങ്ങൾ ഇല്ല.
3. വേനൽക്കാലത്തു കുടിവെള്ളം ലഭിക്കുന്നില്ല.
4. ശ്മശാനസൗകര്യങ്ങൾ വേണ്ടത്ര ലഭ്യമല്ല.
5. സാമൂഹ്യസുരക്ഷാപദ്ധതിയുടെ ഭാഗമായി ലഭിച്ച ഭൂമിയുടെ കൈമാറ്റം തടയാൻ പര്യാപ്തമായ നിയമങ്ങളില്ല.
6. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹായങ്ങളുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. അഞ്ചരക്കണ്ടി കറപ്പത്തോട്ടത്തിന്റെ മധ്യത്തിലായി താമസിക്കുന്ന വേട്ടുവ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കൈവശമുള്ള ഭൂമിക്ക് കൈവശക്കാരന് പട്ടയം ലഭ്യമാക്കണം. നിയമതടസങ്ങൾ ഉണ്ടെങ്കിൽ മെയിൻ റോഡുമായി ബന്ധപ്പെടുന്ന തോട്ടത്തിന്റെ ഭാഗമായിട്ടുള്ള പ്രദേശത്ത് സ്ഥലം പതിച്ചുകൊടുക്കാനും വീടുനിർമിക്കാൻ ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാനൻ സാധിക്കത്തക്കനിലയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനം സംഘടിപ്പിക്കണം
2. കുന്നുമ്മൽ പ്രദേശത്ത് വൈദ്യുതി എത്തിക്കാനും ഗതാഗതസൗകര്യം ഏർപ്പെടുത്താനും എല്ലാ സമയങ്ങളിലും വെള്ളം ലഭിക്കുവാനും ആവശ്യമായ പ്രവർത്തനങ്ങൽ പഞ്ചായത്ത് ഏർപ്പെടുത്തണം.
3. ലക്ഷം വീടുകോളനിയിൽ വൈദ്യുതി എത്തിക്കാനും മറ്റു പ്രാഥമികസൗകര്യങ്ങൾ വർധിപ്പിക്കുകയും ചെയ്യണം.
4. കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും ലക്ഷം വീടു കോളനികളിലും താമസിക്കുന്നവർക്കു പൊതുകക്കൂസ് നിർമിക്കുക.
5. വേനൽക്കാലങ്ങളിൽ കുടിവെള്ളപ്രശ്നം രൂക്ഷമായ സ്ഥലങ്ങളിൽ നിലവിലുള്ള കിണറുകൾ ആഴം കൂട്ടുകയും പൊതുടാപ്പ് സംവിധാനം ഏർപ്പെടുത്തിയും വെള്ളം ലഭ്യമാക്കണം.
6. പട്ടികജാതിക്കാർക്ക് സ്വന്തമായി വീടുനിർമിക്കുന്നതിനും സ്ഥലം വിലയ്ക്കുവാങ്ങിക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്കും വീടുകളുടെ വിപുലീകരണത്തിനും ആവശ്യമായ സാമ്പത്തികസഹായങ്ങലും സാമ്പത്തിക ആനുകൂല്യങ്ങളും നടപ്പിലാക്കുക.
7. അർഹതപ്പെട്ടവർക്ക് പെൻഷൻ ആനുകൂല്യം നടപ്പിലാക്കുക.
8. കുറഞ്ഞ പലിശനിരക്കിൽ അർഹമായ ലോണുകൾ ലഭ്യമാക്കുക. ലോണുകൾ ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
9. പട്ടികജാതിയിൽപ്പെട്ട 5 കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ കോളനികളായി അംഗീകരിക്കുക.
10. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ആയതു ലഭ്യമാക്കണം. അതുവഴി പാർപ്പിട നിർമാണസഹായവും സാനിട്ടറി കക്കൂസ് നിർമാണ സഹായധനത്തിനും അപേക്ഷകരില്ലാത്ത സ്ഥിതി മാറ്റിയെടുക്കുവാൻ സാധിക്കണം.

നടപ്പുപദ്ധതികൾ

ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്ന പട്ടികജാതി കുടുംബങ്ങളിലെ ആനുകൂല്യം ലഭിക്കാത്തവരെയും ദാരിദ്ര്യരേഖ തരണംചെയ്യാത്തവരു (സപ്ലിമെന്ററി ഡോസ്)മായ 15 കുടുംബങ്ങൾക്ക് ബ്ലോക്ക് മുഖേന പദ്ധതി രൂപപ്പെട്ടുവരുനനു. സാമൂഹ്യവനവൽക്കരണം പദ്ധതിപ്രകാരം ഉൽപാദിപ്പിച്ച തെങ്ങിൻതൈ, ഒട്ടുമാവ്, സപ്പോട്ട, തേക്ക്, ജാതിപ്പത്രി തുടങ്ങിയ നടീൽവസ്തുക്കൾ 7 കുടുംബങ്ങൾക്കു മുൻവർഷങ്ങളിലേതുപോലെ നടപ്പുവർഷവും സൗജന്യമായി വിതരണം ചെയ്തുവരുന്നു.



വിഭവ സമാഹരണം

വിഭവസമാഹരണം

ഏതിതുവരെയുള്ള പദ്ധതികളുടെ വിജയകരമായ നടത്തിപ്പിൽ അതത് പ്രദേശത്തെ വിഭവങ്ങളുടെ ലഭ്യത സുപ്രധാനഘടകങ്ങളാണ്. ഇങ്ങനെ ലഭ്യമാകുന്ന വിഭവങ്ങളുടെ ശാസ്ത്രീയമായ ആസൂത്രണവും വിനിയോഗവുമാണ് ഏതൊരു സമൂഹത്തിന്റേയും പുരോഗതിയുടെ അടിത്തറ.

ജനകീയ ആസൂത്രണ പരിപാടി നിലവിൽവരുന്നതോടുകൂടി ഗ്രാമപഞ്ചായത്തുകൾ പൂർണഅധികാരമുള്ള സ്വയംഭരണസ്ഥാപനമാകുന്ന സാഹചര്യത്തിൽ പഞ്ചായത്തുകളുടെ വരുമാനത്തിൽ ഗണ്യമായ വർധനവ് ഉണ്ടായേതീരൂ. അതുകൊണ്ടുതന്നെ ശക്തമായ ഒരു സാമ്പത്തികഅടിത്തറയിൽ നിന്നുകൊണ്ട് മാത്രമേ നമുക്ക് ഈ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കാൻ കഴിയൂ. വർധിച്ചുവരുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും വിജയകരമായി തരണംചെയ്യുവാൻ ഇന്നുലഭ്യമായ വരവിനങ്ങൾക്കു പുറമേ മറ്റുവരുമാനമാർഗങ്ങൾകൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് അഞ്ചരക്കണ്ടി. പഞ്ചായത്തിന് ഇന്ന് ലഭിക്കുന്ന പ്രധാനവരുമാനമാർഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസുകൾ, ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ജെ.ആർ.വൈ., അൺ ടൈഡ് ഫണ്ട് എന്നിവയാണ്. കാർഷിക വ്യാവസായിക കൈത്തൊഴിൽ മേഖലകളിൽനിന്നുള്ള വരുമാനം, വിദേശത്ത് ജോലിചെയ്യുന്നവർ അയയ്ക്കുന്ന പണം എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമാർഗങ്ങൾ.

വിഭവസമാഹരണം

പഞ്ചായത്ത്: വരവ്							
1985–86		1985–86		1995–96		1996–96	
വരവുകൾ ഇനം	സംഖ്യ	ചെലവുകൾ	സംഖ്യ	വരവുകൾ	സംഖ്യ	ചെലവുകൾ	സംഖ്യ
കെട്ടിടനികുതി	40918	ഭരണം	96372	കെട്ടിടനികുതി	209251	ഭരണം	375405
തൊഴിൽനികുതി	34342	പൊതുമരാമത്ത്	11724	തൊഴിൽനികുതി	146400	പൊതുമരാമത്ത്	139293
ലൈസൻസ് ഫീ	5991	വിദ്യാഭ്യാസം	700	ലൈസൻസ് ഫീ	14702	വിദ്യാഭ്യാസം	14936
ഉപാധിരഹിതഫണ്ട്	--	ജലവിതരണം,		ഉപാധിരഹിത		ജലവിതരണം,	
ഗവ: ഗ്രാന്റ്	28927	പൊതുജനാരോഗ്യം	1770,	ഫണ്ട്	163800	പൊതുജനാരോഗ്യം	14076
		തെരുവ് വിളക്ക്	16463	ഗവ: ഗ്രാന്റ്	397404	തെരുവ് വിളക്ക്	24132
	110138		127034		931557		567842

പട്ടികയിൽനിന്നും കഴിഞ്ഞ 10 വർഷത്തിനിടയിൽ പഞ്ചായത്തിന്റെ വരുമാനത്തിന്റെ വർധനവ് ദൃശ്യമാണെങ്കിലും നമ്മുടെ നമ്മുടെ സാധ്യതകൾ അനുസരിച്ച് എല്ലാ മേഖലകളിലും വർധനവ് ഉണ്ടായിട്ടില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

കെട്ടിടനികുതി: പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗം ഇന്നും കെട്ടിടനികുതി തന്നെയാണ്. ഇന്ന് കെട്ടിടനികുതി ചുമത്തുന്നതിനുള്ള മാനദണ്ഡം ശാസ്ത്രീയമായി പുനർനിർണയം ചെയ്താൽ പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള വരുമാനം വർധിപ്പിക്കാവുന്നതാണ്.

തൊഴിൽനികുതി: ഇപ്പോൾ മാസശമ്പളക്കാരിൽനിന്നും കച്ചവടക്കാരിൽനിന്നും തൊഴിൽനികുതി പിരിക്കുന്നതിന് പുറമേ, തൊഴിൽ എടുക്കുന്ന മുഴുവൻ വിഭാഗങ്ങളും ഇതിന്റെ പരിധിയിൽ വരുന്നതരത്തിൽ അവരവരുടെ വരവിന് ആനുപാതികമായി നികുതി ചുമത്താവുന്നതാണ്.

മറ്റ് വരുമാനമാർഗങ്ങൾ: പഞ്ചായത്തിന്റെ അധീനതയിൽ ചക്കരക്കൽ കേന്ദ്രീകരിച്ച് ബസ്, ടാക്സി, ഓട്ടോസ്റ്റാൻഡുകൾ സ്ഥാപിക്കുകയും അനുബന്ധമായി ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുകയും ചെയ്ത് വരുമാനം വർധപ്പിക്കാവുന്നതാണ്.

പുറംപോക്ക് ഭൂമി: പഞ്ചായത്ത് പരിധിയിലുള്ള പുറംപോക്ക് ഭൂമി കൃത്യമായി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഈ ഭൂമി കൃഷിക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയുക്തമാക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും വിദേശത്തുപോയി ജോലിചെയ്യുന്ന നിരവധി ആളുകളുണ്ട്. അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും പ്രത്യുത്പാദനപരമല്ലാത്ത (Dead Investment) മേഖലകളിലാണ് ചെലവഴിക്കുന്നത്. പഞ്ചായത്ത് മുൻകൈയെടുത്ത് ഇത്തരം ആളുകളെ ബന്ധപ്പെട്ട് അവരുടെ വരുമാനം പ്രത്യുത്പാദനപരമായ മേഖലകളിലേക്ക് വഴിതിരിച്ച് വിടുകയും തദ്വാര പഞ്ചായത്തിനും അവർക്ക് തന്നെയും ഗുണകരമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് കോ- ഓപ്പറേറ്റീവ് ബേങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, നോർത്ത് മലബാർ ഗ്രാമീൺബാങ്ക് - ചക്കരക്കൽ ശാഖ, ജില്ലാ ബാങ്ക്-ചക്കരക്കൽ ശാഖ, എന്നിവപ്രവർത്തിക്കുന്നു. കാർഷിക-വ്യാവസായിക രംഗത്തെ വാണിജ്യബാങ്കുകളുടെ സംഭാവന തുലോം പരിമിതമാണ്. സഹകരണബാങ്കുകൾ ആവട്ടെ കാർഷിക-വ്യാവസായിക രംഗത്തിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. ഈ രണ്ട് ധനകാര്യമേഖലകളും ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ കാർഷികരംഗത്ത് ഊന്നൽകൊടുക്കുകയും സ്വതന്ത്രമായ മൂലധനനിക്ഷേപത്തിനുള്ള സാധ്യത ആരായുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ 1995-96 ലെ മൊത്തം വരുമാനത്തിൽ 33.87% പൊതുഭരണചെലവുകൾക്കാണ് ഉപയോഗിക്കുന്നത്. ബാക്കിവരുന്ന 66.13% അതായത് 7,32,943 രൂപ മാത്രമാണ് പൊതുമരാമത്ത്, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വികസനതുറകൾക്ക് ഉപയുക്തമാക്കുന്നത്. ഇതിൽതന്നെ 10% വരുന്ന തുക പൊതുമരാമത്ത് പണികൾക്ക് നീക്കിവയ്ക്കേണ്ടിവന്നുവെന്നത് ശ്രദ്ധേയമാണ്.

മേൽപ്പറഞ്ഞ നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് സമഗ്രമായ ഒരു വിഭവസമാഹരണ പദ്ധതിക്ക് നാം രൂപം കൊടുക്കേണ്ടതായിട്ടുണ്ട്.

ഉപസംഹാരം

ഒരു സുസ്ഥിതമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് സ്വാതന്ത്ര്യ ലബ്ധിമുതൽ നാം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്. പല നേട്ടങ്ങളും ഇതിന്റെ ഫലമായി നമുക്കു കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ നാം തുടർന്നു വരുന്ന ആസൂത്രണ സമ്പ്രദായം അതിനു കവിഞ്ഞ കേന്ദ്രീകരണവും വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത ഒരുതരം ഡിപ്പാർട്ടുമെന്റലിസവുമായിരുന്നു. ഇതിന്റെ ഫലമായി സ്ഥല- ജലവിഭവങ്ങളുടെ സാധ്യതകളെയും അവയുടെ വിനിയോഗ പ്രവർത്തനങ്ങളെയും കണ്ടുപിടിക്കാനോ അതിനനുസരിച്ച് പരിപാടികൾ തയാറാക്കാനോ സാധിച്ചില്ല. കൂടാതെ ആസൂത്രണത്തിലോ അതിന്റെ നടത്തിപ്പിലോ ജനങ്ങളെ പങ്കെടുപ്പിക്കാതെ പ്രദേശത്തിന്റെയോ അവരുടെ ആവശ്യങ്ങളെയോ പരിഗണിക്കാതെ നടപ്പിലാക്കുയായിരുന്നു ഇതുവരെ.

ഈ ദുരന്തത്തിന് പരിഹാരം കാണാനുള്ള താവ്രശ്രമത്തിലാണ് ഒൻപതാം പദ്ധതി ജനകീയപദ്ധതി എന്ന നിലയിൽ ജനകീയാസൂത്രണ പരിപാടി എന്ന മഹത്തായ പ്രസ്ഥാനത്തിന് കേരളാ ഗവൺമെന്റ് ഇപ്പോൾ തുടക്കം കുറിച്ചിട്ടുള്ളത്. അധികാരത്തിന്റെ അകത്തളത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ട് സാധാരണ ജനത പദ്ധതിയുടെ ആസൂത്രണത്തിലും ജനത്തിപ്പിലും പങ്കാളികളാവുന്ന ചരിത്ര മുഹൂർത്തത്തിന് നാം സാക്ഷ്യം വഹിക്കുകയാണ്. സാധാരണക്കാന്റെ പ്രശ്നങ്ങളും പ്രയാസങ്ങളും അവരുടെ ഭാഷയിൽ അവരുടെ ബുദ്ധിയിൽ അവതരിപ്പിക്കപ്പെടുകയും പ്രശ്നപരിഹാരങ്ങൾ അവർതന്നെ നിർദ്ദേശിക്കുകയും ചെയ്യുന്ന ഗ്രാമസഭകൾ രാഷ്ട്രീയ വിഭാഗീയതകൾ മാറ്റിനിർത്തിക്കൊണ്ട് ഒരു പുത്തൻ വികസന സംസ്കാരം വളർത്തിയെടുക്കാൻ പര്യാപ്തമായ ബഹുജന പ്രവർത്തനം ഈ പരിപാടിയുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നല്ലനിലയിൽ നടന്നു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ പത്ത് വാർഡുകളിലെ പന്ത്രണ്ട് വ്യത്യസ്ഥ ഗ്രൂപ്പുകളിൽ നിന്നുള്ള നിർദേശങ്ങളുടെയും വിവിധ സർക്കാർ ഓഫീസുകൾ സഹകരണസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെയും പഠനപര്യടനം, നാട്ടറിവ്, കേട്ടറിവ്, മുഖാമുഖങ്ങൾ എന്നിവയെയും അടിസ്ഥാനമാക്കി ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെ ഫലമായിട്ടാണ് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് സമഗ്രവികസന റിപ്പോർട്ടിനു രൂപം നൽകാൻ സാധിച്ചിട്ടുള്ളത്. സമയപരിമിതി പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് പരമാവധി കുറ്റമറ്റതാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇതിനു പിന്നിൽ അക്ഷീണം പ്രവർത്തിച്ച എല്ലാവർക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ സജീവ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ടി.വി. സത്യൻ
പ്രസിഡന്റ്, അഞ്ചരക്കണ്ടി
ഗ്രാമപഞ്ചായത്ത്

KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR-680581
127
A333

കാർഗ്രൂപ്പിൽ പ്രവർത്തിച്ചവർ

1. കൃഷി ജലസേചനം

വി.കൃഷ്ണൻ. പി.പി. ശങ്കരൻ മാസ്റ്റർ, വി.വിജയൻ, കെ. അശോകൻ, കെ.പ്രകാശൻ മാസ്റ്റർ, സി. കുഞ്ഞിരാമൻ മാസ്റ്റർ, കെ. കണ്ണൻ നായർ.

2. മൃഗസംരക്ഷണം – മത്സ്യബന്ധനം

ടി. രമാവതി, പള്ളിപ്രത്ത് പവിത്രൻ, ഡോ. പ്രദോഷ് കുമാർ, സി. സി.,രാജേഷ്, ഷാജു.എ.

3. വിദ്യാഭ്യാസം

കെ.വി. രഞ്ജിത്ത്, പി.വി. അജയൻ, സി. അഹമ്മദ്കുട്ടി മാസ്റ്റർ, വി.കെ. സജീവൻ, കെ. ഗംഗാധരൻ മാസ്റ്റർ, ഐ.കെ. ബാലകൃഷ്ണൻ, എം.കെ.അബ്ദുൾ ഖാദർ, കെ.കെ.വസന്ത. 4. കുടിവെള്ളം – പൊതുജനാരോഗ്യം

ടി.ഒാമന, എ.കെ. കുഞ്ഞിരാമൻ മാസ്റ്റർ, കെ. രാജേന്ദ്രൻ, ഐ.വി.ദിനേശൻ, കെ. കെ. നാരായണൻ മാസ്റ്റർ.

5. വ്യവസായം

എൻ. ഗോവിന്ദൻ, കെ.ചന്ദ്രൻ, പെട്രീഷ്യാ ബാലകൃഷ്ണൻ, മേദിനി ചന്ദ്രൻ

6. ഗതാഗതം, ഊർജം, മാർക്കറ്റ്

കെ.സി. കമലാക്ഷി, പി.പി. സുനിൽ, വി.എൻ. മനോഹരൻ, ഇ. ബാബു, പി. വസന്തകുമാരി.

7. പാർപ്പിടം, സാമൂഹ്യക്ഷേമം

ടി.വി. സത്യൻ, എം. രവീന്ദ്രൻ, എം.കെ. ഹരിപ്രഭ, എം. ജയപ്രകാശ്, വി.ആർ. സുനിൽകുമാർ, പി. രാജീവൻ, ടി.ടി. ഗീത, കെ.കെ. രാജൻ, പി.എം. ബീന.

8. സംസ്ക്കാരം

കെ.കെ. ജയരാജൻ മാസ്റ്റർ, കെ.കെ. മുരളി, കെ.പി. മോഹനൻ, കെ. മമ്മൂട്ടി മാസ്റ്റർ.

9. വനിത

ടി. പ്രസന്ന, ടി.വി. സീത, എൻ. ഉഷ, എം. രാമചന്ദ്രൻ, എ.വി. ജിതേഷ്, പി.പി. ജയരാജൻ.

10. സഹകരണം

അഡ്വ. എം.പി. വിനയരാജ്, കെ.പി. ലോഹിതാക്ഷൻ, എം.വൃന്ദ, കോരക്കണ്ടി ഗോവിന്ദൻ മാസ്റ്റർ, കെ.രാജൻ, ബി. കരുണാകരൻ.

11. പട്ടികജാതി–പട്ടികവർഗക്ഷേമം

ടി. രവീന്ദ്രൻ, എ.കെ. സുരേന്ദ്രൻ, പി. പ്രേമൻ, കെ.കെ. അഷറഫ്, കെ.ഗീത.

12. വിഭവസമാഹരണം


കെ.ടി. വാസുദേവൻ, എം.ടി. കുഞ്ഞു, പി.പി. സുരേന്ദ്രൻ, കെ. നാരായണൻകുട്ടി.


⌘

21-4-96-ന് ചേർന്ന അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 240/96-ാം നമ്പർ തീരുമാനപ്രകാരം അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

...ാംമ്പരക്കണ്ടി ഗ്രാമപഞ്ചായത്ത്

റോഡുകൾ, സ്ഥാപനങ്ങൾ





Rashtra Deepika Press, kannur-4 Phone. 501650